
2013 സെപ്റ്റംബർ/വോള്യം 6 / ലക്കം 3 / വില 15 ₹

# സംഘടിത

അന്വേഷി
പ്രസിദ്ധീകരണം



## "ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്കയാൽ..."

ഡോ.മിനിപ്രസാദ്

## പെൺമൊഴിയുടെ രാഷ്ട്രീയം

ഡോ.ആർ.ശ്രീലതാവർമ്മ

പ്രിയ വായനക്കാർക്ക് റംസാൻ-ഓണം ആശംസകൾ...!




# സംഘടിത


സെപ്റ്റംബർ 2013–വാല്യം 6–ലക്കം 3
പ്രസിദ്ധീകരണം : 08.09.2013


## ഉള്ളടക്കം


9. "ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്കയാൽ..." **-ഡോ.മിനിപ്രസാദ്**

11. സ്ത്രീപീഡനക്കേസുകളിലെ ഇരകളെ എന്തു ചെയ്യണം? **-ദീപ. വി.എം**

14. ക്രിമിനൽ നടപടിക്രമങ്ങളിലെ പുതിയ ഭേദഗതികൾ ആശാവഹമോ? **-അഡ്വ.ജെ.സന്ധ്യ**

24. അന്നമ്മ പൈകട **-വി.എം.ഗിരിജ**

27. പെൺമൊഴിയുടെ രാഷ്ട്രീയം **- ഡോ.ആർ.ശ്രീലതാവർമ്മ**

29. മാനിഷാദാ... **-ലിജി ഷംനാദ്**

33. കേരളത്തിലെ പെൺകുട്ടികൾ പഠിക്കുന്നത് ആർക്കുവേണ്ടി? **-സൗമ്യ പി.ആർ**

38. പെണ്ണിന്റെ ദൈവവിളി **-ഗീത**

40. മിനമാതാ ദുരന്തം മുതൽ മിനമാതാ ഉടമ്പടി വരെ **- സീമ ശ്രീലയം**

42. അതിജീവനത്തിന്റെ ആദ്യമുഖം സരസ്വതിയമ്മയിലൂടെ **-മഞ്ജു.സി**

44. എന്നാണ് ആ പൂക്കാലം? **-വി.കെ.ദീപ**

47. കഥാസമാഹാരത്തിന്റെ അവതാരിക: **– ഗീതാഞ്ജലി കൃഷ്ണൻ**

51. വാസ്തവം **-ഡോ.ജാൻസി ജോസ്**

52. സ്ത്രീസ്വത്വവും ആവിഷ്കാരവും ചന്ദ്രമതികഥയിൽ **-ബിന്ദു നരവത്ത്**


**കവിതകൾ**


36. രണ്ടു സീതായണകവിതകൾ **-സി.എസ്.മീനാക്ഷി**

39. ദിശയ്ക്ക് മരണമില്ല ആറന്മുളയ്ക്ക് മരണമുണ്ട് **-രമ.പി**






**ഭൂരിപക്ഷവാദവും അതിന്റെ ഭീകരമുഖവും**
**ടീസ്റ്റ സെറ്റൽവാദ്–** തർജ്ജമ : ഡോ. രജനി. ബി






**ഒരു സ്ത്രീക്ക് ഇങ്ങനെയും സമരം ചെയ്യാൻപറ്റും** – സുൽഫത്ത്






**അസാധാരണമായൊരു പെൺസിനിമ**
– സുനീത.ടി.വി



എഡിറ്റർ : സാറാജോസഫ്
മാനേജിംഗ് എഡിറ്റർ : കെ.അജിത
എക്സി.എഡിറ്റർ : രാജലക്ഷ്മി.കെ.എം.
പത്രാധിപ സമിതി : ഡോ. ജാൻസി ജോസ്, ദീദി, സി.എസ്.മീനാക്ഷി, ഗിരിജ.പി.പാതേക്കര, ജ്യോതി നാരായണൻ, ഡോ.കെ.എം.ഷീബ, ഡോ.മിനി പ്രസാദ്, ഡോ.പി. ഗീത, ഡോ.ഖദീജ മുംതാസ്, സുനീത. ടി.വി., കെ.കെ.സാവിത്രി, കെ.കെ.പ്രീത
സർക്കുലേഷൻ മാനേജർ : ചാരുലത എ.എസ്.
ഉപദേശകസമിതി : സുഗതകുമാരി, പ്രൊഫ.എം. ലീലാവതി, ഡോ.ശാരദാമണി, ഡോ.മല്ലികാസാരാഭായ്, ഡോ. ബീനാപോൾ
ലേഔട്ട് & കവർ : സുവിജ
പ്രിന്റിംഗ് : എ- വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**



അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com
www.anweshi.org ✦ www.sanghaditha.com

# എഡിറ്റോറിയൽ



സാറാജോസഫ്

**ഇതാ** ഒരോണം കൂടി... വിലക്കയറ്റത്തിന്റെ കുത്തനെയുള്ള ഗ്രാഫിനുമുന്നിൽ വിലയിടിഞ്ഞ രൂപയുടെ കീറപ്പേഴ്സുമായി പകച്ചു നിൽക്കുകയാണ് മലയാളി വീട്ടമ്മ. കുന്നോളം രൂപ കൊടുത്താലേ കുന്നിക്കുരുവോളം ഓണവിഭവങ്ങൾ കിട്ടൂ. മുമ്പൊന്നുമില്ലാത്ത വിധത്തിൽ വിലക്കയറ്റം ജനങ്ങളുടെ നടുവൊടിക്കുന്നതാണ് ഇക്കൊല്ലത്തെ ഓണക്കാഴ്ച. ഗ്യാസിന്റെ വിലക്കയറ്റവും അനിശ്ചിതത്വവും 'ആധാർ' ഉണ്ടാക്കുന്നതിനുള്ള മരണപ്പാച്ചിലും ഇന്ധനദൗർലഭ്യവും മലയാളി വീട്ടമ്മയുടെ സ്വസ്ഥത കെടുത്തുന്നു. ഓണസദ്യ ഒരുക്കേണ്ട ബാധ്യത സ്ത്രീകളുടെ തലയിലാകയാൽ ഉപ്പ് തൊട്ട് കർപ്പൂരം വരെ സംഘടിപ്പിക്കാൻ വീട്ടമ്മമാർ ഇക്കൊല്ലം പെടാപ്പാട് പെടും. കള്ളപ്പണക്കാരേയും അഴിമതിക്കാരേയും തട്ടിപ്പുകാരേയും ബ്ലേഡ്കമ്പനിക്കാരേയും ഒഴിച്ചു നിർത്തിയാൽ ശമ്പളമുള്ളവനും ഇല്ലാത്തവനുമായ മലയാളി ഒരുപോലെ വെള്ളംകുടിക്കുന്ന ഒരോണമാണ് കടന്നുവരുന്നത്.

അട്ടപ്പാടിയിലെ അമ്മമാർ ചാപിള്ളകളെ പ്രസവിച്ചുകൊണ്ടിരിക്കുന്നു. എൻഡോസൾഫാൻ ഇരകൾ മരുന്നിനും പ്രഖ്യാപിക്കപ്പെട്ട ആനുകൂല്യങ്ങൾക്കുമായി ഇപ്പോഴും സമരം ചെയ്തുകൊണ്ടിരിക്കുന്നു. ആറന്മുള വിമാനത്താവളം അവശേഷിച്ച മണ്ണിന്റെ കൂടി നാശം ഉറപ്പുവരുത്തുന്നു. പശ്ചിമഘട്ടത്തിൽ നടക്കാൻ ഇടയുള്ള ഖനനങ്ങളും വികസനവും ഹിമാലയത്തിലെ ദുരന്തത്തേക്കാൾ ഭീകരമായ മറ്റൊന്ന് കേരളത്തിനു മേൽ ഇടിഞ്ഞു വീഴാനുണ്ട് എന്ന് ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുന്നു. കാതിക്കുടത്ത് ശുദ്ധവായുവിനും ശുദ്ധജലത്തിനും വേണ്ടി സമാധാനപൂർണ്ണമായി സമരം ചെയ്തവരുടെ നേർക്ക് അഴിച്ചുവിട്ട പൊലീസ് ഭീകരതക്ക് ഇപ്പോഴും ന്യായീകരണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. പാലിയേക്കര ടോൾപാതയിൽ മലയാളികളെ മുഴുവൻ വെല്ലുവിളിച്ചുകൊണ്ട് കമ്പനി ടോൾ നിരക്ക് കുത്തനെ കൂട്ടിക്കൊണ്ടിരിക്കുന്നു. ദേശീയപാതവികസന അഥോറിറ്റി കേരളത്തിലെ ജനങ്ങളെ എത്ര വേണമെങ്കിലും പിഴിഞ്ഞെടുത്തുകൊള്ളാൻ BOT കമ്പനികൾക്ക് അനുമതി നൽകിയിരിക്കുന്നു. കേരളത്തിലങ്ങോളമിങ്ങോളം ദേശീയപാത വികസനത്തിനുവേണ്ടി ഒഴിപ്പിക്കപ്പെടുന്ന മനുഷ്യരുടെ ഹൃദയം പൊട്ടിയുള്ള നിലവിളികൾ അലയടിച്ചുകൊണ്ടിരിക്കുന്നു. സൂര്യനെപ്പോലും വഞ്ചിച്ചുകൊണ്ടുള്ള സൗരോർജ്ജതട്ടിപ്പിന്റെ ഇരകളാക്കി കേരളജനതയെ മാറ്റിയ വലിയ അഴിമതിക്കഥ അതിനുത്തരവാദികളായവരെ മുഴുവൻ രക്ഷിച്ചുകൊണ്ട് ഏതാനും പേരിൽ മാത്രം ഒതുങ്ങാൻ പോകുന്നു. നീതി ആർക്കും ലഭിക്കരുത് എന്ന വിധത്തിൽ അഴിമതിയും വഞ്ചനയും കൊണ്ട് വ്യവസ്ഥകൾ കലുഷിതമായിരിക്കുന്നു. ഓണത്തിനു വിളമ്പുന്നതെല്ലാം വിഷം കലർന്ന ഭക്ഷ്യവസ്തുക്കളായിരിക്കുമെന്ന നെഞ്ചിടിപ്പോടെ വീണ്ടും ഒരോണസദ്യകൂടി ഒരുക്കാൻ മലയാളി വീട്ടമ്മമാർ ഒരുങ്ങുകയാണ്. എന്തേ നമ്മുടെ ജീവിതം ഇങ്ങനെ കലുഷമാകാൻ? നമുക്കോരോരുത്തർക്കും അതിലുള്ള പങ്കെന്ത്? തിരിച്ചു പിടിക്കാനാവില്ലേ നമുക്ക് നമ്മുടെ മണ്ണും മനസ്സും അന്നവും കുടിനീരും? ●



# ഭൂരിപക്ഷവാദവും അതിന്റെ ഭീകരമുഖവും

## ടീസ്റ്റ സെറ്റൽവാദ്

*ടീസ്റ്റ സെറ്റിൽവാദ് സാമൂഹ്യപ്രവർത്തകയും പത്രപ്രവർത്തകയും സിറ്റിസൺസ് ഫോർ ജസ്റ്റിസ് ആൻഡ് പീസ് എന്ന സംഘടനയുടെ സെക്രട്ടറിയും ആണ്. 2002ൽ ഗുജറാത്തിൽ നടന്ന വർഗ്ഗീയ കലാപത്തിന്റെ പേരിൽ നരേന്ദ്രമോഡിക്കെതിരെ ഈ സംഘടനയാണ് പെറ്റീഷൻ ഫയൽ ചെയ്തത്. കമ്മ്യൂണലിസം കോംബാറ്റ് മാസികയുടെ മുഖ്യപത്രാധിപരാണ് ടീസ്റ്റ. ഭാരതസർക്കാറിന്റെ പത്മശ്രീ അടക്കം നിരവധി പുരസ്കാരങ്ങൾ ഇവർക്ക് ലഭിച്ചിട്ടുണ്ട്.*

**പക്വതയിലെത്തിയ** ഒരു ജനാധിപത്യവും അക്കങ്ങളിലെ ജയങ്ങളെക്കുറിച്ചോ അക്കങ്ങളെക്കുറിച്ചു മാത്രമോ സംസാരിക്കാറില്ല. ജനാധിപത്യരാഷ്ട്രങ്ങളും ജനാധിപത്യവാദികളും ഉത്സുകരാകേണ്ടത് ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെക്കുറിച്ചാണ്. ആദിവാസികളുടെ, ദളിതരുടെ, മതന്യൂനപക്ഷങ്ങളുടെ അല്ലെങ്കിൽ രാഷ്ട്രീയത്തിൽ ഭിന്നാഭിപ്രായം പ്രകടിപ്പിക്കുന്നവരുടെയെല്ലാം അവകാശങ്ങളെക്കുറിച്ച് ബോധവാന്മാരാകേണ്ടതുണ്ട്.

അടിസ്ഥാനപരമായി ഇന്ത്യൻ റിപ്പബ്ലിക് സമത്വത്തിനും വിവേചനരഹിതമായ ഒരവസ്ഥക്കും വേണ്ടി നിലകൊള്ളുന്നു. മതങ്ങളേയും മതചിഹ്നങ്ങളേയും രാഷ്ട്രീയാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന പ്രവണതയെ ചരിത്രകാരന്മാർ വർഗ്ഗീയവാദമായി വിശേഷിപ്പിക്കാറുണ്ട്. ഇത് തികച്ചും ഒരു ദക്ഷിണേഷ്യൻ പ്രതിഭാസമാണ്.

ഭൂരിപക്ഷവർഗ്ഗീയതയേയും ന്യൂനപക്ഷവർഗ്ഗീയതയേയും തമ്മിലടിപ്പിച്ചുകൊണ്ടുള്ള അത്യന്തം നിന്ദ്യമായ രാഷ്ട്രീയരീതികൾ ബ്രിട്ടീഷുകാരാണ് പ്രോത്സാഹിപ്പിച്ചിരുന്നത്. ഈ രീതികൾ ഹിന്ദു-മുസ്ലീം വിഭാഗങ്ങളിൽപ്പെട്ട സമ്പന്നരും (സിക്ക് വർഗ്ഗീയതയും ക്രിസ്ത്യൻവർഗ്ഗീയതയും വ്യത്യസ്തമായിരുന്നില്ല.) പിന്തുടർന്നപ്പോൾ അത് നമ്മെ കൊണ്ടെത്തിച്ചത് വിഭജനത്തിന്റെ രക്തച്ചൊരിച്ചിലിലാണ്. ജാതിവ്യവസ്ഥകൾക്കപ്പുറമുള്ള ഒരു പാൻ-ഹിന്ദു ചിന്ത എൺപതുകളിൽ തന്നെ സ്പഷ്ടമായിരുന്നു. അയോദ്ധ്യയിൽ രാമക്ഷേത്രം പണിയുവാനുള്ള ശ്രമങ്ങളുടെ ഭാഗമായി ന്യൂനപക്ഷങ്ങളുടെ ജീവനും സ്വത്തിനും തന്നെ ഭീഷണി ഉയരുന്ന അവസ്ഥകൾ ഉണ്ടായി. ഭരണഘടനയുടെ ചില വീഴ്ചകൾ കൂടിയായപ്പോൾ ഈ ഭൂരിപക്ഷമുന്നേറ്റം ഒന്നുകൂടി ശക്തിയാർജ്ജിച്ചു. മതേതരം എന്ന് നമ്മൾ വിശേഷിപ്പിക്കുന്ന ഇന്ത്യൻ റിപ്പബ്ലിക് കയ്യുംകെട്ടി മൂകമായി നോക്കി നിൽക്കുമ്പോഴാണ് ഇവിടെ ഏറ്റവും ഭീകരമായ വർഗ്ഗീയവേട്ട നടന്നത്. ബാബറി മസ്ജിദിന്റെ അവസാനഗോപുരവും തകർക്കുന്നത് കണ്ടുനിന്ന ഉമാഭാരതിയുടേയും എൽ. കെ.അദ്വാനിയുടേയും മുരളി മനോഹർജോഷിയുടേയും മുഖത്ത് വിടർന്ന ആനന്ദനിർവൃതി നമുക്ക് മറക്കുവാൻ പറ്റുമോ? “ഏക്ക് ധക്കാ ഓർ ദോ, ബാബറി മസ്ജിദ് തോഡ് ദേ”(ഒറ്റ ഉന്ത് കൂടി കൊടുക്കൂ ബാബറി മസ്ജിദ് തകർത്തു കളയൂ) എന്ന വരികൾ നമ്മുടെ കാതുകളിൽ ഇന്നും അലയടിക്കുന്നില്ലേ? ഇടതുപക്ഷ ചിന്തകർ എന്ന് സ്വയം വിശേഷിപ്പിച്ചിരുന്ന രണ്ട് പത്രപ്രവർത്തകർ-ചന്ദൻമിത്രയും സ്വപൻദാസ്

ഗുപ്തയും- ഈ ആരവങ്ങളെ പിന്താങ്ങിയെന്നത് വിഷമിപ്പിക്കുന്ന സംഭവമാണ്. തനിക്കനുകൂലമായ സന്ദർഭത്തെ മുതലെടുക്കുവാൻ വേണ്ടി മൂന്നാമതൊരു പത്രപ്രവർത്തകൻ- സുധീന്ദ്ര കുൽക്കർണി- കൂടി കാലുമാറി. പതിനാറാം ലോകസഭാതെരഞ്ഞെടുപ്പിന് തയ്യാറെടുത്തു നിൽക്കുന്ന ഇന്ത്യ എന്ന രാജ്യത്തിൽ ഇതിനെന്തു പ്രസക്തി എന്നല്ലേ? നൊബേൽ ജേതാവായ അമർത്യ സെൻ ഈയിടെ നൽകിയ ഒരു ഇന്റർവ്യൂവിലെ ചില കാര്യങ്ങൾ ശ്രദ്ധിക്കൂ. നരേന്ദ്രമോഡി പ്രധാനമന്ത്രിയാവുമെന്ന വിദൂരസാധ്യതയെക്കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ഇന്ത്യൻ പൗരനായ താൻ അത്തരമൊരു ചിന്തയെ വെറുക്കുന്നുവെന്നാണ്. കാരണം എന്തെന്നോ? ന്യൂനപക്ഷങ്ങൾക്ക് സംരക്ഷണം നൽകുന്നതിൽ മോഡി ഒന്നും ചെയ്യാത്തത് തന്നെ. ന്യൂനപക്ഷസമുദായത്തിൽ ഇന്ന് നാം കാണുന്ന പേടിയും അരക്ഷിതാവസ്ഥയും എങ്ങനെയുണ്ടായി? 2002ൽ തങ്ങൾക്കെതിരെയുണ്ടായ ആക്രമണങ്ങൾ മുൻതീരുമാനപ്രകാരം നടപ്പാക്കിയ പദ്ധതിയാണെന്ന അവരുടെ വിശ്വാസത്തിൽ നിന്നു തന്നെ. 2002ലെ റിക്കോർഡ് ഒരു ഭീകരറിക്കോർഡാണ്. ഒരു ഇന്ത്യൻ പ്രധാനമന്ത്രിക്കും ഇത്തരത്തിലുള്ള റിക്കോർഡ് ഉണ്ടാവാൻ പാടില്ല.

ഈ അഭിപ്രായപ്രകടനത്തെത്തുടർന്ന് നടന്ന മീഡിയ ചർച്ചകളിലെല്ലാം ചർച്ചാവിഷയമായത് സെന്നിന്റെ ഭാരത്രത്ന യായിരുന്നു. പ്രത്യേകിച്ചും ഇതേ സംബന്ധിച്ച് മിത്രയുടെ 'ട്വീറ്റ്' നെ ചുറ്റിപ്പറ്റിയായിരുന്നു ചർച്ചകളെല്ലാം. (ഇന്നത്തെ അലസരായ ഇലക്ട്രോണിക് മീഡിയയെ ഉണർത്തുവാൻ ഏറ്റവും നല്ല മാർഗ്ഗമാണല്ലോ 'ട്വീറ്റ്'). ആരും ചാനലുകളിൽ ചർച്ച ചെയ്യാതിരുന്നത് ഭൂരിപക്ഷമുന്നേറ്റം ഇന്ത്യൻ ഭരണഘടനയിൽത്തന്നെ പരിക്കേൽപ്പിക്കുന്നതിന്റെ വിശേഷങ്ങളാണ്. ഇത്തരം ചർച്ചകൾ അർത്ഥശൂന്യമായ സ്ഥിരം 'മതേതര-വർഗ്ഗീയ' വിഭാഗീയത സംബന്ധിക്കുന്നതാണെന്ന രൂപേണ സെന്നിന്റെ അഭിപ്രായങ്ങൾ തന്നെ അവഗണിക്കപ്പെടുകയാണ് ഉണ്ടായത്.



അടുത്ത വർഷത്തെ തെരഞ്ഞെടുപ്പ് തൊട്ടടുത്തെത്തി നിൽക്കുന്ന അവസരത്തിൽ നാം മനസ്സിലാക്കേണ്ടത് നിയമത്തിന്റെ മുന്നിൽ കുറ്റകൃത്യങ്ങൾ സാധൂകരിക്കുവാനുള്ള ശ്രമങ്ങളെയാണ്. ഗുജറാത്തിൽ നിന്നുള്ള ഒരുവിധം കേസുകളെയെല്ലാം അട്ടിമറിക്കാൻ ശ്രമങ്ങൾ നടന്നിട്ടുണ്ട്. നരേന്ദ്രമോഡിയുടേയും വേറെ 59 പേരുടേയും ചാർജ്ജ് ഷീറ്റ് ആവശ്യപ്പെടുന്ന സാക്കിയ ജാഫ്റി പ്രൊട്ടസ്റ്റ് പെറ്റീഷന്റെ വിധി അടുത്തുവരുന്ന ഈ അവസരത്തിൽ ഇത്തരം ശ്രമങ്ങളെ നാമിനിയും കാണേണ്ടതായി വരും.

പരിഷ്കൃതമായ ഏതൊരു ജനാധിപത്യത്തിലും മീഡിയ നിഷ്പക്ഷമായ ഒരു നിരൂപണശൈലി പിന്തുടരേണ്ടതാണ്. രാഷ്ട്രീയ-സാമൂഹ്യസമത്വവാദമുന്നയിക്കുന്ന നമ്മുടെ മീഡിയ നിഷ്പക്ഷനിരൂപണങ്ങളാണോ നടത്തുന്നത്? ഗോധ്ര സംഭവത്തിനുശേഷം ഗുജറാത്തിലെ 25 ജില്ലകളിൽ 14 ജില്ലകളിലും നടന്ന ആക്രമണങ്ങളിൽ ഉന്നതതല ഗൂഢാലോചനയും കുറ്റകൃത്യങ്ങളെ പ്രോത്സാഹിപ്പിക്കുന്ന സ്ഥിതിവിശേഷവുമുണ്ടായി. അഹമ്മദബാദിൽ ഇന്നും ആഴ്ചയിൽ മൂന്നുദിവസം വാദം കേൾക്കുന്ന സിറ്റിസൺ ഫോർ ജസ്റ്റീസ് ആന്റ് പീസ് പിന്താങ്ങുന്ന സക്കിയജാഫ്രി പ്രൊട്ടസ്റ്റ് പെറ്റീഷൻ ഗൂഢാലോചനയുമായി ബന്ധപ്പെട്ട ഉന്നതർക്കെതരിരായ തെളിവുകൾ നിരത്തുകയുണ്ടായി. മുഖ്യമന്ത്രി നരേന്ദ്രമോഡിയുടേയും വി.എച്ച്.പി.ഗുജറാത്ത് സെക്രട്ടറി ജയദീപ് പട്ടേലിന്റേയും പങ്കും ഇവർ അന്വേഷിക്കുന്നുണ്ട്. കലാപദിനങ്ങളിൽ ഗുജറാത്ത് നഗരവീഥികൾ തീർത്തും വി.എച്ച്.പിയുടേയും ആചാര്യ ഗിരിരാജ് കിഷോറിന്റേയും പ്രവർത്തകരുടെ കൈകളിലായിരുന്നു. അവർ മതവികാരത്തെ ആളിക്കത്തിക്കുന്ന പ്രസംഗങ്ങൾ നടത്തുമ്പോൾ പോലീസിന്റേയും ഭരണത്തിന്റേയും തലപ്പത്തുള്ളവർ ഒന്നും ചെയ്യാനാവാതെ അന്ധാളിച്ചു നിൽക്കുകയായിരുന്നു. മുഖ്യമന്ത്രി മോഡി നാഷ്ണൽ ഹ്യുമൺ റൈറ്റ്സ് കമ്മീഷൻ (NHRC), സെൻട്രൽ ഇലക്ഷ്ൻ കമ്മീഷൻ (CEC), നാഷ്ണൽ കമ്മീഷൻ ഫോർ ദി മൈനോറിറ്റീസ് (NCM) എന്നീ ഭരണഘടനക്കനുസൃതമായി നിയമിക്കപ്പെട്ട കമ്മിറ്റികളെ തെറ്റിദ്ധരിപ്പിക്കുവാനും മുൻ ചീഫ് ജസ്റ്റിസുമാരായ വർമ്മയുടേയും ഖാരെയുടേയും നേർക്ക് തന്റെ കോപാഗ്നി തൊടുത്തുവിടാനും മറന്നില്ല. സുപ്രീംകോടതി നിയമിച്ച സ്പെഷൽ ഇൻവെസ്റ്റിഗേഷൻ ടീം (SIT) പോലും മോഡിയെ കുറ്റവി

മുക്തനാക്കുന്നതാണ് നമ്മൾ കണ്ടത്. എങ്കിലും അതേ കോടതി നിയമിച്ച അമിക്കസ് ക്യൂറി മോഡിയെ കുറ്റവിചാരണ ചെയ്യുവാനുള്ള മതിയായ തെളിവുണ്ടെന്ന് അഭിപ്രായപ്പെട്ടു. ഇന്ത്യൻ ശിക്ഷാനിയമത്തിലെ 166, 153 എ, 153 ബി എന്നീ സെക്ഷനുകളനുസരിച്ച് മോഡിക്കെതിരെ കേസെടുക്കാമെന്ന വാദം അങ്ങനെയുണ്ടായി. ഇതൊക്കെയാണെങ്കിലും ഭൂരിപക്ഷ പ്രചരണ ചക്രവും കോർപ്പറേറ്റ് താല്പര്യങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിച്ച് (ജൂലൈ 12 വെള്ളിയാഴ്ച റോയ്റ്റേഴ്സ് ഇന്റർവ്യൂ ഒരുദാഹരണമാണ്.) മോഡിക്കെതിരെ ഒരു കേസും നിലനിൽക്കുന്നില്ലെന്ന് വരുത്തിതീർക്കുവാൻ ശ്രമിക്കുന്നു. അവസാനം വരെ വീര്യമേറിയതും കാഠിന്യമേറിയതുമായ ഒരു യുദ്ധം തന്നെയായിരിക്കും മോഡിക്കെതിരെയുള്ള യുദ്ധം. ഇന്ത്യൻ നിയമ വ്യവസ്ഥക്ക് ഒരു പരീക്ഷണമായിരിക്കും ആ നിയമയുദ്ധം. ഭാരതചരിത്രത്തിലെ ഏറ്റവും ഇരുണ്ട അധ്യായത്തിലേക്ക് സ്പോട്ട്ലൈറ്റ് തിരിച്ചുവിടാൻ കാണിക്കുന്ന ധൈര്യത്തിന്റെ അളവ്.

ദൗർഭാഗ്യകരമെന്ന് പറയട്ടെ, ഒരു പതിറ്റാണ്ട് മുമ്പ് വരെ നമുക്കുണ്ടെന്ന് നമ്മൾ അഹങ്കരിച്ച മനസ്സാക്ഷിയുള്ള, നീതിബോധമുള്ള ഒരു മീഡിയ നമുക്കിന്നില്ല. എൻ.എച്ച്.ആർ.സി നയിച്ച ഒരു മുൻ ചീഫ്ജസ്റ്റിസ് 2002ൽ ഗുജറാത്ത് സർക്കാറിനെ നിശിതമായി വിമർശിച്ചിരുന്നു. ഭരണഘടന അനുവർത്തിക്കുന്ന രീതിയിൽ സർക്കാറിന്റെ ചുമതലകൾ നിർവ്വഹിക്കാത്തതിനു മാത്രമല്ല, എട്ടുമാസത്തോളം നീണ്ടുനിന്ന അക്രമ സംഭവങ്ങളിൽ ഒരുലക്ഷത്തിഅറുപത്തെട്ടായിരം പേർ വാസസ്ഥലം വിട്ടുപോകാൻ നിർബന്ധിതരായി. മാത്രമല്ല, കുറ്റം ആരോപിക്കപ്പെട്ട പലരും ജാമ്യത്തിലിറങ്ങുകയും പക്ഷപാതപരമായി പ്രവർത്തിക്കുന്ന പ്രോസിക്യൂട്ടർമാർ നിയമിക്കപ്പെടുകയും ഉണ്ടായി. പ്രോസിക്യൂട്ടർമാരുടെ രാഷ്ട്രീയചായ്വുകൾ രേഖപ്പെടുത്തിയ ഒരു സത്യവാങ്മൂലം ഞാൻ സുപ്രീംകോടതിയിൽ ഫയൽ ചെയ്യുകയും അതിന്റെ പശ്ചാത്തലത്തിൽ ബെസ്റ്റ് ബേക്കറി വിധിയിൽ നടന്ന ചില അട്ടിമറിശ്രമങ്ങളെ സുപ്രീം കോടതി നിശിതമായി വിമർശിക്കുകയും ചെയ്തു. ആ കേസ് പുനർവിചാരണക്ക് വിടുകയും അതോടൊപ്പം മഹാരാഷ്ട്രയിലേക്ക് മാറ്റുകയും ചെയ്തു. എൻ.എച്ച്.ആർ.സി റിപ്പോർട്ടിന് അതർഹിക്കുന്ന പ്രധാന്യം നൽകാതെ ഗുജറാത്ത് സർക്കാർ അവരെ തെറ്റിദ്ധരിപ്പിക്കുവാനാണ് ശ്രമിച്ചത്. സി.ഇ.സിയുടെ കാര്യവും ഇതുതന്നെ. ഭൂരിപക്ഷ മുന്നേറ്റത്തിന്റെ പ്രചോദനമുൾക്കൊണ്ടുകൊണ്ട് 2002 ജൂലൈ 19ന് മോഡി അസംബ്ലി പിരിച്ചുവിടുകയുണ്ടായി. ആഴ്ചകൾക്കുള്ളിൽ മറ്റൊരു തെരഞ്ഞെടുപ്പിന് ശ്രമിക്കുകയും ചെയ്തു. സി.ഇ.സി നടത്തിയ ഒരു നിരീക്ഷണത്തിൽ (ആഗസ്റ്റ് 16, 2002) ആ സംസ്ഥാനത്ത് നടക്കുന്ന അട്ടിമറി ശ്രമങ്ങളെക്കുറിച്ചും ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള ആക്രമണങ്ങളെക്കുറിച്ചും ഭീഷണികളെക്കുറിച്ചും മറ്റും റിപ്പോർട്ട് ചെയ്തു. ഇതിനെതിരായി മോഡി ധാരാളം എൻ.എച്ച്.ആർ.സി വിരുദ്ധ പ്രസ്താവനകളിറക്കി. സുപ്രീംകോടതി നിയോഗിച്ച മൂന്നംഗബെഞ്ചിന്റെ തലപ്പത്തിരുന്ന ജസ്റ്റിസ് വി.എൻ. ഖാരെ (അദ്ദേഹം അന്ന് ഗുജറാത്ത് ചീഫ് ജസ്റ്റിസും ആയിരുന്നു.) ഗുജറാത്ത് കലാപങ്ങളെ സംസ്ഥാന സർക്കാർ നേരിട്ട രീതി തെറ്റാണെന്ന് സമർത്ഥിക്കുകയുണ്ടായി.


രാജധർമ്മം അനുശാസിക്കുന്നതനുസരിച്ച് സ്ഥാനമൊഴിയാനും ജസ്റ്റിസ് ഖാരെ നിർദ്ദേശിച്ചിരുന്നു. ജോലിയിൽ നിന്ന് വിരമിച്ച ശേഷം ജസ്റ്റിസ് ഖാരെ പറഞ്ഞത് ഇപ്രകാരമാണ്, "ഗുജറാത്തിൽ കുറ്റം ആരോപിക്കപ്പെട്ടവരും പ്രോസിക്യൂഷനും തമ്മിൽ അടുത്തബന്ധമാണുള്ളത്". നിയമത്തേയും ചട്ടങ്ങളേയും പുച്ഛിച്ചുതള്ളുന്ന ഒരു കൂട്ട്കെട്ട്. ഹിംസിക്കപ്പെട്ടവരേയും സാക്ഷികളേയും രക്ഷിക്കുന്നതിനായി അവസാനം സുപ്രീംകോടതി ഇടപെടേണ്ടി വന്നു.

ഇത്തരത്തിലുള്ള ഒരു ഭൂരിപക്ഷ കൂട്ടായ്മയെയാണ് മോഡി പ്രതിനിധാനം ചെയ്യുന്നത്. മാർച്ച് 2002ൽ ഷാ-ഇ-അലം ദുരിതാശ്വാസക്യാമ്പ് സന്ദർശിച്ച വാജ്പേയ് 'രാജധർമ്മ'ത്തെക്കുറിച്ച് മോഡിയെ ഓർമ്മിപ്പിക്കുകയുണ്ടായി. പക്ഷേ അതേ വർഷം ഏപ്രിൽ നാലിന് ഗോവയിലെത്തിയപ്പോഴേക്കും മോഡി-ജയ്റ്റ്ലി-ആർ.എസ്സ്.എസ്സ് സമ്മർദ്ദത്തിന് വഴങ്ങി അദ്ദേഹത്തിനും ചുവട് മാറ്റേണ്ടതായി വന്നു.

ഞാനീ കാര്യങ്ങളെല്ലാം എഴുതിക്കൊണ്ടിരിക്കുമ്പോൾ തന്നെ രണ്ടായിരത്തിൽ പരം സിക്ക് കർഷകരെ ബാധിക്കുന്ന ഒരു സംഭവം പുറത്തുവന്നിരിക്കുന്നു. ഗുജറാത്തിലെ കച്ച് പ്രദേശത്ത് നിയമാനുസൃതമായി സ്ഥലം വാങ്ങി അവിടെ കൃഷിചെയ്യുന്നവരാണിവർ. അനധികൃതമായി അവരെ അവിടെ നിന്നൊഴിപ്പിക്കാൻ കലക്ടറും ഇപ്പോൾ സംസ്ഥാനസർക്കാറും

*(ശേഷം പേജ് 19 ൽ)*





# "ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്കയാൽ..."



ഡോ.മിനിപ്രസാദ്

**എതിർശബ്ദങ്ങളോടും** വിമർശനാത്മകമായ പരാമർശങ്ങളോടും എന്നും അസഹിഷ്ണുത പുലർത്തിയവരാണ് മതമേലദ്ധ്യക്ഷന്മാർ. കുഞ്ഞാടുകളുടെ ശ്രദ്ധ മറ്റെന്തിലേക്കെങ്കിലും തിരിയുന്നുണ്ടോ എന്ന ഭയമാണ് ഈ അസഹിഷ്ണുതയുടെ അടിസ്ഥാനം. തങ്ങൾക്കരികെ നിന്ന് ആടുകളെ വഴിതെറ്റിക്കുന്നവരായി തോന്നുന്നവരെ ഭയപ്പെടുത്തുവാനായി വലിയ ശിക്ഷാവിധികൾ തന്നെ –ചുട്ടുകരിച്ച് കൊല്ലുന്നതിനോളം പോരുന്ന ശിക്ഷാവിധികൾ– അവർ നടപ്പാക്കിയത് ചരിത്രത്തിലെ കറുത്ത അദ്ധ്യായങ്ങളാണ്. സ്വന്തം അപ്രമാദിത്വങ്ങൾ ഉയർത്തിപ്പിടിക്കാനായി അവർ ചെയ്ത പരാക്രമങ്ങളായിരുന്നു ആ നീചപ്രവർത്തികളൊക്കെയും. മരണാനന്തര ജീവിതത്തെക്കുറിച്ച് സദാ പറഞ്ഞുകൊടുത്ത് ഭീതി വളർത്തിയാണ് സഭയോട് അടുപ്പിച്ച് വിശ്വാസികളെ നിർത്തുന്നത്. സഭയുടെ ചട്ടക്കൂടുകളുടെ സുരക്ഷിതത്വം വെടിഞ്ഞ് മുന്നോട്ടു പോകാനും നിലനിൽക്കാനും പാവം മനുഷ്യർക്ക് ഭയമായതിനാൽ അവർ ഈ മതപൗരോഹിത്യപുരോഹിതവൃന്ദത്തെ ഭയത്തോടെ അനുസരിക്കുന്നു.

കർത്താവായ യേശുക്രിസ്തുവിന്റെ ഈ പിൻഗാമികൾ അദ്ദേഹം പഠിപ്പിച്ചതോ പ്രബോധിപ്പിച്ചതോ ആയ ഏതു പാഠമാണ് അതേപോലെ അനുസരിക്കുന്നത്? യറുശലേം ദേവാലയത്തിൽ ചെന്ന യേശു അവിടുത്തെ വാണിഭക്കാരെ നോക്കി പറഞ്ഞ ഒരു വാചകമുണ്ട്. "എന്റെ ആലയം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും. നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹയാക്കിത്തീർത്തു" എന്ന്. ഇന്ന് ഓരോ ദേവാലയങ്ങളേയും നോക്കുമ്പോഴും കർത്താവ് ഇതു തന്നെയാവും പറയുന്നത്.

സഭാപിതാക്കന്മാർക്ക് ഇടയജനങ്ങളോട് നേരിട്ടുവന്ന് പ്രബോധനത്തിന് സമയവും സന്ദർഭവും യോജിച്ചു വരാത്തപ്പോൾ അവർ അതിന് കണ്ടെത്തുന്ന വഴിയാണ് ഇടയലേഖനം (കത്തോലിക്കാ സഭകളിൽ ഇത് ഇടയലേഖനം എന്നും മറ്റ് സഭകളിൽ കല്പന എന്നും അറിയപ്പെടുന്നു.) ഇത്തരം ഇടയലേഖനങ്ങളിൽ വിശ്വാസികളെ സഭാവിശ്വാസത്തിൽ ചേർത്തുനിർത്തുക എന്നതാണ് പ്രധാന ഉദ്ദേശ്യം. സഭാപരമായ ചില ആചാര അനുഷ്ഠാനങ്ങളെപ്പറ്റിയുള്ള ഓർമ്മപ്പെടുത്തലാണ് സാധാരണ

സംഭവിക്കാറുള്ളത്. പൊതുസമൂഹത്തിന്റെ തീരുമാനങ്ങളേയും നിയമാവലികളേയും വിമർശിച്ച് തികച്ചും പ്രതിലോമപരമായ ചില ഇടയലേഖനങ്ങൾ കൊണ്ട് എന്നും കത്തോലിക്കാസഭ വിവാദം സൃഷ്ടിച്ചിട്ടുണ്ട്. ആ നിരയിലേക്ക് നീക്കിവെക്കാവുന്ന ഒരു ഇടയലേഖനമാണ് മാധവിക്കുട്ടിയുടെ പ്രേതം സാറാജോസഫിനേയും പെണ്ണെഴുത്തുകാരികളേയും ബാധിച്ചു എന്ന കണ്ടുപിടുത്തവുമായി വന്നത്. അരാജകത്വം വളർത്തുന്നു എന്നൊരു കുറ്റം കൂടി ഇവരുടെയൊക്കെ പേരിൽ ആരോപിച്ചിട്ടുണ്ട്. ഇതിനെപ്പറ്റിയുള്ള വാർത്തകൾ വായിച്ചപ്പോൾ ഞാൻ അത്ഭുതപ്പെട്ട ഒരു കാര്യം ഒരു ഞായറാഴ്ച വിശുദ്ധ കുർബ്ബാനയിൽ സംബന്ധിക്കാനും ജീവിതത്തിലെ അനേകം പ്രശ്നങ്ങളിൽ നിന്ന് ഒരു സമാധാനം ലഭിക്കാനുമായി വന്നണയുന്ന ഒരു സമൂഹത്തിനു മുന്നിൽ ഇത്തരം ഒരു ഇടയലേഖനം വായിക്കാൻ അതും തിരുവസ്ത്രം അണിഞ്ഞു നിൽക്കുന്ന സമയത്ത് ഒരു പുരോഹിതന് ലജ്ജ തോന്നില്ലേ? ഇത് തയ്യാറാക്കിയവർ ആരായാലും മലയാളസാഹിത്യത്തെപ്പറ്റിയോ മാധവിക്കുട്ടിയെപ്പെറ്റിയോ സാറാജോസഫിനെപ്പറ്റിയോ യാതൊന്നും അറിയില്ല എന്നതല്ലേ പരമാർത്ഥം.

കേരളത്തിലെ സ്ത്രീസംഘടനകളുടെ ചരിത്രം കുറിക്കപ്പെടുന്ന പ്രസ്ഥാനമാണ് മാനുഷി. അതിന്റെ സ്ഥാപക എന്ന നിലയിൽ സാറാജോസഫ് തുടങ്ങിയ പോരാട്ടം കേരളത്തിന്റെ പൊതുസമൂഹബോധത്തിൽ ഒരു പെൺസ്വത്വബോധം രൂപപ്പെടുത്തുവാൻ സഹായകമായി. അത് ചരിത്രപരമായ ഒരു വസ്തുതയാണ്. ആർക്കും നിഷേധിക്കുവാൻ സാധ്യമായ ഒന്നല്ല. പുരുഷന്റെ കണ്ണുകളിലൂടേയും വാക്കുകളിലൂടേയും അവതരിപ്പിക്കപ്പെട്ട സ്ത്രൈണബിംബങ്ങളും ഭാഷയും ഉപേക്ഷിച്ചുകൊണ്ട് ഒരു ഭാഷ തന്നെ എഴുത്തിനായി സാറടീച്ചർ സൃഷ്ടിപ്പെടുത്തുന്നു. സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ജനസമൂഹത്തിന്റെ പ്രശ്നങ്ങൾ പ്രമേയങ്ങളായ കൃതികൾ എഴുതി. ഭരണകൂടത്തിന്റെ നെറികേടുകൾക്കെതിരെ അപ്പപ്പോൾ പ്രതികരിച്ചു. കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന എല്ലാഭൂസമരങ്ങളിലും പരിസ്ഥിതി സമരങ്ങളിലും സജീവമായ സാന്നിദ്ധ്യമായി നിലകൊള്ളുന്നു. ഇതിൽ ഏതിലൂടെയാണ് സാറാജോസഫ് അരാജകത്വവാദം വളർത്തിയത്?

അതിനുശേഷം വന്ന ഇടയലേഖനത്തിൽ ദളിത്ക്രൈസ്തവർക്ക് സംവരണം ഏർപ്പെടുത്തണം എന്നായിരുന്നു ആവശ്യം. സഭകൾ നടത്തുന്ന ഏതുസ്ഥാപനത്തിലാണ് ഈ സംവരണതത്വം പാലിച്ചിട്ടുള്ളത്? ദളിതരെ ക്രൈസ്തവസഭയിലേക്ക് ചേർക്കാനല്ലാതെ ഏതെങ്കിലും വിധത്തിൽ അവരെ സമത്വത്തോടെ ദർശിക്കാൻ ഇവർക്കാവില്ല. ക്രിസ്ത്യാനിയാക്കി വിളിക്കുന്ന മാമോദീസാ പേരുപോലും ഏറ്റവും വികലമാക്കി ഉച്ചരിക്കുകയാണ് ഇവർ ചെയ്യുന്നത്. മർക്കോസിനെ മർക്കോ എന്നും തെരീസയെ തെറുത എന്നും വിളിക്കുന്നു. മനുഷ്യനെ മനുഷ്യനായി കാണാൻ ചുങ്കക്കാരൻ എന്ന പേരിൽ മാറ്റിനിർത്തിയ സക്കായിയുടെ ഒപ്പം ഭക്ഷണം കഴിച്ചുകൊണ്ട് അത്തരത്തിൽ ആരെയും മാറ്റിനിർത്താതെ ചേർത്തുപിടിച്ച ക്രിസ്തുവിന്റെ പിന്മുറക്കാർ തന്നെയല്ലേ ഇവർ. ഇവരെപ്പോലെയുള്ളവരെ നോക്കിക്കൊണ്ട് കർത്താവ് “നിങ്ങൾക്ക് ഹാ കഷ്ടം!”എന്നുപറഞ്ഞത് വീണ്ടും ആവർത്തിച്ചുപോവുന്നു. പഴയകാലത്തായിരുന്നെങ്കിൽ സാറാടീച്ചറെ ദുർമന്ത്രവാദിനിയെന്നുപറഞ്ഞ് സഭക്ക് കല്ലെറിയിക്കാമായിരുന്നു. ഇപ്പോൾ അത്രക്ക് അങ്ങ് വയ്യല്ലോ.

മരണശേഷം പള്ളിയിൽ അടക്കില്ല, മരണാനന്തരശുശ്രൂഷകൾ നൽകില്ല, തെമ്മാടിക്കുഴിയിൽ അടക്കും. ഇതൊക്കെയാണ് സഭ വിശ്വാസികളെ ഭയപ്പെടുത്തുവാനുപയോഗിക്കുന്ന അവസാന ആയുധങ്ങൾ. സാറാജോസഫിന് അത്തരം ഒരു മരണാനന്തരജീവിതം ആവശ്യമേയില്ല. തെമ്മാടിക്കുഴിയെ ഭയവുമില്ല. കൗമാരകാലത്ത് നിനക്കൊരു കഥയെഴുത്തുകാരിയാവണോ നല്ല കത്തോലിക്കത്തിയാവണോ എന്ന ചോദ്യം നീണ്ടുവന്നപ്പോൾ എനിക്കൊരു കഥയെഴുത്തുകാരിയായാൽ മതി എന്ന് ധൈര്യത്തോടെ പറഞ്ഞ പി. എൽ.സാറായിൽ നിന്ന് സാറാജോസഫിലേക്കുള്ള വളർച്ചയുണ്ടല്ലോ അത് മലയാളത്തിലെ പെൺ സ്വത്വബോധത്തിന്റെ വളർച്ചകൂടിയാണ്. പെണ്ണായിപ്പോയി എന്നതിനെ ഒരു തരം അധമബോധത്തോടെയും കാണേണ്ട. പെണ്ണാണ് എന്ന് തല ഉയർത്തിപ്പിടിച്ച് പറയണം എന്ന് മലയാളിപ്പെൺകുട്ടികളെ പഠിപ്പിച്ചത് മാധവിക്കുട്ടിയും സാറാജോസഫും ആയിരുന്നു. ഈ അവസരത്തിൽ സഭാപിതാക്കന്മാരോട് ഒരു ചോദ്യംകൂടി ബാക്കിയുണ്ട്. മാധവിക്കുട്ടി അന്ന് ഇസ്ലാംമതം സ്വീകരിക്കുന്നതിനുപകരം ക്രിസ്തുമതം സ്വീകരിച്ചിരുന്നെങ്കിൽ ലോകത്തിലെ ഏറ്റവും നന്മയുള്ളവളായി അവർ മാറുമായിരുന്നില്ലേ? “അനുതാപത്തിനാവശ്യമില്ലാത്ത തൊണ്ണൂറ്റിയൊമ്പത് നീതിമാന്മാരേക്കാൾ അനുതപിക്കുന്ന ഒരു പാപിയെച്ചൊല്ലി സ്വർഗ്ഗത്തിൽ അധികം സന്തോഷമുണ്ടാകും'' എന്ന വാക്യം ഉദ്ധരിച്ച് അതിനെ സർവ്വാത്മനാ സ്വാഗതം ചെയ്തുകൊണ്ട് അതൊരു ആഘോഷമാക്കാൻ ഇവർതന്നെ മുന്നിട്ടിറങ്ങിയേനെ.

സ്വന്തം കണ്ണിൽ കോലിരിക്കെ സഹോദരന്റെ കണ്ണിലെ കരട് എടുക്കാൻ പോകരുത് എന്ന കർതൃവചനം തന്നെയാണ് ബഹുമാന്യരായ സഭാപിതാക്കന്മാരോടും പറയാനുള്ളത്. ആദ്യം സാറാടീച്ചറും മാധവിക്കുട്ടിയും എഴുതിയതൊക്കെയും വിശദമായും വ്യക്തമായും വായിക്കുക, പിന്നെ എവിടെയാണ് അരാജകത്വം എന്ന് സ്വയം വിശകലനം ചെയ്യുക. പ്രത്യേകിച്ച് വളരെ വിശാലഹൃദയനായ ഒരു മാർപ്പാപ്പ നിങ്ങളുടെ പിതാവായ ഈ കാലത്ത്. അതിന് തയ്യാറല്ലെങ്കിൽ “ഇവർ ചെയ്യുന്നത് ഇന്നതെന്ന് അറിയായ്കയാൽ ഇവരോട് ക്ഷമിക്കണേ” എന്ന കർത്താവിന്റെ പ്രാർത്ഥന ഞങ്ങളും പ്രാർത്ഥിക്കാം. ●



ദീപ. വി.എം

# സ്ത്രീപീഡനക്കേസുകളിലെ ഇരകളെ എന്തു ചെയ്യണം?

*കേരളത്തിൽ സ്ത്രീകൾ നേരിടുന്ന ലൈംഗികചൂഷണത്തിന് പല മുഖങ്ങളുണ്ട്. അതിൽ നാം സംസാരിക്കാൻ ഭയക്കുന്നതും മൂടിവെക്കാൻ ശ്രമിക്കുന്നതുമായ ഒരു വശമാണ് അടുത്ത ബന്ധുക്കളിൽനിന്ന് സ്ത്രീകളും ചെറിയ പെൺകുട്ടികളും വരെ നേരിടുന്ന ലൈംഗികഅതിക്രമങ്ങൾ. സംരക്ഷകർ തന്നെ ചൂഷകരായി മാറുമ്പോൾ, ഇത്തരം ചൂഷണത്തിനിരയാവുന്നവർക്ക്  എവിടേയും ആശ്രയമില്ലാതാവുന്നു.*

**ഈ** ചോദ്യത്തിന് ഒരു ശരാശരി മലയാളി അയാളുടെ പൊതുമൂല്യചിന്തകൾക്കകത്തു നിന്നുകൊണ്ട്  സത്യസന്ധമായി ഉത്തരം പറഞ്ഞാൽ, അതിക്രൂരമായിരിക്കും അതിന്റെ മറുപടി. ഇത്തരം ഇരകളാവുന്ന സ്ത്രീകൾ മരിക്കാൻ മാത്രം യോഗ്യതയുള്ളവരാണെന്ന വാദം തന്നെയാണ്  നമ്മൾ സിനിമകളിലൂടെയും കൊട്ടിയം കേസ് പോലുള്ള യഥാർത്ഥ സംഭവങ്ങളിലൂടെയും മുന്നോട്ടുവെച്ചുപോന്നത്. ഇനി അത്രത്തോളം പോയില്ലെങ്കിലും ഇത്തരം പെൺകുട്ടികൾ ഒരു സാധാരണ ജീവിതം തുടർന്ന്  അർഹിക്കുന്നില്ലെന്ന്  കേരളം എക്കാലത്തും അതിന്റെ സ്ത്രീപീഡനക്കേസുകളോടുള്ള സമീപനങ്ങളിലൂടെ ശക്തമായി വാദിച്ചുപോന്നിട്ടുണ്ട്. സ്വന്തം പരാതിയുമായി സമൂഹത്തെ സമീപിച്ച ഒരിരയും പിന്നീട് അന്തസ്സോടെ ജീവിച്ചതായി ചരിത്രമില്ല. ഒന്നും പുറത്തു പറയാതെ, നീതി തേടാതെ, വ്യക്തിപരമായി അതിജീവിക്കാൻ ശ്രമിക്കുന്നവർ ഒരുപക്ഷെ, താനനുഭവിച്ച അപമാനത്തിന്റേയും നീതികേടിന്റേയും സംഘർഷം ഉള്ളിൽ മരണം വരെ അനുഭവിച്ചുകൊണ്ടായാലും, സമൂഹത്തിൽ താരതമ്യേന സമാധാനത്തോടെ ജീവിക്കുന്നതായും കാണാം. ഇതാണ് കേരളം ഒരു സ്ത്രീക്ക് നൽകുന്ന നീതിയുടെ, സുരക്ഷയുടെ സ്വഭാവം.

കേരളത്തിൽ സ്ത്രീകൾ നേരിടുന്ന ലൈംഗികചൂഷണത്തിന് പല മുഖങ്ങളുണ്ട്. അതിൽ നാം സംസാരിക്കാൻ ഭയക്കുന്നതും മൂടിവെക്കാൻ ശ്രമിക്കുന്നതുമായ ഒരു വശമാണ് അടുത്ത ബന്ധുക്കളിൽനിന്ന് സ്ത്രീകളും ചെറിയ പെൺകുട്ടികളും വരെ നേരിടുന്ന ലൈംഗികഅതിക്രമങ്ങൾ. സംരക്ഷകർ തന്നെ ചൂഷകരായി മാറുമ്പോൾ, ഇത്തരം ചൂഷണത്തിനിരയാവുന്നവർക്ക്  എവിടേയും ആശ്രയമില്ലാതാവുന്നു. കുടുബാംഗങ്ങൾ തന്നെ അപമാനം ഭയന്ന് കുറ്റവാളികൾക്ക് ശിക്ഷയിൽനിന്ന് രക്ഷപ്പെട്ടുനിൽക്കാൻ പലപ്പോഴും അവസരമുണ്ടാക്കിക്കൊടുക്കുകയും ഇത് ഇരയുടെ മനസ്സിലെ അരക്ഷിതത്വം പല മടങ്ങാക്കി വർദ്ധിപ്പിക്കുകയും ചെയ്യുന്ന സങ്കീർണ്ണമായ അവസ്ഥ അങ്ങ



നെ ഉണ്ടാകുന്നു. കേരളത്തിലെ കുടുംബങ്ങൾക്കകത്തും ഇത്തരം ലൈംഗികചൂഷണം നാം കരുതുന്നത്ര വിരളമല്ല എന്ന് കാണിക്കുന്ന അനുഭവമാണ്, സ്ത്രീകളുടെ സംരക്ഷണത്തിനുവേണ്ടി സംസ്ഥാനസർക്കാർ നടപ്പാക്കുന്ന, 'നിർഭയ' എന്ന പദ്ധതിക്കുകീഴിലുള്ള, തിരുവനന്തപുരത്തെ അഭയ കേന്ദ്രത്തിൽ കഴിഞ്ഞ ആറ് മാസത്തിനകം എത്തിച്ചേർന്ന പെൺകുട്ടികൾ കേരള സമൂഹത്തിനുമുന്നിൽ വെക്കുന്നത്. അച്ഛനും അമ്മാമനും ഉൾപ്പെടെ അടുത്ത ബന്ധുക്കളുടെ ലൈംഗിക ചൂഷണത്തിനിരയായ 30 പെൺകുട്ടികൾ കഴിഞ്ഞ ആറു മാസം കൊണ്ട് നിർഭയയുടെ തിരുവനന്തപുരത്തെ ഷെൽട്ടർ ഹോമിലെത്തിയിട്ടുണ്ട്. ഭൂരിഭാഗവും 18 വയസ്സിന് താഴെ പ്രായമുള്ളവർ. എല്ലാവരുടെയും പരാതികളിൻമേൽ കേസുകൾ നടക്കുന്നു. ഇവരെ ഉപദ്രവിച്ചത് അടുത്ത ബന്ധുക്കൾ ആയതുകൊണ്ടും പലപ്പോഴും ഇവരുടെ അമ്മമാർ തന്നെ നാണക്കേടു കരുതി ഇക്കാര്യം മൂടിവെക്കാൻ കൂട്ടുനിന്നതുകൊണ്ടും ഇവർക്ക് സമീപഭാവിയിൽ വീടുകളിലേക്ക് മടങ്ങുക ബുദ്ധിമുട്ടാണ്. പല തലങ്ങളിൽ കടുത്ത മാനസികസമ്മർദ്ദം നേരിടുന്നതിനാൽ തുടർച്ചയായ കൗൺസലിംഗ് ഇവർക്കാവശ്യമുണ്ട്. എന്നാൽ, ഈ കുട്ടികൾക്ക് ഭക്ഷണവും സുരക്ഷിതത്വവും മാത്രം ഉറപ്പാക്കാനേ ഇതുവരെ നിർഭയ പദ്ധതിക്ക് സാധിച്ചിട്ടുള്ളൂ.

പല പ്രായക്കാരായ ഈ കുട്ടികളോരോരുത്തരും കടന്നുപോകുന്ന മാനസികസംഘർഷങ്ങളുടെ സ്വഭാവം വളരെ വ്യത്യസ്തമായിരിക്കുമെന്ന് ഉറപ്പാണ്. എന്നാൽ എല്ലാവരേയും ഒരേ അളവുകോൽ വെച്ച് കൈകാര്യം ചെയ്യാനേ നമുക്ക് സംവിധാനമുള്ളൂ. ഫലമോ പകുതിയിലേറെപ്പേരും അധികം വൈകാതെ വിഷാദരോഗത്തിനടിമകളായി മരുന്നുകഴിക്കുന്ന സ്ഥിതിയിലായി. എന്നാൽ കൗൺസലിംഗ് ആരംഭിക്കുകയും അവരെ ഒന്നു പുറത്തുകൊണ്ടുപോകാനും സ്നേഹത്തോടെ അവരോടിടപെടാനും ചെറിയ ശ്രമമുണ്ടാവുകയും ചെയ്തപ്പോൾത്തന്നെ പലരുടേയും മരുന്നുകൾ നിർത്താൻ പറ്റി എന്ന സന്തോഷവർത്തമാനവും നിർഭയ അഭയകേന്ദ്രത്തിന്റെ പ്രവർത്തകർ പങ്കുവെക്കുന്നു.

*ഈ സ്ഥാപനത്തിലെ കൗൺസിലറായ റോജ പറയുന്നു:*

ഈ പെൺകുട്ടികൾക്ക് ഓരോരുത്തർക്കും വ്യക്തിപരമായ ശ്രദ്ധ ലഭിക്കുകയും നിരന്തരമായ കൗൺസലിംഗ് നടക്കുകയും ചെയ്താലേ അവർ സ്വന്തം ജീവിതത്തിലുണ്ടായ ദുരനുഭവത്തിൽനിന്ന് പുറത്തുകടന്ന് ഒരു സാധാരണ ജീവിതം നയിക്കാൻ പ്രാപ്തരാവൂ എന്നതിൽ സംശയമേയില്ല. കടുത്ത ആത്മനിന്ദക്കടിമകളാണ് ഇന്നിവർ. ജീവിതം അവസാനിച്ചുവെന്നും ഇനി ഒരു വിവാഹവും മറ്റും സാധ്യമല്ലെന്നും അവർ കരുതുന്നു. ഇതെല്ലാം മാറി സ്വന്തം ആത്മാഭിമാനവും പ്രതീക്ഷകളും വീണ്ടെടുക്കാൻ ഇവരെ സഹായിക്കണമെങ്കിൽ വലിയ പരിശ്രമം ഓരോരുത്തരുടെ കാര്യത്തിലും ആവശ്യമുണ്ട്.

ലൈംഗികചൂഷണത്തിനിരയാവുന്നവരോടുള്ള പെരുമാറ്റം, അവരുടെ ജീവിതത്തിൽ ഭരണകൂടമായാലും സമൂഹമായാലും വ്യക്തികളായാലും നടത്തുന്ന ഇടപെടലിന്റെ സ്വഭാവം ഇതെല്ലാം എന്താവണം എന്ന കാര്യത്തിൽ നമുക്ക് വ്യക്തതയും പെരുമാറ്റച്ചട്ടങ്ങൾ പോലും ഉണ്ടായേ പറ്റൂ. നിർഭയ പ്രവർത്തകരുടെ സമീപനം വലിയ ഘടകമാണെന്ന് മുകളിൽ വിവരിച്ച കാര്യങ്ങളിൽനിന്നുതന്നെ വ്യക്തമാണല്ലോ. ഈ വിഷയത്തിൽ അക്കാദമികമായോ സാമൂഹ്യപ്രവർത്തകരെന്ന നിലക്കോ അവഗാഹമുള്ളവർ പോലും സദാചാരത്തിന്റെ ഒരു ചോദ്യമുന ഇരകൾക്കുനേരെ തിരിച്ചുവെക്കുന്നതായി പലപ്പോഴും കാണാറുണ്ട്. ഏതാനും ദിവസങ്ങൾക്കു മുൻപ് നിർഭയ അഭയകേന്ദ്രത്തിന്റെ നടത്തിപ്പേറ്റെടുത്തിട്ടുള്ള കേന്ദ്ര സർക്കാർ പദ്ധതിയായ മഹിളാ സമഖ്യയുടെ തലപ്പത്ത് പി. ഇ. ഉഷ നിയമിക്കപ്പെട്ടത്, ഈ അവസ്ഥയിൽ ഒരു മാറ്റം വേണമെന്ന നിശ്ചയത്തിന്റെ ഭാഗമായിട്ടുകൂടിയാണ്.

ചട്ടപ്പടി ഭരണത്തിന്റെ എല്ലാവിധ കുഴപ്പങ്ങളും ഈ സ്ഥാപനത്തിലും തുടക്കം തൊട്ടേ ഉണ്ടായിരുന്നു. ഭരണസ്ഥാപനത്തിലെ അന്തേവാസികളെ കോടതിയിലേക്കും അവരവരുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിലേക്കും മറ്റും കൊണ്ടുപോകാൻ വേണ്ടി വാടകക്കെടുത്ത വാഹനം ഉദ്യോഗസ്ഥരുടെ യാത്രാ ആവശ്യങ്ങൾക്കുള്ള വാഹനമായി മാറുക; പെൺകുട്ടികളുടെ സംരക്ഷണച്ചുമതലയുള്ള ചില ഉദ്യോഗസ്ഥർ തന്നെ അവരെ അപമാനിക്കുന്ന രീതിയിൽ നിരന്തരം പെരുമാറുക നിർഭയ എന്നത്, 200 കോടി രൂപ ഫണ്ടുള്ള പദ്ധതിയായിട്ടും അഭയകേന്ദ്രത്തിന്റെ ദൈനംദിനനടത്തിപ്പിനുള്ള പണം പാസായി സമയത്ത് ലഭിക്കാതിരിക്കുക തുടങ്ങി ചെറുതും വലുതുമായ അനവധി പ്രശ്നങ്ങൾ. ഒടുവിൽ സഹികെട്ട് സ്ഥാപനത്തിന്റെ മേട്രണെതിരെ പെൺകുട്ടികൾ മേലുദ്യോഗസ്ഥർക്ക് പരാതി നൽകേണ്ടിവന്നു.

ലൈംഗിക ചൂഷണത്തിനിരയായ പെൺകുട്ടികൾക്ക് നീതി കിട്ടാറാക്കുക, അവരെ സംരക്ഷിക്കുക, അവരുടെ തുടർവിദ്യാഭ്യാസം സാധ്യമാക്കുക, അവരെ സമൂഹവുമായി വീണ്ടും സ്വാഭാവികജീവിതം ജീവിക്കാവുന്ന തരത്തിൽ കൂട്ടിയിണക്കുക – ഇതൊക്കെയാണ് നിർഭയ പദ്ധതിയുടെ ലക്ഷ്യം. ഇതെല്ലാം സാധ്യമാക്കാൻ പറ്റിയ ഒരു ഫലവത്തായ കർമ്മപരിപാടി പക്ഷെ ഇല്ലെന്നു തന്നെ പറയാം. ദിവസക്കൂലിക്ക്, കുറഞ്ഞ വേതനവും നൽകി നിയമിക്കുന്ന കുറെ ജീവനക്കാരെ വെച്ച് കാര്യങ്ങൾ നടത്താം എന്ന ലാഘവചിന്തയാണ് നിലനിൽക്കുന്നത്. അത്തരം ജീവനക്കാരിൽനിന്ന് എത്രത്തോളം അവബോധം പ്രതീക്ഷിക്കാനാവും എന്ന് ഊഹിക്കാമല്ലോ. പകരം, മാന്യമായ ശമ്പളം നൽകി, ഇത്തരം സങ്കീർണ്ണമായ സാഹചര്യങ്ങളിലും ജീവിതാവസ്ഥകളിലും ഫലപ്രദമായി ഇടപെടാൻ കഴിവുള്ളവ

രെ നിയമിക്കുന്ന രീതിയാണ് വേണ്ടത്. മേട്രൺ, വാർഡൻ തുടങ്ങിയ, കാലാകാലമായി അധികാരപ്രയോഗത്തിന്റെ പ്രതീകങ്ങൾ പോലെ നിലനിൽക്കുന്ന തസ്തികകൾക്കുപകരം ശരിയായ സ്ത്രീ സമത്വബോധമുള്ള, പ്രതിബദ്ധതയുള്ള, ആളുകളുടെ ഒരു ടീം ആണ് ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടത്.


*പി. ഇ. ഉഷ പറയുന്നു:*

ഇതുപോലൊരു പദ്ധതിയിൽ ജോലി ചെയ്യുന്നവരുടെ അവബോധം വലിയൊരു ഘടകം തന്നെയാണ്. ഉയർന്ന ഉദ്യോഗസ്ഥരുടെ തലത്തിൽ നല്ല മാറ്റങ്ങൾ കാണാനുണ്ട്. എന്നാൽ കുറച്ചുകൂടി താഴേത്തട്ടിലേക്ക് വരുമ്പോൾ ഈ പെൺകുട്ടികളോട് എങ്ങനെപെരുമാറണം, എന്നൊക്കെയുള്ള വിഷയങ്ങളിൽ, ലിംഗസമത്വത്തിലും ജനാധിപത്യത്തിലും അധിഷ്ഠിതമായ ഒരു സമീപനം കാണാറില്ല. ഒരു പ്രത്യേക മതത്തിനകത്തോ സമുദായത്തിനകത്തോ ആണ് ഇത്തരം സംഭവങ്ങൾ കൂടുതൽ നടക്കുന്നത് എന്ന തരം മുൻവിധി ഈ കുട്ടികളുടെ നേരെ ചില ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും തന്നെ ഉള്ളതായി ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. ഉദാഹരണത്തിന് പട്ടികവർഗ്ഗ വികസനവകുപ്പിലെ ഉദ്യോഗസ്ഥർ പൊതുവേ ഈ പെൺകുട്ടികളെ സദാചാരമില്ലാത്തവരായും അവരവരുടെ കുറ്റം കൊണ്ട് ഈ നിലയിലെത്തിയവരായും ചിത്രീകരിക്കുന്ന പല അനുഭവങ്ങളുണ്ട്. ഇതുപോലൊരു സ്ഥാപനത്തിൽ ഈ കുട്ടികളെ ഒരു ജീവനക്കാരി അടിക്കാൻ വരെ തയ്യാറായി എന്നത് വളരെ ഗൗരവമുള്ള, സമീപനത്തിലെ കുഴപ്പം തന്നെയാണ് കാണിക്കുന്നത്.

പഠിക്കാൻ വളരെ മിടുക്കികളായ കുട്ടികൾ ഇക്കൂട്ടത്തിലുണ്ട്. വർഷങ്ങളോളം ചൂഷണത്തിന് വിധേയരാവുന്നു എന്നതാണ് ഈ കുട്ടികളുടെ കാര്യത്തിൽ സംഭവിക്കുന്ന വലിയ ദുരന്തം. എന്നാൽ നമ്മുടെ കോടതികൾ പോലും ലൈംഗിക ചൂഷണത്തെ അളക്കാൻ ഉപയോഗിക്കുന്ന ഏറ്റവും വലിയ അളവുകോൽ പെൺകുട്ടി ഗർഭിണിയായോ എന്നതാണ്. എന്നാൽ ഒരു പെൺകുട്ടിക്ക് നഷ്ടമാവുന്നത് സന്തോഷകരമായ ബാല്യവും വിദ്യാഭ്യാസവും ജീവിതവും എല്ലാമാണ് എന്ന ഗൗരവത്തിൽ കാര്യങ്ങൾ പലപ്പോഴും മനസ്സിലാക്കപ്പെടാറില്ല. ഓരോ കുട്ടിയും ഏതുതരം സാഹചര്യങ്ങളിലൂടെയാണ് കടന്നുവന്നത് എന്നതിനെ ആശ്രയിച്ച് അവരുടെ കൗൺസലിംഗ് രീതിയും അവരെ സമൂഹത്തിലേക്ക് പുനരധിവസിപ്പിക്കാൻ വേണ്ട നടപടികളും പ്രത്യേകമായി തയ്യാറാക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള ഇന്റിവിജ്വൽ പ്ലാനുകൾ തയ്യാറാക്കാനാണ് ഇപ്പോൾ ഞങ്ങൾ വിചാരിക്കുന്നത്. ഇപ്പോൾ ഈ കുട്ടികളെ ജീവിക്കാൻ സജ്ജരാക്കുക എന്ന പേരിൽ തയ്യൽ, സോപ്പ് നിർമ്മാണം പോലുള്ള കാര്യങ്ങളിൽ പരിശീലനം നൽകുന്ന ഒരു തരം വളരെ സങ്കുചിതമായ ചിന്തയാണ് നിലനിൽക്കുന്നത്. എല്ലാവർക്കും തയ്യൽ പഠിക്കാൻ താൽപര്യം ഉണ്ടാകണമെന്നില്ലല്ലോ. അതുപോലെ കേസുകൾ ഇങ്ങനെ നീണ്ടുപോകുന്തോറും ഒരു നല്ല ജീവിതത്തിനുള്ള തയ്യാറെടുപ്പിനുള്ള സമയം ഇവർക്ക് നഷ്ടമായിക്കൊണ്ടിരിക്കുകയാണ്. നിർഭയ പദ്ധതിക്കുകീഴിലുള്ള അതിവേഗ കോടതികൾ യാഥാർത്ഥ്യമായാൽ കുറെയൊക്കെ ആശ്വാസമായേനെ. തിരുവനന്തപുരത്തും കോഴിക്കോട്ടുമാണ് ഇവ വിഭാവനം ചെയ്തിട്ടുള്ളത്.

കൂട്ടമായി താമസിപ്പിച്ചിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഒരു വ്യക്തിക്ക് ആവശ്യമായ ഏറ്റവും പരിമിതമായ സ്വകാര്യത പോലും ഇവർക്കില്ല. അത്തരം ചിന്തകളെക്കൂടി ഉൾക്കൊള്ളുന്ന ഒരു സമീപനം നമുക്കില്ല. ഉദാഹരണത്തിന് ഇവിടെ ഒരു പെൺകുട്ടിയുണ്ട്. ചെറുപ്രായത്തിൽ അവളുടെ കൺമുന്നിൽ വെച്ച് അച്ഛൻ അമ്മയെ കൊന്നതാണ്. പിന്നീട് അച്ഛന്റെ അനുജൻമാർ അവളെ വർഷങ്ങളോളം ലൈംഗികചൂഷണത്തിനിരയാക്കി. അത്തരമൊരു പെൺകുട്ടിക്ക് ലഭിക്കേണ്ട പിന്തുണ ഏതൊക്കെ തരത്തിലുള്ളതാണ് എന്ന ഒരു കാഴ്ചപ്പാട് ഇല്ലാത്തതുകൊണ്ട് , അവളെ കാര്യമായി സഹായിക്കാനും ഇതുപോലൊരു സംവിധാനത്തിലൂടെ കഴിയാതെ വരും. നാലു പെൺകുട്ടികൾ ഇവിടെ നിന്ന് ചാടിപ്പോകുന്ന സാഹചര്യം വരെ ഉണ്ടായി. മൂന്നുപേരെ തിരികെ കൊണ്ടുവന്നു. ഒരാളെ കണ്ടെത്താനായില്ല. ഇവിടെയും അവർക്ക് സമാധാനമായി ജീവിക്കാൻ പറ്റാത്തതുകൊണ്ടാണ് അവരൊക്കെ പുറത്തുപോകാൻ ശ്രമിച്ചത്. പോലീസ് തെളിവെടുപ്പിന്റെ ഭാഗമായി നടത്തുന്ന ഒരു വിചാരണ, കോടതിയുടെ വിചാരണ വീണ്ടും, അതിനുപുറമെ നമ്മളെപ്പോലുള്ളവരും ഇവരെ വിചാരണ ചെയ്യാൻ തുടങ്ങുമ്പോൾ അവർ മനോരോഗികളായില്ലെങ്കിലേ അത്ഭുതമുള്ളൂ.

ഉഷയുടെ വാക്കുകളോട് കൂട്ടിച്ചേർക്കാവുന്നത് ഇതുമാത്രം. ലൈംഗിക ചൂഷണത്തിനിരയാകുന്നവരുടെ തുടർന്നുള്ള ജീവിതം തീർച്ചയായും സമൂഹത്തിന്റെ ഉത്തരവാദിത്വമാണ്. കാരണം സ്വയം അപമാനിതരാവാൻ തയ്യാറായിക്കൊണ്ട് ഈ സാമൂഹ്യപ്രശ്നത്തെ നമുക്കുവേണ്ടി ഉയർത്തിക്കൊണ്ടുവന്നവരാണ് അവർ. വെറും പദ്ധതികളല്ല, അവരുടെ എല്ലാ അർത്ഥത്തിലുമുള്ള പുനരധിവാസത്തിന് ഉതകുന്ന ഒരു കർമ്മപരിപാടിയാണ് നമുക്കാവശ്യം. ദില്ലിയിലെ കൂട്ടബലാൽസംഗം ഉയർത്തിയ ചോദ്യങ്ങളെ മുൻനിർത്തി കേന്ദ്ര സർക്കാർ നടപ്പാക്കുന്ന, നിർഭയ എന്ന പേരിൽത്തന്നെയുള്ള, മറ്റൊരു വലിയ പദ്ധതി വരാൻ പോകുന്നു. ഫണ്ട് വരുമ്പോൾ ഉദ്യോഗസ്ഥതലത്തിൽ സ്വതവേ ഉണ്ടാകുന്ന ഒരുണർവ്വ് ഈ വിഷയത്തിൽ സാമൂഹ്യക്ഷേമവകുപ്പിലും ഇപ്പോൾ കാണാം. പക്ഷെ ആത്യന്തികമായി ഇരകളുടെ ജീവിതത്തിൽ എന്ത് ഗുണപരമായ മാറ്റമുണ്ടാകുന്നു എന്നതിനെ അടിസ്ഥാനപ്പെടുത്തി ഇത്തരം പദ്ധതികളുടെ ഒരു സാമൂഹ്യ ഓഡിറ്റിംഗ് കൂടി നടക്കേണ്ടതുണ്ട്. ●




**നിയമം**

# ക്രിമിനൽ നടപടിക്രമങ്ങളിലെ പുതിയ ഭേദഗതികൾ ആശാവഹമോ?



അഡ്വ.ജെ.സന്ധ്യ

**സ്ത്രീകൾക്കും** കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾക്കെതിരെ സമൂഹത്തിൽ ഇത്രയേറെ പ്രതികരണങ്ങൾ ഉണ്ടാക്കിയ കാലഘട്ടം ഇന്ത്യൻ ചരിത്രത്തിൽ ഇതിന് മുമ്പായിട്ടുണ്ടാവില്ല. സമൂഹത്തിന്റെ ശക്തമായ പ്രതികരണങ്ങളും പൊതുസമൂഹം ഒറ്റക്കെട്ടായി ഉയർത്തിയ നിയമഭേദഗതികൾക്കായുള്ള മുറവിളിയും ഫലം കണ്ടു. അതിക്രമങ്ങളെ സംബന്ധിക്കുന്ന നിയമങ്ങളിൽ സമൂലമായ മാറ്റം വരുത്തിക്കൊണ്ട് ഇന്ത്യൻ ശിക്ഷാ നിയമവും, ഇന്ത്യൻ തെളിവ് നിയമവും, ക്രിമിനൽ നടപടിക്രമവും, ലൈംഗികാതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമവും ഭേദഗതി ചെയ്ത് കൊണ്ട് കേന്ദ്ര സർക്കാർ 2013, ഏപ്രിൽ 2-ാം തീയതി ഗസറ്റ് വിജ്ഞാപനം നടത്തി.

നിയമത്തിൽ വരുത്തിയ ഭേദഗതികൾ കൊണ്ട് മാത്രം നിലവിലുള്ള അവസ്ഥക്ക് എന്തെങ്കിലും മെച്ചമുണ്ടാകുമോ എന്നതാണ് അടുത്ത കാര്യം. അത് മനസ്സിലാക്കണമെങ്കിൽ ഇതുവരെ നീതി - ന്യായ വ്യവസ്ഥയിൽ നിന്നും അതിക്രമങ്ങൾക്ക് ഇരയായ സ്ത്രീകൾക്കും കുട്ടികൾക്കും ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ എന്താണെന്ന് വ്യക്തമായി മനസ്സിലാക്കേണ്ടിയിരിക്കുന്നു. നിയമങ്ങളുടെ അപര്യാപ്തത കൊണ്ട് മാത്രമാണോ ഇത്രയും കാലം പ്രതികൾ ശിക്ഷിക്കപ്പെടാതെപോയത്? ഈ അപര്യാപ്തത കൊണ്ട് മാത്രമാണോ ലൈംഗികഅതിക്രമങ്ങൾ സ്ത്രീകളും കുട്ടികളും നേരിട്ടുകൊണ്ടേയിരിക്കുന്നത്? അതിനായി നീതി - ന്യായ വ്യവസ്ഥയെ ഒരു സ്ത്രീപക്ഷ വിശകലനത്തിന് വിധേയമാക്കേണ്ടിയിരിക്കുന്നു. പ്രധാനമായും മൂന്ന് തലത്തിലുള്ള പ്രശ്നങ്ങളാണ് കുറ്റവാളികൾ ശിക്ഷിക്കപ്പെടാതിരിക്കാനുള്ള കാരണമായി കാണാൻ കഴിയുക.

**1. ഇരകൾ തന്നെ കൂറുമാറുക.**

ഏതൊരു ലൈംഗികഅതിക്രമ കേസിലും അതിക്രമത്തിന് വിധേയരായവരുടെ മൊഴി വളരെ പ്രധാനപ്പെട്ടതാണ്. എന്നാലിന്ന് കോടതികളിൽ വിചാരണക്ക് വരുന്ന ഇത്തരം കേസുകളിൽ 80 ശതമാനത്തിലും ഇരകൾ കൂറുമാറുന്നതായി കാണാം. ബെസ്റ്റ് ബേക്കറി കേസ്, ഐസ്ക്രീം പാർലർ കേസ് എന്നിവയിലെല്ലാം പരാതിക്കാർ തന്നെ കൂറുമാറുന്നതും അക്കാരണങ്ങൾ കൊണ്ട് തന്നെ പ്രതികൾ രക്ഷപ്പെടുന്നതും നമ്മൾ കണ്ടു. വാർത്താപ്രാധാന്യം നേടിയ ഇത്തരം കേസുകളിലെ മാറിമറിയലുകൾ തന്നെയാണ് ഒട്ടുമിക്ക വിചാരണകളിലും നടക്കുന്നത്. എന്തുകൊണ്ട് ഇരകൾ കൂറുമാറുന്നു എന്ന് കൂടി മനസ്സിലാക്കുന്നത് ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുകയോ അഭിമുഖീകരിക്കുകയോ ചെയ്യാൻ ഇരകളെ സഹായിക്കാൻ ഉതകിയേക്കും. പല കാരണങ്ങളിൽ ചില സുപ്രധാനമായവ വിവരിക്കുന്നു.

**ഭീഷണി / പണമിടപാടുകൾ മറ്റ് സമ്മർദ്ദങ്ങൾ**

ഇരകളെ ഭീഷണിപ്പെടുത്തുക



അല്ലെങ്കിൽ, ഭാവിയിൽ കേസുമായി മുമ്പോട്ടുപോയാൽ ഉണ്ടായേക്കാവുന്ന പ്രത്യാഘാതങ്ങൾ തെര്യപ്പെടുത്തി കൂറുമാറ്റുക ആണ് ഏറ്റവും അധികം കണ്ട് വരുന്നത്. ഇത്തരം ഭീഷണികളും മറ്റും ഉണ്ടാക്കുന്നതിന് പ്രതികൾ 'ഉന്നതർ' തന്നെ ആകണമെന്ന് നിർബന്ധമില്ല. ഏത് സാമൂഹിക – സാമ്പത്തിക പശ്ചാത്തലത്തിൽ നിന്ന് വരുന്ന ക്രിമിനലിനും ഇവിടെ ഏത് തരത്തിലും ഇരയെ 'വിരട്ടാനുള്ള' എല്ലാ സ്ഥിതിവിശേഷവും ഉണ്ട്. (ലൈംഗിക അതിക്രമകേസുകളിൽ അതിക്രമത്തിനിരയായവരെ 'ബാധിക്കപ്പെട്ട സാക്ഷി' (injured victims) എന്നാണ് കണക്കാക്കുന്നത്. നമുക്ക്, ഇന്ത്യയിൽ ഒരു 'വിറ്റ്നസ്സ് പ്രൊട്ടക്ഷൻ നിയമം' അല്ലെങ്കിൽ 'സാക്ഷികളെ' സംരക്ഷിക്കാനുള്ള നിയമം ഇന്നേവരെ നിലവിൽ വന്നിട്ടില്ല എന്നത് ഒരു പ്രധാന പ്രശ്നമാണ്. ലൈംഗിക അതിക്രമകേസുകളിൽ മാത്രമല്ല മറ്റ് ക്രിമിനൽ കേസുകൾക്കും വിലങ്ങുതടിയാകുന്ന ഒരു പ്രധാന പ്രശ്നമാണിത്. ടിപി വധക്കേസ്സിലും മറ്റും സാക്ഷികൾ കൂട്ടത്തോടെ കൂറുമാറുന്നത് നോക്കി നിൽക്കാനെ സംവിധാനങ്ങൾക്ക് കഴിഞ്ഞിട്ടുള്ളൂ. പെണ്ണിന്റെ മൊഴി മതി ശിക്ഷിക്കപ്പെടാൻ എന്ന 'തോന്നൽ' സജീവമായി പൊതു തലങ്ങളിൽ ഉള്ളതുകൊണ്ട് തന്നെ വിചാരണതീയതിയുടെ അറിവ് കിട്ടുമ്പോൾ മുതൽ പലതരം ഭീഷണിയും, സമ്മർദ്ദവും തുടങ്ങുകയായി. ചില കേസുകളിലെങ്കിലും പ്രതിയും, ഇരയും അതിക്രമത്തിന് ശേഷം പിന്നീട് കണ്ടുമുട്ടുന്നത് വിചാരണ തീയതിയുടെ അന്ന് കോടതി വരാന്തയിൽ വെച്ചാകും. പിന്നീട് ഉണ്ടാകുക കടുത്ത സമ്മർദ്ദത്തിന്റെ ഏതാനും മണിക്കൂറുകൾ. സാക്ഷി അന്നേ ദിവസം ഉണ്ടെന്ന് ഉറപ്പ് വരുത്തിയ ശേഷം കേസ് വിചാരണക്കായി പരിഗണിക്കുക. മിക്കവാറും കേസുകളിൽ ഉച്ചക്ക് ശേഷമായിരിക്കും. ഈ സമയം ഏത് ലൈംഗികഅതിക്രമകേസിനെ സംബന്ധിച്ചും വളരെ നിർണ്ണായകമാണ്. പലപ്പോഴും ഈ സമ്മർദ്ദം പിടിച്ച് നിൽക്കാൻ ഇരകൾക്കും കുടുംബത്തിനും കഴിയാറില്ല. പണത്തിന്റെ ഓഫർ, ഭീഷണിയുടെ സ്വരം എന്നിവക്ക് വഴങ്ങാത്തവരെ 'എന്റെ വക്കീൽ നിന്നെ ചോദ്യങ്ങൾ ചോദിച്ച് നാണം കെടുത്തും' എന്ന തരത്തിൽ സമ്മർദ്ദം ചെലുത്തി ഇരയെ കേസിൽ നിന്നും പിന്തിരിയാൻ പ്രേരിപ്പിക്കുന്നത് കണ്ടിട്ടുണ്ട്.

> **പണത്തിന്റെ ഓഫർ, ഭീഷണിയുടെ സ്വരം എന്നിവയ്ക്ക് വഴങ്ങാത്തവരെ 'എന്റെ വക്കീൽ നിന്നെ ചോദ്യങ്ങൾ ചോദിച്ച് നാണം കെടുത്തും' എന്ന തരത്തിൽ സമ്മർദ്ദം ചെലുത്തി ഇരയെ കേസിൽ നിന്നും പിന്തിരിയാൻ പ്രേരിപ്പിക്കുന്നത് കണ്ടിട്ടുണ്ട്.**

ലൈംഗിക അതിക്രമകേസുകളിൽ പൊതുപ്രവർത്തകരുടെ/സാമൂഹിക പ്രവർത്തകരുടെ ഇടപെടൽ/പിന്തുണ ഏറ്റവും കൂടുതൽ ഒരു ഇരക്ക് വേണ്ടി വരുക കേസിന്റെ വിചാരണ വേളയിലാണ്. എന്നാൽ അത്തരം ഒരു പിന്തുണാ സംവിധാനം ഔദ്യോഗികമായോ അനൗദ്യോഗികമായോ ഇപ്പോൾ നിലവിലില്ല. ഇതൊരു വലിയ പാളിച്ചയാണ്. ഇത്തരം ഭീഷണികളും/ഇടപെടലുകളും മറ്റും പ്രതിയുടെ ഭാഗത്ത് നിന്ന് ഉണ്ടായില്ലെങ്കിലും ചിലകേസുകളിലെങ്കിലും പരാതിക്കാർ കോടതികളിൽ പരാതിയിൽ നിന്ന് സ്വയം പിൻവാങ്ങും. സംഭവിച്ചതെല്ലാം സംഭവിച്ചു. ഇനിയും കേസ് പറഞ്ഞിട്ടെന്തുകാര്യം, പത്രങ്ങളെല്ലാം ഇനിയും ഇതിനെ കുറിച്ചെഴുതി പ്രശ്നം വീണ്ടും ചർച്ചാവിഷയമാക്കണ്ട. മകളുടെ ഭാവി, കല്ല്യാണം തുടങ്ങിയ ചിന്താഗതികൾ പരാതിക്കാരിയേയും, കുടുംബത്തേയും പുറകോട്ടടിപ്പിക്കും. മൂന്ന് വയസ്സുകാരിക്ക് മുപ്പത് വയസ്സിൽ നഷ്ടപ്പെട്ടേക്കാവുന്ന കല്ല്യാണ ആലോചനകളെകുറിച്ച് ആശങ്കപ്പെട്ട് അച്ഛനമ്മമാർ പിന്തിരിയും. ഇത്തരം ചിന്താഗതികളിൽ മാറ്റമുണ്ടായേ തീരു. ലൈംഗിക അതിക്രമ കേസുകൾ ഒരു കാരണവശാലും 'ഒത്ത് തീർക്കപ്പെടേണ്ട' ഒന്നല്ല. അതൊരു കടന്നുകയറ്റമാണ്, കുറ്റകൃത്യമാണ്. അതിക്രമം നടത്തുന്ന ആൾ ശിക്ഷിക്കപ്പെടുന്നതിന് ഇരകളുടെ സഹകരണം പ്രോസിക്യൂഷന് ഉണ്ടായെ തീരൂ. ഏതൊരു കുറ്റകൃത്യവും സമൂഹത്തിൽ കുറയണമെങ്കിൽ കുറ്റകൃത്യം രജിസ്റ്റർ ചെയ്യപ്പെടണം, കുറ്റവാളികൾ ശിക്ഷിക്കപ്പെടണം എന്ന തിരിച്ചറിവ് ഓരോരുത്തർക്കും ഉണ്ടാകേണ്ടതുണ്ട്, ആ ആശയം കൂടുതലായി പ്രചരിപ്പിക്കേണ്ടതുണ്ട്.

**2. ദുർബലമായ കുറ്റപത്രം**

ഏതൊരു കുറ്റവിചാരണയുടേയും അടിത്തറ പ്രതികൾക്കെതിരെ അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിക്കുന്ന കുറ്റപത്രമാണ്. എന്നാൽ ഒട്ടു മിക്ക കുറ്റപത്രങ്ങളിലും അന്വേഷണ ഉദ്യോഗസ്ഥൻ അറിഞ്ഞോ അറിയാതെയോ പ്രതികൾക്കെതിരെയുള്ള കുറ്റാരോപണം ദുർബലമാക്കുന്ന തരത്തിലുള്ള മൊഴികൾ/റിക്കാർഡുകൾ ഹാജരാക്കുന്നതായി കാണാം. ഏതൊരു ബലാത്സംഗ കേസിലും (Rape) ബലാത്സംഗത്തിന് വിധേയയായ സ്ത്രീയുടെ പ്രായം 16 വയസ്സിന് മുകളിലാണോ, താഴെയാണോ എന്നുള്ള കാര്യം വളരെ പ്രാധാന്യമർഹിക്കുന്നു. 16 വയസ്സിന് താഴെയാണ് എന്ന് കാണിക്കുന്നതിന് സ്കൂൾ അഡ്മിഷൻ രജിസ്റ്റർ, ജനന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കുന്നതിന് പകരം സ്കൂൾ ഹെഡ്മിസ്ട്രസ്സിന്റെ മൊഴി മാത്രം എടുക്കുകയും, അവരെ സാക്ഷിയാക്കുക കൂടി ചെയ്യാത്ത അവസ്ഥ, പ്രതികളെ വ്യക്തമായി തിരിച്ചറിഞ്ഞു എന്ന് കാണിക്കുന്നതിലേക്ക് ടെസ്റ്റ് ഐഡന്റിഫിക്കേഷൻ പരേഡ് നടത്താതിരിക്കുക എന്നിവയൊക്കെ അന്വേഷണത്തിലെ വെള്ളം ചേർക്കലുകളുടെ ചില ഉദാഹരണങ്ങൾ മാത്രം.

ഒരു മൈനറിനെ തട്ടിക്കൊണ്ടുപോയി ബലാത്സംഗം ചെയ്തു എന്ന കേസിൽ കുറ്റപത്രത്തിൽ വിവരിക്കുന്നത് ഇങ്ങനെ. മൈനറിനെ സ്കൂട്ടറിൽ തട്ടിക്കൊണ്ട് പോയി, പോകുന്ന വഴിയിൽ ഒരു റെയിൽ

വേ ക്രോസ്സ് ഉണ്ടായിരുന്നു. ക്രോസ്സിന്റവിടെ സ്കൂട്ടർ 15 മിനിട്ട് നിർത്തിയിട്ടിരുന്നു. കൃത്യസ്ഥല മഹസ്സറിന്റെ വിവരണത്തിൽ കൃത്യം നടന്ന സ്ഥലത്ത് നിന്ന് 100 വാരം അകലെയായി ഒരു  ഒരു റെയിൽവേ ക്രോസ്സുണ്ടെന്നും മറ്റും എഴുതി മൈനറിന് തട്ടിക്കൊണ്ട് പോകലിൽ നിന്നും രക്ഷപ്പെടാൻ അവസരങ്ങൾ ധാരാളമുണ്ടായിരുന്നെന്നും ഇത് തട്ടിക്കൊണ്ട് പോകലല്ല, കുട്ടി സ്വന്തം ഇഷ്ടപ്രകാരം പോയതായിരുന്നു എന്നും  ആർക്കും എളുപ്പത്തിൽ നിഗമനത്തിലെത്താവുന്ന തരത്തിലുള്ള കുറ്റപത്രം പ്രതിക്ക് രക്ഷപ്പെടുവാനുള്ള എല്ലാ പഴുതുകളും നൽകുന്നു.

തന്നെ പ്രതി കൈക്ക് കടന്ന് പിടിച്ച് മാനഹാനി വരുത്താൻ ശ്രമിച്ചു എന്നും ഇതിന് മുമ്പും ഇങ്ങനെ നടന്നിട്ടുണ്ടെന്നും മാനഹാനി പേടിച്ച് താനാരോടും പറഞ്ഞില്ല എന്നും  പട്ടികജാതി വിഭാഗത്തിൽ പെട്ട ഒരു ഇരയുടെ പരാതി പ്രകാരം ഈയടുത്ത കാലത്ത് സമർപ്പിച്ച കുറ്റപത്രത്തിൽ പലയിടത്തായി, ഇവരുടെ മക്കളും പ്രതിയുടെ മക്കളും തമ്മിൽ ഇതിന് മുമ്പ് പല വഴക്കുകളും നടന്നിട്ടുണ്ടെന്നും, കൈക്ക് കടന്ന് പിടിച്ചത് ആ വഴക്കുകളുടെ ഭാഗമാകാമെന്നും വിവരിച്ചത് കണ്ടു. അതിക്രമം നടത്തിയതിന് പിന്നിൽ ലൈംഗികതാത്പര്യം (Sexual Intention) ഉണ്ടായിരുന്നു എന്ന് കാണിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന സാമാന്യവിവരം ഏത് പോലീസ്കാരനായിരിക്കും ഉണ്ടാകാതിരിക്കുക! ഇതുപോലെ പ്രതിയെ രക്ഷപ്പെടാൻ സഹായിക്കുന്ന എല്ലാ അവസരങ്ങളും നൽകിക്കൊണ്ടാകും ലൈംഗിക കുറ്റകൃത്യങ്ങളിന്മേലുള്ള കുറ്റപത്രങ്ങളിൽ പകുതിയിലേറെയും സമർപ്പിക്കുക.

പ്രതിക്കെതിരെയുള്ള ആരോപണങ്ങൾ ശക്തമായി ഉന്നയിക്കുന്ന കുറ്റപത്രങ്ങളല്ലെങ്കിൽ  കോടതി സംവിധാനവും നിയമവും എല്ലാം എത്ര തന്നെ മെച്ചപ്പെടുത്തിയിട്ടും ഒരു കാര്യവുമില്ല എന്നതാണ് ഒരു നഗ്നസത്യം. താൻ പറഞ്ഞ കാര്യങ്ങളേയല്ല പോലീസ് എഴുതിയിട്ടുള്ളത് എന്ന പരാതിക്കാരുടെ വിലാ

> നമ്മുടെ നാട്ടിൽ എങ്ങനെ ഒരു 'നല്ല' സ്ത്രീ പെരുമാറണം എന്നതിനെ സംബന്ധിച്ച് വ്യക്തമായ ധാരണകൾ രൂഢമൂലമായി നിലനിൽക്കുന്നു. ആൺപെൺഭേദമില്ലാതെ ഈ ധാരണകൾ വെച്ച് പുലർത്തുന്നവരാണ് നീതിന്യായവ്യവസ്ഥയുടെ ഭാഗഭാക്കായ ഒട്ടുമിക്കവരും.

പം പലപ്പോഴും കേൾക്കേണ്ടിവന്നിട്ടുണ്ട്. എന്നാൽ താനങ്ങനെയല്ല പോലീസിനോട് പറഞ്ഞിരുന്നത് എന്നും, ഇതാണ് എന്റെ ഭാഗമെന്നും പരാതിക്കാരിക്ക് പറയാനുള്ള ഒരു അവസരം നമ്മുടെ സംവിധാനത്തിൽ സാധാരണഗതിയിൽ ഇല്ല.അങ്ങനെ പറഞ്ഞാൽ സാക്ഷി പ്രോസിക്യൂഷന് കൂറുമാറി എന്ന് കരുതപ്പെടും. അത് കൊണ്ട് തന്നെ പ്രതികൾ രക്ഷപ്പെടുകയും ചെയ്യും. ഒരു പരാതി സമർപ്പിച്ച് കഴിഞ്ഞാൽ തന്റെ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു, എങ്ങനെ അന്വേഷണം നടത്തി, പ്രതിയെ അറസ്റ്റ് ചെയ്തോ, വേണ്ട രീതിയിൽ അന്വേഷണം നടക്കുന്നുണ്ടോ എന്ന് പരാതിക്കാരിക്ക് അറിയാനുള്ള യാതൊരു സംവിധാനവും ഇന്ന് നിലവിലില്ല. പരാതിക്കാരിയിൽ നിന്നും അത്യാവശ്യ കാരണങ്ങൾ മനസ്സിലാക്കിയതിന് ശേഷം  പരാതിക്കാരിയെ തീർത്തും അന്വേഷണത്തിന്റെ പ്രക്രിയകളിൽ നിന്നും വിട്ടുകളയുന്നു. കുറ്റപത്രങ്ങൾ കോടതിയിൽ സമർപ്പിക്കുന്നതിന് മുമ്പ് മേലുദ്യോഗസ്ഥർ അർഹമായ പ്രാധാന്യത്തോടെ, സ്ത്രീപക്ഷ കാഴ്ചപ്പാടോടുകൂടി  അവ പരിശോധിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. എന്നാൽ കുറ്റപത്രങ്ങൾ ഇത്തരം രീതിയിൽ വിശകലനം (review) ചെയ്യുന്ന യാതൊരു സംവിധാനവും നമുക്കില്ല.

നാല് ഐ.പി.എസ്സ് കാരടങ്ങുന്ന ഒരു ടീം കേരളത്തിലെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമകേസുകളിലെ നടപടിക്രമങ്ങൾക്ക് മേൽനോട്ടം വഹിക്കും എന്ന് ഡൽഹി സംഭവത്തിന് ശേഷം ആഭ്യന്തരമന്ത്രി നടത്തിയ പ്രസ്താവനയിൽ പ്രത്യാശ തോന്നിയിരുന്നത് കുറ്റപത്രങ്ങളിൽ ചിലതിലൂടെയെങ്കിലും ഈ ടീം വെറുതെ ഓടിച്ച് നോട്ടമെങ്കിലും നടത്തുമല്ലോ എന്ന തോന്നൽ കാരണമായിരുന്നു. എന്നാൽ ആ പ്രസ്താവന വെറുമൊരു അധരവ്യായാമം മാത്രമായിപ്പോയി എന്നുള്ളത് മറ്റൊരു സങ്കടകരമായ കാര്യമാണ്.

**3. പോലീസ്, അഭിഭാഷകർ, ജുഡീഷ്യൽ ഓഫീസർമാർ എന്നിവരുടെ സ്ത്രീവിരുദ്ധ ചിന്താഗതികൾ**

നമ്മുടെ നാട്ടിൽ എങ്ങനെ ഒരു 'നല്ല' സ്ത്രീ പെരുമാറണം എന്നതിനെ സംബന്ധിച്ച് വ്യക്തമായ ധാരണകൾ രൂഢമൂലമായി നിലനിൽക്കുന്നു. ആൺപെൺഭേദമില്ലാതെ ഈ ധാരണകൾ വെച്ച് പുലർത്തുന്നവരാണ്  നീതിന്യായവ്യവസ്ഥയുടെ ഭാഗഭാക്കായ ഒട്ടുമിക്കവരും.

ലൈംഗിക അതിക്രമത്തെ സംബന്ധിച്ച് ഒരു സ്ത്രീ മൊഴി നൽകുമ്പോൾ അത് കേൾക്കുന്ന പോലീസുദ്യോഗസ്ഥന്റെ മനസ്സിൽ ചില അളവുകോലുകൾ പൊന്തിവരുന്നു. 'എന്തിനിവൾ തനിയെ രാത്രിയിൽ അവിടെ പോയി', 'രാത്രിയിൽ അവന്റെ കൂടെ എന്തിന് കറങ്ങാൻ പോയി', 'ഈ ഡ്രസ്സൊക്കെ ഇട്ടായിരിക്കുമല്ലോ അവൾ നടന്നിട്ടുണ്ടാകുക', തുടങ്ങിയ ഒട്ടേറെ ചോദ്യങ്ങൾ പൊന്തിവരും, ഇത്തരം 'ന്യായമായ' ചോദ്യങ്ങൾക്കുള്ള മറുപടിയിൽ സംതൃപ്തനാകാത്ത പക്ഷം പ്രതിക്ക് വേണ്ടി യാതൊരു ബാഹ്യ ഇടപെടലും ഇല്ലെങ്കിൽ തന്നെയും  കുറ്റപത്രത്തിൽ വെളളം ചേർക്കപ്പെടും. ഈ തരത്തിലുള്ള 'ടെസ്റ്റിലൂടെ' പാസ്സായാൽ മാത്രമെ ഇരകൾക്ക് വേണ്ടി ഇരയുടെ തന്നെ വക്കീലായ പബ്ലിക് പ്രോസിക്യൂട്ടറും കേസ് തീർപ്പാക്കേണ്ട ജുഡീഷ്യൽ ഓഫീസറും പ്രതികളെ ശിക്ഷിക്കാനായി താ

ന്താങ്ങൾ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുക. ലൈംഗികഅതിക്രമത്തിന് ഇരയായ വ്യക്തിക്ക് വേണ്ടി കോടതിയിൽ ഹാജരായി പ്രതികൾക്കെതിരെയുള്ള ആരോപണം ശക്തമായി ഉന്നയിക്കേണ്ടത് പബ്ലിക് പ്രോസിക്യൂട്ടറായിരിക്കണം. മേൽ പ്രസ്താവിച്ച തരത്തിലും 'ടെസ്റ്റ്' പാസ്സാവാത്ത സ്ത്രീകൾ ഉന്നയിക്കുന്ന കേസുകളെല്ലാം തന്നെ പിന്നെയവർക്ക് 'ചീള് കേസുകൾ' ആണ്. കേരളത്തിൽ പബ്ലിക് പ്രോസിക്യൂട്ടർമാരായി വിരലിലെണ്ണാവുന്ന സ്ത്രീകളെ ഉള്ളു, അതുപോലെ തന്നെയാണ് ജുഡീഷ്യൽ ഓഫീസർമാരായുള്ള സ്ത്രീകളുടെ എണ്ണത്തിലെ കുറവും. പുരുഷൻമാരുടെ ഒരു സാന്നിദ്ധ്യം മാത്രമാണ് പലപ്പോഴും കോടതിയിലെ അടച്ചിട്ട വിചാരണ മുറികളിൽ ഉണ്ടാവുക. ഇത് ഇരകളെ സംബന്ധിച്ച് മറ്റൊരു സങ്കടക്കടലാണ്. എതിർവിസ്താരം നടത്തുന്ന അഭിഭാഷകർ പലപ്പോഴും ലൈംഗികതയെ സംബന്ധിക്കുന്ന എല്ലാ സംശയങ്ങളും തീർക്കുന്നത് കൂട്ടിൽ നിൽക്കുന്ന ഇരയോട് ചോദിച്ചായിരിക്കും. സ്വന്തം ലൈംഗികഅവയവങ്ങളെകുറിച്ച് മലയാളത്തിൽ ഉറക്കെ പറയുന്നതോടൊപ്പം പുരുഷന്റെ ലൈംഗികഅവയവത്തെക്കുറിച്ചും, ലൈംഗികബന്ധം എങ്ങനെ നടത്തി എന്ന് വ്യക്തമായി ഉറക്കെ പറയേണ്ടിവരുമ്പോൾ സ്ത്രീകൾ അനുഭവിക്കുന്ന വൈക്ലബ്യവും, വിഷമവും ഊഹിക്കാവുന്നതേ ഉള്ളൂ. ഇത്തരം പദങ്ങളെല്ലാം ഉപയോഗിക്കുന്നത് വളരെ മോശമാണെന്ന തരത്തിൽ പരുവപ്പെടുത്തുകയും ഒരു സുപ്രഭാതത്തിൽ കുറഞ്ഞത് പത്ത് പുരുഷൻമാരുടെ മുമ്പിൽ വെച്ച് ഇതെല്ലാം പറയേണ്ടിവരുന്നതിന്റെ വിഷമവും വിവരണാതീതമാണ്. എത്ര ധൈര്യമുള്ള സ്ത്രീയാണെങ്കിലും കരയാതെ കൂട്ടിൽ നിന്ന് ഇറങ്ങിപോകുന്നത് കാണുന്നത് വിരളം. പ്രോസിക്യൂഷനെ സഹായിക്കാൻ സ്ത്രീപക്ഷ കാഴ്ചപ്പാടും പരാതിക്കാരിക്ക് വിശ്വാസവും ഉള്ള ഒരു അഭിഭാഷകയെ ക്രിമിനൽ നടപടി ക്രമത്തിലെ 301-ാം വകുപ്പ് പ്രകാരം കോടതിയുടെ അനുവാദത്തോടു കൂടി സ്വയം ഏർപ്പെടുത്തുന്നത് പരാതിക്കാരിക്ക് ആത്മവിശ്വാസം നൽകുന്നതോടൊപ്പം തന്നെ വിചാരണ ശരിയായ ദിശയിൽ കൊണ്ടുപോകാൻ ഏവരെയും പ്രേരിപ്പിച്ചേക്കാം.

**മനസ്സിൽ ഉദിച്ചുവരുന്ന അവരവരുടെ കാഴ്ചപ്പാടിലൂന്നിയ ചില ചോദ്യങ്ങൾക്ക് 'തൃപ്തികരമായി' മറുപടി ലഭിച്ചാൽ മാത്രമേ എന്തെങ്കിലും പ്രതീക്ഷയ്ക്ക് വകയുള്ളൂ. അല്ലെങ്കിൽ പ്രതിയെ 'വെറുതെ' വിടുന്നതിനുള്ള എല്ലാ ന്യായങ്ങളും/വാദമുഖങ്ങളും കോടതി അംഗീകരിക്കുകയും സ്ത്രീക്ക് നീതി നിഷേധിക്കുകയും ചെയ്യുന്നു.**

തന്റെ മുന്നിലിരിക്കുന്ന പരാതിക്കാരിയെ തന്റേതായ മാനദണ്ഡങ്ങൾ വെച്ച് പോലീസ് ഉദ്യോഗസ്ഥൻ ടെസ്റ്റ് ചെയ്യുന്ന സഹചര്യം തന്നെയാണ് ഒരു കോടതിയിൽ കൂട്ടിൽ കയറി ജഡ്ജിന്റെ മുമ്പിൽ നിന്ന് പരാതിക്കാരി മൊഴി നൽകുമ്പോഴും. മനസ്സിൽ ഉദിച്ചുവരുന്ന അവരവരുടെ കാഴ്ചപ്പാടിലൂന്നിയ ചില ചോദ്യങ്ങൾക്ക് 'തൃപ്തികരമായി' മറുപടി ലഭിച്ചാൽ മാത്രമേ എന്തെങ്കിലും പ്രതീക്ഷക്ക് വകയുള്ളൂ. അല്ലെങ്കിൽ പ്രതിയെ 'വെറുതെ' വിടുന്നതിനുള്ള എല്ലാ ന്യായങ്ങളും/വാദമുഖങ്ങളും കോടതി അംഗീകരിക്കുകയും സ്ത്രീക്ക് നീതി നിഷേധിക്കുകയും ചെയ്യുന്നു. നമ്മുടെ പല കോടതി വിധികളിലും തെളിവുകളുടെ അടിസ്ഥാനത്തിലുള്ള നിഗമനങ്ങൾ കുറവും 'ധാരണകളുടെ' അടിസ്ഥാനത്തിലുള്ള നിഗമനങ്ങൾ കൂടുതലായും ഉള്ളതായി കാണാം. ഇതിന് മകുടോദാഹരണമാണ് ശ്രീമതി. നളിനി നെറ്റോയുടെ പരാതി പ്രകാരം, ഇന്ത്യൻ ശിക്ഷാ നിയമം 354 -ാം വകുപ്പനുസരിച്ച് നീലലോഹിത ദാസൻ നാടാർക്കെതിരെയെടുത്ത കേസിൽ പ്രതിയെ കുറ്റവിമുക്തനാക്കി കൊണ്ടുള്ള സെഷൻസ് കോടതിയുടെ വിധി.

വിധിയിൽ കോടതി പ്രസ്താവിച്ച ചില കാര്യങ്ങൾ ഇവയായിരുന്നു. ഒന്ന്, സംഭവ ദിവസം പ്രതി ഉപദ്രവിച്ചതിലൂടെ ചുണ്ടിൽ മുറിവുണ്ടായി എന്ന് പരാതിക്കാരിയുടെ പ്രസ്താവന വിശ്വസിക്കത്തക്കതല്ല. അന്ന് ഉച്ചക്ക് ശേഷം അവർ ഓഫീസിൽ പോയിരുന്നു. ഒരു IAS ഓഫീസർ ഇത്രയും 'വിരൂപത' (disfigurement)വെച്ചുകൊണ്ട് ഉച്ചകഴിഞ്ഞ് ഓഫീസിൽ പോയി എന്നത് വിശ്വസിക്കാൻ പ്രയാസം. (സ്ത്രീകളെല്ലാം മുഖലാവണ്യത്തിന് പ്രാധാന്യം നൽകുന്നവരാണെന്ന നിഗമനം) രണ്ട്, പരാതിക്കാരി, സംഭവം IPSകാരനായ ഭർത്താവിനോട് പറഞ്ഞെന്നും അന്നേ ദിവസം രാത്രി 12 മണിവരെയും പ്രതി പരാതിക്കാരിയെ ഫോണിൽ വിളിച്ച് മാപ്പ് പറയുമെന്ന് പ്രതീക്ഷിച്ചിരുന്നുവന്നും പരാതിക്കാരിയുടെ ഭർത്താവിന്റെ മൊഴി വിശ്വാസജനകമല്ല. ഇന്ത്യൻ വ്യവസ്ഥിതിയിൽ ഒരു ഭർത്താവ് അതും ഒരു IPS കാരനായ ഭർത്താവ് ഈ രീതിയിൽ പ്രതികരിക്കും എന്നത് വിശ്വസിക്കാനാവില്ല. (സംഗതി സത്യമായിരുന്നെങ്കിൽ സിനിമാ സ്റ്റൈലിൽ പ്രതിയെ ഭർത്താവ് പെരുമാറുമായിരുന്നേനെ എന്ന നിഗമനം). ഇത്തരത്തിൽ ഒരു ഇരയുടെ മൊഴി കേൾക്കുമ്പോൾ ഉണ്ടാകുന്ന പിതൃമൂല്യാധിഷ്ഠിത സംശയങ്ങൾക്ക് നിവാരണം ലഭിച്ചില്ല എങ്കിൽ പ്രതിയെ എങ്ങനെയെങ്കിലും കുറ്റവിമുക്തനാക്കാനുള്ള തിടുക്കം കോടതികൾ കാണിക്കുന്നു എന്നതാണ് ഒരു നിർഭാഗ്യകരമായ വസ്തുത. സാമൂഹ്യമുന്നേറ്റം ഉദ്ദേശിച്ചുകൊണ്ടുള്ള ഏതൊരു നിയമം കൊണ്ട് വന്നാലും അത് അതിന്റെ ലക്ഷ്യപ്രാപ്തി നേടണമെങ്കിൽ നീതിന്യായ വ്യവസ്ഥിതിയുടെ സുപ്രധാന സ്ഥാപനമായ ജുഡീഷ്യറിയുടെ ചിന്താധാരകളിൽ കാര്യമായ മാറ്റം വരേണ്ടതുണ്ട്. അതിനുള്ള ഇടപെടലുകൾ ജുഡീഷ്യറിയുടെ അകത്തുള്ള പുരോഗമന ചിന്താഗതിക്കാരിൽ നിന്നും, പുറത്ത് നിന്ന് സ്

ത്രീ പ്രസ്ഥാനങ്ങളുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതുണ്ട്. കുറ്റവാളികൾ രക്ഷപ്പെടുന്നതിന് മേൽ വിവരിച്ച മൂന്ന് പ്രധാന ഘടകങ്ങളും നിയമങ്ങളുടെ അപര്യാപ്തതയും കൂടി ചേർന്നപ്പോൾ പ്രതികൾ എപ്പോഴും രക്ഷപ്പെടുന്ന സാഹചര്യങ്ങൾ സംജാതമായി.

2013, ഏപ്രിൽ മാസം 2-ാം തീയതി മുതൽ നിയമങ്ങളിൽ വരുത്തിയിട്ടുള്ള ചില സുപ്രധാന മാറ്റങ്ങൾ അല്ലെങ്കിൽ നിയമങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള പുതിയ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് നോക്കാം.

**ലൈംഗിക അതിക്രമത്തെ സംബന്ധിച്ച പരാതികളിന്മേൽ നടപടികൾ സ്വീകരിക്കാതിരുന്നാൽ പോലീസിന് ശിക്ഷ**

ലൈംഗിക അതിക്രമങ്ങളെ സംബന്ധിക്കുന്ന പരാതികളിൽ പോലീസിന്റെ നിഷ്ക്രിയത്വം എപ്പോഴും പരാതിയുമായി മുമ്പോട്ടു വരുന്നവരെ പുറകോട്ടടിപ്പിക്കുന്നു. പല ബാഹ്യ ഇടപെടലുകൾക്കും മറ്റും വഴങ്ങി പോലീസ് എഫ് ഐ ആർ രേഖപ്പെടുത്തുന്നതിന് വിമുഖത കാട്ടുകയോ, വൈകിപ്പിക്കുകയോ ചെയ്യാറുണ്ട്. പരാതിക്കാരിക്ക് മുമ്പിൽ പിന്നെയുള്ള പോംവഴി കോടതിയിൽ സ്വകാര്യ അന്യായം ഫയൽ ചെയ്ത് മേൽ നടപടികൾ സ്വീകരിക്കുക എന്നുള്ളതാണ്. ഇത് പലപ്പോഴും പരാതിക്കാരിയുടെ ബുദ്ധിമുട്ടുകൾ ഇരട്ടിപ്പിക്കുന്നു. പോലീസിന്റെ ഇത്തരം നിഷ്ക്രിയത്വം അവസാനിപ്പിക്കുന്നതിലേക്കായി ക്രിമിനൽ നടപടി ക്രമത്തിലെ 160 -ാം വകുപ്പിൽ ലൈംഗിക അതിക്രമകേസുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് എഫ് ഐ ആർ രജിസ്റ്റർ ചെയ്യാതിരുന്നാൽ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് 6 മാസം മുതൽ 2 വർഷം വരെ തടവും പിഴയും ലഭിക്കാവുന്ന കുറ്റകൃത്യമായി വ്യവസ്ഥ ചെയ്തിരിക്കുന്നു.

**ലൈംഗിക കുറ്റകൃത്യങ്ങളുടെ തീവ്രതക്കനുസൃതമായ ശിക്ഷാവിധികൾ - ബലാത്സംഗ (Rape) ത്തിന്റെ നിർവ്വചനം വിപുലപ്പെടുത്തൽ**

ലൈംഗികഅതിക്രമങ്ങൾ പ്രതിപാദിക്കുന്ന ഇന്ത്യൻ ശിക്ഷാനിയമം 354-ാം വകുപ്പ്, 375 & 376 -ാം വകുപ്പ്, 509 -ാം വകുപ്പ് എന്നിവയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുറ്റകൃത്യങ്ങൾ വിപുലപ്പെടുത്തുകയും ശിക്ഷയുടെ കാലപരിധി വർദ്ധിപ്പിക്കുകയും ചെയ്തു. ജീവപര്യന്തം ശിക്ഷ എന്നത് പ്രതിയുടെ ശിഷ്ട ജീവിതം എന്ന സ്പഷ്ടീകരണം നൽകിയത് വഴി പൊതുവെ 14 വർഷം കഴിയുമ്പോൾ തടവ് ജീവിതം കഴിഞ്ഞ് പ്രതി പുറത്തിറങ്ങുന്ന കീഴ് വഴക്കം അവസാനിക്കും. അക്രമത്തിനിരയായ സ്ത്രീയുടെ തുടർന്നുള്ള ജീവിതം 'പച്ചക്കറിക്ക് തുല്യമായ അവസ്ഥയിൽ' (vegetative state) ആയാൽ ശിക്ഷയുടെ കുറഞ്ഞ കാലാവധി 20 വർഷമാക്കി 376-ാം വകുപ്പിൽ ഭേദഗതി വരുത്തി. ബലാത്സംഗ കുറ്റം നിലനിൽക്കണമെങ്കിൽ ലൈംഗിക കടന്നുകയറ്റം (penetration) വേണമെന്ന നിബന്ധന മാറ്റി, മറ്റ് ശാരീരിക അവയവം വെച്ചോ മറ്റ് സാധനങ്ങൾ വെച്ചോ ചെയ്യുന്ന ലൈംഗികകൃത്യവും ബലാത്സംഗമാക്കി.

> ലൈംഗിക അതിക്രമങ്ങൾ പ്രതിപാദിക്കുന്ന ഇന്ത്യൻ ശിക്ഷാനിയമം 354-ാം വകുപ്പ്, 375 & 376 -ാം വകുപ്പ്, 509-ാം വകുപ്പ് എന്നിവയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുറ്റകൃത്യങ്ങൾ വിപുലപ്പെടുത്തുകയും ശിക്ഷയുടെ കാലപരിധി വർദ്ധിപ്പിക്കുകയും ചെയ്തു.

**കൂടുതൽ കുറ്റകൃത്യങ്ങൾ നിയമത്തിന്റെ പരിധിയിൽ**

സ്ത്രീകൾക്ക് നേരെ ആസിഡ് ആക്രമണം നടത്തുന്ന പ്രവണത ഇന്ത്യയിൽ പല സംസ്ഥാനങ്ങളിലും കൂടുതലാണ്. ഇതിനെതിരെ വളരെ ശുഷ്കമായ വകുപ്പുകൾ പ്രകാരമുള്ള നടപടികൾ മാത്രമെ ഇതുവരെ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. ഇന്ത്യൻ ശിക്ഷാനിയമത്തിലെ 326-ാം വകുപ്പ് ഭേദഗതി ചെയ്ത് ആസിഡ് ആക്രമണത്തിനുള്ള ശിക്ഷ ജീവപര്യന്തം വരെ ലഭിക്കാവുന്ന ശിക്ഷയായി ഉയർത്തിയിട്ടുണ്ട്.

പുതിയ കാലഘട്ടത്തിൽ സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങളുടെ സ്വഭാവത്തിലും മാറ്റം വരികയുണ്ടായി. അത്തരത്തിലുള്ള രണ്ട് പ്രധാന കുറ്റകൃത്യമാണ് 'വോയെറിസം' (ഒളികാമറ ചിത്രീകരണം), സ്റ്റാക്കിംഗ് (ഇന്റർനെറ്റ് വഴിയോ അല്ലാതെയോ ഒരു സ്ത്രീക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന രീതിയിൽ പിന്തുടരുക). ഇവ രണ്ടും പുതുതായി ഇന്ത്യൻ ശിക്ഷാനിയമത്തിൽ ഉൾപ്പെടുത്തി. ഒരാൾ തന്റെ പദവി ദുരുപയോഗം ചെയ്ത് ലൈംഗിക കൃത്യത്തിന് സ്ത്രീയെ പ്രേരിപ്പിക്കുകയും അത്തരത്തിൽ ഏർപ്പെടുന്ന ലൈംഗികകൃത്യത്തിന് സ്ത്രീയുടെ സമ്മതം ലഭിച്ചിരുന്നെങ്കിൽ കൂടി അത് ലൈംഗിക കുറ്റകൃത്യമായി ഇനി മുതൽ കണക്കാക്കപ്പെടും

**നടപടി ക്രമങ്ങളിൽ വരുത്തിയ ഭേദഗതികൾ**

ലൈംഗിക അതിക്രമങ്ങളെ സംബന്ധിക്കുന്ന പരാതികളിൽ ഇരയുടെ മൊഴി രേഖപ്പെടുത്തുന്നത് തീർച്ചയായും ഒരു സ്ത്രീ പോലീസായിരിക്കണം. മൊഴി പിന്നീട് മജിസ്ട്രേറ്റ് 164-ാം വകുപ്പ് പ്രകാരം രേഖപ്പെടുത്തിയിരിക്കണം. വൈകല്യമുള്ളവരുടെയോ അന്യഭാഷക്കാരുടെയോ മൊഴി രേഖപ്പെടുത്തുമ്പോൾ ഒരു ദ്വിഭാഷിയുടെയോ, പരിഭാഷകന്റെയോ സേവനം തേടേണ്ടതുണ്ട്. മജിസ്ട്രേറ്റ് മൊഴി രേഖപ്പെടുത്തുന്നത് വീഡിയോ ചിത്രീകരണം നടത്തണം. ഇങ്ങനെ വീഡിയോഗ്രാഫ് ചെയ്തിട്ടുള്ള മൊഴി വേണം ശാരീരിക-മാനസിക വെല്ലു വിളികൾ നേരിടുന്ന സ്ത്രീകളുടെ വിചാരണവേളയിൽ കോടതികളിൽ ചീഫ് മൊഴിയായി പരിഗണിക്കാൻ.

കുറ്റപത്രം സമർപ്പിച്ചതിന് ശേഷം രണ്ട് മാസത്തിനുള്ളിൽ വിചാരണ നടത്തിയിരിക്കണം. ലൈംഗികഅതിക്രമം നേരിട്ട സ്ത്രീക്ക് സർക്കാർ / സ്വകാര്യ ആശുപത്രി

കളിൽ സൗജന്യമായി അടിയന്തിരവൈദ്യസഹായം നൽകിയിരിക്കണം. ലൈംഗികബന്ധം ഉണ്ടായത് സ്ത്രീയുടെ സമ്മതത്തോടെ ആയിരുന്നില്ല എന്ന് പ്രസ്താവിക്കുന്ന പക്ഷം കോടതികൾ സ്ത്രീയുടെ സമ്മതം ഉണ്ടായിരുന്നില്ല എന്ന് 'കരുതി' (presume) കൊണ്ടാണ് തെളിവുകൾ പരിഗണിക്കേണ്ടത്.

2012 നവംബർ 14 മുതൽ പ്രാബല്യത്തിൽ വന്ന ലൈംഗികഅതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷാകാലാവധികളിൽ ചിലത് പുതിയ ഭേദഗതികളിലെ ശിക്ഷാകാലാവധിയുമായി തട്ടിച്ച് നോക്കുമ്പോൾ കുറവാണെന്ന് കാണാം. ആയതിനാൽ പ്രസ്തുത നിയമത്തിലെ 42 -ാം വകുപ്പ് ഭേദഗതി വരുത്തി ഏത് നിയമത്തിലാണോ കൂടുതൽ ശിക്ഷ അനുശാസിച്ചിട്ടുള്ളത് ആ വ്യവസ്ഥകൾ കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമകേസുകൾക്ക് ബാധകമാകും എന്ന് ക്രിമിനൽ ഭേദഗതി നിയമം, 2013 ൽ വ്യവസ്ഥ ചെയ്യുന്നു.

പുതുതായി പ്രാബല്യത്തിൽ വന്ന മേൽ വിവരിച്ച തരത്തിലുള്ള നിയമ വ്യവസ്ഥകൾ ലൈംഗിക കുറ്റവാളികളെ ശിക്ഷിക്കാൻ നിയമങ്ങൾ അപര്യാപ്തമാണെന്ന സ്ഥിതിവിശേഷം പാടെ മാറ്റുകയുണ്ടായി. എന്നാൽ ഈ ലേഖനത്തിന്റെ ആദ്യഭാഗത്ത് പ്രതിപാദിച്ച മൂന്ന് പ്രധാന പ്രശ്നങ്ങൾ പരാതിക്കാരിയുടെ കൂറുമാറൽ, അന്വേഷണത്തിലെ വെള്ളം ചേർക്കൽ, നീതി -ന്യായ വ്യവസ്ഥയുടെ ഭാഗഭാക്കായ പോലീസ്, അഭിഭാഷകർ, ജുഡീഷ്യറി മേൽ സമൂഹത്തിന്റെ പൊതുവെയുള്ള കാഴ്ചപ്പാടിന്റെ പ്രശ്നം ഇവയിലും കൂടി ഇടപെടലുകൾ ഇല്ലാതെ പോയാൽ സ്ത്രീകൾക്ക് നീതി ലഭിക്കുക എന്നത് വിദൂര സ്വപ്നമായി തന്നെ തുടർന്നേക്കാം. ●

---

*പേജ് 8 തുടർച്ച*

കാലഹരണപ്പെട്ട ഒരു നിയമത്തെ പ്രയോഗിക്കാൻ തുടങ്ങിയിരിക്കുന്നു. ഗുജറാത്ത് ഹൈക്കോടതി കർഷകർക്കനുകൂലമായി വിധിച്ചിട്ടുണ്ട് എങ്കിലും 'നല്ല ഭരണം' കാഴ്ചവെക്കാൻ വ്യഗ്രത കാട്ടുന്ന മോഡി സർക്കാർ ഈ വിധിയെ സുപ്രീംകോടതിയിൽ ചോദ്യം ചെയ്യുന്നതിനായി കോടികൾ ചെലവാക്കുവാൻ തയ്യാറെടുക്കുകയാണ്. ഈ അവസരത്തിൽ രജീന്ദർപുരി മൂന്നുചോദ്യങ്ങൾ ഉന്നയിക്കുന്നു.

1) ഗുരു ഗോൾവൽക്കർ ഭാരതത്തിന്റെ ശത്രുക്കളായി പല മതവിഭാഗങ്ങളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നു മുതലാണ് സിക്കുകാർ ഭാരതത്തിന്റെ ശത്രുക്കളായി മാറിയത്?

2)നല്ല ഭരണം കാഴ്ചവെക്കുന്നു എന്ന് സ്വയം അവകാശപ്പെടുന്ന മോഡി എങ്ങനെയാണ് ബലാത്സംഗവും കൂട്ടക്കൊലയും നടത്തിയെന്ന് ആരോപിക്കപ്പെട്ട ഒരു എം. എൽ.എയെ മന്ത്രിസ്ഥാനത്തേക്ക് ഉയർത്തിയത്. (2002ൽ എം.എൽ. എ, 2007 മന്ത്രി).

3. ബി.സി.സി.ഐയുടെ ബോർഡ് മെമ്പറായ മോഡിയുടെ പെരുമാറ്റം മീഡിയ അവരുടെ ചർച്ചകളിലോ അന്വേഷണങ്ങളിലോ ഉൾപ്പെടുത്തിയിട്ടില്ല. ഐ. പി.എൽ മത്സരങ്ങളുമായി ബന്ധപ്പെട്ടു നടന്ന അഴിമതികളും വാതുവെപ്പും രാജ്യത്തെ ഞെട്ടിച്ചിരുന്നു. പോലീസ് ആ കേസ് അന്വേഷിച്ചു വരികയാണ്. ശ്രീനിവാസന്റെ സ്വജനപക്ഷപാതം ചർച്ചചെയ്യപ്പെടുന്നുണ്ടെങ്കിലും ബി.സി.സി.ഐ മെമ്പർമാരുടെ മൗനം ആരും അന്വേഷിക്കുന്നതായി അറിയില്ല. 11 മെമ്പർമാരിൽ മൂന്ന് ബി.ജെ.പി അംഗങ്ങളുണ്ട്- നരേന്ദ്രമോഡി, രാജ്യസഭയിലെ പ്രതിപക്ഷ നേതാവ് അരുൺ ജെയ്റ്റ്‌ലി, ബി.ജെ.പി യുവനേതാവ് അനുരാഗ് താക്കൂർ ഇവരാരും തന്നെ ശ്രീനിവാസനെ വിമർശിച്ചതായി അറിവില്ല. ഇതിനു പിന്നിൽ എന്തുതാത്പര്യങ്ങളാണ് പ്രവർത്തിക്കുന്നത്?

നഗരങ്ങളിലെ ഗെറ്റോയിസേഷൻ ഗുജറാത്തിൽ കാണുവാൻ സാധിക്കും. അവിടെ നഗരങ്ങൾക്ക് യഥാർത്ഥവും സാങ്കല്പികവുമായ അതിരുകളുണ്ട്. മുസ്ലിംപ്രദേശമായ ജുഗപുരയിൽ ജീവിക്കുവാനുള്ള അടിസ്ഥാനസൗകര്യങ്ങളൊന്നുമില്ല. 2002ലെ കലാപത്തിനുശേഷം 2005ലും 2006ലും അക്രമസംഭവങ്ങൾ നടന്നിട്ടുണ്ട്. ഇവ മഹാകലാപങ്ങളായി വളരാതിരുന്നത് സുപ്രീംകോടതിയുടെ മേൽനോട്ടത്തിൽ നിയമപ്രക്രിയ തുടങ്ങിയതൊന്നുകൊണ്ടുമാത്രമാണ്. 570 സാക്ഷികൾക്കും അക്രമത്തിനിരയായവർക്കും സംരക്ഷണം നൽകിയിട്ടുമുണ്ട്. നിശബ്ദമായ ഒരു വിവേചനം ഇന്ന് ഗുജറാത്തിൽ നിലനിൽക്കുന്നു. മുസ്ലിംമതവിഭാഗത്തിൽപ്പെട്ടവർ സമ്പന്നരാണെന്ന കാര്യം സർക്കാർ തന്നെ പ്രചരിപ്പിക്കുന്നുണ്ട്. എങ്കിലും ലോണുകളും മറ്റും അവർക്ക് അപ്രാപ്യമാണ്. മുസ്ലിം വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് തുകയായി നീക്കിവെച്ച 9 കോടി രൂപ കഴിഞ്ഞ 3 വർഷമായി മോഡി സർക്കാർ കേന്ദ്രത്തെ തിരിച്ചേൽപ്പിക്കുന്നുണ്ട്. ഈ സാമ്പത്തികസഹായം ഉറപ്പാക്കിയ സച്ചാർകമ്മിറ്റിറിപ്പോർട്ട് പോലും അവർ ചോദ്യം ചെയ്യുകയുണ്ടായി. ഗുജറാത്ത് ഹൈക്കോടതി ഈ സ്കോളർഷിപ്പുകൾ നിയമനാനുസൃതമാണെന്ന് വിധിച്ചു. ഇതിനെതിരെ സുപ്രീംകോടതിയിൽ സ്റ്റേ വാങ്ങുവാനുള്ള ശ്രമങ്ങൾ വിജയിച്ചതുമില്ല. 2012 ഫിബ്രവരി 8ന് ഗുജറാത്ത് ഹൈക്കോടതി ഗുജറാത്ത് സർക്കാറിനെ നിശിതമായി വിമർശിക്കുകയുണ്ടായി. 2002ലെ കലാപത്തിൽ തകർക്കപ്പെട്ട ദർഗ്ഗകളും പള്ളികളും പുനർനിർമ്മിക്കുന്നതിൽ വീഴ്ചവരുത്തിയതിന് ഈ വിമർശനത്തിനെതിരേയും അപ്പീലിന് പോയിട്ടുണ്ട്. ഇതുപോലെ ന്യൂനപക്ഷങ്ങളുടെ സംരക്ഷണം ഉറപ്പാക്കാത്ത ഒരു സംസ്ഥാനത്തെ നമുക്കെങ്ങനെ അംഗീകരിക്കാനാകും? പണക്കൊഴുപ്പും ദുഷ്പ്രചരണവും വാഴുന്നിടത്ത് പക്ഷേ സത്യത്തിനും തെളിവുകൾക്കും എന്തു വില കല്പ്പിക്കപ്പെടും എന്ന് കാലം തെളിയിക്കും. ●

തർജ്ജമ : ഡോ.രജനി.ബി



# ഒരു സ്ത്രീക്ക് ഇങ്ങനെയും സമരം ചെയ്യാൻപറ്റും

**കേരളം** ഇതുവരെ കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും തീക്ഷ്ണവും ധീരവും ത്യാഗോജ്ജ്വലവുമായ ഒരു സ്ത്രീസമരം കണ്ണൂർ ജില്ലയിൽ നടന്നു. പുതിയങ്ങാടി നീരൊഴുക്കും ചാലിലെ വി.ജസീറ മണൽമാഫിയക്കെതിരെ നടത്തിയ രാപ്പകൽ സമരമായിരുന്നു അത്. 6 രാത്രിയും 7 പകലും പഴയങ്ങാടി പോലീസ് സ്റ്റേഷനു മുന്നിലും 9 രാപ്പകലുകൾ കണ്ണൂർ കളക്ടറേറ്റിനു മുന്നിലും അവർ കുത്തിയിരുന്നു. മഴനനയാതിരിക്കാൻ ഒരു സമരപ്പന്തലുണ്ടായിരുന്നില്ല. രാത്രിയിൽ കാവലിന് സമരസഹായ സമിതിക്കാരുമുണ്ടായിരുന്നില്ല. ഒരു കുടയുടെ കീഴിൽ വെറും നിലത്ത് പോലീസ്സ്റ്റേഷന്റെ മതിലിനുതാഴെ 7 ദിവസം. മഴ ശക്തിയാവുമ്പോൾ ചില രാത്രികളിൽ അടുത്തുള്ള കടത്തിണ്ണയിൽ കയറിയിരിക്കും. പിന്നെ കണ്ണൂർ കളക്ടറേറ്റിനു മുന്നിൽ 9 ദിവസം. കൊതുകും തെരുവുനായ്ക്കളും പെരുച്ചാഴിയും സാമൂഹ്യവിരുദ്ധരും മദ്യപന്മാരും സ്ഥിരബുദ്ധിയില്ലാത്തവരുമൊക്കെ ഉണർന്നിറങ്ങുന്ന രാത്രിയിൽ കണ്ണൂർ കലക്ടറേറ്റിനു മുന്നിൽ ജസീറ തന്നെ കെട്ടിയ പന്തലുണ്ടായിരുന്നു എന്ന വ്യത്യാസം മാത്രം. 15 മാസം മാത്രം പ്രായമുള്ള മുലകുടിമാറാത്ത മകൻ 'മുത്ത്' എന്ന മുഹമ്മദ് ഉമ്മയോടൊപ്പം സമരപ്പന്തലിൽത്തന്നെ ഉണ്ട്. വൈകുന്നേരമാവുമ്പോൾ സ്കൂളിൽ നിന്നെത്തി 7ാംക്ലാസ്സുകാരി റിസ്‌വാനയും 5ാംക്ലാസ്സുകാരി ഷിഫാനയും ഉമ്മക്ക് കൂട്ടിനായി സമരപ്പന്തലിലെത്തും. പുതിയങ്ങാടി ജി.എം.യു.പി സ്കൂളിലേയും മുട്ടം വി.എം.യു.പി സ്കൂളിലേയും വിദ്യാർത്ഥിനികളാണിവർ.

ജസീറയുടെ സമരം ചരിത്രത്തിൽ രേഖപ്പെടുത്തേണ്ടതാണ്. കാരണം സമരരംഗത്തും സമരത്തിന്റെ കർതൃസ്ഥാനത്തും 'അവൾ' മാത്രമാണുണ്ടായിരുന്നത്. കേരളത്തിലെ വ്യവസ്ഥാപിത സമരരീതികൾക്കും ജനകീയസമരങ്ങൾക്കും അന്യമാണ് ഈ സ്ത്രീകർതൃത്വം. ജില്ലയിലെ ചില പരിസ്ഥിതിപ്രവർത്തകരും പൗരാവകാശപ്രവർത്തകരും സമരത്തെ



**സുൽഫത്ത്**

***കേരളം** ഇതുവരെ കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും തീക്ഷ്ണവും ധീരവും ത്യാഗോജ്ജ്വലവുമായ ഒരു സ്ത്രീസമരം കണ്ണൂർ ജില്ലയിൽ നടന്നു. പുതിയങ്ങാടി നീരൊഴുക്കും ചാലിലെ വി.ജസീറ മണൽമാഫിയക്കെതിരെ നടത്തിയ രാപ്പകൽ സമരമായിരുന്നു അത്.*

സഹായിച്ചുകൊണ്ട് കൂടെ നിന്നു. എങ്കിലും സമരവും തീരുമാനവും ജസീറയുടേത് മാത്രമായിരുന്നു. അങ്ങനെയായിരുന്നില്ലെങ്കിൽ ഒരു പക്ഷേ ഈ സമരം വിജയിക്കുമായിരുന്നില്ല. മറ്റൊന്ന് ജസീറ ഉന്നയിച്ചത് ഒരു സ്ത്രീപ്രശ്നമായിരുന്നില്ല. ജസീറയുടെ വ്യക്തിപരമായ എന്തെങ്കിലും നേട്ടത്തിനുമായിരുന്നില്ല. സ്ത്രീ ഒറ്റയാൾ സമരം നടത്തിയിട്ടുണ്ടെങ്കിൽ അത് വ്യക്തിപരമായ ആവശ്യങ്ങൾക്ക് വേണ്ടിയോ സ്ത്രീപ്രശ്നത്തിന് വേണ്ടിയോ ആയിരിക്കും. എന്നാൽ ഒരു സാമൂഹ്യപ്രശ്നമായിരുന്നു ജസീറ ഉന്നയിച്ചത്. കടൽതീരത്ത് നിന്ന് മണൽവാരുന്നത് തടയണമെന്നാണ് അവർ ആവശ്യപ്പെട്ടത്. വൻ ജനപിന്തുണയോ ആരവങ്ങളോ വലിയ മാധ്യമശ്രദ്ധയോ ഒന്നുമില്ലാതെ നടന്ന സമരത്തിന്റെ തീവ്രതയും നിശ്ചയദാർഢ്യവുമാണ് സമരത്തെ വ്യത്യസ്തമാക്കിയ മറ്റൊരു ഘടകം.

ജസീറയുടെ വീടും കടലും തമ്മിൽ 30 മീറ്ററിൽ താഴെ ദൂരമേയുള്ളൂ. കടൽഭിത്തിക്കും ഉള്ളിൽനിന്നാണ് മണൽ വാരി വാഹനങ്ങളിൽ കടത്തിക്കൊണ്ടുപോകുന്നത്. സ്ഥിരമായി മണൽവാരുന്ന സ്ഥലങ്ങളിൽ കടൽഭിത്തി താഴുന്നതും കടലിലേക്ക് വെള്ളമൊഴുകിയിരുന്ന ചാലുകളിൽക്കൂടി കടൽവെള്ളം തിരിച്ചൊഴുകുന്നതും തീരം ഇല്ലാതാവുന്നതും മണൽകടത്തിനെതിരെ ചിന്തിക്കാൻ ജസീറയെ പ്രേരിപ്പിച്ചു. സഹോദരങ്ങളും ബന്ധുക്കളും നാട്ടുകാരുമൊക്കെ ഈ മണൽക്കടത്തിന് കൂട്ടുനിന്നിട്ടുണ്ട്. മണൽവാരലിന്റെ ഭീകരത അവരെയൊക്കെ ബോധ്യപ്പെടുത്താനും പിന്തിരിപ്പിക്കാനും ഈ 'സ്ത്രീ'ക്ക് കഴിഞ്ഞിട്ടുമുണ്ട്. മണൽകടത്തിന്റെ ദൂരവ്യാപകഫലങ്ങൾ അറിയാമായിരുന്ന പലരും മണൽമാഫിയയെ പേടിച്ച് നിശ്ശബ്ദത പാലിച്ചിടത്താണ് ജസീറയുടെ ഈ ഒറ്റയാൾ പോരാട്ടം വിജയംകണ്ടത്.  മണൽകടത്തുന്ന വാഹനങ്ങളുടെ മുന്നിൽ കുത്തിയിരുന്നും മണൽവാരുന്ന ദൃശ്യങ്ങൾ മൊബൈലിൽ പകർത്തി പോലീസ് സ്റ്റേഷനിലെത്തിച്ചും കഴിഞ്ഞ ഒന്നരവർഷമായി അവർ പോരാട്ടത്തിലാണ്. കടൽമണ്ണിന്റെ ഈ കാവൽക്കാരിക്ക് നിരവധി തവണ മർദ്ദനമേറ്റിട്ടുണ്ട്. തലച്ചുമടായി മണൽ കടത്തുന്ന സ്ത്രീകളിൽ നിന്നു വരെ അപമാനവും മർദ്ദനവും സഹിച്ച് നടത്തുന്ന ഈ ഒറ്റയാൾസമരത്തിന് അവരുടെ രണ്ട് പെൺമക്കളും കൂട്ടിനുണ്ട്.

മണൽവാരൽ തടയേണ്ട അധികാരികളുടെ അവഗണനയും അവഹേളനവും ഉപദേശവും ഒന്നും അവരെ പിന്തിരിപ്പിച്ചില്ല. ജസീറയുടെ നിതാന്തജാഗ്രതക്കു മുന്നിൽ ഈ പ്രദേശത്ത് വാഹനം വഴിയുള്ള മണൽകടത്ത് പൂർണ്ണമായും അവസാനിച്ചിട്ടുണ്ട്. സ്ത്രീകളുടെ സംഘത്തെ ഉപയോഗിച്ച് മണൽവാരി ചാക്കുകളിൽ നിറച്ചും ശേഖരിച്ച് വീടുകളിൽ കൂട്ടിയിട്ടും വില്പന നടത്തുക  എന്ന പുതിയ തന്ത്രമാണ് മണൽമാഫിയ ഇപ്പോൾ പ്രയോഗിക്കുന്നത്. ഈ പുതിയ തന്ത്രത്തിനെതിരെയാണ് ഇപ്പോഴവരുടെ പോരാട്ടം.

വനംപരിസ്ഥിതി മന്ത്രാലയത്തിന്റെ തീരദേശ സംരക്ഷണനിയമം കടൽത്തീരത്തെ മണൽവാരൽ കർശനമായി നിരോധിച്ചിട്ടുണ്ട്. 2011 ജനുവരി 6 ലെ CRZ വിജ്ഞാപനം Part II സെക്ഷൻ 3 പ്രകാരം മേഖല I (High tide line-ൽ നിന്നും 50 മീറ്ററിനുള്ളിൽ) ൽ നിന്നും മണലെടുക്കാൻ അനുമതിയില്ല. ഈ നിയമം നിലനിൽക്കെയാണ് സ്ത്രീകളെ ഉപയോഗിച്ച് മണൽ വാരുന്നത്. സ്ത്രീകളുടെ തൊഴിലവകാശവുമായി ബന്ധിപ്പിച്ച് ന്യായീകരിക്കുന്നത്. മണൽവാരൽ തടയേണ്ട പോലീസും എഡിഎം അടക്കമുള്ള ഉന്നതഉദ്യോഗസ്ഥരും  പഞ്ചായത്ത് അധികാരികളും ഒക്കെ തൊഴിൽ എന്ന ന്യായം പറഞ്ഞ് ജസീറയെ പിന്തിരിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്. കലക്ടറേറ്റിനു മുന്നിൽ അവർ സമരം ചെയ്തപ്പോൾ ചർച്ചക്കെത്തിയ ഉന്നത ഉദ്യോഗസ്ഥൻ പറഞ്ഞത്രേ "നീ ഒരാളല്ലേ സമരം ചെയ്യുന്നുള്ളൂ, നിരവധിയാളുകൾ അവരുടെ തൊഴിൽ നഷ്ടപ്പെടുന്നതായി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് തടയാൻ പറ്റില്ല." ജസീറയുടെ മറുചോദ്യം ഇതായിരുന്നു. "നിയമവിരുദ്ധമായ ഒരു കാര്യം ചെയ്യാൻ അനുവാദം ചോദിച്ചാൽ അതു നിയമവിരുദ്ധമാണെന്ന് പറഞ്ഞുകൊടുക്കലല്ലേ സാർ ചെയ്യേണ്ടത്. പാരമ്പര്യമായി ചെയ്തിരുന്ന പല തൊഴിലുകളും തീരദേശത്തെ തവള, ആമപിടുത്തം പോലുള്ളവ ഇന്ന് ന്യായീകരിക്കാൻ പറ്റുമോ?"

ജസീറയുടെ വീടും കടലും തമ്മിൽ 30 മീറ്ററിൽ താഴെ ദൂരമേയുള്ളൂ. കടൽഭിത്തിക്കും ഉള്ളിൽനിന്നാണ് മണൽ വാരി വാഹനങ്ങളിൽ കടത്തിക്കൊണ്ടുപോകുന്നത്. സ്ഥിരമായി മണൽവാരുന്ന സ്ഥലങ്ങളിൽ കടൽഭിത്തി താഴുന്നതും കടലിലേക്ക് വെള്ളമൊഴുകിയിരുന്ന ചാലുകളിൽക്കൂടി കടൽവെള്ളം തിരിച്ചൊഴുകുന്നതും തീരം ഇല്ലാതാവുന്നതും മണൽകടത്തിനെതിരെ ചിന്തിക്കാൻ ജസീറയെ പ്രേരിപ്പിച്ചു.

ഇക്കഴിഞ്ഞ ജൂൺ 14നാണ് തലച്ചുമടായി മണൽ കടത്തുന്നവരുടെ മൊബൈൽ ചിത്രങ്ങളുമായി ജസീറ പഴയങ്ങാടി പോലീസ് സ്റ്റേഷനിലെത്തിയത്. എന്നാൽ അത് തടയാനോ നടപടിയെടുക്കാനോ പോലീസ് തയ്യാറായില്ല. തന്റെ കൈക്കുഞ്ഞുമായി പോലീസ് സ്റ്റേഷനുമുന്നിൽ കുത്തിയിരിക്കാൻ അവർ തീരുമാനിച്ചത് അങ്ങനെയാണ്. മണൽ വാരുന്നത് പൂർണ്ണമായും തടയുക, അനധികൃതമായി വാരിക്കൂട്ടിയിട്ടുള്ള മണൽ മുഴുവൻ പിടിച്ചെടുത്ത് കുറ്റക്കാരെ നിയമത്തിനു മുന്നിൽ കൊണ്ടുവരിക, തീരപ്രദേശത്ത് സ്ഥിരമായി പോലീസ് കാവൽ ഏർപ്പെടുത്തുക എന്നീ മൂന്നുകാര്യങ്ങളാണ് അവർ ആവശ്യപ്പെട്ടത്. ജസീറയുടെ സമ

രത്തെ അവഗണിച്ച് നേരിടാനായിരുന്നു ഭരണാധികാരികളുടെ ആദ്യശ്രമം. മാധ്യമശ്രദ്ധ കിട്ടാനെന്ന് ചിലർ പ്രചരിപ്പിച്ചു. മഴയും തണുപ്പും സഹിച്ച് മൂന്ന് മക്കളോടൊപ്പം രാത്രിയിലും തടരുന്ന സമരത്തിന്റെ തീവ്രത കണ്ട് അവർക്ക് വട്ടാണെന്ന് പറഞ്ഞു നടന്നു ചിലർ. തന്നിഷ്ടക്കാരിയാണ്, തന്റേടിയാണ് പിന്തുണ കൊടുക്കേണ്ടെന്ന് ചിലർ അഭിപ്രായപ്പെട്ടു. സ്ത്രീയുടെ കടമ ഓർമ്മിപ്പിച്ചും ഉപദേശിച്ചും പിന്തിരിപ്പിക്കാൻ മറ്റുചിലർ ശ്രമിച്ചു. സമരത്തിന്റെ കർത്തൃസ്ഥാനത്ത് സ്ത്രീയായിരിക്കുമ്പോൾ പൊതുസമൂഹത്തിന്റെ കണ്ണിൽ സമരം ഇങ്ങനെയൊക്കെത്തന്നെയായിരിക്കും.

മുലകുടിക്കുന്ന കുഞ്ഞുള്ള സ്ത്രീയുടെ സമരം ചെയ്യാനുള്ള അവകാശം എങ്ങനെയാണ് സംരക്ഷിക്കപ്പെടേണ്ടതെന്ന ചോദ്യവും ജസീറയുടെ സമരം ഉയർത്തുന്നുണ്ട്. 'അമ്മ' സമരം ചെയ്യാനുള്ള അയോഗ്യതയാണെന്ന് തോന്നും രണ്ട് സമരസ്ഥലത്തും പോലീസ് അവരെ നേരിട്ട രീതി കണ്ടാൽ. സമരത്തിന്റെ നാലാം ദിവസം പഴയങ്ങാടിയിൽ നിന്ന് അവരെ ബലമായി പോലീസ് ജീപ്പിൽ കയറ്റി തലശ്ശേരി മഹിളാമന്ദിരത്തിൽ എത്തിച്ചു. തെരുവിലും കടത്തിണ്ണയിലും കഴിയുന്ന പട്ടിണിക്കോലങ്ങളും അനാഥബാല്യങ്ങളും പോഷകക്കുറവുകൊണ്ടും ചികിത്സ ലഭിക്കാതേയും മരിക്കുന്ന കുഞ്ഞുങ്ങളും ഉള്ള നാട്ടിൽ ഒരമ്മ കുത്തിയിരുന്ന് മുലപ്പാലും കൊടുത്ത് സമരം ചെയ്യുന്നത് കണ്ട് വേദനിച്ച ചൈൽഡ്‌ലൈൻ പ്രവർത്തകരാണ് അമ്മയേയും കുഞ്ഞിനേയും മഹിളാമന്ദിരത്തിലേക്ക് കൊണ്ടുപോയത്. "പ്രായപൂർത്തിയാകാത്ത രണ്ടു പെൺമക്കൾ കൂടി എനിക്കുണ്ട് അവരുടെ സുരക്ഷിതത്വം നിങ്ങൾ ആരെയാണ് ഏൽപ്പിച്ചത്" എന്ന ചോദ്യമാണ് കുട്ടികളുടെ കോടതിയോട് അവർ ചോദിച്ചത്. ആ ചോദ്യത്തിന്റെ ഉത്തരം അന്വേഷിച്ചപ്പോഴാണ് പതിവുപോലെ വൈകുന്നേരം ആറുമണിക്ക് ഉമ്മയുടെ സമരസ്ഥലത്തെത്തിയ പന്ത്രണ്ടു വയസ്സുകാരിയെ പത്തുരൂപയും കൊടുത്ത് പോലീസ് മടക്കിയയച്ചത് അവർ അറിയുന്നത്. യാത്രാസൗകര്യം കുറവായ ജസീറയുടെ വീട്ടിലേക്ക് ബസ്സിറങ്ങി അരയോളം വെള്ളം കയറിയ റോഡിലൂടെ നടന്ന് രാത്രി എട്ടുമണിയോടെയാണ് ആ പെൺകുട്ടി വീട്ടിലെത്തിയത്. മണൽമാഫിയക്കെതിരെ സമരം ചെയ്യുന്ന ആ കുട്ടിക്ക് എന്തെങ്കിലും സംഭവിച്ചിരുന്നെങ്കിൽ ആരുത്തരം പറയുമായിരുന്നു.

കുഞ്ഞിന്റെ സംരക്ഷണം ഉറപ്പുവരുത്തുമെന്ന് എഴുതി ഒപ്പിട്ടുതന്നാൽ വിട്ടയക്കാമെന്ന് പറഞ്ഞ ചൈൽഡ് ലൈൻ അധികാരികളോട് ''എന്റെ കുഞ്ഞിനെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്തം എനിക്കുണ്ട്. ഞാനതാണ് ചെയ്യുന്നത്. അതാരേയും എഴുതിബോധിപ്പിക്കാൻ തയ്യാറല്ല" എന്ന് ധീരമായി പ്രഖ്യാപിക്കുകയാണ് അവർ ചെയ്തത്. തന്നിൽ നിന്ന് മറ്റു രണ്ടു കുട്ടികളെ വേർപെടുത്തി അവരെ നിങ്ങൾ മാനസികമായി പീഡിപ്പിക്കുകയാണ് ചെയ്യുന്നതെന്ന് ചൈൽഡ്‌ലൈൻ പ്രവർത്തകരെ ബോധ്യപ്പെടുത്താനും അവർ മറന്നില്ല. ജസീറയും മക്കളും ഒറ്റക്കാണ് താമസം. അവരുടെ ഭർത്താവ് കോട്ടയം ജില്ലയിലാണ് ജോലി ചെയ്യുന്നത്. മൂന്നാം ദിവസം വൈകുന്നേരം ഒരുറപ്പും എഴുതി ഒപ്പിട്ടു കൊടുക്കാതെ തന്നെ ജസീറയെ വിട്ടയച്ചു. സമരം ചെയ്യാതെ വീട്ടിൽ പോകണമെന്ന താക്കീതുമായി. എന്നാൽ ആ രാത്രി തന്നെ അവർ പോലീസ് സ്റ്റേഷനു മുന്നിലെത്തി സമരം പുനരാരംഭിച്ചു. മഴയേയും ഇരുട്ടിനേയും വകവെക്കാത്ത നിശ്ചയദാർഢ്യത്തിനു മുന്നിൽ അധികാരികൾ കണ്ണുതുറന്നു. കണ്ണൂർ തഹസിൽദാർ സി.എം.ഗോപിനാഥൻ ചർച്ചക്കെത്തി. ജസീറയുടെ മൂന്ന് ആവശ്യങ്ങളും അംഗീകരിച്ചുകൊണ്ട് രേഖാമൂലം ഉറപ്പു നൽകി. ജൂൺ 22ന് ജസീറ സമരം അവസാനിപ്പിച്ചു.



മുലകുടിക്കുന്ന കുഞ്ഞുള്ള സ്ത്രീയുടെ സമരം ചെയ്യാനുള്ള അവകാശം എങ്ങനെയാണ് സംരക്ഷിക്കപ്പെടേണ്ടതെന്ന ചോദ്യവും ജസീറയുടെ സമരം ഉയർത്തുന്നുണ്ട്. 'അമ്മ' സമരം ചെയ്യാനുള്ള അയോഗ്യതയാണെന്ന് തോന്നും രണ്ട് സമരസ്ഥലത്തും പോലീസ് അവരെ നേരിട്ട രീതി കണ്ടാൽ.

ഉറപ്പുകൾ പാലിക്കപ്പെടാതിരിക്കുകയും സ്ത്രീകൾ തലച്ചുമടായി മണൽ കടത്തുന്നത് തുടരുകയും ചെയ്തപ്പോൾ ജൂലൈ 11-ാംതീയ്യതി കണ്ണൂർ കലക്ട

റേറ്റിനു മുന്നിൽ അവർ വീണ്ടും സമരം ആരംഭിച്ചു. രാത്രിയിലും തന്റെ മൂന്നുമക്കളോടൊപ്പം സമരം തുടർന്ന ജസീറയെ അവിടെ അധികാരികളും പോലീസും ആദ്യം നേരിട്ടത് വെറുമൊരു പെണ്ണിന്റെ സമരം എന്ന രീതിയിലായിരുന്നു. കണ്ണൂർ സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിലെത്തിയ പോലീസ് സംഘം ബലം പ്രയോഗിച്ച് പിടിച്ച് വീട്ടിൽ കൊണ്ടാക്കാനാണ് ശ്രമിച്ചത്. "എന്റെ സമരം നിയമവിരുദ്ധമാണെങ്കിൽ എന്നെ അറസ്റ്റു ചെയ്യാം. ഞാൻ സമരരംഗത്തുള്ള സ്ത്രീയാണ്. എന്നെ വീട്ടിൽ കൊണ്ടാക്കാൻ നിങ്ങൾക്ക് എന്ത് അധികാരമാണുള്ളത്." ജസീറ പോലീസ് സംഘത്തോട് ചോദിച്ചു. "ഇതൊരു പൊതുസ്ഥലമാണ്. പബ്ലിക് ന്യൂയിസൻസ് ആയ നിങ്ങളെ എന്തുചെയ്യണമെന്ന് ഞങ്ങൾ തീരുമാനിക്കും" എന്ന് അധികാരം പ്രയോഗിക്കാനാണ് പോലീസ് ശ്രമിച്ചത്. സമരരംഗത്ത് ഒരു സ്ത്രീയായിരിക്കുമ്പോൾ സമരത്തെ അവഹേളിച്ചുകൊണ്ട് 'പിടിച്ചുകെട്ടി വീട്ടിൽകൊണ്ടാക്കുമെന്ന്' പറഞ്ഞ് സ്ത്രീയുടെ ഇടം വീടാണെന്ന പുരുഷാധിപത്യബോധം പ്രകടിപ്പിക്കുകയാണ് പോലീസ് ചെയ്തത്. രാത്രി പത്തുമണിയോടെ സമരസ്ഥലത്തു നിന്ന് അവരെ ബലം പ്രയോഗിച്ച് വീട്ടിൽകൊണ്ടാക്കി. "എന്റെ മക്കൾ പ്രായപൂർത്തിയാകാത്തവരാണ്. അവരുടെ സുരക്ഷിതത്വം ഉറപ്പാക്കൽ നിങ്ങളുടെ ഡ്യൂട്ടിയാണെങ്കിൽ ഞാൻ അംഗീകരിച്ചു. എന്നാൽ 18 വയസ്സുകഴിഞ്ഞ സ്ത്രീയായ എനിക്ക് ഇന്ന് തെരുവിൽ കിടന്നുറങ്ങണമെന്ന് തോന്നിയാൽ കിടക്കുക തന്നെ ചെയ്യും. എന്നെ തടയാൻ ഒരു നിയമവും നിങ്ങളെ അനുവദിക്കുന്നില്ല." എന്നു പറഞ്ഞുകൊണ്ട് വീട്ടിൽ കയറാതെ തിരിഞ്ഞു നടന്നു. രണ്ടു കിലോമീറ്ററോളം നടന്ന് ഒരു ഓട്ടോ പിടിച്ച് ആ രാത്രിയിൽ തന്നെ വീട്ടിൽ നിന്ന് മുപ്പത് കിലോമീറ്ററിലധികം അകലെയുള്ള സമരസ്ഥലത്ത് അവർ തിരിച്ചെത്തി. ജസീറയെന്ന സ്ത്രീക്കുമാത്രം കഴിയുന്ന ഈ തന്റേടം അവരുടെ നിശ്ചയദാർഢ്യത്തിൽ നിന്നുണ്ടായതാണ്.

ജൂലൈ 19 വരെ സമരം നീണ്ടു. കുട്ടികളുടെ സുരക്ഷിതത്വം പരിഗണിച്ച് സമരത്തിൽ നിന്ന് പിന്മാറാനാവശ്യപ്പെട്ട അധികാരികളോട് "എന്റെ കുട്ടികളുടെ കാര്യത്തിൽ എന്നേക്കാൾ വേദന നിങ്ങൾക്കുണ്ടെങ്കിൽ ഒരു കാര്യം ചെയ്യുമോ? ഒരമ്മയായതുകൊണ്ട് സമരം ചെയ്യാനുള്ള അവകാശം എനിക്കു നഷ്ടപ്പെടുന്നില്ല. സമരം തീരുന്നതുവരെ എന്റെ കുട്ടികളെ ഭരണകൂടം സംരക്ഷിക്കണം. സമരം തീരുമ്പോൾ ഞാൻ തന്നതുപോലെ തിരിച്ചുതരണം."

വലിയ ലോകപരിചയമൊന്നുമില്ലാത്ത പത്താം ക്ലാസ്സ് വിദ്യാഭ്യാസം പോലും പൂർത്തിയാകാത്ത ഈ സ്ത്രീ ഉന്നയിച്ച ഓരോ ചോദ്യവും പ്രസക്തമാണ്. സമരത്തിന്റെ കർതൃസ്ഥാനത്ത് സ്ത്രീ എത്തുമ്പോൾ നേരിടേണ്ടി വരുന്ന നിരവധി പ്രശ്നങ്ങളാണ് അവർ നേരിട്ടത്. തീക്ഷ്ണമായ ജീവിതാനുഭവങ്ങളുടെ മൂശയിൽ ഉരുക്കിയെടുത്ത ഒരു ഭൂതകാലമായിരിക്കാം വിട്ടുവീഴ്ചയില്ലാത്ത സമരപോരാളിയാക്കി അവരെ മാറ്റിയത്.

●





എനിക്ക് സംഘടിത മാസികയുടെ വരിക്കാരി/വരിക്കാരൻ താല്പര്യമുണ്ട്.

| കാലയളവ് | അടക്കേണ്ട തുക | |
|---|---|---|
| ഒരു വർഷം | 150 /-രൂപ | DD No.............................. |

ഇതിനോടൊപ്പം Rs....................................DD/MO അയക്കുന്നു. എന്ന്................................................

മേൽവിലാസം......................................................................................................................

.......................................................................................................പിൻ...............................

മണിഓർഡറുകളും ഡി.ഡി.കളും 'സംഘടിത'യുടെ പേരിൽ താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക:

അന്വേഷി വിമെൻസ് കൗൺസലിങ്ങ് സെന്റർ,

പി.ഒ. കുതിരവട്ടം, കോഴിക്കോട്-673016, ടെലി: 0495-2744370





വി.എം.ഗിരിജ

# അന്നമ്മ പൈകട

**1928** ജനുവരി മൂന്നാം തിയ്യതി കോട്ടയം ജില്ലയിലെ പൂവരണിയിൽ, മംഗലത്തിൽ ചാക്കോ-ഏലിയാമ്മ ദമ്പതിമാരുടെ മകളായി ജനിച്ചു. മുത്തോലി സെന്റ് ജോസഫ്സിൽ നിന്നും എം.എച്ച്.സിയും ടി.ടി.സിയും പാസ്സായി. 1949ൽ സാഹിത്യവിശാരദും. മുപ്പത് വർഷം മലയാളം അധ്യാപികയായി ജോലി ചെയ്തു. അതിൽ ഏറെ വർഷങ്ങളും പാലാ ഗവ.ഹൈസ്ക്കൂളിലാണ് ചിലവഴിച്ചത്.

വളരെ ചെറിയപ്രായം മുതൽ, പ്രതികൂല സാഹചര്യങ്ങളിൽ പോലും കവിതയോടും അക്ഷരശ്ലോകത്തോടുമുള്ള താത്പര്യം പ്രകടിപ്പിച്ചിരുന്നു. ഛന്ദോബദ്ധവും ലളിതവുമായ കവിതകളിലൂടെ തനതായ ശൈലി ആവിഷ്കരിച്ചു. ഗവൺമെന്റ് സർവ്വീസിൽ നിന്നും വിരമിച്ച ശേഷമാണ് ആദ്യകാല കവിതകൾ പ്രകാശനം ചെയ്തത്.

പാലാ സഹൃദയസമിതിയിലും കട്ടക്കയം കവിസദസ്സിലും സജീവമായിരുന്നു. നിമിഷകവിതകൾ എഴുതുന്നതിലും അക്ഷരശ്ലോകത്തിലും സമസ്യാപൂരണത്തിലും മികവ് കാട്ടി. നളചരിതം ആട്ടക്കഥ കാണാപ്പാഠമായിരുന്നു.

മധുരാക്ഷരമന്ത്രം, രാഗസൗഗന്ധികം, നീ അധികമാകുന്നു, നിന്നെ പിന്നെ കണ്ടോളാം (ബാലസാഹിത്യം), ദിവ്യസാന്ത്വനം, സ്പന്ദനം, വാടാമലർ, നിരന്തരം, അഭിജാതം എന്നിവയാണ് പ്രധാന കൃതികൾ. ഭർത്താവ്: കവിയും സംസ്കൃത പണ്ഡിതനുമായിരുന്ന തോമസ് പൈകട, മക്കൾ : ജോസ് പൈകട, അലക്സ് പൈകട. ശ്രീമതി.അന്നമ്മ പൈകട 2010 ഒക്ടോബർ 19ാം തിയ്യതി നിര്യാതയായി.

2004 ജൂൺ മാസത്തിൽ പുറത്തിറങ്ങിയ 'ദിവ്യസാന്ത്വനം' എന്ന കാവ്യപുസ്തകം രചിച്ച അന്നമ്മ പൈകടയെപ്പറ്റി 2011ൽ മാത്രമേ ഞാൻ കേട്ടിട്ടുള്ളൂ. ഈ പുസ്തകത്തിന് മുൻപും പിൻപുമായി അവർ പ്രസിദ്ധീകരിച്ച നിരന്തരം, അഭിജാതം, രാഗസൗഗന്ധികം, മധുരാക്ഷരമന്ത്രം, ഒരുപിടി കവിതകൾ (പലരുടെ കവിതകളുടെ സമാഹാരം) എന്നീ പുസ്തകങ്ങൾ കൂടി വായിച്ചു. ഇനിയും ഉണ്ട് ചില കാവ്യപുസ്തകങ്ങൾ കൂടി. ഞാൻ വായിച്ച കൃതികളിൽ തന്നെ പല കവിതകളും പല പുസ്തകങ്ങളിലും ആവർത്തിച്ച് പ്രത്യക്ഷപ്പെടുന്നു.

ഈ കൃതികൾക്കുവേണ്ടി കൈനകരി ഷാജി, ഏറ്റുമാനൂർ സോമദാസൻ, പ്രൊഫ.എം.ജി.ബാബുജി എന്നിവർ എഴുതിയ നല്ല ആമുഖക്കുറിപ്പുകളും പ്രത്യേകം പ്രസ്താവ്യമാണ്. അതുപോലെ തന്നെ ദിവ്യസാ

ന്ത്വനം എന്ന ഗ്രന്ഥത്തിന് പ്രൊഫ. മാത്യു ഉലകംതറ എഴുതിയ ആമുഖവും സുന്ദരവും സാരവത്തുമാണ്. ഇവയെല്ലാം വായിച്ച് കഴിഞ്ഞാൽ ഇതെഴുതിയ അന്നമ്മ പൈകട എന്ന കവി ഏറെ ശ്രദ്ധിക്കപ്പെടാതെ പോയത് നമ്മെ അമ്പരപ്പിക്കാതിരിക്കില്ല.

അനായാസമായ, പദസമ്പത്ത് വന്നു നിരക്കുന്ന രചനാരീതിയും സംഗീതാത്മകതയുമാണ് ആമുഖകാരന്മാരിൽ പലരും അന്നമ്മ പൈകടയുടെ രചനയുടെ സവിശേഷതയായി എടുത്തുകാണിച്ചിട്ടുള്ളത്. 'എനിക്ക് പറയാനുള്ളത്' എന്ന പേരിൽ അന്നമ്മപൈകട പല പുസ്തകങ്ങൾക്കും എഴുതിയ (ഒരേ) ആമുഖക്കുറിപ്പിൽ പൂർണ്ണതക്കായുള്ള ദാഹവും, ഒഴുകിവരുന്ന വാക്കുകളുമാണ് തന്റെ സർഗ്ഗാത്മകതയുടെ ധാര എന്ന് അടിവരയിട്ടു പറഞ്ഞിട്ടുണ്ട്. ആർഷസംസ്ക്കാരത്തിന്റെ ഉദാത്തമേഖലകളെ സ്പർശിക്കാനാണ് താൻ ശ്രമിക്കുന്നത് എന്നും.

1928ൽ ജനിച്ച അന്നമ്മ പൈകട ദേശീയതയുടെ പ്രവാഹത്തിൽ ഒലിച്ചു പോവാത്തത് ചെറുപ്രായവും കുടുംബഭാരവും കൊണ്ട് മാത്രമാണ് എന്ന് അവരുടെ സദ്യഃപ്രതികരണക്ഷമമായ സ്വത്വം മനസ്സിലാക്കിയാൽ, നാം വിചാരിച്ച് പോവും. അല്പം കാലം മാറിയിരുന്നെങ്കിൽ, കുടുംബ, ഉദ്യോഗ ജീവിതത്തിനൊപ്പം സർഗ്ഗാത്മകതയേയും കുറേക്കൂടെ ഉജ്ജ്വലിപ്പിക്കാൻ ഇവർക്ക് കഴിഞ്ഞേനെ. ദിവ്യസാന്ത്വനം എന്ന കവിതാസമാഹാരത്തിന് ഗ്രന്ഥകർത്രി വേറെ ഒരാമുഖം എഴുതീട്ടുണ്ട്. “നിമിഷകവിതകൾ എഴുതിക്കൊണ്ടിരിക്കുന്ന അനുഗ്രഹത്തിന്റെ കാലമായിരുന്നത് കൊണ്ട് പെട്ടെന്നെഴുതാൻ സാധിച്ചു.” സി.ജെ.മാടപ്പാട്ട് മെമ്മോറിയൽ ബൈബിൾ കവിതാരചനാമത്സരത്തിന് വേണ്ടി 18 ദിവസം കൊണ്ടാണ് 24 കവിതകൾ അന്നമ്മ പൈകട എഴുതുന്നത്

ആമുഖം എഴുതിയ മാത്യു ഉലകംതറ ഗ്രന്ഥകർത്രിയുടെ ''മുൻകാലകവിതകൾക്കാണ് മാർക്കിടുന്നത്” എന്ന് എഴുതിയിരിക്കുന്നു. 'സുശക്ത വികാരങ്ങളുടെ നൈസർഗ്ഗിക പ്രവാഹമാണ് കവിത.'' എന്ന് വേർഡ്സ് വർത്ത് നൽകിയ നിർവചനമനുസരിച്ച് നോക്കിയാൽ നിർണ്ണീതമായ പ്രമേയം വെച്ചു രചിക്കപ്പെട്ട ഈ ഗ്രന്ഥത്തിന് മറ്റു കവിതകളേക്കാൾ കൂടുതൽ അദ്ദേഹത്തിന് മാർക്കിടാൻ പറ്റുന്നില്ല!

**ക്രിസ്തുവിന്റെ ജീവിതചരിത്രം കാലഗണനയനുസരിച്ച് പറഞ്ഞു പോവുകയല്ല, ബൈബിളിൽ കാണുന്ന ക്രിസ്തുജീവിതത്തിലെ സാരവത്തായ ചില സന്ദർഭങ്ങൾ പുതുജീവിതവുമായി ചേർത്ത് അടയാളപ്പെടുത്തുകയാണ് അന്നമ്മ പൈകട.**

എന്നാൽ എന്റെ കൈയിലുള്ള എല്ലാ അന്നമ്മ പൈകട കവിതകളിലും വെച്ച് എനിക്ക് ഏറ്റവും നല്ല കാവ്യാനുഭവം നൽകിയത് ദിവ്യസാന്ത്വനമാണ്. നമ്മുടെ കവിതാസാഹിത്യചരിത്രത്തിലെ പ്രശസ്തമായ പല ഖണ്ഡകാവ്യങ്ങളോടും ഒപ്പം ഇരിക്കാൻ യോഗ്യമാണ് അന്നമ്മപൈകടയുടെ ദിവ്യസാന്ത്വനം.

ക്രിസ്തുവിന്റെ ജീവിതചരിത്രം കാലഗണനയനുസരിച്ച് പറഞ്ഞു പോവുകയല്ല, ബൈബിളിൽ കാണുന്ന ക്രിസ്തുജീവിതത്തിലെ സാരവത്തായ ചില സന്ദർഭങ്ങൾ പുതുജീവിതവുമായി ചേർത്ത് അടയാളപ്പെടുത്തുകയാണ് അന്നമ്മ പൈകട.

ക്രിസ്തുജീവിതം കലയിലും സാഹിത്യത്തിലും ഒരു നിരന്തര പ്രചോദന കേന്ദ്രമാണ്. ഒടുങ്ങാത്ത ഒരു പ്രമേയകേന്ദ്രമാണ്. മാത്രമല്ല സർഗ്ഗാത്മകതയെ പുതുവഴികളിലൂടെ സഞ്ചരിക്കാൻ പ്രേരിപ്പിക്കുന്ന ക്ലാസിക് കൃതിയാണ് ബൈബിളും ക്രിസ്തുജീവിതവും. നിരവധി ഭാഷകളിൽ നോവലുകൾ, കവിതകൾ, നാടകങ്ങൾ, സിനിമകൾ എന്നിവ കൂടാതെ കലാരംഗത്ത് ചിത്രങ്ങൾ, ശില്പങ്ങൾ, ഗാനങ്ങൾ, നൃത്തരൂപങ്ങൾ തുടങ്ങി യേശുജീവിതം എത്ര തവണ ഏതൊക്കെ തരത്തിൽ പകർത്തപ്പെട്ടിട്ടുണ്ട് എന്ന് പറയാൻ കഴിയില്ല.

ചിരന്തനമെങ്കിലും നിത്യനൂതനമാണ് യേശുവിന്റെ കഥ. ഇതിനെ വ്യാഖ്യാനിക്കാനോ വ്യത്യസ്തവഴിയിലൂടെ സഞ്ചരിക്കാനോ അന്നമ്മ പൈകട ശ്രമിച്ചിട്ടില്ല. എന്നാൽ ഭാവിയുടെ, നമ്മുടെ കവിതാചരിത്രത്തിന്റെ ദ്രാവിഡ, സംസ്കൃതവൃത്തങ്ങളുടെ വഴിയിലേക്ക് അതിനെ ലയിപ്പിച്ചു ചേർക്കാൻ അവർക്ക് കഴിഞ്ഞിട്ടുണ്ട്. കവിതയിലല്ലായിരുന്നു എങ്കിൽ ഈ രചനകൾ ഇത്ര ആകർഷകമാവുകയില്ലായിരുന്നു തീർച്ച.

ലോകത്തിന്റെ നന്മതിന്മകൾ, പുതുകാലം ലോകത്തിന് മുന്നിൽ നിക്ഷേപിച്ചു പോവുന്ന എത്രയോ വെല്ലുവിളികൾ, ചരിത്രത്തിന്റെ ഭാഗമെങ്കിലും പുതുതായി എന്നും അരങ്ങേറപ്പെടുന്ന ചതികൾ, വഞ്ചനകൾ, ഒറ്റുകൊടുക്കലുകൾ, രാഷ്ട്രവും വ്യക്തിയും നീതിവ്യവസ്ഥയും സൃഷ്ടിക്കുന്ന നൂലാമാലകൾ, കണ്ണീര്, അളവില്ലാത്ത സ്നേഹം എന്നിവയെ ക്രിസ്തുകഥയിലൂടെ പുനരാവിഷ്കരിച്ചിരിക്കുകയാണ് അന്നമ്മ പൈകട. അതവരെ ഒരുപാട് സന്തോഷിപ്പിച്ചിട്ടുണ്ട്, ആലോചിപ്പിച്ചിട്ടുണ്ട്. ഒഴിവുനേരങ്ങളിലോ കർമ്മരംഗത്ത് മുഴുകുമ്പോൾ തന്നെ സമാന്തരമായോ, ഈ ലോകഗതിയെക്കുറിച്ചും ക്രിസ്തുജീവിതത്തിന്റെ ആത്മീയതയെക്കുറിച്ചും അന്നമ്മ പൈകട നിരന്തരം മനസ്സ് നൽകി അപഗ്രഥി

ച്ചിട്ടുണ്ട് എന്നതിന് തെളിവാണീ രചനകളുടെ ഘടന.

ഒരു മത്സരത്തിനുവേണ്ടി 18 ദിവസം കൊണ്ട് പടച്ചുണ്ടാക്കിയ വൃത്തനിബദ്ധമായ കഥപറച്ചിലല്ല. മറിച്ച് വാക്കുകളുടെ പ്രകാശത്തിലൂടെയും ഇരുട്ടിലൂടേയും തന്റെ മനസ്സിലെ ക്രിസ്തുവിനെ പുനർനിർമ്മിക്കുന്ന കലയാണ് ഇതിന്റെ രചനയിൽ കാണുക.

മാത്രമല്ല വിഷാദം, ദുഃഖം, വിശുദ്ധി, പീഡനം, ധർമ്മം, സത്യം തുടങ്ങി ആത്മീയ സർഗ്ഗാത്മക മണ്ഡലങ്ങളിലെ നിത്യനൂതന പ്രമേയങ്ങളും ഇതിലുണ്ട്.

പുഷ്പിതാഗ്രയിൽ എഴുതപ്പെട്ട ഗദ്സമാനിലെ യേശു എന്ന 18ാംഖണ്ഡം സുന്ദരമാണ്. ആശാന്റെ ലീലയിലെ ചില ശ്ലോകങ്ങൾ ഓർമ്മിപ്പിക്കുന്നു ഇത്. ''വരിക ഹൃദയനാഥ വൈകികാൺമാൻ" (ലീല:കുമാരനാശാൻ) എന്നീ വരികളെ ഓർമ്മിപ്പിക്കുന്നു.

''വരികസകലനാഥവേനിൻ നിൻ

തിരുവടി കൂപ്പിയണഞ്ഞിടുന്നു ഞങ്ങൾ

ഒരു തുണയിഹ ജീവയാത്രയിൽ നീ–

യരുളുക നേർവഴി തെറ്റിടാതെയെന്നും" തുടങ്ങിയ ശ്ലോകങ്ങളും ഉണ്ട്. എന്നാൽ ഒന്നും അനുകരണമായോ ജീവനില്ലാത്തതായോ തോന്നുന്നില്ല. ഉദയാസ്തമയങ്ങളും നട്ടുച്ചയും ഇരുട്ടും എല്ലാം കവിമനസ്സിൽ നിന്ന് ഇറങ്ങി വന്ന്, ഈ ഖണ്ഡകാവ്യത്തിൽ, മനുഷ്യജീവിതസമസ്യയായി പുനരാവിഷ്കരിക്കപ്പെടുകയാണ്. അതുകൊണ്ടാണ് പ്രശ്നക്കാരല്ലാത്ത പ്രസാധകർ, ശ്രദ്ധകൊടുക്കാതെ സമാഹരിച്ച അന്നമ്മ പൈകടയുടെ പല കവിതാസമാഹാരങ്ങളും ഈ പുസ്തകവും ചേർത്തുവെച്ച് ഞാൻ അമ്പരക്കുന്നത്. അധ്യാപികയും വീട്ടമ്മയുമായി തിരക്കിട്ട ജീവിതം നയിച്ചിട്ടും കവിതയെ എപ്പോഴും കൂടെ കൊണ്ടു നടക്കാൻ അവർക്ക് എങ്ങനെ സമയവും മനസ്സും കിട്ടി? സർഗ്ഗാത്മക

"തന്റെ ഏകാന്തനിമിഷങ്ങൾക്ക് അനിർവചനീയമായ അനുഭൂതി പകർന്ന സർഗ്ഗതാളങ്ങളാണ് ഈ കവിതകൾ."
"പൂർണ്ണതയെ എത്തിപ്പിടിക്കുവാനുള്ള ആത്മാവിന്റെ അദമ്യവും പരിപാവനവുമായ അഭിനിവേശമാണീ കവിതകൾ." എന്നൊക്കെ അന്നമ്മ പൈകട തന്നെ എഴുതിയ വരികൾ അവർക്ക് ഏറ്റവും വിലപ്പെട്ട ഒന്നായിരുന്നു സ്വന്തം കവിതകൾ എന്നറിയിക്കുന്നു

തയുടെ ഒരു ഉറവ അവർ ദീർഘകാലം വറ്റിപ്പോകാതെ സൂക്ഷിച്ചു.

"തന്റെ ഏകാന്തനിമിഷങ്ങൾക്ക് അനിർവചനീയമായ അനുഭൂതി പകർന്ന സർഗ്ഗതാളങ്ങളാണ് ഈ കവിതകൾ."

"പൂർണ്ണതയെ എത്തിപ്പിടിക്കുവാനുള്ള ആത്മാവിന്റെ അദമ്യവും പരിപാവനവുമായ അഭിനിവേശമാണീ കവിതകൾ." എന്നൊക്കെ അന്നമ്മ പൈകട തന്നെ എഴുതിയ വരികൾ അവർക്ക് ഏറ്റവും വിലപ്പെട്ട ഒന്നായിരുന്നു സ്വന്തം കവിതകൾ എന്നറിയിക്കുന്നു.

സ്വന്തം സർഗ്ഗാത്മകത വറ്റിപ്പോകാതെ കാത്തുസൂക്ഷിക്കാൻ പഴയ കാലത്ത് സ്ത്രീകൾക്ക് ബുദ്ധിമുട്ടായിരുന്നു. ഗൃഹഭരണം, ജോലി, ശിശുപരിപാലനം എന്നിവയെല്ലാം കഴിഞ്ഞേ എന്തെങ്കിലും എഴുതാൻ സ്ത്രീകൾ പുറപ്പെട്ടിരുന്നുള്ളൂ. കുടുംബം, മതം, സമൂഹം തുടങ്ങിയ ഓരോരോ ഇടങ്ങളും സ്ത്രീയുടെ ഒരുപാട് ഊർജ്ജം ആവശ്യപ്പെട്ടിരുന്നു. എന്നിട്ടും ഇത്തരം കവിതകൾ എഴുതിയ അന്നമ്മ പൈകടയെ ജീവിച്ചിരിക്കുമ്പോൾ മനസ്സിലാക്കാത്തതിലും എനിക്ക് വിഷമം തോന്നുന്നുണ്ട്.

ഒരുപാട് കാര്യങ്ങൾ വായനക്കാരും എഴുത്തുകാരുമായി അവർക്ക് പങ്കുവെക്കാൻ ഉണ്ടാവുമായിരുന്നു എന്ന് എനിക്ക് തീർച്ചയാണ്. രചനാരീതി, വ്യക്തിജീവിതവും എഴുത്തുജീവിതവും അവർ പൊരുത്തപ്പെടുത്തിയ വിധം എന്നിവയൊക്കെ അടയാളപ്പെടുത്തുന്നത് സ്ത്രീരചനകളുടെ സാമൂഹ്യവും സർഗ്ഗാത്മകവുമായ പല അടരുകളേയും പഠിക്കാനും സഹായിക്കുമായിരുന്നു.

അതിനു പുറമേ, ചങ്ങമ്പുഴയുടേത് പോലിരിക്കുന്ന ലഘുകവിതകളേക്കാൾ ദിവ്യസാന്ത്വനമാണ് കവി എന്ന നിലയിൽ അന്നമ്മ പൈകടയുടെ വളർച്ചയും പാകതയും വെളിവാക്കുന്നത് എന്നും ശ്രദ്ധിക്കണം. കവിതയും അക്ഷരശ്ലോകവും സമസ്യാപൂരണവുമായി വാക്കുകളെ നല്ലപോലെ മെരുക്കിയെടുക്കുന്ന ഒരു കവിതാപാരമ്പര്യമാണ് ഈ രചനകളിൽ കാണുന്നത്. വാക്കിന്റെ വൈഭവം എന്ന ഒരു കവിത തന്നെ എഴുതിയിട്ടുണ്ട് അവർ.

"കവിതയിലും ജീവിതത്തിലും തെളിനീരൊഴുക്കുകൾ വറ്റുന്ന ഇക്കാലത്ത് അന്നമ്മപൈകടയുടെ കറ തീർന്ന കവിത ഹൃദയവിശ്രാന്തി തരുന്നു" എന്ന് പ്രശസ്തകവി ഏറ്റുമാനൂർ സോമദാസൻ എഴുതിയിരിക്കുന്നു. (അഭിജാതം എന്ന കാവ്യസമാഹാരത്തിന്റെ അവതാരിക). അത്തരത്തിൽ ഒന്നായിരിക്കും സൂക്ഷ്മമായി ശ്രദ്ധിച്ച് തെരഞ്ഞെടുത്ത് കാലനുക്രമമായി അന്നമ്മ പൈകടയുടെ രചനകൾ സമാഹരിച്ചാൽ കൈവരിക. പിൻഗാമികൾ അതിന് ശ്രമിക്കട്ടെ എന്ന പ്രാർത്ഥനയോടെ ഈ ചെറുകുറിപ്പ് നിർത്തുന്നു. ●

ലേഖനം



*ജനാധിപത്യത്തിൽ ഊന്നുന്ന ഭാഷാരീതിയെ ഏറ്റവും കൂടുതൽ അഭിസംബോധന ചെയ്യുന്ന എഴുത്തുകാരിയാണ് സാറാജോസഫ്. പെണ്ണെഴുത്ത് എന്ന സങ്കല്പനത്തിൽ ഭാഷ പ്രതിനിധീകരിക്കുന്ന ജനാധിപത്യപരമായ പ്രാധാന്യത്തെ എന്നും തിരിച്ചറിഞ്ഞിട്ടുള്ളവയാണ് സാറാജോസഫിന്റെ ആഖ്യാനസന്ദർഭങ്ങൾ.*

# പെൺമൊഴിയുടെ രാഷ്ട്രീയം



**ഡോ.ആർ.ശ്രീലതാവർമ്മ**

**ഭാഷക്ക്** സംസ്കാരവുമായുള്ള ബന്ധം അതിസൂക്ഷ്മമാണ്. ദേശവും സ്വത്വവും ഭാഷയെ നിർണ്ണയിക്കുന്നതുപോലെ ഭാഷ, ദേശത്തേയും സ്വത്വത്തേയും നിർണ്ണയിക്കുന്നുണ്ട്. അധികാരത്തിന്റെ അഥവാ ആധിപത്യത്തിന്റെ രീതികളെ ചെറുക്കാനുള്ള മൂർച്ചയേറിയ ഉപകരണവും മനുഷ്യരെ സംബന്ധിച്ച് ഭാഷയല്ലാതെ മറ്റൊന്നുമല്ല. സ്ത്രീഭാഷ എന്നോ പുരുഷഭാഷ എന്നോ ഉള്ള വേർതിരിവുകൾ ഭാഷയിൽ കൊണ്ടുവരേണ്ടതില്ല. പക്ഷേ, സ്ത്രീയുടെ അനുഭവലോകം ആവിഷ്കരിക്കാൻ വ്യവസ്ഥാപിതഭാഷാരീതികൾ അപര്യാപ്തങ്ങളാകുന്ന സന്ദർഭങ്ങളുണ്ട്. ആധിപത്യത്തിന്റേയും അധീനതയുടേയും ഉയർച്ച താഴ്ചകളെ കുറിക്കുന്ന തട്ടുകളിൽ നിന്നുകൊണ്ടാണ് പുരുഷനും സ്ത്രീയും ഭാഷ ഉപയോഗിക്കേണ്ടത് എന്നൊരു കീഴ്വഴക്കം നമ്മുടെ സമൂഹത്തിലുണ്ട്. ജനാധിപത്യത്തിൽ ഊന്നുന്ന ഭാഷാരീതിയെ ഏറ്റവും കൂടുതൽ അഭിസംബോധന ചെയ്യുന്ന എഴുത്തുകാരിയാണ് സാറാജോസഫ്. പെണ്ണെഴുത്ത് എന്ന സങ്കല്പനത്തിൽ ഭാഷ പ്രതിനിധീകരിക്കുന്ന ജനാധിപത്യപരമായ പ്രാധാന്യത്തെ എന്നും തിരിച്ചറിഞ്ഞിട്ടുള്ളവയാണ് സാറാജോസഫിന്റെ ആഖ്യാനസന്ദർഭങ്ങൾ.

സ്വന്തം അനുഭവങ്ങളെ സ്വന്തം ഭാഷയിലല്ലാതെ മറ്റെന്തിലാണ് എഴുത്തുകാരി അവതരിപ്പിക്കുക? സ്വന്തം ഭാഷ എന്ന് വിച്ഛേദിക്കുമ്പോഴാണ് ഇവിടെ എന്തെല്ലാം പരിമിതികളുണ്ടെന്ന് നമ്മൾ ചിന്തിച്ചുതുടങ്ങുന്നത്. പുരുഷാധിപത്യസമൂഹത്തിന്റെ സൃഷ്ടിയായ അധികാരമുദ്രകൾ പതിഞ്ഞുകിടക്കുന്ന വ്യവസ്ഥാപിത ഭാഷാരൂപങ്ങൾ വഴി സ്ത്രൈണാനുഭവങ്ങൾക്ക് മൂർത്തത നൽകാൻ കഴിയില്ല. ഈ പരമാർത്ഥം തിരിച്ചറിയപ്പെടാൻ തുടങ്ങിയിട്ട് ഏറെക്കാലമായിട്ടില്ല. സ്ത്രീയെ പരിമിതപ്പെടുത്താനും

അവൾക്ക് രണ്ടാംകിട പൗരത്വം ഉറപ്പുവരുത്താനുമുള്ള പുരുഷാധിപത്യസമൂഹത്തിന്റെ പരിശ്രമങ്ങൾ ഒരു തുടർച്ചയായി നമ്മുടെ വ്യവഹാരങ്ങളിൽ നിലനിൽക്കുന്നുണ്ട്. അധീശത്വത്തിന്റെ അടയാളങ്ങൾ പേറുന്ന ഭാഷ, ഒരു ഔദാര്യം പോലെയാണ് സമൂഹം സ്ത്രീക്കു നേരെ വെച്ചുനീട്ടുന്നത്. സ്ത്രൈണസത്തയെ സ്വഭാവപരമായും സാംസ്കാരികമായും അവതരിപ്പിക്കുന്നതിൽ ഈ ഭാഷ പരാജയപ്പെടുന്നുണ്ട്. വിധേയത്വം, ദുർബലത, ലജ്ജ, അധീരത ഇവയെല്ലാം സ്ത്രൈണസത്തയുടെ മുഖമുദ്രകളാണെന്ന് വിധികൽപ്പിച്ചിട്ടുള്ള സമൂഹം, പെൺമൊഴിയിൽ നിന്ന് പ്രതീക്ഷിക്കുന്നതും ഇപ്പറഞ്ഞ ധർമ്മങ്ങളോ, രീതികളോ ആണ്.

എഴുത്ത് ഏതർത്ഥത്തിലും ഒരു സ്വയം നവീകരണപ്രക്രിയയാണ്. ഉപയോഗിച്ചു പഴകിയ വാക്കുകളും വാക്യഘടനാരീതികളും ആവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ ഈ സ്വയം നവീകരണം സാധ്യമാകുകയില്ല. അപ്പോൾ, സ്വയം പുതുക്കിപ്പണിയലിന്റെ ഭാഗം എന്ന നിലക്കും സ്ത്രീക്ക് നിലവിലുള്ള ഭാഷയെ പൊളിച്ചെഴുതേണ്ടതുണ്ട് എന്നുവരുന്നു. 'ആലാഹയുടെ പെൺമക്കൾ' എന്ന തന്റെ നോവലിൽ ഭാഷയുടെ പുരുഷാധിപത്യ സ്വഭാവം വ്യക്തമാക്കാനും അത് ജനാധിപത്യപരമാവുക എന്നതിന്റെ അനിവാര്യത ചൂണ്ടിക്കാട്ടാനും സാറാജോസഫ് ശ്രമിക്കുന്നുണ്ട്. ആനി എന്ന ചെറിയ പെൺകുട്ടിയുടെ മനസ്സിൽ ഭാഷ സൃഷ്ടിക്കുന്ന അങ്കലാപ്പുകൾ കുറച്ചൊന്നുമല്ല. 'ആലാഹയുടെ പെൺമക്കളി' ലെ ഒരു സന്ദർഭം ഇപ്രകാരമാണ്.

"പെണ്ണുങ്ങൾ ഉത്പതിഷ്ണുക്കളല്ല എന്നാണ് കുട്ടിപ്പാപ്പൻ പറഞ്ഞത്. ഇതാണ് കുട്ടിപ്പാപ്പന്റെ ഒരു കുഴപ്പം. ആരോഗ്യമുള്ള ദിവസങ്ങളിൽ അതിഭയങ്കരങ്ങളായ വാക്കുകൾ ഉപയോഗിച്ച് സംസാരിക്കും. ആനിക്ക് കുട്ടിപ്പാപ്പനോടുള്ള മുഴുവൻ സ്നേഹവും വെച്ചുകൊണ്ടു

*എഴുത്ത് ഏതർത്ഥത്തിലും ഒരു സ്വയം നവീകരണപ്രക്രിയയാണ്. ഉപയോഗിച്ചു പഴകിയ വാക്കുകളും വാക്യഘടനാരീതികളും ആവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ ഈ സ്വയം നവീകരണം സാധ്യമാകുകയില്ല.*

തന്നെ ആ വാക്ക് ഇഷ്ടമായില്ല. വളരണം, ഉയരണം എന്നൊക്കെ ചിന്തിക്കുന്നവരാണ് ഉത്പതിഷ്ണുക്കളെന്ന് കുട്ടിപ്പാപ്പൻ വിശദീകരിച്ചു. ആനിക്ക് ആ വാക്ക് അവളെ കഷണം കഷണമാക്കുന്നതുപോലെയാണ് അനുഭവപ്പെട്ടത്." ('ആലാഹയുടെ പെൺമക്കൾ' , പുറം 28) വടിവൊത്ത ഭാഷ, ഭാഷയുടെ തനിമകളേയും സ്വത്വത്തേയും ശിഥിലമാക്കുന്നതെങ്ങനെ എന്നതിന് ഉദാഹരണമാണ് ഈ സന്ദർഭം. ആനിയുടെ കുഞ്ഞുമനസ്സ് വടിവൊത്തഭാഷയെ നിരാകരിക്കുന്നതിനു കാരണം അതിന്റെ കൃത്രിമത്വമാണ്. അനുഭവക്ഷമതയുള്ള ആവിഷ്കാരം സാധ്യമാകണമെങ്കിൽ, എഴുത്തുകാരിയെ സംബന്ധിച്ച് കൃത്രിമത്വങ്ങൾ വെടിയാതെ നിവൃത്തിയില്ല. സഹജവും ജൈവവുമായ അനുഭൂതിപരമ്പരകൾക്ക് വാങ്മയരൂപം നൽകാനാണ് ഇന്നത്തെ എഴുത്തുകാരി ശ്രമിക്കുന്നത്. ഉടമ/അടിമ ഭേദം മാഞ്ഞുപോകുന്നിടത്താണ് ഭാഷക്കും എഴുത്തിനും കരുത്ത് കൈവരുന്നത്.

സ്ത്രീകളും കീഴാളരും ഗർഹണീയരാണെന്നു വിധിച്ചിട്ടുള്ള സ്മൃതിയെ കുമാരനാശാൻ തന്റെ 'ചിന്താവിഷ്ടയായ സീത'യിൽ എടുത്തുപറഞ്ഞു വിമർശിച്ചിട്ടുണ്ട്. സ്ത്രീത്വവും കീഴാളത്തവും ഭാഷയിൽ പതിച്ചുനൽകുന്ന കരുത്തിനെ സാറാജോസഫ് 'തായ്കുലം' എന്ന കഥയിൽ ശൂർപ്പണഖയുടെ വാക്കുകളിലൂടെ പകർന്നുതരുന്നത് ഇപ്രകാരമാണ്:-

"ഇന്റെ കാനകത്തിന് ഒരാണും ഒരു പെണ്ണിനോടും ഈ കൊട്മ കാട്ടീട്ടില്യ. പെണ്ണ് കാമം കൊണ്ടുലർന്ന് വരുമ്പോ ആവതില്ലെങ്കില് ഒടപ്പെറന്നോൾക്ക് ചേർന്ന വാക്ക് പറഞ്ഞ് വേറൊരിടം ചൂണ്ടിവിടും. തായ്മേനി തരിശാക്കാൻ രാവണപ്പെര്മാള് വാളെട്ത്തിട്ടില്യാ. പെണ്ണിന്റെ വടിവും കോലോം കെട്ത്തി ഇന്റെ കുലത്തിലാരും വീരനായിട്ടില്യ"

(തായ്കുലം, പുതുരാമായണം പുറം - 58, 59)

തനത് ഭാഷാരൂപത്തിൽ ശൂർപ്പണഖയെ കേന്ദ്രീകരിച്ച് നിലനിന്നിരുന്ന യാഥാസ്ഥിതികവീക്ഷണത്തെ തകർക്കാനും പുതിയൊരു മൂല്യസങ്കല്പം അവതരിപ്പിക്കാനുമുള്ള ശ്രമം ഇവിടെയുണ്ട്. സ്ത്രീയെ സംബന്ധിച്ച് പല മൂല്യവ്യവസ്ഥകളും മറിച്ചിടേണ്ടതുണ്ട്. പലതും തലകീഴായിത്തീരുന്ന അനുഭവമുണ്ട്. ഇതിനെല്ലാം ഇണങ്ങിയ ഭാഷ മാത്രമേ എഴുത്തുകാരിക്ക് ഉപയോഗിക്കാനാകൂ എന്നതാണ് വസ്തുത.

പെൺമൊഴിയുടെ രാഷ്ട്രീയവും സാമൂഹികവുമായ പ്രാധാന്യം തിരിച്ചറിഞ്ഞിട്ടുള്ള എഴുത്തുകാരിയാണ് സാറാജോസഫ്. ലിംഗനീതിയും ലിംഗരാഷ്ട്രീയവും പ്രതിഫലിപ്പിക്കാത്ത ഭാഷ, സ്ത്രീയെ സംബന്ധിച്ച് മൃതഭാഷയാണ്. അത്തരം മൃതഭാഷയെ എഴുത്തുകാരി സർഗാത്മകതയിലൂടെ അതിജീവിക്കുന്നു, സ്വന്തമായ ഭാഷ സൃഷ്ടിച്ചുകൊണ്ട്. ആൺമൊഴിയിലല്ല, പെൺമൊഴിയിലാണ് ഇന്നത്തെ സ്ത്രീ സംസാരിക്കുന്നത്. ഭാഷ അവൾക്ക് പ്രതിരോധത്തിനും അതിജീവനത്തിനുമുള്ള ഉപാധിയാണ്. സത്തയും സത്യവുമാണ്.

*(2013 മാർച്ച് 8 അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് ആകാശവാണി തൃശൂർ നിലയം പ്രക്ഷേപണം ചെയ്തത്.)* ●



ലേഖനം

# മാനിഷാദാ...



ലിജി ഷംനാദ്

**കുഴൽ** കൊണ്ട് കാൽ തല്ലിയൊടിച്ചു... കരഞ്ഞപ്പോൾ നെഞ്ചിൽ തൊഴിച്ചു... കൗമാരക്കാരിയായ മകളെ പീഡിപ്പിച്ച ശേഷം വില്പനച്ചരക്കാക്കി പിതാവ്, കൂട്ടിനു മാതാവും! മരണാസന്നനായ മകന് സ്വന്തം ആയുസ് നൽകിയ ബാബറെന്ന ചക്രവർത്തിയുടെ നാടല്ലിത്! ഉണ്ണിക്കണ്ണനെ പോറ്റിയ യശോദയെന്ന പോറ്റമ്മയുടെ നാടല്ലിത്!

കവി പാടിയതുപോലെ,

"കെട്ടി മറയ്ക്കൊല്ലെൻ പാതിനെഞ്ചം
കെട്ടി മറയ്ക്കൊല്ലേ എന്റെ കയ്യും
എന്റെ പൊന്നോമന കേണിടുമ്പോൾ
എന്റെ അടുത്തേക്ക് കൊണ്ടുപോരു
ഈ കൈയ്യാൽ കുഞ്ഞിനെ ഏറ്റുവാങ്ങി
ഈ മുലയൂട്ടാൻ അനുവദിക്കൂ"

നറുമലർ വിളക്കായി നിൽക്കുന്ന അമ്മമാരുടെ നാടല്ലിത്.

പിതാവിന്റെ, രണ്ടാനമ്മയുടെ, ബന്ധുക്കളുടെ, അദ്ധ്യാപകരുടെ, സമൂഹത്തിന്റെ.... കുട്ടികളുടെ നേർക്കുള്ള ക്രൂരതയും പീഡനവും തുടർക്കഥകളായി മാറിയിരിക്കുകയാണ് ഈ പ്രബുദ്ധ കേരളത്തിൽ. കുഞ്ഞുങ്ങൾക്ക് നേരെയുള്ള പീഡനം സമൂഹത്തിന്റെ എല്ലാ തുറകളിലും ജാതിമത ദേശഭാഷാഭേദമെന്യേ നൂറ്റാണ്ടുകളായി നിലനിൽക്കുന്നുണ്ട്. മനുഷ്യാവകാശനിയമങ്ങൾക്ക് വിരുദ്ധമായി ചിലപ്പോഴൊക്കെ സാമൂഹികമായ അംഗീകാരത്തോട് കൂടിയതാണ് ഈ പീഡനങ്ങൾ. സാമൂഹ്യ വ്യവസ്ഥ ഏതായാലും ഈ ശിക്ഷകളെ സമൂഹം പാരമ്പര്യത്തിന്റെയോ അച്ചടക്കത്തിന്റെയോ പേരിൽ അംഗീകരിക്കുന്നു. കുഞ്ഞുങ്ങൾക്ക് ശിക്ഷനൽകി വളർത്തുന്നത് നമ്മുടെ സമൂഹത്തിൽ അംഗീകരിച്ച നടപടിയാണ്. 'ഒന്നാണേലും ഉലക്കകൊണ്ടടിച്ചു വളർത്തണ'മെന്നാണല്ലോ പഴഞ്ചൊല്ലുതന്നെ. എന്നാൽ ഇതേ പ്രവൃത്തിക്ക് ഈയിടെയാണ് രണ്ട് ഇന്ത്യൻ ദമ്പതികൾ വിദേശത്ത് ജയിൽ ശിക്ഷ അനുഭവിച്ചു വരുന്നത്.

കുഞ്ഞുങ്ങൾക്കെതിരെയുള്ള നിന്ദ്യവും ക്രൂരവും അപമാനകരവുമാ

*"കെട്ടി മറയ്ക്കൊല്ലെൻ പാതിനെഞ്ചം കെട്ടി മറയ്ക്കൊല്ലേ എന്റെ കയ്യും എന്റെ പൊന്നോമന കേണിടുമ്പോൾ എന്റെ അടുത്തേക്ക് കൊണ്ടുപോരു ഈ കൈയ്യാൽ കുഞ്ഞിനെ ഏറ്റുവാങ്ങി ഈ മുലയൂട്ടാൻ അനുവദിക്കൂ"*

> **കുഞ്ഞുങ്ങൾക്കെതിരെയുള്ള നിന്ദ്യവും ക്രൂരവും അപമാനകരവുമായ ശിക്ഷാനടപടികൾ, അവഗണന, ഉപേക്ഷിക്കൽ, ചൂഷണം, മർദ്ദനം, പെൺഭ്രൂണഹത്യ, പെൺകുഞ്ഞുങ്ങളുടെ ജനനേന്ദ്രിയം ഛേദിക്കൽ, ശൈശവവിവാഹം, വേശ്യാവൃത്തിക്ക് വിധേയരാക്കൽ തുടങ്ങിയ തരത്തിലുള്ള പീഡനങ്ങൾ ഒരു സമൂഹത്തിന്റെ മാത്രം പ്രശ്നമല്ല.**

യ ശിക്ഷാനടപടികൾ, അവഗണന, ഉപേക്ഷിക്കൽ, ചൂഷണം, മർദ്ദനം, പെൺഭ്രൂണഹത്യ, പെൺകുഞ്ഞുങ്ങളുടെ ജനനേന്ദ്രിയം ഛേദിക്കൽ, ശൈശവവിവാഹം, വേശ്യാവൃത്തിക്ക് വിധേയരാക്കൽ തുടങ്ങിയ തരത്തിലുള്ള പീഡനങ്ങൾ ഒരു സമൂഹത്തിന്റെ മാത്രം പ്രശ്നമല്ല. യു.എന്നിന്റെ കണക്കുപ്രകാരം ലോകത്തിൽ 80–90 ശതമാനം കുഞ്ഞുങ്ങൾ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിലുള്ള പീഡനങ്ങൾക്ക് ഇരയാകുന്നുവെങ്കിലും ഭൂരിഭാഗവും രേഖപ്പെടുത്താതെ പോകുന്നു. അവകാശങ്ങളേയും നിയമങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മയുമുണ്ടെങ്കിലും ഭയമാണ് മുഖ്യകാരണം.

ഏറെ കുഞ്ഞുങ്ങളും തങ്ങൾ അനുഭവിക്കുന്നത് പീഡനമാണെന്നറിഞ്ഞാലും ഭയംമൂലം പുറത്ത് പറയാറില്ല, കുഞ്ഞുങ്ങളെ കാത്തുസൂക്ഷിക്കാൻ ബാദ്ധ്യസ്ഥരായ മാതാപിതാക്കളാകട്ടെ ഭയമോ നാണക്കേടോ മൂലം ഇതടക്കിവെക്കുന്നു. നീതിന്യായവ്യവസ്ഥയോടോ നീതിപാലകരോടോ ഉള്ള വിശ്വാസക്കുറവാണ് മറ്റൊരു കാരണം. കൂടാതെ, പീഡനത്തിനിരയായ കുട്ടികളെ സമൂഹം മറ്റൊരു കണ്ണിലൂടെയാണ് കാണുന്നത്. സൂര്യനെല്ലിയിലെ കുട്ടിയുടെ അനുഭവം നമ്മെ പഠിപ്പിക്കുന്നത് അതാണ്. അവർക്ക് കൂട്ടായി ചില സ്ത്രീ സംഘടനകളല്ലാതെ മുഖ്യധാരാ രാഷ്ട്രീയ സംഘടനകളോ ഗവൺമെന്റോ നീതിന്യായ വ്യവസ്ഥയോ കാണില്ല, കണ്ട ഒരു ചരിത്രം നമുക്കില്ല. ഡൽഹിയിലെ 'നിർഭയ'ക്ക് വേണ്ടി രാജ്യം മുഴുവൻ പ്രാർത്ഥിച്ചതും പോരാടിയതും മറന്നിട്ടല്ല പറയുന്നത്.


സ്നേഹത്തിന്റെ, നന്മയുടെ ബാലപാഠം ആരംഭിക്കേണ്ട കുടുംബത്തിൽ നിന്നാണിപ്പോൾ പീഡനത്തിന്റെ ബാലപാഠവും ആരംഭിക്കുന്നത്. മാതാപിതാക്കളുടെ, അടുത്ത ബന്ധുക്കളുടെ ശിക്ഷാനടപടികളിൽ നിന്ന് തുടങ്ങി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ, ഉദ്യോഗസ്ഥലങ്ങളിൽ, പൊതുസ്ഥലങ്ങളിൽ... പരമ്പര അനന്തമായി നീണ്ടുപോകുന്നു. കോടിക്കണക്കിന് കുഞ്ഞുങ്ങളാണ് ലോകത്തെമ്പാടുമായി ബാലവേല ചെയ്യുന്നത്. ഇതിൽ പകുതിയെങ്കിലും അപകടകരമായ സാഹചര്യത്തിലാണ്. നമ്മുടെ ശിവകാശി തന്നെ ഉദാഹരണം. ബാലവേശ്യാവൃത്തിയിലും മനുഷ്യക്കടത്തിലും ഏർപ്പെടേണ്ടി വരുന്ന ഇരകളുടെ എണ്ണം അനുദിനം കൂടി വരുന്നു. ഇതു കൂടാതെ ചില നാടുകളിലെങ്കിലും നടന്നുവരുന്ന അപരിഷ്കൃത സമൂഹത്തിന്റെ കൊടുംക്രൂരതകൾ. പഠനം തെളിയിക്കുന്നത് ലോകത്തിൽ പ്രതിവർഷം 30 ലക്ഷം പെൺകുഞ്ഞുങ്ങളെങ്കിലും ജനനേന്ദ്രിയഛേദമെന്ന കൊടുക്രൂരതയിലൂടെ കടന്നു പോകുന്നുവെന്നാണ്.

സാമ്പത്തികസ്ഥിതി, സമൂഹത്തിലുള്ള സ്ഥാനം, പ്രായം, ലിംഗം തുടങ്ങിയവയാണ് ക്രൂരതയുടെ ഏറ്റക്കുറച്ചിലുകൾ നിർണ്ണയിക്കുന്ന ഘടകങ്ങൾ. ശാരീരിക പീഡനമേൽക്കുന്നവയിൽ ഏറേയും പ്രായപൂർത്തിയെത്താത്ത കുഞ്ഞുങ്ങളാണെങ്കിൽ ലൈംഗികചൂഷണത്തിനിരയാവുന്നതിലേറെയും കൗമാരക്കാരാണെന്നാണ് പഠനമെങ്കിലും "ഒന്നര വയസ്സുകാരിയെ ബലാൽസംഗം ചെയ്തുകൊന്നു'' തുടങ്ങിയ വാർത്തകൾ ഇത് മാറ്റിച്ചിന്തിപ്പിക്കുന്നു.

അച്ചടക്കത്തിന്റെ പേരിലുള്ള മര്യാദ പഠിപ്പിക്കലിൽ തുടങ്ങുന്നു വീട്ടിൽ നിന്നുള്ള പീഡനപർവ്വം. സമൂഹത്തിൽ രൂഢമൂലമായ വിശ്വാസങ്ങളുടേയും പാരമ്പര്യത്തിന്റേയും പേരിൽ പൊതുവെ ഇത്തരം പീഡനങ്ങൾ അംഗീകരിക്കപ്പെടുകയാണ് ചെയ്യപ്പെടുന്നത്. മിക്കപ്പോഴും ഇത് കുഞ്ഞുങ്ങളുടെ മനസ്സിലേൽപ്പിക്കുന്ന മുറിവ് മാതാപിതാക്കൾക്ക് മനസ്സിലാവാറില്ല. മദ്യപാനം, കുടുംബവഴക്ക്, അവഗണന, നിന്ദ തുടങ്ങിയവ മൂലമുള്ള ശാരീരിക മാനസികാഘാതങ്ങൾ വേറെയും. നാട് പുരോഗമിച്ചപ്പോൾ സ്വന്തം പിതാവിനെപ്പോലും വിശ്വസിക്കാൻ പറ്റുന്നില്ല എന്ന അവസ്ഥ ചില കുഞ്ഞുങ്ങൾക്കെങ്കിലും അനുഭവിക്കേണ്ടിവരുന്നുവെന്നത് വളരെ ഖേദകരമാണ്. അടുത്ത ബന്ധുക്കളിൽ നിന്നുള്ള ലൈംഗികചൂഷണം വേറെയും. തൻമൂലം കുടുംബത്തിൽ നിന്നു തന്നെ കുട്ടികൾ മാനസികാരോഗ്യമില്ലാത്തവരായിത്തീരുന്നു.

രണ്ടാം പാഠശാലയായ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ പീഡനകഥകളും ഒട്ടും കുറവല്ല, അദ്ധ്യാപകരുടേയും സഹപാഠികളുടേയും പരിഹാസത്തിനും ലൈംഗികചൂഷണത്തിനും ഇരയാകുന്നവരുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവരുന്നു. അനാഥാലയങ്ങൾ, ജുവനൈൽഹോമുകൾ എന്നിവിടങ്ങളിലെ ലൈംഗികപീഡനങ്ങൾ ഏറെയും പുറത്തറിയാറില്ല.

കുഞ്ഞുങ്ങളുടെ സംരക്ഷകരാകേണ്ട സമൂഹമാകട്ടെ ഇപ്പോൾ പീഡകരായി മാറിക്കൊണ്ടിരിക്കുന്നു. കളിയാക്കലുകളിൽ തുടങ്ങി



**എന്തുകൊണ്ടാണ് സമൂഹമനഃസാക്ഷി ഇത്ര മരവിച്ചു പോയത്? പിഞ്ചു ശരീരത്തോട് മൃഗങ്ങൾക്കിടയിൽ പോലും ഇല്ലാത്തതരത്തിലുള്ള ക്രൂരത കാണിക്കാൻ പ്രേരിപ്പിക്കുന്നത്?**

മനുഷ്യക്കടത്ത് വരെ നീളുന്നു സമൂഹത്തിന്റെ ക്രൂരത. ടൂറിസത്തിന്റെ മറപറ്റി നടക്കുന്ന വേശ്യാവൃത്തിയിലേറെയും ബലിയാടാകുന്നത് കുട്ടികളാണ്. ഇത്തരം ഹീന കൃത്യങ്ങളിൽ നിന്ന് രക്ഷപ്പെടുത്തിയ കുഞ്ഞുങ്ങളുടെ മൊഴിയിൽ നിന്നും മനസ്സിലാകുന്നത് ലൈംഗികമായി ക്രൂരതകാണിക്കുന്നതിൽ പീഡകർ ആനന്ദമനുഭവിക്കുകയും അതിലുപരി അത് അവകാശമായും കരുതുന്നുവെന്നാണ്.

എന്തുകൊണ്ടാണ് സമൂഹമനഃസാക്ഷി ഇത്ര മരവിച്ചു പോയത്? പിഞ്ചു ശരീരത്തോട് മൃഗങ്ങൾക്കിടയിൽ പോലും ഇല്ലാത്തതരത്തിലുള്ള ക്രൂരത കാണിക്കാൻ പ്രേരിപ്പിക്കുന്നത്?

കാരണങ്ങൾ ഏറെയുണ്ടായാലും ഒരു ക്രൂരതയും ന്യായീകരിക്കാനാവില്ല. കുറഞ്ഞത് ഒരു തലമുറ മുമ്പെങ്കിലും നമ്മൾ ജീവിച്ചിരുന്നത് മുത്തശ്ശനും മുത്തശ്ശിയുമൊപ്പമാണ്. അവർ പറഞ്ഞു തന്ന കഥകളൊക്കെയും നന്മയുടേയും സ്നേഹത്തിന്റേയും ത്യാഗത്തിന്റേയും ഗുണപാഠങ്ങളായിരുന്നു. ബന്ധുക്കളായ പീഡകന്മാരിൽ നിന്നും എന്തിന് തല്ലാനോടിക്കുന്ന മാതാപിതാക്കളിൽ നിന്നും രക്ഷാകവചമായി അവരുണ്ടായിരുന്നു. ടി.വിയും ഇന്റർനെറ്റും ഇല്ലാതിരുന്ന കാലത്ത് കുടുംബാംഗങ്ങൾ തമ്മിൽ ആശയവിനിമയത്തിന് സമയമുണ്ടായിരുന്നു. സ്വാർത്ഥത തെറ്റാണെന്ന് കരുതിയ തലമുറയിൽ നിന്നും സ്വന്തമെന്ന പദത്തിനെന്തു സുഖം എന്നു ചിന്തിക്കുന്നവരിലേക്ക് എത്തിനിൽക്കുന്നു ഇന്നത്തെ തലമുറ. എതിരാളിയെ കീഴടക്കി നശിപ്പിച്ചു ജയിച്ചു വരുന്ന വീഡിയോ ഗെയിമുകൾ, ഏതൊക്കെ രീതിയിൽ കുഞ്ഞുങ്ങളേയും സ്ത്രീകളേയും പീഡിപ്പിക്കാമെന്ന് കാണിച്ചു തരുന്ന ടി.വി സീരിയലുകൾ.

മക്കൾ ചോദിക്കും മുമ്പേ എല്ലാ സൗകര്യങ്ങളും നൽകുന്ന മാതാപിതാക്കൾ. ഇതൊക്കെ കണ്ടും അറിഞ്ഞും വരുന്ന ഒരു തലമുറയുടെ മാനസികാരോഗ്യം കുറഞ്ഞു വരുന്നതിന്റെ കാരണം വേറെ അന്വേഷിക്കേണ്ട.

യു.എൻ. നിയമപ്രകാരം കുഞ്ഞുങ്ങൾക്കെതിരെയുള്ള ഏതു പീഡനവും ശിക്ഷാർഹമാണ്. എല്ലാ ക്രൂരതകളും തടയാനാവില്ലെങ്കിലും ചില ശക്തമായ നടപടികൾ കൊണ്ട് നമുക്കിത് ഒരു പരിധിവരെ തടയാനാകും. ആദ്യമായി തുടങ്ങേണ്ടത് സ്വന്തം കുടുംബത്തിൽ നിന്നായിരിക്കണം. കുഞ്ഞുങ്ങൾ പറയുന്നത് കേൾക്കൂ! അവർക്ക് എന്താണ് പറയാനുള്ളത് എന്ന് ശ്രദ്ധിക്കൂ! കുഞ്ഞുങ്ങളെ സുഹൃത്തുക്കളായി കാണുന്ന മാതാപിതാക്കളോട് തുറന്നുപറയാൻ അവർക്ക് പേടിയുണ്ടാവില്ല. മക്കളുടെ മനസ്സറിയാൻ അവരുടെ പെരുമാറ്റ രീതിയിൽ വരുന്ന മാറ്റങ്ങൾ തിരിച്ചറിയാൻ കഴിഞ്ഞാൽ പകുതി ജയിച്ചു.

കുടുംബശൈഥില്യമുണ്ടാക്കുന്നതിൽ ഒന്നാംപ്രതി മദ്യപാനമാണ്. ഇതുമൂലം കുട്ടികളെ ശ്രദ്ധിക്കാനോ അവരോടൊപ്പം സമയം ചിലവഴിക്കാനോ നേരം കണ്ടെത്താറില്ല. അണുകുടുംബത്തിൽ മുത്തശ്ശനും മുത്തശ്ശിക്കും സ്ഥാനമില്ലാത്തതുകൊണ്ട് കുട്ടികൾ അവരുടെ ഏകാന്ത ദ്വീപിൽ മൊബൈലും ഇന്റർനെറ്റുമായി സമയം ചിലവഴിക്കുന്നു. മക്കൾ എന്തുവായിക്കുന്നു. എന്തു ചെയ്യുന്നുവെന്ന് അച്ഛനും അമ്മയും അറിയണം. അവരുടെ പെരുമാറ്റങ്ങളിലെ മാറ്റങ്ങൾ തിരിച്ചറിയണം.

വിദേശരാജ്യങ്ങളിലെ സ്കൂളുകളിലെല്ലാം കൗൺസിലർമാർ നിർബന്ധമാണ്. കുട്ടികൾക്കുണ്ടാകുന്ന പ്രശ്നങ്ങൾക്കും പരാതികൾക്കും പരിഹാരം നിർദ്ദേശിക്കാനും അവരെ കേൾക്കാനും

വേണ്ടി വന്നാൽ ഉന്നതാധികാരികളെ വിവരമറിയിക്കാനും ഇവരുടെ സഹായം ഉണ്ടാകുന്നു. എന്തുകൊണ്ട് നമ്മുടെ സ്കൂളുകളിലും ഈ സംവിധാനം ഏർപ്പെടുത്തിക്കൂടാ? തന്റെ ക്ലാസ്സിലെ എല്ലാ കുട്ടികളെയും അറിയാൻ അദ്ധ്യാപകർ ശ്രമിക്കണം. ഏറെ വിദ്യാലയങ്ങളിലും അദ്ധ്യാപക-രക്ഷാകർതൃസംഘടനകൾ വെറും അലങ്കാരം മാത്രം. ഉണ്ടെങ്കിൽ തന്നെ കുട്ടികളുടെ പഠിപ്പ് മാത്രമായിരിക്കും ചർച്ചാ വിഷയം. ഈ സ്ഥിതി മാറ്റണം.അദ്ധ്യാപക-രക്ഷാകർതൃ മീറ്റിംഗുകൾ കൃത്യമായി നടത്താനും വിദ്യാർത്ഥികളുടെ പ്രശ്നങ്ങളെക്കുറിച്ച് സംസാരിക്കാനും നടപടികൾ എടുക്കാനുമുള്ള സംവിധാനം ഉണ്ടാക്കണം. വിദ്യാലയങ്ങളിൽ പരാതിപ്പെട്ടികൾ നിർബന്ധമായും സ്ഥാപിക്കണം. അദ്ധ്യാപകരോടോ മാതാപിതാക്കളോടോ പറയാൻ മടിക്കുന്ന കാര്യങ്ങൾ എഴുതിയെങ്കിലും അറിയിക്കാനുള്ള സാഹചര്യം ഉണ്ടാക്കണം. ഉയർന്ന റാങ്ക് നേടൽ മാത്രമല്ല ജീവിത ലക്ഷ്യമെന്ന് അവരെ ബോധവത്ക്കരിക്കണം.ഉന്നതമൂല്യങ്ങൾ പ്രചരിപ്പിക്കുന്ന കഥകൾ, സെമിനാറുകൾ, ക്ലാസ്സുകൾ എന്നിവക്ക് തുല്യപ്രാധാന്യം നൽകി നടപ്പാക്കാൻ വൈകരുത്.

ഭരണകൂടത്തിനാണ് ഈ ക്രൂരതകൾക്കെതിരെ ഏറ്റവും ശക്തമായ നടപടിയെടുക്കാനാവുക. ഇപ്പോഴത്തെ നിയമനിർമ്മാണത്തിൽ സമൂലമാറ്റം വരുത്തി കുഞ്ഞുങ്ങളെ പീഡിപ്പിക്കുന്നവർക്കുള്ള ശിക്ഷ കഠിനമാക്കണം. നീതിന്യായവ്യവസ്ഥയിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥവൃന്ദത്തെ പോലീസായാലും കോടതിയായാലും ജനകീയമാക്കണം. കുടുംബശ്രീ, അംഗനവാടി തുടങ്ങിയ സംഘടന/സ്ഥാപനങ്ങളിൽ നിന്ന് ജനകീയ കൗൺസിലർമാരെ നിയമിക്കണം. ഇത്തരം കൗൺസിലർമാർക്ക് വീടുവീടാന്തരം കയറി റിപ്പോർട്ട് നൽകാനാകും. ഈ റിപ്പോർട്ടുകളിൽ മേൽ അന്വേഷണം നടത്താനും നടപടിക്ക് ശുപാർശ ചെയ്യാനുമുള്ള അധികാരം പഞ്ചായത്തു പോലുള്ള അധികാര കേന്ദ്രങ്ങൾക്കു നൽകണം. കുട്ടികളുടെ മൊഴി അവിശ്വസിക്കുന്ന രീതി മാറണം.

*തന്റെ ക്ലാസ്സിലെ എല്ലാ കുട്ടികളെയും അറിയാൻ അദ്ധ്യാപകർ ശ്രമിക്കണം. ഏറെ വിദ്യാലയങ്ങളിലും അദ്ധ്യാപക-രക്ഷാകർതൃസംഘടനകൾ വെറും അലങ്കാരം മാത്രം. ഉണ്ടെങ്കിൽ തന്നെ കുട്ടികളുടെ പഠിപ്പ് മാത്രമായിരിക്കും ചർച്ചാ വിഷയം. ഈ സ്ഥിതി മാറ്റണം.അദ്ധ്യാപക-രക്ഷാകർതൃ മീറ്റിംഗുകൾ കൃത്യമായി നടത്താനും വിദ്യാർത്ഥികളുടെ പ്രശ്നങ്ങളെക്കുറിച്ച് സംസാരിക്കാനും നടപടികൾ എടുക്കാനുമുള്ള സംവിധാനം ഉണ്ടാക്കണം.*



അനാഥലയങ്ങളും ജുവനൈൽ ഹോമുകളും സ്ഥിരമായി സന്ദർശിച്ച് റിപ്പോർട്ടുകൾ തയ്യാറാകണം. ഗവൺമെന്റ് പ്രതിനിധികൾ ആയിരിക്കണം ഇത് ചെയ്യേണ്ടത്. ഇത്തരം സ്ഥാപനങ്ങളിലെ കുട്ടികളുടെ അവകാശം എന്താണെന്ന് അവർ അറിയണം. ഒരു ഗവൺമെന്റിനും ബാലവേല പൂർണ്ണമായും ഇല്ലാതാക്കാൻ കഴിയില്ല. പക്ഷേ അവരുടെ സുരക്ഷക്കുള്ള നടപടികൾ കർശനമായി നടപ്പാക്കാൻ കഴിയും.

വരും തലമുറയുടെ ഭാവി സുരക്ഷിതമാക്കാൻ സ്വതന്ത്രരായി, ഭയരഹിതരായി ജീവിക്കാൻ ജനങ്ങളും സാമൂഹ്യക്ഷേമവകുപ്പും നീതിന്യായ വ്യവസ്ഥയും ഒത്തുചേർന്ന് പ്രവർത്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ●

ലേഖനം



സൗമ്യ പി.ആർ


**പെൺകുട്ടികൾ** വിദ്യാഭ്യാസം നേടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ചിന്തിക്കുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ഒരു പരിധിവരെ പ്രാവർത്തികമാക്കുകയും ചെയ്തിട്ടുള്ള നാടാണ് കേരളം;അതിൽ മലയാളികൾക്ക് അഭിമാനിക്കാം.എന്നാൽ പതിനെട്ടിനും ഇരുപത്തിനാലിനും മദ്ധ്യേ വിവാഹിതയാകും വരെയുള്ള കാലഘട്ടം, വീട്ടുവേല ചെയ്യാതെ പോയിരിക്കാവുന്ന ഒരിടം,അതു മാത്രമാണോ പെൺകുട്ടികൾക്ക് വിദ്യാലയം? വിവാഹക്കമ്പോളത്തിൽ ഉയർന്ന നിലവാരം അളക്കുന്നതിനുള്ള ഉപാധി, അതുമാത്രമാണോ വിദ്യാഭ്യാസം എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. പെൺകുട്ടികൾ വിദ്യാഭ്യാസം നേടണം എന്നു പറഞ്ഞവർ അതുകൊണ്ട് എന്ത് അർത്ഥമാക്കിയോ അത് നിറവേറിയിട്ടില്ല എന്ന് നാം ഇനിയെങ്കിലും തിരിച്ചറിയണം. എഴുത്തും വായനയും അറിയുക എന്നതോ സൗജന്യവിദ്യാഭ്യാസം നൽകി പത്താം ക്ലാസ് പൂർത്തിയാക്കുക എന്നതോ അല്ല വിദ്യാഭ്യാസം നൽകുക എന്നതുകൊണ്ട് നമ്മുടെ ചിന്തകൻമാർ ഉദ്ദേശിച്ചത്. വിദ്യാലയങ്ങളിൽ ആൺകുട്ടികളേക്കാൾ മികച്ച നിലവാരം പുലർത്തുന്നത് പെൺകുട്ടികളാണെങ്കിലും തൊഴിൽ മേഖലയിൽ ആ പെൺസാന്നിധ്യം കാണുന്നില്ല. അതിനുള്ള കാരണങ്ങൾ അന്വേഷിക്കുമ്പോൾ വിദ്യാഭ്യാസം കൊണ്ട് പെൺകുട്ടികൾ നേടേണ്ടത് നേടാതെപോയതിനുള്ള കാരണങ്ങളിലേക്ക് അവ ചെന്നെത്തും.

ഒരു മൂന്നു തലമുറ മുൻപുള്ളവരിൽ, ഏത് ജാതിയിലോ മതത്തിലോ പെട്ട സ്ത്രീകൾ ആയിക്കോട്ടെ,അവർക്കൊന്നും വിദ്യാഭ്യാസം ഉണ്ടായിരുന്നില്ല. അതിനുള്ള സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരുന്നു എന്നതാണ് യാഥാർത്ഥ്യം.അവർക്ക് ഭക്ഷണം പാചകം ചെയ്യാനും വീട് വൃത്തിയാക്കാനും കുഞ്ഞുങ്ങളെയും വൃദ്ധൻ

# കേരളത്തിലെ പെൺകുട്ടികൾ പഠിക്കുന്നത് ആർക്കുവേണ്ടി?






മാരെയും പരിപാലിക്കാനും അറിയാമായിരുന്നു. അതിനൊക്കെ സ്ത്രീക്ക് ജൻമസിദ്ധമായി ലഭിച്ച അറിവുകൾ മാത്രം മതിയായിരുന്നു. അവളുടെ കായികശേഷി മാത്രം ഉപയോഗിച്ച് അതൊക്കെ അന്നും ഇന്നും എന്നും സ്ത്രീക്ക് ചെയ്യാവുന്ന കാര്യങ്ങളുമാണ്. അന്നത്തെ അമ്മമാർ വളർത്തിയ കുഞ്ഞുങ്ങൾ ഇന്ന് ലോകത്തിൽ അറിയപ്പെടുന്നവരായിട്ടില്ലേ? തീർച്ചയായും ഉണ്ട്. എങ്കിൽ സ്ത്രീകളുടെ ജൻമസിദ്ധമായ മാനസിക-ബൗദ്ധിക-സർഗ്ഗാത്മക ശേഷികൾ കൂടി ലോകത്തിന് പ്രയോജനപ്രദമാകണം എന്ന് കരുതിയിട്ടാണ് അവർ വിദ്യാഭ്യാസം നേടണം എന്ന് ചിന്തകൻമാർ പറഞ്ഞത് എന്ന് വ്യക്തം.അത് സംഭവ്യമാകുന്നതിന് തെളിവായിരുന്നു വിദ്യാഭ്യാസ കാലയളവിൽ അക്കാദമിക കാര്യങ്ങളിലെന്ന പോലെ കലാ-കായിക-സർഗ്ഗാത്മക രംഗങ്ങളിൽക്കൂടി ആൺകുട്ടികളേക്കാൾ മുൻപന്തിയിൽ പെൺകുട്ടികൾ ശോഭിച്ചത്. എന്നാൽ നമ്മുടെ പെൺകുട്ടികൾ ആ കഴിവുകൾ ജീവിതകാലം മുഴുവൻ കാത്തുസൂക്ഷിക്കുന്നില്ല. ഇടക്കുവെച്ച് അവയെല്ലാം ഉപേക്ഷിക്കുന്നു. എവിടെവെച്ചാണ് ആ കൊഴിഞ്ഞുപോക്ക് സംഭവിച്ചത് എന്ന് നിസ്സാരമായി നമുക്ക് പറയാം,വിവാഹത്തോടെ. എന്നാൽ അത്ര നിസ്സാരമായ കാര്യമാണോ?

സ്വന്തം മാനസിക-സർഗ്ഗാത്മക ശേഷികൾ തിരിച്ചറിയുക എന്ന ലക്ഷ്യത്തിൽ നിന്ന് നമ്മുടെ സമൂഹം പെൺകുട്ടികളെ മാത്രം ബോധപൂർവ്വം വഴിതിരിച്ച് വിട്ടിരിക്കുന്നു. വളരെ ഗുരുതരമായ സാമൂഹിക അനീതിയാണത്. ലോകാരോഗ്യ സംഘടന അനുശാസിക്കും പ്രകാരമുള്ള പുത്തൻ ആരോഗ്യശീലങ്ങൾ അനുസരിച്ച് ഭർത്താവിന്റെയും കുടുംബത്തിന്റെയും ആഹാര-ശുചിത്വ കാര്യങ്ങൾ ശ്രദ്ധിക്കുക,കുട്ടികളെ സ്വന്തമായി പഠിപ്പിക്കുക എന്നീ കാര്യങ്ങൾക്കു വേണ്ടിയാണ് പെൺകുട്ടികൾ വിദ്യാസമ്പന്നകളാകേണ്ടത് എന്ന മിഥ്യാധാരണ പുരുഷാധിപത്യ സമൂഹം രൂപപ്പെടുത്തിയെടുത്തു. വിദ്യാധനം സർവധനാൽ പ്രധാനം എന്ന് പഠിപ്പിക്കുന്നതല്ലാതെ എന്താണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത് എന്ന് നമ്മുടെ വിദ്യാലയങ്ങളിൽ പഠിപ്പിക്കാറില്ല. അതുകൊണ്ട് വിദ്യാഭ്യാസം നേടാത്ത അമ്മമാരുടെ ജീവിതത്തിൽ നിന്ന് വ്യതിചലിച്ച് എന്തെങ്കിലും തനിക്ക് ചെയ്യാനുണ്ട് എന്ന് അവൾക്ക് മനസിലായതുമില്ല, മനസിലാക്കാൻ സമൂഹം അനുവദിച്ചതുമില്ല.

കേരളത്തിലെ വിദ്യാഭ്യാസപരമായി മുന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികളുടെ ശരാശരി വിവാഹപ്രായം 20-24ആണ്.അതിനുള്ളിൽ അവരുടെ പഠനം ഏതെങ്കിലും ഒരു ബിരുദമോ ബിരുദാനന്തര ബിരുദമോ കൂടിപ്പോയാൽ ഒരു പ്രൊഫഷണൽ ഡിഗ്രിയോ കൂടി കരസ്ഥമാക്കുന്നതിൽ അവസാനിക്കുന്നു.അതിനുശേഷം മിനിമം വേതനം ഉള്ള ഒരു ജോലി അവൾക്ക് ഉറപ്പാക്കിയ ശേഷം മാത്രം വിവാഹം എന്ന ചിന്ത മലയാളി മാതാപിതാക്കൾക്കില്ല. വിവാഹം ആലോചിക്കുമ്പോൾ വരനാകാൻ പോകുന്ന ആൺകുട്ടിയുടെ ജോലി പ്രധാനമായി കാണുന്ന അതേ മാതാപിതാക്കൾ തന്നെയാണ് പെൺമക്കളുടെ ജോലി അപ്രധാനമായി കരുതുന്നത് എന്നും ഓർക്കണം. പഠനം അവസാനിച്ച ഉടൻ വിവാഹം, വിവാഹം കഴിയുന്നതോടെ “ഇനി കുട്ടികൾ പഠിക്കട്ടെ” എന്ന വാദം. ഇതിൽ അവസാനിക്കുന്ന സർഗ്ഗാത്മകതക്കും മാനസിക ശേഷികൾക്കും വേണ്ടിയാണോ പെൺകുട്ടികൾ 5 വയസ്സു മുതൽ 20-24വയസു വരെ പഠിച്ചത്? അത്രയും കാലം പഠനാവശ്യങ്ങൾക്കു വേണ്ടി ചിലവഴിച്ച തുകയുടെ ഇരട്ടിയോളം സ്ത്രീധനം എന്ന പേരിൽ കൊടുക്കാൻ പെൺകുട്ടികളുടെ മാതാപിതാക്കൾ നെട്ടോട്ടം ഓടേണ്ടി വരുന്നത് പെൺകുട്ടികൾ, താൻ എന്തിനുവേണ്ടി പഠിക്കുന്നു എന്ന് ലക്ഷ്യബോധമില്ലാതെ പഠിക്കുന്നതുകൊണ്ടാണ്. സ്ത്രീധന നിരോധന നിയമം വന്നിട്ടും സ്ത്രീധന സമ്പ്രദായം ഇവിടെ നിർത്തലാക്കാൻ സാധിക്കാത്തതിനും കാരണം മറ്റൊന്നല്ല. സ്വന്തം ചിലവിനുള്ള തുക സ്വയം അദ്ധ്വാനിച്ച് ഉണ്ടാക്കുന്ന സ്ത്രീ, താൻ ആരെയും ആശ്രയിക്കാതെ ജീവിക്കുന്നു എന്ന തിരിച്ചറിവിൽ സ്വാഭാവികമായും അഭിമാനബോധമുള്ളവളാകും. അപ്പോൾ സ്ത്രീധനം എന്ന പേരിൽ പുരുഷനു നൽകുന്ന ധനം അവളെ സംരക്ഷിക്കാനുള്ളതാണ് എന്ന വാദത്തിന് ന്യായമില്ലാതാകും. പെൺകുട്ടികൾ സ്ത്രീധനം ചോദിക്കുന്നവരെ വിവാഹം കഴിക്കാൻ തയ്യാറല്ല എന്ന് സ്വയം പറയാനും പ്രാപ്തിയുള്ളവരാകും. ഇതിനൊന്നും പ്രാപ്തിയില്ലാത്ത അബലയായി അവളെ നിർത്തണം എങ്കിൽ അവൾക്ക് സ്വയം പര്യാപ്തത ഉണ്ടാകരുത് എന്ന് മനസ്സിലാക്കുന്ന സമൂഹത്തിന്റെ പക്ഷപാതനയം തിരുത്താൻ വിദ്യാഭ്യാസമല്ല വേണ്ടത്, എന്താണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എന്ന് അറിയുകയാണ്.

20-24വയസിനുള്ളിൽ വിവാഹം നടന്നില്ലെങ്കിൽ പെൺകുട്ടികളുടെ യൗവനം നശിക്കും, അവരെ ആർക്കും വേണ്ടാതാകും,കുടുംബത്തി

ന് ബാധ്യതയാകും എന്നൊക്കെയുള്ള കാഴ്ചപ്പാടുകൾ സമൂഹത്തിൽ വേരുറച്ചുപോയിട്ടുണ്ട്. 80വയസ്സു കഴിഞ്ഞ പുരുഷൻമാർ പോലും യുവാവായി നടക്കുന്ന ഇക്കാലത്ത് പെൺകുട്ടികൾക്കു മാത്രം 24വയസ്സു കഴിഞ്ഞാൽ വാർദ്ധക്യം എന്ന് പറയുന്നത് സമൂഹത്തിന്റെ ഇരട്ടത്താപ്പുനയമാണ്. ഗർഭധാരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇല്ലാതാക്കാൻ മുപ്പതു വയസ്സിനു മുൻപുള്ള പ്രസവമാണ് നല്ലത് എന്ന് വൈദ്യശാസ്ത്രം പറയുന്നു. എന്നാൽ ഇന്ന് കേരളത്തിലെ ദമ്പതികൾ കുഞ്ഞുങ്ങളുടെ എണ്ണം ഒന്നോ രണ്ടോ ആയി നിജപ്പെടുത്തിയിരിക്കുന്നു എന്നത് പരിഗണിച്ചാൽ സ്ത്രീയുടെ ജൈവധർമ്മമായ പ്രസവം എന്ന ഒറ്റ കാരണത്തിന്റെ പേരിൽ ജീവിതകാലം മുഴുവൻ അവളെ വീടുകളിൽ തളച്ചിടുന്നതിൽ എന്ത് ന്യായമാണ് ഉള്ളത്? രണ്ടു പ്രസവങ്ങൾ തമ്മിൽ ഇടവേളയുണ്ടാകണം എന്ന ശാസ്ത്രനിർദ്ദേശം അനുസരിച്ചായാൽ പോലും 26നും30നും ഇടയ്ക്കുള്ള പ്രായം ഗർഭധാരണത്തിനോ പ്രസവത്തിനോ പ്രതികൂലമല്ല.(രണ്ട് പ്രസവങ്ങൾ തമ്മിൽ ഇടവേള പാലിച്ചിട്ടുള്ള എത്ര ദമ്പതിമാർ കേരളത്തിലുണ്ട് എന്ന് അന്വേഷിക്കുന്നതും രസാവഹമായിരിക്കും.)മാത്രമല്ല, 12-14വയസ്സിനുള്ളിൽ ശാരീരികമായി ഗർഭധാരണത്തിനുള്ള പക്വത ഒരു പെൺകുട്ടിക്ക് വരുന്നുണ്ടെങ്കിലും പ്രസവത്തിനുള്ള ശാരീരിക പക്വത നേടണമെങ്കിൽ അരക്കെട്ടിലെ എല്ലുകൾ പൂർണ വളർച്ചയിലേക്കെത്തുന്ന 21-22 വയസ്സാകണം. അതിനു മുൻപ് തന്നെ അമ്മയാകുന്ന എത്രയോ പെൺകുട്ടികൾ വിദ്യാസമ്പന്നരെന്ന് അഭിമാനിക്കുന്ന കൊച്ചു കേരളത്തിലുണ്ട്? ഇതൊന്നും അന്വേഷിക്കാനോ പ്രതികരിക്കാനോ ആരും തയ്യാറല്ല. പെൺകുട്ടികളുടെ വിവാഹപ്രായം എന്ന സാങ്കൽപ്പിക ശരാശരി 24 കടന്നു പോയാൽ എല്ലാം അവസാനിച്ചു എന്നു കരുതുന്ന മാതാപിതാക്കൾ ഇനിയെങ്കിലും കണ്ണുതുറക്കണം. എത്രവയസ്സിൽ വിവാഹം കഴിപ്പിക്കുന്നു എന്നതല്ല,ജോലി കിട്ടി സ്വ


**സമൂഹത്തിന് ഇനിയും കണ്ണടച്ച് ഇരുട്ടാക്കാൻ കഴിയില്ല.അവർ മറച്ചുവെക്കാൻ ശ്രമിച്ച സ്ത്രീവിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം ഇന്ന് കാലം ആവശ്യപ്പെടുന്ന അവസ്ഥയിൽ എത്തിയിരിക്കുന്നു.**

യം പര്യാപ്തത നേടിയിട്ടുമതി ആണായാലും പെണ്ണായാലും വിവാഹത്തെ കുറിച്ച് ചിന്തിക്കാൻ എന്ന കാഴ്ചപ്പാടാണ് ഇനിയുണ്ടാകേണ്ടത്.

വിവാഹം കഴിഞ്ഞാലും പഠിക്കാമല്ലോ,ജോലിക്ക് ശ്രമിക്കാമല്ലോ എന്നൊക്കെ പറഞ്ഞ് പെൺകുട്ടിയെ വിവാഹം കഴിപ്പിച്ച് അയക്കുന്നവരിൽ എത്ര പേർക്ക് പിന്നീട് പഠിക്കാനും ജോലി നേടാനും കഴിഞ്ഞിട്ടുണ്ട് എന്ന് എല്ലാവർക്കും അറിയാം.പെൺകുട്ടിയുടെ മാതാപിതാക്കൾ ബാധ്യത തീർത്ത സമാധാനത്തിൽ ഇരിക്കും.കല്യാണം കഴിഞ്ഞ് ചെന്നു കയറുന്ന വീട്ടിലുള്ളവരോ? അവർ പഠനച്ചിലവുകൾ ഏറ്റെടുക്കാൻ ബുദ്ധിമുട്ട് പ്രകടിപ്പിക്കുകയും സ്വാഭാവികമായും എല്ലാം പാതിവഴിയിൽ അവസാനിക്കുകയും ചെയ്യും. പെൺമക്കളെ വിവാഹം കഴിപ്പിച്ച് അയക്കുക എന്നത് മാതാപിതാക്കളുടെ കടമയായിട്ടാണ് നാം കാണുന്നത്. എന്നാൽ സ്വന്തം കടമകൾ നിറവേറ്റുന്നതിന്റെ പേരിൽ പെൺകുട്ടികളുടെ ആഗ്രഹങ്ങൾ തല്ലിക്കെടുത്തുന്നതിൽ എന്ത് ന്യായമാണുള്ളത്? അവരെ സുരക്ഷിതമായ കരങ്ങളിൽ ഏൽപ്പിച്ചു എന്ന് സമാധാനിച്ചു കണ്ണടക്കാം എന്നപ്രയോഗം തന്നെയുണ്ട്. അവർ സുരക്ഷിതരാണോ എന്നത് അപ്പോഴും ചോദ്യചിഹ്നമാണ്. കുട്ടികൾ ഉണ്ടായി അവർ സ്കൂളിൽ പോയിത്തുടങ്ങിയ ശേഷം ജോലിക്ക് പൊയ്ക്കോളൂ..എന്ന് ഔദാര്യത്തോടെ പറയുന്നവരുമുണ്ട്. എന്നാൽ വിജ്ഞാന വിസ്ഫോടനത്തിന്റെ കാലത്ത് കുറെ വർഷങ്ങളോളം എല്ലാറ്റിൽനിന്നും വിട്ടുനിന്ന ശേഷം പിന്നീട് ഒരു തിരിച്ചുവരവ് മിക്കവാറും അസാധ്യം തന്നെ. പ്രായം കൂടുംതോറും ഓർമ്മശക്തി കുറയുകയാണ് ചെയ്യുക. ബുദ്ധിയേക്കാൾ ഓർമ്മ പരിശോധിക്കുന്ന പരീക്ഷകൾ പാസാകുന്നത് എളുപ്പമല്ല.പി.എസ്.സി.ഉൾപ്പടെയുള്ള തൊഴിൽ ദാതാക്കൾ സ്ത്രീകൾക്ക് അപേക്ഷ നൽകാനുള്ള പ്രായം വർദ്ധിപ്പിച്ചു നൽകുന്നതുകൊണ്ട് മാത്രം മേൽപ്പറഞ്ഞ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുകയില്ല.അതുകൊണ്ട് വിദ്യാഭ്യാസം,യോഗ്യതയ്ക്കനുസരിച്ചുള്ള തൊഴിൽ, അതിനു ശേഷം മാത്രം വിവാഹം എന്ന ചിന്താഗതിയിലേക്ക് നാം മാറണം.

അനുദിനം ജീവിതച്ചിലവുകൾ വർദ്ധിച്ചുവരികയാണ്.അണുകുടുംബ വ്യവസ്ഥയിൽ പുരുഷൻ മാത്രം തൊഴിൽ ചെയ്ത് ലഭിക്കുന്ന വരുമാനം കൊണ്ട് വീട്ടുചിലവുകളും കുട്ടികളുടെ പഠനച്ചിലവുകളും നടന്നുപോകില്ല. മാത്രമല്ല കുട്ടികൾക്ക് അമ്മമാർ വീട്ടിലിരിക്കുന്നു എന്ന് പറയുന്നത് അപമാനമായി കരുതുന്ന കാലം വന്നു കഴിഞ്ഞു.അതുകൊണ്ടുതന്നെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസവും യോഗ്യതക്കനുസരിച്ചുള്ള തൊഴിലും അത്യന്താപേക്ഷിതമാണ് എന്ന് തിരിച്ചറിയാതിരിക്കുന്നത് ആത്മഹത്യാപരമാകും. എന്തിന് വേണ്ടി പഠിക്കുന്നു എന്ന് പെൺകുട്ടികളും അവരെ വിവാഹം കഴിപ്പിച്ച് അയക്കുന്നത് വീട്ടുജോലിക്കല്ല, മറിച്ച് ആത്മാഭിമാനത്തോടെ സ്വന്തം കുടുംബത്തിനു വേണ്ടി ജീവിക്കാനാണ് എന്ന് മാതാപിതാക്കളും തിരിച്ചറിയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.അതുതന്നെയാണ് വിദ്യാഭ്യാസ വിചക്ഷണൻമാർ പെൺകുട്ടികൾ വിദ്യാഭ്യാസം നേടണം എന്നു പറഞ്ഞതുകൊണ്ട് ഉദ്ദേശിച്ചതും. സമൂഹത്തിന് ഇനിയും കണ്ണടച്ച് ഇരുട്ടാക്കാൻ കഴിയില്ല.അവർ മറച്ചുവെക്കാൻ ശ്രമിച്ച സ്ത്രീവിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം ഇന്ന് കാലം ആവശ്യപ്പെടുന്ന അവസ്ഥയിൽ എത്തിയിരിക്കുന്നു. ●

കവിത





സി.എസ്.മീനാക്ഷി

# രണ്ടു സീതായണകവിതകൾ

## മാരീചൻ

രാമായണമാസം
തോരാത്ത കണ്ണീർ
ജനലിലൂടെ നോക്കുമ്പോൾ
ഒളിഞ്ഞും തെളിഞ്ഞും ഒരു സ്വർണ്ണമാൻ
മോഹം തോന്നി
പിടിയ്ക്കാനോടി.
ഉടുപ്പ്, ഷർട്ട്, വിരിപ്പ്, സാരി
കൈവിട്ടുപോയി
പെട്ടെന്നായിരുന്നു
കരച്ചിലും പിഴിച്ചിലും
പിഴിഞ്ഞ് പിഴിഞ്ഞ്
കൈ കഴയ്ക്കുന്നു.

## ക്ഷണപ്രഭാചഞ്ചലം

പവർകട്ട്
ടെലിവിഷനിലെ മായക്കാഴ്ചകൾ മറഞ്ഞു
പങ്കയുടെ ഇരമ്പുന്ന കാറ്റ് നിലച്ചു
തിര പിൻവാങ്ങിയ പൂഴിപ്പരപ്പിൽ
കാഴ്ചപ്പെടുന്ന ജീവന്റെ കുഞ്ഞുചലനങ്ങൾ പോലെ
മരം പെയ്യുന്ന സ്വകാര്യം
'എന്റെയൊരു യോഗം'
പെട്ടെന്ന് പൊട്ടിവീണ നിശ്ശബ്ദതയെ ഭയന്ന്
അയൽപക്കത്തെ ജാനുവമ്മ സ്വരം താഴ്ത്തി.
ഒന്നരവയസ്സുകാരിയുടെ ശാഠ്യക്കരച്ചിൽ
കുണ്ടനിടവഴിയിൽ 'ഫോ, കഴന്റു പോയി'
എല്ലാം തെളിച്ചപ്പെട്ടു
തിരശ്ശീല ഉയരും മുമ്പുള്ള
കമ്പി മുറുക്കലും, ശ്രുതി ചേർക്കലും
കൊട്ടിനോക്കലും എത്തിനോക്കലും പോലെ
ചീവീടിന്റെ ചിലമ്പൽ
കൂമന്റെ കൂരായണ
കുന്നിന്മേലെ കുറുക്കന്റെ ഓരിക്ക്
തെരുവുപട്ടിയുടെ മറുപടിക്കുര
എല്ലാം കേൾവിപ്പെട്ടു
മിന്നലിന്റെ ഒരു ഞൊടി
വാഴത്തൊടിയിൽ ചേരയുടെ ഭോഗം
മരിച്ചുകൊണ്ടിരിക്കുന്ന തവളയുടെ കാക്രാന്തം
കറന്റ് വന്നു
കാഴ്ചകൾ, കേൾവികൾ, വെളിച്ചപ്പെടലുകൾ
എല്ലാം പോയി
സത്യങ്ങളും



# ദിശയ്ക്ക് മരണമില്ല ആറന്മുളയ്ക്ക് മരണമുണ്ട്

രമ.പി

ചിന്തിക്കുന്നേരം
ചിന്ത മുറിയുന്നു
കാരണമുണ്ടേ
പഠിക്കുന്ന കാലത്ത്
സാമൂഹ്യശാസ്ത്രത്തിൽ
പഠിച്ചു
നാല് ദിശയെ കുറിച്ച്
പഠിഞ്ഞാറ് കിഴക്ക്
തെക്ക് വടക്ക്
ദിശയ്ക്ക് മാറ്റമുണ്ടോ
ഇല്ല
മരണവുമില്ല, പക്ഷേ
ഒരു ദിശയിലേ, അല്ല
ദിശയേതെന്ന് പറയാൻ
ഒത്തിരി ഖേദമുണ്ട്
പ്രകൃതിരമണീയഗ്രാമം
ഓർത്തെടുത്താൽ കിട്ടും
ആറന്മുള
ആറന്മുളയ്ക്ക്
നാലക്ഷരമേയുള്ളൂ
എങ്കിലും
മഹത്വമേറെ
ഉണ്ണുന്നവനു പൊതി-
ച്ചോറിന്റെ വിലയറിയാം
ഉടുക്കുന്നവന് ഉടയാടയുടേയും
എന്നാൽ ലാഭക്കൊതിയനെന്തിന്
മഹത്വമറിയണം
അല്ല, അറിഞ്ഞിട്ടജ്ഞത
നടിക്കാനോ എങ്കിലും
നടനം ഒഴിവാക്കിയതും
മഹാ ഭാഗ്യമെന്നുപറയാം
നാട്യാചാര്യൻ നടനം
കൈമുദ്രകളാലും
നയനങ്ങളാലും
ആടിതിമർക്കുമ്പോൾ
ലാഭക്കൊതിയൻ
ചിന്തിക്കുമോ.
നാട്യ കലയെക്കുറിച്ച്
ഉത്തരമില്ലവെറും ചോദ്യം മാത്രം
ചിന്തിക്കുന്നേരം
ചിന്ത മുറിയുന്നു



ഉപ്പും മുളകും





ഗീത

**സ്ത്രീയേ ഞാനും നീയും തമ്മിലെന്തെന്ന് ദൈവങ്ങൾ ചോദിക്കുന്നതായി മതങ്ങൾ അറിയിക്കുന്നു. പ്രധാനസൃഷ്ടിയായ മനുഷ്യൻ പുരുഷനാണെന്നും അവന്റെ അനുബന്ധം മാത്രമാണ് പെണ്ണെന്നുമുള്ള പാഠങ്ങളും ഉത്പാദിപ്പിച്ചത് മതങ്ങൾ തന്നെയായിരുന്നു.**

# പെണ്ണിന്റെ ദൈവവിളി

**സ്ത്രീയേ** ഞാനും നീയും തമ്മിലെന്തെന്ന് ദൈവങ്ങൾ ചോദിക്കുന്നതായി മതങ്ങൾ അറിയിക്കുന്നു. പ്രധാനസൃഷ്ടിയായ മനുഷ്യൻ പുരുഷനാണെന്നും അവന്റെ അനുബന്ധം മാത്രമാണ് പെണ്ണെന്നുമുള്ള പാഠങ്ങളും ഉത്പാദിപ്പിച്ചത് മതങ്ങൾ തന്നെയായിരുന്നു. പുരുഷന്റെ വാരിയെല്ലിൽ നിന്നും അവനുവേണ്ടി സൃഷ്ടിക്കപ്പെട്ടവളാണ് പെണ്ണ്. അവന്റെ സുഖത്തിനും കുട്ടികളെ പെറ്റുപോറ്റാനുമുണ്ടായ ഉത്പാദനക്ഷമമായ കേവലം ശരീരമെന്ന നിലക്ക് അവളുടെ പദവി സ്ഥിരീകരിക്കപ്പെട്ടതങ്ങനെയാണ്. അവനുഴാനുള്ള മണ്ണായി അവൾ മെരുക്കപ്പെടുകയും ഒരുക്കപ്പെടുകയും ഒതുക്കപ്പെടുകയും ചെയ്തു. മണ്ണും പെണ്ണും നന്നാക്കിയാൽ നന്നാവുമെന്ന് നാടൻ പഴഞ്ചൊല്ലുകൾ പിൽക്കാലത്ത് പാടിനീട്ടി ഗുരുക്കളാക്കിയതിന്റെ പശ്ചാത്തലവും ഇതേ മതാധികാരവിധേയത്വം തന്നെയായിരുന്നു.

അതുകൊണ്ടാണ് വസ്തുവിൽ നിന്ന് വ്യക്തിയാവാൻ മതനേതൃത്വത്തോട് അവൾക്കാദ്യം കലഹിക്കേണ്ടിയിരുന്നത്. ഇംഗ്ലണ്ടിൽ പതിനേഴാം നൂറ്റാണ്ടിൽ പ്രൊട്ടസ്റ്റന്റ് മതത്തിന്റെ ആവിർഭാവം ഇങ്ങനെയൊരു ചരിത്രസംഭവത്തെ സൂചിപ്പിക്കുന്നു. പുരുഷന്മാരോടൊപ്പം മതപ്രവർത്തനത്തിൽ ഏർപ്പെടാനുള്ള അവകാശത്തിനുവേണ്ടി നാനൂറോളം സ്ത്രീകൾ പൊതുസഭയിൽ നിവേദനം നടത്തിയത് 1642-ലായിരുന്നു.

പുരുഷനിർമ്മിതമായ കുടുംബത്തിനകത്ത് സംരക്ഷിക്കപ്പെട്ടത് സ്വാഭാവികമായും പുരുഷന്റെ മാത്രം താല്പര്യങ്ങളായിരുന്നു. ഇന്നും അതങ്ങനെയാണെന്ന് നമുക്കറിയാം. കുടുംബത്തിനുള്ളിൽ പെണ്ണിനാണ് സ്ഥാനമെന്നുറപ്പിക്കാൻ അവൾക്കുവേണ്ടി മാതൃത്വം, പാതിവ്രത്യം എന്നീ സങ്കലപ്നങ്ങ

ളും സഹനം, ക്ഷമ എന്നീ മൂല്യങ്ങളും രൂപപ്പെടുത്തി. ക്ഷമിക്കുന്ന പുരുഷൻ, ക്ഷമിക്കുന്ന സ്ത്രീ എന്നീ അവസ്ഥകളിൽ കർത്തൃപദവികൾക്ക് സംഭവിക്കുന്ന സ്ഥാനചലനം നിർണ്ണായകമാണ്.

പിതാവും പുത്രനും പരിശുദ്ധാത്മാവും ചേർന്ന ത്രിത്വസങ്കല്പത്തിൽ എവിടെയായിരുന്നു/എവിടെയാണ് ഈ പാവം അമ്മ? അമ്മയുടെ കാല്ചുവട്ടിലാണ് സ്വർഗ്ഗം, അതിനാൽ അമ്മ, അമ്മ, അമ്മ എന്നു മൂന്നു തവണ ഉച്ചരിച്ചതിനുശേഷം മാത്രമേ പിതാവ് എന്ന് ഉച്ചരിക്കേണ്ടതുള്ളൂ എന്നു പറയുന്നവർ തന്നെയാണ് നരകവാസികളിലേറേയും പെണ്ണുങ്ങളാണെന്നെഴുതിവെച്ചത്. അപ്പോൾ നരകത്തിൽ കിടക്കുന്ന അമ്മയുടെ കാൽച്ചുവട്ടിലാണോ സ്വർഗ്ഗം, സ്വർഗ്ഗനരകങ്ങൾ തമ്മിലുള്ള അകലം എത്രയാണ്, അതോ നരകവാസികളായ സ്ത്രീകളിൽ അമ്മമാരുണ്ടായിരുന്നില്ലേ എന്നൊക്കെ സംശയിച്ചു തുടങ്ങിയാൽ കേൾക്കാം ദൈവം ഉണ്ടാക്കിവെച്ചതിനെ ആരും ചോദ്യം ചെയ്യരുതെന്ന്. അതായത് ദൈവസ്രഷ്ടമായവയിൽ പെണ്ണിനെ മാത്രം ആർക്കും എന്തും ചെയ്യാം! പിതാവിനും ഗുരുവിനുമൊപ്പം അമ്മയേയും ദൈവമാക്കിയവരുടെ കഥയും വ്യത്യസ്തമല്ല. പിതാവിന്റെ മരണാനന്തരമുള്ള ചിതയിലേക്ക് അവളെ ബലമായി തള്ളിമറിച്ചിട്ട് അവർ ചുട്ടുകൊന്നു. കാരുണ്യവേദവുമായി വന്നവരാവട്ടെ, വിഹാരങ്ങളിൽ സ്ത്രീകളെ പ്രവേശിപ്പിച്ചാൽ അവ എളുപ്പം നശിച്ചുപോകുമെന്ന് സിദ്ധാന്തിച്ചു കളഞ്ഞു.

മതഘടനക്കുള്ളിൽ നിന്ന് രൂപപ്പെട്ട കുടുംബത്തിൽ പെണ്ണിനുണ്ടെന്നു കൊണ്ടാടപ്പെടുന്ന സ്ഥാനം വ്യാജമായിരുന്നെന്ന തിരിച്ചറിവിൽ നിന്നായിരുന്നു മതപ്രവർത്തനങ്ങളിൽ പങ്കെടുക്കാനുള്ള അവകാശത്തിനു വേണ്ടി സ്ത്രീകൾ നിവേദനം കൊടുത്തതെന്നുവേണം ഊഹിക്കാൻ. അതൊരു സ്വയം നിർണയാവകാശവാദമായിരുന്നു. ഇന്നത്തെ സ്ത്രീസിദ്ധാന്തങ്ങളെ രൂപപ്പെടുത്തിയ ആദ്യപ്രയോഗമായിരുന്നു അത്. മതപ്രവർത്തനങ്ങളിൽ ഇടപെടുകയെന്നാൽ വീടുവിട്ടു പുറത്തിറങ്ങുകയെന്നുതന്നെയായിരുന്നു അന്നത്തെ അർത്ഥം. അതുകൊണ്ട് പെണ്ണിന്റെ ഈ വീടുവിടലിനെ മതനേതൃത്വങ്ങൾ എല്ലായ്പ്പോഴും ഭയപ്പെട്ടു. ദൈവത്തെയന്വേഷിച്ചുള്ള അവളുടെ യാത്രയെ പ്രതിരോധിക്കാൻ വീടകങ്ങൾ പൂജാമുറികളാലും ബിംബങ്ങളാലും അൾത്താരകളാലും അലങ്കരിക്കപ്പെട്ടു തുടങ്ങിയത് ഇതിനെ തുടർന്നായിരുന്നു.

**മതപ്രവർത്തനങ്ങളിൽ ഇടപെടുകയെന്നാൽ വീടുവിട്ടു പുറത്തിറങ്ങുകയെന്നുതന്നെയായിരുന്നു അന്നത്തെ അർത്ഥം. അതുകൊണ്ട് പെണ്ണിന്റെ ഈ വീടുവിടലിനെ മതനേതൃത്വങ്ങൾ എല്ലായ്പ്പോഴും ഭയപ്പെട്ടു.**

അങ്ങനെ സ്വന്തം ഉള്ളിലേക്ക്, കൂടുതൽ കൂടുതൽ അകത്തേക്ക് അവൾ യാത്ര തുടങ്ങി. പുറത്തിറങ്ങുന്നതിനേക്കാൾ അതികഠിനമായ പരീക്ഷണങ്ങളായിരുന്നു അവളെ കാത്തിരുന്നത്. അപ്പോൾ അക്കമഹാദേവിക്ക് നഗ്നയായലഞ്ഞ് വിജനതകളിൽ മാഞ്ഞുപോകേണ്ടിവന്നു. ജനമെന്നാൽ പുരുഷൻ എന്നു മാത്രമാണർത്ഥമെന്നു വരുമ്പോൾ അവളുടെ ഭക്തിയും സർഗാത്മകതയും ജനപഥങ്ങളിൽ തിരസ്കരിക്കപ്പെടുന്നു. അതിതീവ്രമായ സങ്കടങ്ങളെ അവൾ അത്യാനന്ദങ്ങളാക്കിമാറ്റിയതിന്റെ ചരിത്രം മായ്ക്കപ്പെടുന്നതുകൊണ്ടത്രെ. ഓരോ കാലഘട്ടവും ഓരോരോ കാരണങ്ങൾ പറഞ്ഞ് അവളെ അകത്താക്കി. അടയാളങ്ങൾ അവശേഷിപ്പിക്കാൻ അവൾ പിടഞ്ഞതിന്റെ ഞെരക്കങ്ങൾ എന്നിട്ടും ബാക്കിയായി.

1866ൽ സ്ത്രീകൾക്ക് വോട്ടവകാശം വേണമെന്ന വാദം ബ്രിട്ടീഷ് പാർലമെന്റിലുയർന്നപ്പോൾ അതിശക്തമായ വിയോജിപ്പുകൾ ഉയർന്നുവന്നു. വ്യക്തി എന്നതിന് man എന്നതിനു പകരം person എന്നാക്കി മാറ്റാനുള്ള ജോൺസ്റ്റുവർട്ട് മിൽ എന്ന പുരുഷന്റെ നിർദ്ദേശം പോലും മറ്റു പുരുഷന്മാർ തള്ളിക്കളഞ്ഞു. കുഞ്ഞിനെ തൊട്ടിലാട്ടാനും വീടുപണികൾ ചെയ്യാനുമുള്ള അവളുടെ മൃദുകരങ്ങൾ എന്തിനു ബാലറ്റുപെട്ടിയിൽ വോട്ടിടണം. സ്ത്രീകൾക്കു സമത്വം വേണമെന്നു പറയുന്നത് അസംബന്ധമാണെന്ന നെപ്പോളിയന്റെ അഭിപ്രായത്തെ ഹിറ്റ്ലർ പിന്താങ്ങിയതും ചരിത്രമാണ്. ഇത്തരം നെപ്പോളിയന്മാരും ഹിറ്റ്ലർമാരും തന്നെയാണ് ഇപ്പോഴും മതനേതാക്കന്മാർ. ഈ നേതൃത്വത്തിലാണ് രാഷ്ട്രീയാധികാരവും നിക്ഷിപ്തമായിരിക്കുന്നതെന്ന് കാണാം. പെണ്ണിന്റെ വിവാഹപ്രായം പതിനഞ്ചാക്കി ചുരുക്കണമെന്ന് വാദിക്കുവാൻ ഒരു സർക്കാരിനു സാധിക്കുന്നതതുകൊണ്ടാണ്. ശൂലംകൊണ്ട് ഗർഭിണിയുടെ വയറു കുത്തിപ്പിളരുവാൻ ഒരു വർഗ്ഗീയവാദിക്കുകിട്ടുന്ന അതേ ഊർജ്ജസ്രോതസ്സാണ് ഇത്. പെണ്ണെഴുത്തിനെതിരെ വാളെടുക്കുന്ന മതനേതൃത്വവും ഒരേ തൂവൽപക്ഷികൾ തന്നെ. പെണ്ണിനെ മതാത്മകകുടുംബമെന്ന കൂട്ടിലടക്കുക, അവൾ നൂറ്റാണ്ടുകളിലെ പല വിധ സമരങ്ങളിലൂടെ ആർജ്ജിച്ച ഇത്തിരി ഇടം പിടിച്ചടക്കുക, അവളെ വീണ്ടും വസ്തുവാക്കുക. അതുകൊണ്ട് സ്വതന്ത്രവ്യക്തികളാകണമെങ്കിൽ, വീടിനെ തച്ചു തകർത്തുകൊണ്ട് മതത്തിന്റെ വാതിലുകൾ തള്ളിത്തുറന്ന് പെണ്ണ് പുറത്തുകടക്കണം. മണ്ണിൽ ചവിട്ടി ശുദ്ധവായു ശ്വസിച്ച് ശുദ്ധജലത്താൽ സ്വജീവൻ വീണ്ടെടുക്കണം. സ്വയം ദൈവമെന്നറിയണം. സഹോദരിമാരെ അതാണവളുടെ ദൈവവിളി -അകംപുറങ്ങളെ സമന്വയിപ്പിക്കുന്ന അഭേദം തന്നെയാക്കുന്ന അതിതീവ്രമാകുന്ന ദൈവവിളി. ●



സീമ ശ്രീലയം



# മിനമാതാ ദുരന്തം മുതൽ മിനമാതാ ഉടമ്പടി വരെ

കൗമാരപ്രായത്തിലുള്ള തന്റെ മകളെ കൈകളിലെടുത്ത് കുളിപ്പിക്കുന്ന ഒരമ്മ... 1971ൽ അമേരിക്കൻ ഫോട്ടോഗ്രാഫറായ യൂജിൻ സ്മിത്ത് പകർത്തിയ ഈ ഫോട്ടോ മിനമാതാ ദുരന്തത്തിന്റെ നേർക്കാഴ്ചയായി മാറി. ജപ്പാൻകാരിയായ ടൊമോകോ യുമ്യുറ ആയിരുന്നു മിനമാതാ രോഗം തളർത്തിയ ഹതഭാഗ്യയായ ആ പെൺകുട്ടി. അമ്മയുടെ പേരു റയോകോ. രോഗത്തിന്റെ നരകയാതനകൾ മുഴുവൻ അനുഭവിച്ച ആ പെൺകുട്ടി ഇരുപത്തിയൊന്നാം വയസ്സിൽ ഈ ലോകത്തോട് യാത്ര പറഞ്ഞു. ലോകത്തെ നടുക്കിയ പരിസ്ഥിതിദുരന്തങ്ങളിൽ ഒന്നായിരുന്നു ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ ജപ്പാനിലുണ്ടായ മിനമാതാ ദുരന്തം. മെർക്കുറി അഥവാ രസം എന്ന മൂലകം സൃഷ്ടിക്കുന്ന പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങളുടെ ഭീകരത ഇന്നു ലോകരാജ്യങ്ങൾക്ക് ബോധ്യമായിക്കഴിഞ്ഞു. ഇതിന്റെ തെളിവാണ് ഈ വർഷം ഒക്ടോബറിൽ ജപ്പാനിൽ ചേരുന്ന മിനമാതാ കൺവെൻഷൻ. യുണൈറ്റഡ്നേഷൻസ് എൻവയോൺമെന്റ് പ്രോഗ്രാമിന്റെ നേതൃത്വത്തിലാണ് ഒരു സുസ്ഥിരഭാവിയിലേക്കുള്ള ചവിട്ടുപടി എന്നു വിശേഷിപ്പിക്കപ്പെടുന്ന ഈ ഉടമ്പടി നടപ്പാക്കാൻ ഒരുങ്ങുന്നത്.

1908ലാണ് ചിസ്സോ കോർപ്പറേഷൻസ് രാസവളനിർമ്മാണത്തിനായി ഒരു ഫാക്ടറി ജപ്പാനിലെ മിനമാതാ കായലിന്റെ തീരത്ത് സ്ഥാപിച്ചത്. ക്രമേണ അസറ്റാൽഡിഹൈഡ് പോലുള്ള രാസവസ്തുക്കളുടെ നിർമ്മാണത്തിലേക്ക് രാസവ്യവസായം വളർന്നു. ഫാക്ടറിയിൽ നിന്നുള്ള മലിനജലം കായലിലേക്ക് ഒഴുക്കിയപ്പോൾ അതോടൊപ്പം വൻതോതിൽ മീഥൈൽ മെർക്കുറി എന്ന രാസവസ്തുവും കായൽ ജലത്തിൽ കലർന്നു. 1932 മുതൽ ഏതാണ്ട് 36 വർഷത്തോളം ഈ മെർക്കുറിസംയുക്തം മിനമാതാ കായലിലെ ജലത്തെ വിഷലിപ്തമാക്കിക്കൊണ്ടിരുന്നു. കായലിലെ മത്സ്യം പിടിച്ച് ഉപജീവനം നടത്തിക്കൊണ്ടിരുന്ന തദ്ദേശവാസികൾ തങ്ങളെ കാത്തിരിക്കുന്ന ദുരന്തത്തെക്കുറിച്ച് അറിഞ്ഞതേയില്ല.

കൗമാരപ്രായത്തിലുള്ള തന്റെ മകളെ കൈകളിലെടുത്ത് കുളിപ്പിക്കുന്ന ഒരമ്മ... 1971ൽ അമേരിക്കൻ ഫോട്ടോഗ്രാഫറായ യൂജിൻ സ്മിത്ത് പകർത്തിയ ഈ ഫോട്ടോ മിനമാതാ ദുരന്തത്തിന്റെ നേർക്കാഴ്ചയായി മാറി. ജപ്പാൻകാരിയായ ടൊമോകോ യുമ്യുറ ആയിരുന്നു മിനമാതാ രോഗം തളർത്തിയ ഹതഭാഗ്യയായ ആ പെൺകുട്ടി. അമ്മയുടെ പേരു റയോകോ.

കായലിൽ അടിഞ്ഞുകൂടിക്കൊണ്ടിരുന്ന മെർക്കുറി മത്സ്യങ്ങളുടെ ശരീരത്തിലെത്തി. തുടർച്ചയായി ഈ കായലിലെ മത്സ്യങ്ങളെ ഭക്ഷിച്ചിരുന്ന മനുഷ്യരുടെ ശരീരത്തിലും അപകടകരമായ തോതിൽ മെർക്കുറി അടിഞ്ഞുകൂടി. അതോടെ അന്നുവരെ അജ്ഞാതമായിരുന്ന ഒരു രോഗം അവിടുത്തെ പാവം മനുഷ്യരുടെ ജീവൻ കവരാൻ തുടങ്ങി. മനുഷ്യരെ മാത്രമായിരുന്നില്ല മിനമാതാ രോഗം ബാധിച്ചത്. പട്ടികളിലും പൂച്ചകളിലുമൊക്കെ ഈ രോഗം പ്രത്യക്ഷപ്പെട്ടു. ഭക്ഷ്യശൃംഖലയിൽ കടന്നുകൂടിയ മെർക്കുറി വിതച്ച ദുരന്തം ലോകത്തെ നടുക്കി.



സാധാരണ താപനിലയിൽ ദ്രാവകരൂപത്തിൽ കാണപ്പെടുന്ന ഒരു ഘന ലോഹമാണ് മെർക്കുറി. തെർമോമീറ്ററിലും രക്തസമ്മർദ്ദമളക്കുന്ന ഉപകരണത്തിലുമൊക്കെ വെള്ളിത്തിളക്കമുള്ള ഈ ലോഹത്തെ എല്ലാവരും കണ്ടിട്ടുണ്ടാവും. മെർക്കുറിയും അതിന്റെ സംയുക്തങ്ങളും സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ ചില്ലറയൊന്നുമല്ല. തലച്ചോർ, ഞരമ്പുകൾ, ശ്വാസകോശം, വൃക്ക, ദഹനവ്യവസ്ഥ എന്നിവയെയൊക്കെ മെർക്കുറി ദോഷകരമായി ബാധിക്കും. ഓർമ്മയേയും സംസാരശേഷിയേയും വരെ ഇതു തകരാറിലാക്കുമെന്ന് തെളിഞ്ഞിട്ടുണ്ട്. ഗർഭസ്ഥശിശുവിനെപ്പോലും മെർക്കുറി മലിനീകരണം ദോഷകരമായി ബാധിക്കും.

നമ്മൾ നിത്യവും കാണുകയും ഉപയോഗിക്കുകയും കേടാവുമ്പോൾ അശ്രദ്ധമായി വലിച്ചെറിയുകയും ചെയ്യുന്ന പല ഉപകരണങ്ങളിലും മെർക്കുറി അടങ്ങിയിട്ടുണ്ടെന്ന് ഓർക്കാറുണ്ടോ? പരീക്ഷണശാലകളിലും ആശുപത്രികളിലുമൊക്കെ ഉപയോഗിക്കുന്ന മെർക്കുറി തെർമോമീറ്ററുകൾ, ചില കോമ്പാക്റ്റ് ഫ്ളൂറസന്റ് ലാമ്പുകൾ, സ്വിച്ചുകൾ, ബട്ടൺ വലിപ്പത്തിലുള്ള മെർക്കുറി സെല്ലുകൾ, പഴയ കാഥോഡ് റേ ട്യൂബുകൾ, ദന്തചികിത്സാ രംഗത്തുപയോഗിക്കുന്ന മെർക്കുറി അമാൽഗം, എന്നിവയൊക്കെ ഇതിൽപ്പെടും. കൽക്കരി ഇന്ധനമായുപയോഗിക്കുന്ന പവർ സ്റ്റേഷനുകളാണ് മെർക്കുറിയെ പരിസ്ഥിതിയിലേക്ക് പുറന്തള്ളുന്ന ഏറ്റവും വലിയ സ്രോതസ്സ്. സ്വർണ്ണത്തെ അതിന്റെ അയിരിൽ നിന്നു വേർതിരിക്കാനും മെർക്കുറി ഉപയോഗിക്കുന്നുണ്ട്. സ്വർണ്ണം, സിങ്ക് എന്നിവയുടെ സംസ്ക്കരണത്തിൽ ഉപയോഗിക്കുന്ന സ്മെൽറ്ററുകൾ, രാസവ്യവസായശാലകളിലെ വമ്പൻ ബോയിലറുകൾ, മാലിന്യ സംസ്ക്കരണത്തിനുള്ള ഇൻസിനറേറ്ററുകൾ, സിമന്റ് വ്യവസായം, വ്യവസായ ശാലകൾ പുറന്തള്ളുന്ന മെർക്കുറി മാലിന്യങ്ങൾ, ചില സൗന്ദര്യവർദ്ധക വസ്തുക്കളുടെ നിർമ്മാണം തുടങ്ങി മെർക്കുറി എന്ന വിഷ രാസവസ്തു പരിസ്ഥിതിയിൽ കലരുന്ന വഴികൾ പലതാണ്. തലമുറകളോളം നീളുന്ന നരകയാതനകളിലേക്കാണ് മെർക്കുറിമലിനീകരണം മനുഷ്യനേയും പരിസ്ഥിതിയേയും നയിക്കുന്നത്.


മെർക്കുറിമലിനീകരണം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ, അത് നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകത തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ആഗോളതലത്തിൽ അവബോധമുണ്ടാക്കാൻ ഈ ഒക്ടോബറിൽ ജപ്പാനിൽ നടക്കുന്ന മിനമാതാ കൺവെൻഷനിലൂടെ കഴിയുമെന്നാണ് പ്രതീക്ഷ. മെർക്കുറിയുടെ നേരിട്ടുള്ള ഖനനം, അതിന്റെ കയറ്റുമതി. ഇറക്കുമതി, മെർക്കുറി മാലിന്യങ്ങളുടെ സുരക്ഷിതമായ സംസ്ക്കരണം എന്നിവയും ഇതിൽ ചർച്ചാവിഷയമാവും. നാലുവർഷം നീണ്ട ചർച്ചകൾക്കൊടുവിലാണ് ഉടമ്പടിയിലെ വ്യവസ്ഥകൾ ലോകരാജ്യങ്ങൾക്ക് മുന്നിൽ വെച്ചിരിക്കുന്നത്. പടിപടിയായി പരിസ്ഥിതിയിൽ മെർക്കുറി കലരുന്നത് തടയുകയാണ് ലക്ഷ്യം. ഇതിനായി 2020ഓടെ മെർക്കുറി അടങ്ങുന്ന പല ഉപകരണങ്ങളും (ബാറ്ററികൾ, ഫ്ളൂറസന്റ് ലാമ്പുകൾ, മെർക്കുറി തെർമോമീറ്റർ തുടങ്ങിയവ) മെർക്കുറിയുടെ ചില സംയുക്തങ്ങളുടെ ഉപയോഗവും ഉല്പാദനവും നിർത്തുക എന്നാണ് ഉടമ്പടിയിലെ ഒരു പ്രധാന വ്യവസ്ഥ. കൽക്കരി ഇന്ധനമായുപയോഗിക്കുന്ന പവർസ്റ്റേഷനുകൾക്കു പകരം ബദൽമാർഗ്ഗങ്ങൾ തേടാനുള്ള നിർദ്ദേശവും നൽകും. മെർക്കുറി പുറന്തള്ളപ്പെടുന്ന എല്ലാ രാസപ്രക്രിയകൾക്കും ബദൽമാർഗ്ഗസാധ്യതകൾ ആരായും. മിനമാതാ കൺവെൻഷനിലെ ഉടമ്പടിയിൽ ലോകരാജ്യങ്ങൾ ഒപ്പുവെക്കുകയും അതു നടപ്പാക്കുകയും ചെയ്താൽ പരിസ്ഥിതിയേയും മനുഷ്യനേയും സർവ്വജീവജാലങ്ങളേയും ഒരുപോലെ ബാധിക്കുന്ന ഒരു വിപത്തിൽ നിന്ന് കരകയറാൻ കഴിയുമെന്ന് പ്രതീക്ഷിക്കാം. ●

> പെണ്ണ് പിറക്കുന്ന നാടെന്ന് കേൾവി കേട്ട കേരളം. അവൾക്ക് അനുവദിച്ചിട്ടുള്ള സ്വാതന്ത്ര്യം ഭാര്യാപദം. അവിടേയും ഒട്ടേറെ സവിശേഷത കൾ. ഒരു മനുഷ്യായുസ്സു മുഴുവൻ വീടിന്റെ അടുക്കളയിൽ തളക്കപ്പെട്ട് എച്ചിലെടുത്ത് വിഴു പ്പലക്കി അടിമയായി അവരോധിക്കപ്പെട്ടവൾ. സാക്ഷരകേരളത്തെ ആ പേരിനർഹയാക്കിയത് സ്ത്രീകളാണെന്ന് ആരും ഓർക്കാറേയില്ല.



മഞ്ജു.സി

# അതിജീവനത്തിന്റെ ആദ്യമുഖം
## സരസ്വതിയമ്മയിലൂടെ



**പെണ്ണ്** പിറക്കുന്ന നാടെന്ന് കേൾവി കേട്ട കേരളം. അവൾക്ക് അനുവദിച്ചിട്ടുള്ള സ്വാതന്ത്ര്യം ഭാര്യാപദം. അവിടേയും ഒട്ടേറെ സവിശേഷതകൾ. ഒരു മനുഷ്യായുസ്സു മുഴുവൻ വീടിന്റെ അടുക്കളയിൽ തളക്കപ്പെട്ട് എച്ചിലെടുത്ത് വിഴുപ്പലക്കി അടിമയായി അവരോധിക്കപ്പെട്ടവൾ. 'സാക്ഷരകേരള'ത്തെ ആ പേരിനർഹയാക്കിയത് സ്ത്രീകളാണെന്ന് ആരും ഓർക്കാറേയില്ല. സംവരണത്തിന്റെ പുതിയ മുഖം അവളെ അണിയിച്ച് പിന്നിലൊളിച്ചിരിക്കുന്ന പുരുഷപ്രജകൾ അവളെ പൊതുവേദികളിലേക്ക് ആനയിച്ച് കൊണ്ടുവന്നു. ഉദാരനായ പുരുഷന്റെ അനുഭാവപൂർവ്വമായ ഇടപെടലുകൾ ചിലപ്പോഴൊക്കെ ഉണ്ടായിരുന്നുവെന്ന് വിസ്മരിക്കുന്നില്ല. എങ്കിലും നെറ്റിപ്പട്ടം കെട്ടി കോലം വെച്ച് എഴുന്നള്ളിച്ച് കൊണ്ടുവന്നപ്പോൾ അവൾ തന്റെ നിയന്ത്രണരേഖ മറികടക്കുമെന്ന് പാപ്പാന്മാർ വിചാരിച്ചതേയില്ല. നിയന്ത്രണങ്ങൾക്കതീതമായി അവൾ വളർന്നുവന്നത് ആധുനികലോകത്തിന്റെ നേർകാഴ്ച. എന്നാലും സാഹിത്യലോകത്തിന്റെ വാതിലുകൾ മുട്ടി തുറക്കാൻ എന്തേ അഭ്യസ്തവിദ്യരായ സ്തീകൾ മടിക്കുന്നു? അനുഭവങ്ങളിൽ നിന്ന് അറിവും കരുത്തും സംഭരിച്ച് ഒരായിരം സ്വപ്നങ്ങൾ ഒരുക്കിയെടുത്ത് എല്ലാം ഉള്ളിലൊതുക്കി വീടിന്റെ ചുമരുകൾക്കുള്ളിൽ അടങ്ങിയൊതുങ്ങുന്നവൾ.

സൃഷ്ടിപരമായി തന്റെ ഹൃദയാനുഭവങ്ങൾ എങ്ങനെ രൂപപ്പെടുത്തണമെന്നവൾക്ക് അറിയാഞ്ഞിട്ടല്ല, സത്യസന്ധമായ ആവിഷ്ക്കാരങ്ങൾ ഒരു ബൂമറാങ്ങ് പോലെ തന്നെ തിരിച്ചടിക്കുമോയെന്ന ചിന്ത അവളെ അലോസരപ്പെടുത്തുന്നു.

സ്ത്രൈണവികാരവിചാരങ്ങളും അവളുടെ അനുഭൂതിലോകവും പുരുഷൻമാരുടെ മഷിവറ്റാത്ത തൂലികയിലെ വിൽപനച്ചരക്കാകുമ്പോൾ ഇതൊന്നുമല്ല സത്യമെന്ന് വീടിന്റെ അടുക്കളവാതിൽ ചാരിനിന്ന് അവൾ വിളിച്ചുപറയുന്നുണ്ട്. പക്ഷേ തൊണ്ടയിൽ മുഴച്ചുനിൽക്കുന്ന സത്യം പുറത്തേക്കു പ്രവഹിക്കുന്നതേയില്ല. ജീവിതത്തിന്റെ നൂൽപ്പാലത്തിലൂടെ സഞ്ചരിക്കുന്നവൾ സാഹിത്യലോകത്തേക്കു കടന്നുവരുമ്പോൾ ആ ചിറകുകൾ കൊത്തിയരിയുവാൻ ഒരായിരംപേർ സടകുടഞ്ഞ് നിൽക്കുന്നു. ഇത്തരം പ്രതികൂല സാഹചര്യങ്ങളെ മറികടക്കാൻ ശ്രമിച്ച അപൂർവ്വം സ്ത്രീജന്മങ്ങളേ നമ്മുടെ സാഹിത്യത്തിലുള്ളൂ. അതിലൊരാളാണ് കെ. സരസ്വതിയമ്മ. അതുകൊണ്ടുതന്നെയാണ് ചെറുകഥാസാഹിത്യത്തിലെ ഏകാന്തവിസ്മയം എന്ന പേരിനവർ അർഹയായത്. ജീവിതവും സാഹിത്യവും ഒരേ നാണയത്തിന്റെ ഇരുവശങ്ങളാണെന്ന വാദഗതി നിലനിൽക്കുമ്പോൾ അതിനെ ഒന്നായി കാണുവാൻ പലർക്കുമാകുമായിരുന്നില്ല. ഫെമിനിസ്റ്റ് ചിന്താഗതിയുടെ ഓളങ്ങൾ തന്റെ ജീവിതത്തിൽ ചലനം സൃഷ്ടിച്ചപ്പോൾ ജീവിതത്തിലുടനീളം ഒരു ഏകാന്തപഥികയാകുവാൻ അവർ തയ്യാറായി. തന്റെ ജിവിതത്തിൽ അനുഭവിച്ച സ്വാതന്ത്ര്യം അവരുടെ രചനയുടെ നേർവഴികളായി മാറി.

ചുറ്റുപാടുമുള്ള സ്ത്രീകൾ അനുഭവിക്കുന്ന ദയനീയാവസ്ഥകൾ, അനാഥമായ യൗവ്വനം, തന്റെ കുടുംബത്തിന്റെ ഉത്തരവാദിത്വം, പാശ്ചാത്യവിദ്യാഭ്യാസം എന്നിവ അവരെ രചനയുടെ സാഹിത്യലോകത്തേക്ക് കൂട്ടിക്കൊണ്ടുപോവുകയായിരുന്നു. അവിടെ അവർ അനുഭവിച്ച സ്വാതന്ത്ര്യം സ്ത്രീയായി ജനിച്ചതിന്റെ പരിമിതികൾ അവരെ ബോധ്യപ്പെടുത്തുകയായിരുന്നു. 1938-ൽ രചിച്ച 'സീതാഭവന'മാണ് സരസ്വതിയമ്മയുടെ ആദ്യകഥയെങ്കിലും സഹൃദയലോകം അവരെ തിരിച്ചറിഞ്ഞത് 1943-ൽ എഴുതിയ 'രമണി' എന്ന കഥയിലൂടെയാണ്. ചങ്ങമ്പുഴയുടെ 'രമണൻ' എന്ന കൃതിക്കുള്ള മറുപടിയാണ് ഈ രചന. ഒരു കാലത്തിന്റെ മുഴുവൻ നൊമ്പരങ്ങൾ ഉൾക്കൊണ്ട രമണൻ എന്ന കൃതി പണ്ഡിതപാമരഭേദമെന്യേ കൈവെള്ളയിലിട്ട് അമ്മാനമാടുന്ന കാലം. രമണന്റെ ഓടക്കുഴൽ വിളിയോടൊപ്പം അതിലെ വരികൾ മൂളിനടന്നിരുന്ന യുവാക്കളുടെ കാലം. ഹൃദയം പറിച്ചെടുക്കുന്ന വേദനയോടെ ചന്ദ്രികയുടെ വഞ്ചനയെ നോക്കിക്കണ്ട ആസ്വാദകരുടെ കാലം. ഇക്കാലത്താണ് ആ വരികൾക്കു ബദലായി 'രമണി'യിലൂടെ പെണ്ണെഴുത്തിന്റെ ആദ്യചലനങ്ങൾ സരസ്വതിയമ്മ സൃഷ്ടിച്ചത്. ചന്ദ്രികയുടെ പ്രണയവഞ്ചനയിൽ പ്രണയലോലുപനായ രമണൻ ദുരന്തനായകനായി മാറുമ്പോൾ വായനാലോകം മുഴുവൻ രമണന്റെ നൊമ്പരങ്ങൾ ഏറ്റുവാങ്ങുകയായിരുന്നു. ഈ സമയത്താണ് ചന്ദ്രികയുടെ പക്ഷം പിടിക്കാൻ ഒരു സ്ത്രീഎഴുത്തുകാരിയെത്തുന്നത്.

പ്രണയത്തെ പ്രണയമായി മാത്രം നിലനിർത്തുകയാണ് വേണ്ടതെന്നും പ്രണയം വിവാഹമായി മാറുമ്പോൾ അവരുടെയിടയിലെ പ്രണയം ആറി തണുക്കുന്നുവെന്നും പിന്നെ അത് ദാമ്പത്യമെന്ന വെറുമൊരു കരാറുമാത്രമാണെന്നും സരസ്വതിയമ്മ തന്റെ ചുറ്റുപാടിലുള്ള ജീവിതത്തിലൂടെ കണ്ടെത്തിയിരിക്കണം. ദു:ഖങ്ങളിൽ എരിഞ്ഞടങ്ങി പുകമറ തീർക്കേണ്ടവളല്ല സ്ത്രീയെന്ന കണ്ടെത്തൽ പുതിയ സ്വാതന്ത്ര്യത്തിലേക്കവരെ നയിക്കുകയായിരുന്നു. 'രമണ'നുമുമ്പും സാഹിത്യലോകത്തിൽ അനേകം സ്ത്രീകൾ പുരുഷന്മാരാൽ വഞ്ചിതരായിട്ടുണ്ട്. എന്നാൽ ചങ്ങമ്പുഴയുടെ ചന്ദ്രിക രമണനെ വഞ്ചിച്ചപ്പോൾ മാത്രം അനുവാചകഹൃദയം അസ്തപ്രജ്ഞരായതെന്തുകൊണ്ടാണെന്ന് ആരും അന്വേഷിച്ചതേയില്ല. കവിളിലൂടൂർന്നിറങ്ങിയ കണ്ണീർച്ചാലുകളിൽ നിന്ന് കൈവന്ന പുതിയ ഊർജ്ജം പെൺമനസ്സുകൾ തിരിച്ചറിഞ്ഞുതുടങ്ങി. അതിനു വഴിയൊരുക്കിയത് അതിജീവനത്തിന്റെ സഹനസമരമായി മാറിയ കെ. സരസ്വതിയമ്മയുടെ കഥകളാണ്. ഈ കഥകളിലൂടെ വായനക്കാർ ചന്ദ്രിക രമണനെ വഞ്ചിച്ചതിനുള്ള മറുപടികൾ കണ്ടെത്തിത്തുടങ്ങി. തന്റെ അച്ഛനമ്മമാരെ വേദനിപ്പിച്ച് രമണനോടൊപ്പം പോയിരുന്നുവെങ്കിൽ തന്റെ കുടുംബാംഗങ്ങളെ മുഴുവൻ മരണത്തിനെറിഞ്ഞുകൊടുത്തവൾ എന്ന പേരുകൊടുത്ത് അവളെ നാം കുറ്റപ്പെടുത്തുമായിരുന്നു. ന്യായീകരണത്തിന്റെ വലവീശി പുരുഷൻ രക്ഷപ്പെടുകയും ചെയ്യുമായിരുന്നു. സിനിമയിലും മറ്റും ഇത്തരം ആദർശപ്രണയത്തെ സഹനത്തിന്റെ വഴിത്താരതീർത്ത് കയ്യടിച്ചേറ്റുവാങ്ങുവാൻ നാം ശ്രമിക്കാറുണ്ട്. ഒരു സമൂഹത്തോട് പടപൊരുതുവാൻ ഒറ്റയാൾ പട്ടാളമായി നിന്ന സരസ്വതിയമ്മയുടെ നേരറിവിന്റെ ആർദ്രമായ മുഖം 'രമണി'യിലൂടെ പ്രതിഫലിച്ചു എന്ന് കരുതുന്നതാവും ശരി.

ആധുനിക ലോകത്തെ പെൺകുട്ടികൾ ഇനിയും തിരിച്ചറിയാത്ത ചതിക്കുഴികളിലേക്കിറങ്ങി തിരിക്കുമ്പോൾ സാമൂഹികവിമർശനങ്ങളേറ്റ് കുറ്റവാളിയെപ്പോലെ തലകുനിച്ചുനിൽക്കുമ്പോൾ കെ. സരസ്വതിയമ്മയുടെ സ്ത്രീരത്നങ്ങളെ കുറിച്ചോർക്കുക. കരുത്താർന്നൊരു പിൻവെളിച്ചം നിങ്ങളുടെ കൂടെയുണ്ടെന്നു തിരിച്ചറിയുക. ●

ലേഖനം



# എന്നാണ് ആ പൂക്കാലം?



വി.കെ.ദീപ

**പ്രശസ്തനായ** സാഹിത്യകാരൻ ഒരിക്കൽ പറയുന്നത് കേട്ടു "എഴുതാനായി മാത്രം വീടിനു മുകൾ നിലയിൽ ഞാനൊരു മുറി പണിതു. പ്രകൃതിയിലേക്ക് തുറക്കുന്ന വാതിലുള്ള ആ മുറിയിൽ എന്റെ മാത്രം മേശ, എന്റെ കസേര, ചുവരിൽ എനിക്കിഷ്ടമുള്ള പെയിന്റിംഗ്സ്. എനിക്കിഷ്ടമില്ലാത്തതൊന്നും ആ മുറിയില്ല! വീട്ടിലെ ആരും ആ മുറിയിലേക്ക് കയറാറുമില്ല."

ആ നിമിഷം മാത്രം എനിക്ക് അയാളായി ജനിക്കാൻ തോന്നി! പ്രശസ്തിയിൽ അയാൾക്ക് ഒട്ടും പിറകിലല്ലാത്ത സാഹിത്യകാരി പറഞ്ഞതാകട്ടെ- "സ്വസ്ഥമായും സ്വന്തമായും ഇരുന്ന് എഴുതാൻ വീടിന്റെ നീരാളിപ്പിടുത്തത്തിനിടയിൽ കഴിയാതെ എത്രയോവട്ടം ഞാൻ ഉരുകിയിട്ടുണ്ട്. മനസ്സിൽ ഞാനെഴുതിയ കഥകളാവും പ്രസിദ്ധീകരിച്ചതിനെക്കാളുമധികം."

അവരുമായുള്ള ഒരു സൗഹൃദഭാഷണത്തിനിടെ ഈ വിഷയം വീണ്ടും കടന്നുവന്നപ്പോൾ മുൻപ് പറഞ്ഞതിന്റെ തുടർച്ചയെന്നോണം അവർ പറഞ്ഞു. "രാത്രിയിലെ 'അവസാനപണിയും' കഴിഞ്ഞ് എഴുതാനിരുന്നാൽത്തന്നെ ഉണർന്ന മനസ്സിനെ തളർന്ന ശരീരം കീഴടക്കും. നമ്മളു നമ്മളെത്തന്നെ പ്രാകിപ്പോകും. എഴുത്തിന് പെൺശരീരം ഒരു വലിയ തടസ്സം തന്നെയാണ്. എത്ര  നിഷേധിച്ചാലും ബാക്കിയാവുന്ന വലിയസത്യം! പിന്നെ ഒക്കെ മറികടക്കലാണ്. ഒരുതരം വാശിയിൽ!"

ആ നിമിഷം എനിക്ക് തോന്നി സ്ത്രീജന്മത്തിന് സാഹിത്യവാസന ഇരട്ട ദുരന്തം!!

പെൺജീവിതത്തിന്റെ എല്ലാ പോരായ്മകളെയും മറികടന്ന് വിജയിച്ചവരുണ്ട്. മറക്കുന്നില്ല! എന്നിരുന്നാലും ഹൃദയത്തിലെ അക്ഷരാഗ്നി കുത്തിക്കെടുത്തി കൊഴിഞ്ഞുപോയവരുടെ എണ്ണത്തിനു മുൻപിൽ  വിജ

യിച്ചവരുടെ എണ്ണമൊരു എണ്ണമേ ആയിരിക്കാനിടയില്ല! നിൽക്കാനൊരിടവും സ്വസ്ഥമനസ്സെന്ന ഉത്തോലകവും കിട്ടിയാൽ സാഹിത്യലോകത്തെ മറിച്ചിടുമായിരുന്ന ചിലർ സ്വയം അപ്രത്യക്ഷരാവാൻ വേദനയോടെ സ്വയം അനുവദിക്കുന്നത് നിസ്സഹായതയോടെ അറിഞ്ഞിട്ടുണ്ട് വായനാലോകം! പുരുഷനെഴുതുമ്പോൾ ഒന്നാംകിടയായും സ്ത്രീ എഴുതുമ്പോൾ രണ്ടാംകിടയായും മാറുന്ന അവസ്ഥക്ക് സാഹിത്യരചനയുടെ ഉത്ഭവത്തോളം പഴക്കമുണ്ടെങ്കിലും ഇന്നും അതിന്റെ പുതുമ നശിച്ചിട്ടില്ലെന്ന് തോന്നിപ്പോകും. പലപ്പോഴും ആ രണ്ടാംകിടകാഴ്ചപ്പാടിന്റെ ഉത്ഭവം സ്വന്തം ഗൃഹത്തിൽ നിന്നുതന്നെ ആരംഭിക്കുന്നു എന്നതാണ് എഴുത്തുകാരികൾ നേരിടുന്ന അനേകം വെല്ലുവിളികളിൽ ഏറ്റവും വേദനാജനകമായത്. “നാളെ ഒരു കുടുംബത്ത് ചെന്ന് കേറേണ്ടവളാ” എന്ന നിരന്തരമായ ഓർമ്മപ്പെടുത്തലുകളിലൂടെ കടന്നുപോകുന്ന എത്രയോ എഴുത്തുകാരികളെ അറിയാം. സ്വന്തം കുടുംബത്തിന് തന്നെ അവളുടെ എഴുത്ത് സഹിക്കാനാവുന്നില്ലെങ്കിൽ മറ്റൊരു കുടുംബത്തിന്റെ കാര്യം പറയാനുണ്ടോ?

എനിക്ക് നേരിടേണ്ടി വരാറുള്ള ഒരു ചോദ്യമുണ്ട്. “എഴുത്തിന് ഭർത്താവും കുടുംബവും പ്രോത്സാഹിപ്പിക്കാറുണ്ടോ?” ഉത്തരത്തിന് പകരം തിരിച്ചൊരു ചോദ്യമാണ് ഞാൻ ചോദിക്കാറ്. “നിങ്ങളെ ആരെങ്കിലും പ്രോത്സാഹിപ്പിച്ചിട്ടാണോ നിങ്ങൾ ദിനചര്യകൾ ചെയ്യാറ്? ആരെങ്കിലും ആക്ഷേപിച്ചാലും പ്രോത്സാഹിപ്പിച്ചാലും നിങ്ങൾ നിങ്ങളുടെ ജോലികൾ ചെയ്തുകൊണ്ടേയിരിക്കും. പാത്രം കഴുകാതെ, വീട് വൃത്തിയാക്കാതെ, ആഹാരം പാകം ചെയ്യാതെ നിങ്ങൾക്ക് ഒരുദിവസം അവസാനിപ്പിക്കാൻ പറ്റാത്തതുപോലെ എഴുത്തോ വായനയോ കൂടാതെ ഒരു ദിവസം അവസാനിപ്പിക്കാൻ എനിക്കും ബുദ്ധിമുട്ടാണ്. അതെന്റെ ദിനചര്യയുടെ ഭാഗമാണ്. അതിന് പ്രത്യേകിച്ചൊരു പിന്തുണയും ആവശ്യമില്ല. ആവശ്യമായി തോന്നിയിട്ടുമില്ല.”

“ഹെന്തൊരു അഹങ്കാരം” എന്ന മട്ടിലുള്ള നോട്ടമാവും മറുപടി! ഞാൻ നിസ്സഹായയാണ് എന്ന് ഒരു സ്ത്രീ സ്വയം സമ്മതിക്കും വരെ അവൾ ശക്തയാണ്. ആത്മസ്വാതന്ത്ര്യത്തിലേക്കുള്ള വാതിൽ തുറക്കാൻ അവൾക്ക് വിദ്യാഭ്യാസം, സ്വന്തമായ വരുമാനം, കുടുംബത്തിന്റെ പിന്തുണ എന്നിവ അവശ്യഘടകങ്ങളാണ്. ഇതിന്റെ അഭാവത്തിലാണ് സ്ത്രീകൾ ‘അബലകൾ’ ആയിപ്പോകുന്നതും. ഒന്നും ഔദാര്യമല്ലെന്നും അവകാശമാണെന്നും ആ അവകാശം താൻ തന്നെ നേടിയെടുക്കേണ്ടതാണെന്ന് സ്വയം തിരിച്ചറിയുകയും ചെയ്യുന്നിടത്താണ് പെൺജന്മത്തിന്റെ വിജയക്കുതിപ്പ് ആരംഭിക്കുന്നത്!

സ്ത്രീകളെ അവരർഹിക്കും വിധത്തിൽ ബഹുമാനിക്കുന്ന സമൂഹം കാലങ്ങളായി സ്ത്രീസമൂഹം മനസ്സിൽ കൊണ്ടുനടക്കുന്ന സ്വപ്നമാണ്. ആ സ്വപ്നം സ്വപ്നമായിത്തന്നെയിരിക്കുമ്പോൾ സ്ത്രീമനസ്സുകളുടെ നിലവാരത്തിനും ഇളക്കം തട്ടുന്നുണ്ട് എന്ന് തോന്നിപ്പിക്കും വിധമാണ് ഈയിടെയായി സ്ത്രീകൾ ഉൾപ്പെടുന്ന ക്രിമിനൽകേസുകളുടെ എണ്ണം. ഇത്തരം കേസുകളിൽ അകപ്പെടുന്ന സ്ത്രീകളുടെ ചെയ്തികൾ വായിച്ചാൽ ‘സ്ത്രീ’ എന്ന പദത്തിന്റെ നിർവചനം തന്നെ മാറിമറയും. സ്നേഹം, അംഗീകാരം, സുരക്ഷ എന്നീ ‘കിട്ടാക്കനി’ കളോടുള്ള ആർത്തിയാണ് അവരെ പലപ്പോഴും സ്വാർത്ഥരും ക്രൂരരുമാക്കി തീർക്കുന്നതും!

കഥകൾ പ്രസിദ്ധീകരിച്ചുവരുമ്പോൾ ചില പുരുഷസുഹൃത്തുക്കൾ കളിപറയാറുണ്ട് “പെണ്ണുങ്ങളുടെ കഥകൾ എളുപ്പം പ്രസിദ്ധീകരിച്ച് വരും.”

“എന്നാൽ നിങ്ങളൊരു കഥ പെൺപേരിൽ എഴുതി അയക്കൂ. പ്രസിദ്ധീകരണയോഗ്യമല്ല എന്ന് പറഞ്ഞ് തിരിച്ച് വരുമ്പോഴെങ്കിലും നിങ്ങൾക്ക് മനസ്സിലാവുമല്ലോ പ്രസിദ്ധീകരണത്തിനുള്ള മാനദണ്ഡം വെറും പെൺപേരുമാത്രമല്ല എന്ന്.” തിരിച്ചു പറഞ്ഞ് നാവടപ്പിക്കുമ്പോൾ അസ്വസ്ഥമായ ഒരു നിശ്വാസം ഉള്ളിൽ നിന്നും കിടുകിടപ്പോടെ പുറത്തുചാടും. ഒരു പെൺജന്മത്തിന്റെ ഗതികേടുകളോർത്ത്!

ഒന്നിൽക്കൂടുതൽ പത്രങ്ങളും അതത് ആനുകാലികങ്ങളുടെ പുതിയ ലക്കങ്ങളും കൃത്യമായി വായിക്കുന്ന സ്ത്രീകളുടെ എണ്ണം പുരുഷന്മാരെ അപേക്ഷിച്ച് വളരെ കുറവാണ്. ‘സമയമില്ലെന്ന’ സ്ഥിരം ഒഴിവുകഴിവിൽ നമ്മൾ നമ്മളായി തന്നെ വേണ്ടെന്നുവെക്കുന്ന ഒരു കാര്യം, നമ്മളെ നമ്മളാക്കാൻ എത്രമാത്രം സഹായിക്കുമെന്ന് തിരിച്ചറിയും കാലത്ത് ഒരുപക്ഷേ നഷ്ടപ്പെട്ടുപോയ കാലങ്ങൾ നമ്മളെ വേദനിപ്പിച്ചേക്കാം!!

കഥകൾ പ്രസിദ്ധീകരിച്ചു വരു

> “എന്നാൽ നിങ്ങളൊരു കഥ പെൺപേരിൽ എഴുതി അയക്കൂ. പ്രസിദ്ധീകരണയോഗ്യമല്ല പറഞ്ഞ് തിരിട്ട് വരുമ്പോഴെങ്കിലും നിങ്ങൾക്ക് മനസ്സിലാവുമല്ലോ പ്രസിദ്ധീകരണത്തിനുള്ള മാനദണ്ഡം വെറും പെൺപേരുമാത്രമല്ല എന്ന്.” തിരിച്ചു പറഞ്ഞ് നാവടപ്പിക്കുമ്പോൾ അസ്വസ്ഥമായ ഒരു നിശ്വാസം ഉള്ളിൽ നിന്നും കിടുകിടപ്പോടെ പുറത്തുചാടും. ഒരു പെൺജന്മത്തിന്റെ ഗതികേടുകളോർത്ത്!

മ്പോൾ അഭിനന്ദിക്കാനും വിമർശിക്കാനും പുരുഷന്മാർ ആദ്യമെത്തുന്നത് 'സ്ത്രീ' എന്ന കേവലപരിഗണനക്കും കൗതുകത്തിനുമപ്പുറം പുരുഷനൊരു വായനാലോകമുണ്ട് എന്നതിന്റെ തെളിവായിട്ടാണ് ഞാൻ കരുതാറ്.

കലോത്സവവേദികളിൽ മത്സരിച്ചു ജയിച്ചു കയറിവരുന്ന പെൺകഥകളും കവിതകളും തീപ്പൊരിചിതറിച്ചങ്ങനെ മുന്നിൽ കിടക്കുമ്പോൾ ഉള്ള് നിറഞ്ഞ്, മനം നൊന്ത് പ്രാർത്ഥിച്ചുപോകാറുണ്ട്. ''ഹെന്റെ സാഹിത്യഭഗവതീ, ഇവരെ കൈപിടിച്ച് ഈയാത്ര അത്തറ്റം വരെ എത്തിച്ചോളണമേ"

ഇടക്ക് വെച്ച് ഇത്തരമൊരു യാത്ര വഴിമുടങ്ങിയ 'ഈയുള്ളവളുടെ' കരളുനൊന്ത ആത്മാർത്ഥപ്രാർത്ഥന!

സ്ത്രീകൾക്ക് സ്വസ്ഥമായിരുന്ന് വായിക്കാനൊരിടമില്ലാത്ത പബ്ലിക്ലൈബ്രറി കാണുമ്പോൾ സങ്കടം വരും. പുരുഷന്മാരുടെ കൂടെ ഇരുന്ന് വായിക്കാൻ ധൈര്യമില്ലാഞ്ഞിട്ടോ അതിൽ പ്രയാസം തോന്നിയിട്ടോ അല്ല ഇത്തരത്തിൽ പറയുന്നത്. സ്ത്രീകൾക്ക് മാത്രമായൊരു മുറിവേണമെന്നോ പുരുഷന്മാരിൽ നിന്ന് വേർതിരിക്കുന്നൊരു തിരശ്ശീല വേണമെന്നോ ഈ പറഞ്ഞതിന് അർത്ഥവുമില്ല. ചില അസൗകര്യങ്ങൾ അസൗകര്യങ്ങൾ തന്നെയാകുന്നു എന്നതിനാൽ മാത്രം! പുരുഷന്മാർക്കൊപ്പം തന്നെ തല നിവർത്തിയിരുന്ന് വായിക്കാൻ സ്വസ്ഥമായൊരിടം. കഴിയുമെങ്കിൽ 'സ്ത്രീകൾ' എന്ന് സംവരണം ചെയ്ത ഒരിടം. എല്ലാതരം പത്രമാസികകളും നിറഞ്ഞ ആ 'ഇടം' സന്ദർശിക്കാതെ പൂർണ്ണമാവാത്ത 'സ്ത്രീ'ദിനങ്ങൾ! കാലികവിഷയങ്ങളെക്കുറിച്ചുള്ള ഗഹനമായ അറിവിനാൽ പൊതുചർച്ചകളിലെ 'നോക്കുകുത്തി സ്ത്രീസാന്നിധ്യം' മാറിമറിയപ്പെടും കാലം. അത് നേടണമെങ്കിൽ ആഴമേറിയ വായനയിലേക്ക് തിരിയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

കുറച്ച് സ്വപ്നങ്ങൾ ഉണ്ട്, സ്വപ്നങ്ങളേ ഉള്ളൂ.

> വീണുപോയവളെ ഒറ്റപ്പെടുത്തി നോക്കിച്ചിരിച്ച് ചെളി ചൂണ്ടിക്കാട്ടി കളിയാക്കി രസിക്കാതെ കൈപിടിച്ച് എഴുന്നേൽപ്പിച്ച് ചെളി കഴുകാൻ സഹായിച്ച് "സാരമില്ല" എന്ന സ്നേഹമന്ത്രം ഉരുവിട്ട്, "ഞാനുണ്ട് കൂടെ" എന്ന വാചകത്തിൽപ്പൊതിഞ്ഞ് നമ്മൾ സ്ത്രീകൾ ഒറ്റക്കെട്ടാവും കാലം.

വീണുപോയവളെ ഒറ്റപ്പെടുത്തി നോക്കിച്ചിരിച്ച് ചെളി ചൂണ്ടിക്കാട്ടി കളിയാക്കി രസിക്കാതെ കൈപിടിച്ച് എഴുന്നേൽപ്പിച്ച് ചെളി കഴുകാൻ സഹായിച്ച് ''സാരമില്ല'' എന്ന സ്നേഹമന്ത്രം ഉരുവിട്ട്, "ഞാനുണ്ട് കൂടെ" എന്ന വാചകത്തിൽപ്പൊതിഞ്ഞ് നമ്മൾ സ്ത്രീകൾ ഒറ്റക്കെട്ടാവും കാലം.

നമ്മുടെ കാര്യം പറയാൻ നമ്മൾ തന്നെയേ ഉള്ളൂ എന്നറിഞ്ഞ് അത് ഉറക്കെ വിളിച്ചു പറയുന്നവളുടെ പിന്നിൽ ഉറച്ച് നിൽക്കാനും അവളെ അംഗീകരിക്കാനും ഉള്ള ധൈര്യം നമ്മൾ സ്ത്രീകൾ കാണിക്കും കാലം!

കൈത്താങ്ങാവുന്ന സ്ത്രീകൂട്ടായ്മകളിലൂടെ സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും പ്രശ്നനിർദ്ധാരണത്തിന് നമ്മൾ സ്വയം പര്യാപ്തരാകുകയും ചെയ്യുന്ന കാലം!

ഇതൊക്കെ പറഞ്ഞപ്പോൾ എന്റെയൊരു പെൺസുഹൃത്ത് പറഞ്ഞു.

"ഒന്നുമില്ലേലും അന്നന്നത്തെ പത്രം അന്നന്ന് രാവിലെ തന്നെ വായിക്കാൻ കഴിഞ്ഞാലെങ്കിലും മതിയായിരുന്നു." അതുപോലും സ്വപ്നമാകുന്നു. വീട്, ജോലി എന്നീ ഓട്ടപ്പാച്ചിലുകൾ. ''ഹേ ലോകമേ, എന്റെ സ്ഥാനം പുരുഷനൊപ്പമോ അല്ലെങ്കിൽ തൊട്ടു മേലെയോ ആയിരുന്നു! അല്ലാതെ ഒട്ടുംതന്നെ അത് പുരുഷനു താഴെയായിരുന്നില്ല'' എന്ന മട്ടിൽ പ്രവർത്തിച്ച് കാണിച്ച്, കടന്നുവന്ന വഴികളിലെ പ്രാണരക്തം പൊടിഞ്ഞ വേദനിക്കുന്ന ഓർമ്മകളെ ഒട്ടും കൂസാതെ ചരിത്രത്തിൽ സ്വന്തം ഇടം സ്വയം രേഖപ്പെടുത്തി മൺമറഞ്ഞുപോയവരും ജീവിച്ചിരിക്കുന്നവരുമായ അനേകം സ്ത്രീരത്നങ്ങളുടെ ഓർമ്മയിൽ പറയാൻ ആഗ്രഹിക്കുകയാണ് "ഞങ്ങളെ ഞങ്ങളായി ജീവിക്കാൻ അനുവദിച്ചാൽ മാത്രം മതി. ഞങ്ങളുടെ ഇടങ്ങൾ നേടാനുള്ള പ്രാപ്തി ഞങ്ങൾ സ്വയം നേടിയെടുത്തോളും"!

സഹായിക്കേണ്ട അനുവദിച്ചാൽ മതി എന്ന് ചുരുക്കം!

''അടിച്ചമർത്തലിനെതിരെ, അവഗണനക്കെതിരെ, ചൂഷണത്തിനെതിരെ, തക്കസമയത്ത് പ്രതികരിക്കുമ്പോൾ നിങ്ങൾ കൂടുതൽ കൂടുതൽ ശക്തയാകുന്നു. നിങ്ങളുടെ ഇടം നിങ്ങൾ നേടിഎടുക്കലാകുന്നു" എന്ന് പറഞ്ഞ പൊതുപ്രവർത്തകയോട് ''നിങ്ങൾക്കതൊക്കെ പറയാം. ആളുകളെ പേടിക്കണ്ടെ, ഒച്ചവെയ്ക്കണ പെണ്ണുങ്ങളെ കുറ്റപ്പെടുത്താനേ ആൾക്കാർണ്ടാവൂ" എന്ന് നിഷ്കളങ്കമായി പറഞ്ഞ വീട്ടമ്മയോട് അവർ തികച്ചും രസകരമായ ഒരു ചോദ്യമാണ് തിരിച്ചു ചോദിച്ചത്.

"പൊരുതി ചാവുന്നതും, ആരെങ്കിലും തച്ചുകൊല്ലുന്നതും രണ്ടും രണ്ടല്ലേ?'' ആ വീട്ടമ്മക്കതിന്റെ അർത്ഥം മനസ്സിലായോ എന്തോ?

സ്വപ്നങ്ങൾ.. സ്വപ്നങ്ങൾ...

ഏത് നൂറ്റാണ്ടിലാണാവോ സത്യമാവുക?

ഏത് നൂറ്റാണ്ടിലായാലും വേണ്ടില്ല സത്യമായാൽ മതിയായിരുന്നു!! എത്രയോ സംവത്സരങ്ങൾ കാത്തിരുന്നു! ഇനിയെത്ര സംവത്സരങ്ങൾ കൂടി കാത്തിരിക്കണമാവോ ആ പൂക്കാലത്തിന്! ●



"എല്ലാക്കഥകളും വളരെ
നല്ലതാണ്. ഞാൻ ശ്രദ്ധിച്ചു വായിച്ചു."
പതിനഞ്ചു കഥകൾ.
സുഷമയുടെ ആകെയുള്ള സമ്പാദ്യം.
അകത്തുനിന്നു വരുമ്പോഴേ
ആ പേപ്പർക്കെട്ട് സേവ്യർസാർ
ടീപ്പോയിലേക്ക് വെച്ചു.

# കഥാസമാഹാരത്തിന്റെ അവതാരിക:



ഗീതാഞ്ജലി കൃഷ്ണൻ

**"എല്ലാക്കഥകളും** വളരെ നല്ലതാണ്. ഞാൻ ശ്രദ്ധിച്ചു വായിച്ചു."

പതിനഞ്ചു കഥകൾ. സുഷമയുടെ ആകെയുള്ള സമ്പാദ്യം. അകത്തുനിന്നു വരുമ്പോഴേ ആ പേപ്പർക്കെട്ട് സേവ്യർസാർ ടീപ്പോയിലേക്ക് വെച്ചു.

കൂട്ടുകാരി സ്റ്റെല്ലയുടെ ഭർത്താവ് ഡോ. സേവ്യർ ഫ്രാൻസിസിനെ ആദ്യം കാണുകയായിരുന്നു സുഷമ. മുൻപ് സ്റ്റെല്ലയോടൊപ്പം കടയിലോ മറ്റോ വച്ച് കണ്ടിട്ടുണ്ടാവണം. അത്രക്ക് ശ്രദ്ധിച്ചിട്ടില്ല. ഏതോ രാഷ്ട്രീയനേതാവിനെ അനുസ്മരിപ്പിക്കുമാറ് മുടി നീട്ടി വളർത്തിയിരിക്കുന്നു. പഴയ മട്ടിലെ എലിവാലൻ മീശ. കണ്ണട. സ്റ്റെല്ലയെക്കാൾ ഒത്തിരി പ്രായമുണ്ടോ? അലക്കിത്തേച്ച വെള്ള ഷർട്ടും മുണ്ടും. സാറിന്റെ സ്ഥിരം വേഷമതാവണം.

"താനെങ്ങനെയാടോ വന്നെ? കണ്ടുപിടിക്കാൻ പ്രയാസപ്പെട്ടോ? കുടിക്കാനെന്താ വേണ്ടേ? ചായയെടുക്കട്ടെ?" സ്റ്റെല്ല സ്നേഹപ്രകടനം തുടങ്ങി.

"ഇരി, ഇരി. നിങ്ങള് സാഹിത്യകാരന്മാര് ചർച്ച ചെയ്യ്." സ്റ്റെല്ല ഉടനേ ചായയെടുക്കാൻ അകത്തേക്ക് ഓടി.

സ്വീകരണമുറിയും ഊൺമുറിയും വേർതിരിച്ചിരിക്കുന്നതുതന്നെ പുസ്തകങ്ങൾ കൊണ്ടാണ്. രണ്ട് വശത്തേക്കും തിരിഞ്ഞിരിക്കുന്ന ചില്ലിട്ട അലമാരകൾ. പുസ്തകങ്ങളെ സുഷമക്ക് വളരെയിഷ്ടമാണ്. എന്നും ലൈബ്രറികൾ അവളെ വശീകരിക്കും. പുസ്തകറാക്കുകൾക്കിടയിലൂടെ അവൾ ഉലാത്തിക്കൊണ്ടിരിക്കും. വളരെ ശ്രദ്ധയോടെ

വായിച്ചുവത്രേ. എല്ലാക്കഥകളും നല്ലതാണ്.!

"ഇവയെല്ലാം പ്രസിദ്ധീകരിച്ചിട്ടുള്ളവയാണോ?"

"ചിലതൊക്കെ. പഴയവ മാത്രം" സുഷമ വിനയത്തോടെ പറഞ്ഞു.

ഒരു മലയാളം പ്രൊഫസറെ അവൾ ആദ്യമായി കാണുകയായിരുന്നു. അത്ഭുതത്തോടെയും ആദരവോടെയും. അദ്ദേഹത്തിനു ലഭിച്ച പുരസ്ക്കാരങ്ങൾ മുറിയുടെ ഒരു മൂലയിൽ ഒതുക്കത്തിൽ പ്രദർശിപ്പിച്ചിരിക്കുന്നു.

"ഇതാ, ഈ കഥ നോക്കൂ. എം. ടി വാസുദേവൻ നായരും ടി.പത്മനാഭനും ഇതേ വിഷയം കൈകാര്യം ചെയ്തിട്ടുണ്ട്. പക്ഷേ അവ രണ്ടിനെക്കാളും എനിക്കിഷ്ടപ്പെട്ടത് ഈ കഥയാണ്."

പലഹാരങ്ങളും ചായയുമായി സ്റ്റെല്ല വന്നു. സ്റ്റെല്ല വളരെ തുറന്ന പ്രകൃതമാണ്. സുഷമക്ക് വിഷമങ്ങൾ പറയാൻ പറ്റുന്ന പ്രകൃതം. കഥകൾ നല്ലതാണെന്ന് സുഷമക്ക് തോന്നുന്നുവെങ്കിൽ യൂണിവെഴ്സിറ്റിയിൽ മലയാളം പഠിപ്പിക്കുന്ന, പരന്ന വായനക്കാരനും നിരൂപകനുമായ തന്റെ ഭർത്താവ് ഒന്നു വായിച്ച് അഭിപ്രായം പറയട്ടെ എന്ന് സ്റ്റെല്ല. അതനുസരിച്ചായിരുന്നു സ്റ്റെല്ലയെ സുഷമ സന്ദർശിച്ചത്.

ഇവൾക്ക് നക്ഷത്രങ്ങളുടെ പ്രകൃതമാണ് എന്ന് സുഷമ തീരുമാനിച്ചു. 'പ്രകാശം പരത്തുന്ന പെൺകുട്ടി' ഇവളായിരിക്കണം.

"സുഷമ എന്റെ മക്കളെ പരിചയപ്പെട്ടില്ലല്ലോ. അമൃതയും അയനയും." സ്റ്റെല്ല മകളെ വിളിച്ചു. മുറിക്കാലുറയും റ്റീഷർട്ടുമിട്ട്, കണ്ണടവെച്ച അയന വന്നു.

"പണ്ടു വായിച്ച 'അസമയം' എന്ന ബംഗാളി നോവലിൽ ഒരു അയന ഉണ്ടായിരുന്നു. ഇതാ അയന തന്നെയല്ലേ?" സുഷമ സാറിനോട് തിരക്കി. "മറ്റേത് പഞ്ചാബി എഴുത്തുകാരി അമൃതാപ്രീതം , ശരിയല്ലേ?"

"കൃത്യം!" സേവ്യർ സാറിന് സന്തോഷം അടക്കാൻ കഴിഞ്ഞില്ല. "നോക്ക് നോക്ക്, സാഹിത്യഗന്ധമുള്ളയാൾ ഓർമ്മിക്കുന്നതു കണ്ടോ?"

സ്റ്റെല്ല പറയാറുണ്ട്. കണക്കുപഠിച്ച് ശാസ്ത്രജ്ഞയായ സ്റ്റെല്ലക്ക് സാഹിത്യഗന്ധമില്ല. "സാറിനത് എന്നും പരാതിയാ. സാഹിത്യകാരികളായ പെണ്ണുങ്ങളോട് വലിയ ആരാധനയാ."

"സുഷമയെ അധികം കണ്ടിട്ടില്ലെങ്കിലും സാറിനു വല്യ കാര്യവാ." സ്റ്റെല്ല വിശദീകരിക്കും. "നിന്നെപ്പോലെ കോട്ടൺ സാരിയുടുത്തൂടേ എന്നാ ചോദ്യം."

ഇത്രക്ക് ശുദ്ധഗതിക്കാരിയാണോ സ്റ്റെല്ലയും?

"അമൃത എണീറ്റ് വന്നില്ലേ? അവൾക്ക് ഉച്ച കഴിഞ്ഞ് ഉറക്കം പതിവാ." സ്റ്റെല്ലയും അയനയും മുകളിലേക്ക് പോയി.

" സുഷമ ചായ കുടിക്കൂ." സാർ വളരെ സ്നേഹത്തിലാണ്. "മലയാളം പഠിച്ചിട്ടില്ല അല്ലേ. അതാണ് ഇത്ര നല്ല ശൈലി. നമക്കിതെല്ലാം ഒന്ന് പ്രസിദ്ധീകരിച്ചാലോ?" സുഷമ തല കുലുക്കി.

പ്രസിദ്ധീകരിക്കയോ? എന്റെ ദൈവമേ!

**പലഹാരങ്ങളും ചായയുമായി സ്റ്റെല്ല വന്നു. സ്റ്റെല്ല വളരെ തുറന്ന പ്രകൃതമാണ്. സുഷമക്ക് വിഷമങ്ങൾ പറയാൻ പറ്റുന്ന പ്രകൃതം. കഥകൾ നല്ലതാണെന്ന് സുഷമക്ക് തോന്നുന്നുവെങ്കിൽ യൂണിവെഴ്സിറ്റിയിൽ മലയാളം പഠിപ്പിക്കുന്ന, പരന്ന വായനക്കാരനും നിരൂപകനുമായ തന്റെ ഭർത്താവ് ഒന്നു വായിച്ച് അഭിപ്രായം പറയട്ടെ എന്ന് സ്റ്റെല്ല.**

വെളിച്ചപ്പാടിനെപ്പോലെ ഉറഞ്ഞു തുള്ളുന്ന ഭർത്താവിനെയോർത്തു അവൾ.

സുഷമ പേനയും പേപ്പറുമായി എഴുതാനിരുന്നാൽ ഉടൻ അയാൾ ചോദിക്കും. "ഇന്ന് കഴിക്കാനെന്താ?"

"ചപ്പാത്തി. മീങ്കറീം ഉണ്ടാക്കീട്ടൊണ്ട്."

" ഞാൻ ചപ്പാത്തിക്ക് മീങ്കറി കൂട്ടുകേല്ലെന്നറിയില്ലേ? വേഗം മറ്റെന്തെങ്കിലും കറിവെക്ക്. പൈങ്കിളിക്കഥയെഴുതാനാണ് അവൾക്കു നേരം. കഴെവേർടേ മകൾ!"

അതൊരു മോശം വാക്കല്ല. ഭഗത് സിംഗിനേയും തൂക്കിലേറ്റുകയായിരുന്നല്ലോ. സുഷമ സമാധാനിക്കും. വീണ്ടും അമാന്തിച്ചാൽ തുടരും.

"എന്തവാടീ നിനക്ക് വേണ്ടത്? മാധവിക്കുട്ടിയാവണമായിരിക്കും, അല്ലിയോ?"

ഞാനെങ്ങനെ മാധവിക്കുട്ടിയാവും? പൈങ്കിളിയെഴുതുന്നൂ എന്ന് ഇപ്പൊ പറഞ്ഞല്ലേയുള്ളൂ. സുഷമയുടെ ആത്മഗതമാണ്. അപ്പോഴേക്കും വന്ന കഥ ചന്ദ്രനിലോ ചൊവ്വയിലോ യാത്രയായിരിക്കും. ഒരേസമയം ആഴ്ച്ചപ്പതിപ്പുകളിൽ പലപേരിൽ പൈങ്കിളിയെഴുതുകയും സ്വന്തം പേരിൽ ഉത്തമസാഹിത്യമെഴുതി അവാർഡ് വാങ്ങുകയും ചെയ്യുന്ന ഒരെഴുത്തുകാരിയെപ്പറ്റി സുഹൃത്തുക്കളിലാരോ പറഞ്ഞത് സുഷമക്കറിയാം. അതുപോലെ മറ്റോ ആകാമായിരുന്നു. "പത്മനാഭനെപ്പോലെ എഴുതുന്നു. അതുപോലുള്ള ഒഴുക്ക്." സാർ തുടർന്നു. സാറെന്താ ഉദ്ദേശിക്കുന്നേ?

"ഇതെല്ലാം ചേർന്ന് നമക്കൊരു സമാഹാരമിറക്കിയാലോ?" സേവ്യർ സാർ വീണ്ടും ചോദിക്കുന്നു.

"എനിക്കു ചില പ്രസാധകരെ പരിചയമുണ്ട്. അവരോടന്വേഷിക്കാം. എല്ലാം ഒന്നുരണ്ടു ഫോട്ടോക്കോപ്പിയെടുക്കണം. എന്നിട്ട് എന്റെ ഡിപ്പാർട്മെന്റിൽ കൊണ്ടത്തരണം" "ഞാമ്പറയാം. അവരെ അവിടെ വിളിപ്പിക്കാം." സേവ്യർ സാർ വീണ്ടും.

ഈശ്വരാ!

"അതൊന്നും വേണ്ട സാർ. സാറിനു പ്രയാസമാകും." "എയ് , എനിക്കു സന്തോഷമേയുള്ളൂ. അപ്പോ അടുത്തയാഴ്ച്ച. ബുധനോ വ്യാഴമോ."

"നാലുമണി കഴിഞ്ഞാൽ എന്റെ ചേംബറിൽ ഞാനൊറ്റക്കേ കാണൂ." കോട്ടൺ സാരിയുടെ പ്രലോഭനം സുഷമയോർത്തു. കഥ പ്രസിദ്ധീകരിക്കണമെങ്കിൽ ഇത്തരം വിട്ടുവീഴ്ചകൾ വേണമായിരിക്കും. മെന്റർ. ഗോഡ്ഫാദർ. പത്മനാഭനോടല്ലേ ഉപമിച്ചിരിക്കുന്നത്! സുഷമക്ക് ഇനി എന്തുവേണം?

"വരാം സാർ. വിളിച്ചിട്ടു വരാം"

"ഇതാ, എന്റെ നംബർ. മൊബൈലിൽ വിളിക്കണമെന്നില്ല. ഞാൻ ക്ലാസ്സിൽ ആണേലോ?"

"ശരിസാർ, താങ്ക്യൂ സാർ. നോക്കാം."

"വരണം. ഞാൻ കാത്തിരിക്കും."

സുഷമ പേടിച്ചുപോയി. പോകാതിരിക്കാം, സാഹിത്യകാരിയാവണമെന്ന് അത്രക്ക് മോഹമൊന്നും ഇല്ല. പക്ഷേ, ദിവസേന കേൾക്കുന്ന പുച്ഛവും പരിഹാസവും ആണ് ഇത്തരമൊരു സാഹസത്തിനു പ്രേരിപ്പിച്ചത്. ആരെങ്കിലും ഞാനെഴുതിയതൊക്കെ ഒന്നു വായിച്ചെങ്കിൽ! അത്രക്ക് മോശമാണെങ്കിൽ അവർ പറയുമല്ലോ.

ഭർത്താവ് ഒരുദിവസം കഥകളും കുറിപ്പുകളും തീയിലിടുമെന്ന് ഭീഷണിപ്പെടുത്തിയിരുന്നു. "പിള്ളാരെ പഠിപ്പിക്കാനുള്ള നേരത്ത് നീയിതെന്തെടുക്കുവാടീ? രണ്ടെണ്ണോം ഒന്നും കഴിക്കാതെയാരിക്കും ഒറങ്ങിയത് "

അയാളുടെ അമ്മയും അന്ന് വീട്ടിലുണ്ടായിരുന്നു. അമ്മ ബഹളം കേട്ട് വാതിൽക്കലെത്തി, ചുണ്ടുകോട്ടി ചിരിച്ചു. "നിന്നോട് ഞാനന്നേ പറഞ്ഞില്ലേ, ഉദ്യോഗസ്ഥയെ കൊണ്ടുവരണ്ടാ എന്ന്. ഉദ്യോഗസ്ഥയും പോരാഞ്ഞ് എഴുത്തുകാരിയും. ടിവി കാണാൻ പോലും കൂടത്തില്ല." സുഷമക്ക് സമയം ഇല്ലാഞ്ഞാണ്. ഭർത്താവ് അപ്പോൾ ക്ലബ്ബിലെ ചീട്ടുകളിയും പതിവായ ചെറിയ മദ്യപാനവും കൂട്ടം കൂടലും കഴിഞ്ഞ് എത്തിയതായിരുന്നു. സിവിൽ എഞ്ചിനീയർമാരുടെ ഇടയിലുള്ള പതിവ് സാംസ്കാരിക കൂട്ടായ്മകൾ. അതൊഴിവാക്കാറേയില്ല അയാൾ.

"ഇതെന്താ, എവിടെനോക്കിയാലുമീ ബെഡ്റൂമിൽ പേപ്പറും ബുക്കും? എല്ലാം ഞാൻ തൂത്തുവാരി തീയിലിടുമേ! എന്റെ കൺവെട്ടത്തു കണ്ടുപോകരുത്, നാളെ മുതൽ. മാറ്റി വച്ചേക്കണം."

പക്ഷേ, അന്നു രാത്രിയും, പാത്രം കഴുകി, പിറ്റെ ദിവസത്തേക്കുള്ള കറിക്കഷണങ്ങൾ അരിഞ്ഞു ഫ്രിഡ്ജിൽ വച്ച്, നനഞ്ഞ നൈറ്റിയും, പറന്ന മുടിയുമായി കിടക്കയിൽ വന്നിരുന്ന് അന്നത്തെ പത്രം വായിക്കാനായി നിവർത്തുമ്പോൾ ഭർത്താവ് സുഷമയുടെ ശരീരത്തിലേക്ക് ചാടി വീണു.

"ഞാൻ ഭാര്യെ വച്ചേക്കുന്നതേ, എന്റെ ആവശ്യത്തിനാ. ആ പത്രം അവിടെ മാറ്റിവെക്ക്."

"ചേട്ടാ. പ്ലീസ്. ഞാനിതുവരെ ഇന്നത്തെ പത്രം ഒന്നു കണ്ടില്ല."

അയാളുടെ അമ്മയും അന്ന് വീട്ടിലുണ്ടായിരുന്നു. അമ്മ ബഹളം കേട്ട് വാതിൽക്കലെത്തി, ചുണ്ടുകോട്ടി ചിരിച്ചു. "നിന്നോട് ഞാനന്നേ പറഞ്ഞില്ലേ, ഉദ്യോഗസ്ഥയെ കൊണ്ടുവരണ്ടാ എന്ന്. ഉദ്യോഗസ്ഥയും പോരാഞ്ഞ് എഴുത്തുകാരിയും. ടിവി കാണാൻ പോലും കൂടത്തില്ല." സുഷമക്ക് സമയം ഇല്ലാഞ്ഞാണ്.

"അയ്യയ്യോ, പത്രം വായിച്ചിട്ട് നീയിനി ഐഎഎസ് എഴുതാൻ പോവ്വാണോ? ഒള്ള വിവരം കൊണ്ടെ ഇവിടെ മറ്റുള്ളവനെ ഭരിക്കാൻ വരുവാ." വെളിച്ചം കെടുത്തി സുഷമയെ കീഴ്പ്പെടുത്തുമ്പോൾ അയാൾ വീണ്ടും ഒച്ചയെടുക്കും.

"എന്താ ഈ തണുപ്പൻ മട്ട്? നിനക്ക് ഫീലിംങ്സ് ഒന്നും ഇല്ലേ?"

സുഷമ ഇതെല്ലാം പറയുമ്പോൾ സ്റ്റെല്ല സഹതപിക്കും. "നിന്റെ ഭർത്താവിനു കലാവാസനയും സാഹിത്യാഭിരുചിയും ഒന്നും ഇല്ലാഞ്ഞിട്ടാ."

"ഈ വാസനയൊക്കെ ഉള്ളവർ സ്നേഹത്തോടെ പെരുമാറുമോ?"

"പിന്നേ? നീ ആരോടെങ്കിലും ചോദിച്ചുനോക്കു."

കലാവാസനയും സാഹിത്യാഭിരുചിയും ഉള്ള ഒരാൾ. സഹായിക്കാൻ സന്നദ്ധനായ ആൾ. സംശയിക്കുന്നത് തെറ്റല്ലേ?

സാർ പരാമർശിച്ച കഥ സുഷമ മറിച്ചുനോക്കി. ചെറുപ്പത്തിൽ പ്രണയിച്ച രണ്ടുപേർ, മധ്യവയസ്സിൽ വീണ്ടും കണ്ടുമുട്ടുന്നതും, ഒരു ട്രെയിനിംഗ് കാലത്ത് ഒരു യാത്ര പോകുന്നതുമാണ് കഥ. അത് യാദൃശ്ചികമായി ഭർത്താവിന്റെ കയ്യിലും പെട്ടതാണ്. "ഇതെന്തു കഥയാണ്? നിന്റെ കയ്യിലിരിപ്പെന്താടീ? ഇതുപോലുള്ളവളെ എങ്ങനെ ഭാര്യയായിട്ട് വച്ചോണ്ടിരിക്കും?"

രാത്രിയായിരുന്നു. കുട്ടികളും അമ്മായിയമ്മയും ഉറങ്ങിക്കഴിഞ്ഞിരുന്നു. അവരെ ഭർത്താവ് വിളിച്ചുണർത്തി.

"അമ്മേ, ഇതു ഞാൻ പൊറുപ്പിക്കില്ല. എന്റെ വീട്ടിൽ ഇതു നടപ്പില്ല."

പാവം അമ്മ, മകന്റെ ഭാവം കണ്ടു ഞെട്ടി. "അതിന് അവളിപ്പം എന്തുചെയ്തു, മോനെ?"

"കഥയെഴുതിയിരിക്കുന്നു, അഴിഞ്ഞാട്ടക്കാരിയെപ്പറ്റി. എറങ്ങിപ്പോടീ ഇവിടുന്ന്. ഇവിടെ പൊറുക്കണേൽ നിർത്തണം, നിന്റെയീവക തെമ്മാടിത്തരങ്ങൾ"

കുട്ടികൾ പകച്ച്, വീണ്ടും പോയിക്കിടന്നു. അവർക്കിത് ശീലമാണ്.

"അമ്മ കിടന്നോട്ടെ ചേട്ടാ, സുഖമില്ലാത്തതല്ലേ." സുഷമ അനുനയിപ്പിക്കാൻ ശ്രമിച്ചു.

"അവൾ കഥയെഴുതിയതല്ലേയുള്ളു. ഞാൻ കാണുന്നുണ്ടല്ലോ. നീയില്ലാത്തപ്പോൾ ഇവിടെ മറ്റാരും വരാറില്ല. ഒരു ഫോൺ പോലും വരുന്നത് ഞാൻ കണ്ടിട്ടില്ല." അമ്മക്കും സഹിക്കാൻ പറ്റിയില്ല എന്നത് സുഷമക്ക് രക്ഷയായി.

"പിന്നെ കഥ, അത് എഴുതിയതല്ലേയുള്ളൂ. പ്രസിദ്ധീകരിച്ചില്ലാല്ലോ." അമ്മ തിരക്കി. "അത് അഴിഞ്ഞാട്ടമാണോ?"

"എഴുതിയതു നന്നായി. നിന്റെയൊക്കെ ഉള്ളിരിപ്പ് മനസ്സിലായല്ലോ. ഇത്രക്ക് എഴുതാമെങ്കിൽ എന്തെല്ലാമായിരിക്കും ഇവൾ ചെയ്തുകൂട്ടുന്നത്!"

"എനിക്കറില്ലെ? ഒരുത്തിക്കും അവളുടെ അനുഭവത്തിലുള്ളതേ എഴുതാൻ പറ്റൂ."

"അതൊക്കെ ഭാവനയും കൂടിയല്ലേ മോനേ. നമ്മള് കുമാരനാശന്റേം വള്ളത്തോളിന്റേം ഭാവനയെ ഒക്കെ പുകഴ്ത്താറില്ലേ?' അമ്മക്ക് ഇപ്പോഴുള്ള ഒഴിവു സമയം വായനാശീലത്തിലേക്ക് പിൻവാങ്ങാൻ കാരണമായത് സുഷമക്ക് വീണ്ടും രക്ഷയായി.

"അതുപോലെയൊക്കെയാണോ ഇവൾ? ഇവൾ എഴുതുന്നതു വെറും പൈങ്കിളി. സബ്സ്റ്റാൻഡാർഡ്!!"

സുഷമയെ സന്തോഷിപ്പിക്കാനാണോ സേവ്യർസാറിന്റെ ഉദ്ദേശം? ആ പൈങ്കിളിയാണോ ടി. പത്മനാഭനേയും എം.ടി. വാസുദേവന്നായരെയും കാൾ മികച്ച കഥയെന്നിദ്ദേഹം പറഞ്ഞത്?

സ്റ്റെല്ല, അയനയുമായി എത്തി. "അമൃത രക്ഷയില്ല. നല്ല ഉറക്കം."

"സുഷമക്ക് ഇവിടെ എപ്പോഴും വരാം, അല്ല, വരണം. പുസ്തകങ്ങൾ വേണേൽ കൊടുക്കണേ, സ്റ്റെല്ലാ." സുഷമ പോകാനിറങ്ങി. "അവതാരിക, ഞാൻ തന്നെ എഴുതിത്തരാം. മതിയോ?" സാർ ഉദാരപൂർണ്ണനായി!

സ്റ്റെല്ല ചിരിച്ചു. "കണ്ടോ, സുഷമേ , എത്ര നിർബന്ധിച്ചിട്ടാ നീ വന്നത്!"

സുഷമക്ക് മനസ്സിൽ അങ്കലാപ്പു തോന്നാതിരുന്നില്ല. വേണ്ടായിരുന്നു. സ്റ്റെല്ല നിർബന്ധിച്ചതുകൊണ്ടു മാത്രം കൊടുത്തതാണ്. വല്യ സാഹിത്യകാരന്മാരുടെ കയ്യിൽ ചെറിയവർ കഥയും കവിതയുമൊക്കെ തിരുത്തിത്തരാൻ കൊടുക്കാറുള്ളതായി കേട്ടിട്ടുണ്ട്. സ്റ്റെല്ലയോടു പറയാമോ, സാറ് യൂണിവേഴ്സിറ്റിയിൽ ചെല്ലുവാൻ പറഞ്ഞ കാര്യം? സ്റ്റെല്ല അതറിയേണ്ടതല്ലെ?. അല്ല. സാറിന്റെ ഒദ്യോഗിക ജീവിതത്തിന്റെ ഭാഗമായിരിക്കും അത്. സംസ്ക്കാരമുള്ള വ്യക്തി എന്ന നിലയിൽ സ്റ്റെല്ലക്ക് അതിൽ ഒരു പങ്കും ഇല്ലായിരിക്കും.

മൂന്നുനാലു ദിവസം ഇത് സുഷമയുടെ മനസ്സിൽ കിടന്നു നീറി. ഫോട്ടോക്കോപ്പിയെടുത്തു വെച്ചിട്ടും സാമാധാനം കിട്ടിയില്ല. തുമ്പയിൽ നിന്നും കാര്യവട്ടം വരെ വലിയ ദൂരമില്ല. നേരിട്ടു ബസ്സില്ല എന്നുമാത്രം. പക്ഷേ, തനിയെ...സാറിനെക്കാണാൻ..

അതുകൊണ്ടാണ്, സുഷമ സുഹൃത്തായ രമേശിനോട് സഹായമഭ്യർഥിക്കാൻ തീരുമാനിച്ചത്.

"രമേശ്, വൈകുന്നേരം പോകുമ്പോൾ, എനിക്കൊരു ലിഫ്റ്റ്. കാര്യവട്ടം വരെ. എനിക്കുവേണ്ടി ഒരരമണിക്കൂർ നേരത്തെ. ബുദ്ധിമുട്ടാവുമോ?"

കാര്യങ്ങളെല്ലാം വിശദമായി മനസ്സിലാക്കിയിട്ടേ രമേശ് പ്രതികരിച്ചുള്ളൂ.

"സുഷമക്കറിയില്ലേ? ഈ സാഹിത്യകാരന്മാരെല്ലാം ഫ്രാഡ് കേസുകളാ. ഒന്നിനും ഒരു തരോമില്ല. ഒക്കെ ഫ്രാഡ് കേസുകളാ. പിന്നെ, സ്റ്റെല്ലാമാഡത്തിന്റെ ഹസ്ബൻഡിനെ എനിക്കറിയത്തില്ല, കേട്ടോ."

"സൂക്ഷിക്കണം സുഷമാ, നിന്റെ കഥയൊക്കെ നല്ലതായിരിക്കും, പക്ഷേ, എഴുത്തുകാരികളെല്ലാം നല്ലവരാണെന്നാണോ നിന്റെ വിചാരം? ഏതായാലും നിന്നെ ഞാൻ യൂണിവേഴ്സിറ്റിയിൽ വിടാം."

സുഷമ പിൻസീറ്റിലാണു കയറിയത്. ആരെങ്കിലും കണ്ട് ഭർത്താവിനോട് പറഞ്ഞു കൊടുക്കണ്ടാ. "സുഷമ കഥകൾ പ്രസിദ്ധീകരിക്കാൻ തീരുമാനിച്ച കാര്യം ഹസ്ബ്ൻഡിനോടു പറഞ്ഞില്ലേ? അങ്ങേര് കൂടെ വരില്ലേ?"

"ഇല്ല, രമേശ്, രമേശിനോടു ഞാൻ പറഞ്ഞിട്ടില്ലേ.... ഇതൊന്നും വീട്ടിൽ പറയാൻ പറ്റില്ല. കടിച്ചു തിന്നാൻ വരും"

പിന്നെ സുഷമ ഒന്നും മിണ്ടിയില്ല. എല്ലാം പുതിയ വഴികളായിരുന്നു.

പച്ചപ്പും പൂന്തോട്ടങ്ങളും നിറഞ്ഞ കാമ്പസ്സ്. മാനുസ്ക്യപ്റ്റ് ലൈബ്രറി... വന്മരങ്ങൾ നിറഞ്ഞ പുരയിടങ്ങൾ. വിവിധവിഷയങ്ങളിൽ ആളുകൾ ഗവേഷണം നടത്തുന്ന സ്ഥലങ്ങൾ. ഡോ. സേവ്യർ ഫ്രാൻസിസിന്റെ കീഴിൽ ഒരുപാട് ഗവേഷണ വിദ്യാർഥികൾ കാണുമായിരിക്കും. പഠനചർച്ചകൾക്കായി അവരും വൈകുന്നേരങ്ങളിലായിരിക്കും വരിക. അവരിൽ പെൺകുട്ടികളും ഉണ്ടായിരിക്കുമല്ലോ.

ഇത്ര കാട്ടിനുള്ളിലാണോ മലയാള വിഭാഗം മേധാവിയിരിക്കുന്നത്?

വണ്ടി പാർക്കുചെയ്തിട്ട് കറുത്ത ഫിലിമൊട്ടിച്ച ഗ്ലാസ്സുകൾ പൊക്കി, സെൻട്രൽ ലോക്കിട്ട് രമേശ് കാറിന്റെ വാതിലുകൾ പൂട്ടി.

"സുഷമ ഇറങ്ങല്ലേ, ഞാൻ പറയാം."

ഒറ്റച്ചാട്ടത്തിന് രമേശ് സുഷമയിരിക്കുന്ന പിൻസീറ്റിലെത്തി. "സേവ്യർ സാറിനു രണ്ടാമതു പോരെ സുഷമാജീ. എന്തായാലും നീയ് നനച്ചിറങ്ങി. ഇനി, കുളിച്ചുകേറാൻ ഞാനും സഹായിക്കാം. ഇങ്ങനെയൊക്കെയല്ലേ, മാധവിക്കുട്ടിയൊക്കെ വല്യ ആളുകളായത്?"

സുഷമ പകച്ചു. നിലവിളിക്കണോ? പരാതിപ്പെടണോ? നീയ് എന്തിനു പുറപ്പെട്ടു എന്നല്ലേ ആരും ചോദിക്കൂ? ഇവിടെ സെക്യൂരിറ്റിക്കാരുമില്ലേ? കാമ്പസ് വിജനം.

സുഷമയുടെ മൊബൈൽ ഫോൺ ശബ്ദിക്കുന്നതും, അതു ഭർത്താവു വിളിക്കുമ്പോഴുള്ള സ്പെഷ്യൽ ടോണാണെന്നതും അവൾ ഞെട്ടലോടേ അറിഞ്ഞു.

●



# വാസ്തവം



ഡോ.ജാൻസി ജോസ്

**കഴിഞ്ഞ** ദിവസം ഒരു വിദേശ വനിതയെ ബോംബെയിൽ വെച്ച് പീഡിപ്പിച്ച സംഭവം വിദേശിയരെ ആകെ തകർത്തു കളഞ്ഞു. ഇന്ത്യയിൽ ആദ്യമായി ഒരു ടൂറിസ്റ്റിനെ പീഡിപ്പിച്ച സംഭവമൊന്നുമായിരുന്നില്ല അത്. എന്നാൽ അവരുടെ സുഹൃത്തുകൾ കത്തായും ലേഖനമായുമൊക്കെ എഴുതിത്തുടങ്ങിയിട്ടുണ്ട്. ഇന്ത്യ നല്ല ടൂറിസ്റ്റുകേന്ദ്രമാണ്. പക്ഷേ സ്ത്രീകൾക്ക് പ്രവേശിക്കാൻ കൊള്ളുന്ന രാജ്യമല്ല എന്ന്. സ്ത്രീകൾക്ക് ഏറ്റവും സുരക്ഷിതമായ നഗരമെന്നറിയപ്പെടുന്ന ബോംബെയും ഈ ലിസ്റ്റിൽ കയറിക്കഴിഞ്ഞുവല്ലോ. (ചുവന്ന തെരുവുകൾ ധാരാളമുണ്ടെങ്കിൽ സ്ത്രീകൾ അക്രമിക്കപ്പെടില്ല എന്ന ബുദ്ധിജീവി വാക്യം ഓർമ്മ വരുന്നു).

കൂട്ടമായി ബലാത്സംഗം ചെയ്യപ്പെടുന്ന സ്ത്രീകളെ മറന്ന് സഹതാപ വോട്ട് പുരുഷന്മാർക്കു കൊടുക്കുന്ന ഒരു സമൂഹമാണ് നമുക്കുള്ളത്. പ്രായപൂർത്തിയായില്ല എന്ന കാരണത്താൽ ശിക്ഷ കുറക്കുകയോ ഒഴിവാക്കുകയോ ചെയ്യുക എന്നത് ആൺകുട്ടികളെ ആ വഴിയിലൂടെ നടത്താൻ പ്രേരിപ്പിക്കുക മാത്രമാണ് ചെയ്യുന്നത്. നിയന്ത്രിക്കാൻ കഴിയാത്തതുകൊണ്ടാണ് എന്ന ന്യായമുന്നയിക്കുന്നവരും കുറവൊന്നുമില്ല. നിയന്ത്രിക്കാൻ കഴിയാത്ത ജന്തുക്കൾ ചില മാസങ്ങളിൽ മണത്തു നടക്കുന്നതുകാണാം. അവരെ വീട്ടിൽ വളർത്തുന്നതാണെങ്കിൽ അതിനു പോംവഴി നമ്മൾ കണ്ടെത്തുകയും ചെയ്യും. ഇവിടെ എന്തുപോംവഴിയാണ് നമ്മൾ സ്വീകരിക്കേണ്ടത്? എല്ലാ പ്രശ്നങ്ങൾക്കും കൃത്യമായി പോംവഴി കണ്ടെത്തുന്നതിൽ കേരളം മുൻപിൽ തന്നെയാണ്. സരിതയും ബിജുവും ശാലുവുമെല്ലാം പോംവഴികൾ കണ്ടെത്തിക്കഴിഞ്ഞു. രണ്ടുമക്കളേയും ഭാര്യയേയും അപകടത്തിൽപ്പെടുത്തി കൊന്ന കശ്മലനും പോംവഴി കണ്ടെത്തിയിരിക്കും. സ്വന്തം മക്കളെ പീഡിപ്പിച്ച അച്ഛന്മാരും അമ്മാവന്മാരും സഹോദരന്മാരും വിവാദ ആത്മീയാചാര്യൻ വരെ പോംവഴി കണ്ടെത്തിയിരിക്കും. വെള്ളപ്പൊക്കത്തിലും കെടുതിയിലും എല്ലാം നശിച്ച് പട്ടിണി ആഹാരമാക്കിയ, ഉടുതുണി പോലുമില്ലാത്ത പാവപ്പെട്ടവർക്കോ കൂലിയും വേലയുമില്ലാത്ത സാധാരണക്കാർക്കോ ഇതുവരെ പോംവഴി കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടാവില്ല.. കെട്ടുന്ന പെണ്ണിനു പ്രായം 16ൽ താഴെ മതിയെന്നു വാദിക്കുന്നവർക്കും അറബിക്കല്യാണങ്ങൾക്ക് കൂട്ടുനിൽക്കുന്നവർക്കും ഒറ്റ വാക്കിൽ പോംവഴി കണ്ടെത്താം. ജനിക്കാനനുവദിക്കാത്ത, വളർത്തി നശിപ്പിക്കുന്ന ജീവിക്കാൻ സമ്മതിക്കാത്ത അധമരെ ഉന്മൂലനം ചെയ്യാൻ ഒരു പോംവഴിയും കണ്ടെത്താൻ ആർക്കും കഴിഞ്ഞിട്ടില്ല.

●

പഠനം



# സ്ത്രീസ്വത്വവും ആവിഷ്കാരവും ചന്ദ്രമതികഥയിൽ



**താൻ** ജീവിക്കുന്ന സാംസ്കാരിക പരിസരത്തിന്റെ പുനർനിർമിതികളാണ് ഓരോ എഴുത്തും. സാഹിത്യത്തെ സ്വത്വപഠനങ്ങളുടെ ഭാഗമായി പരിഗണിക്കുന്നതിന്റെ യുക്തിയും ഇതുതന്നെയാണ്. സ്ത്രീസ്വത്വാവിഷ്കരണം ചന്ദ്രമതിയുടെ 'അന്താരാഷ്ട്രവനിതാദിനം' എന്ന കഥയെ മുൻനിർത്തി വിശകലന വിധേയമാക്കുകയാണിവിടെ.

സമകാലിക സാംസ്കാരികവിമർശനങ്ങളിൽ പ്രത്യേകിച്ച് കീഴാള സ്ത്രീവാദ കൊളോണിയൽ വിമർശനങ്ങളിലെല്ലാം കടന്നുവരുന്ന പരികൽപനയാണ് സ്വത്വം. 1960ൽ അമേരിക്കൽ പൗരാവകാശങ്ങൾക്കു വേണ്ടി രൂപപ്പെട്ട ഒരു വിദ്യാർത്ഥി സംഘടനയുടെ ചരിത്രം വിശദീകരിക്കുമ്പോൾ എൽ.എ കോഫ്മാൻ 'സ്വത്വരാഷ്ട്രീയം' എന്ന പദം ആദ്യമായി ഉപയോഗിച്ചു. പലസ്വത്വങ്ങളാൽ വേർപിരിഞ്ഞ് കിടക്കുന്ന ന്യൂനപക്ഷങ്ങളുടെ താൽപര്യങ്ങൾക്ക് വേണ്ടിയുള്ള രാഷ്ട്രീയവാദമാണ് സ്വത്വരാഷ്ട്രീയമെന്ന് കാണാം. നിരവധി സാംസ്കാരിക സാമൂഹിക ഇടപെടലുകളുടെ ഫലമായിട്ടാണ് ഒരു വ്യക്തിയുടെ സ്വത്വം രൂപപ്പെടുന്നത്. ഒരാളുടെ സംസ്കാരം, ഭാഷ, വിശ്വാസം, ആചാരം തുടങ്ങിയവയിൽ നിർണീതമായ വ്യക്തിത്വമാണ് ഓരോ വ്യക്തിയുടെയും സ്വത്വത്തെ വ്യതിരിക്തമാക്കുന്നത്.

ലിംഗപദവി സ്വത്വരൂപീകരണത്തിന്റെ അടിസ്ഥാന ഘടകങ്ങളിൽ പ്രധാനമാണ്. 'സ്ത്രീയുടെയും പുരുഷന്റെയും അനുഭവങ്ങൾ വ്യത്യസ്തമായതിനാൽ അവരുടെ യാഥാർഥ്യങ്ങളും (Realities) വ്യത്യസ്ത

മാണ്' എന്ന സ്പെൻസർ ഡെയ്ലിന്റെ നിരീക്ഷണം ഇവിടെ പ്രസ്താവ്യമാണ്. സ്ത്രീപുരുഷ സ്വത്വ നിർമ്മിതി ഒരേ സാമൂഹിക സാംസ്കാരിക സന്ദർഭ ത്തിൽ രണ്ടാവുന്നതിന്റെ യുക്തിയും ഇതാണ്. അതോടൊപ്പം പുരുഷാധിപത്യ പ്രത്യയശാസ്ത്രം അതിന്റെ നിലനിൽപിനാവശ്യമായ മൂല്യങ്ങളെ ഉൽപാദിപ്പിച്ച് പരിപാലിക്കുന്നതും സ്ത്രീസ്വത്വനിർമ്മിതിയിൽ ഗണ്യമായ പങ്ക് വഹിക്കുന്നുണ്ട്. സമൂഹത്തിൽ അധികാരം കയ്യാളുന്നവന്റെ മൂല്യങ്ങൾ സമൂഹത്തിന്റെ സർവ്വമേഖലകളിലും വ്യാപിക്കുന്നത് സ്വാഭാവികമാണ്. ഇത്തരത്തിൽ സമൂഹത്തിന്റെ മൂല്യങ്ങളെ ഉൾക്കൊള്ളുന്ന സ്ഥാപനങ്ങളാണ്; ഇടങ്ങളാണ് സ്ത്രീസ്വത്വത്തെ അതിനനുഗുണമായി ചലിപ്പിക്കുന്നത്.

**ആഖ്യാനരീതി**

നിലവിലെ സാമൂഹിക വ്യവസ്ഥയിൽ മേൽകൈയാളിയത് പുരുഷനാണെന്നു വെയ്ക്കേ അത്തരം ഭാഷാ സന്ദർഭങ്ങളിൽ ഭാഷയോടും ആഖ്യാനത്തോടും വ്യവസ്ഥയോടും വിയോജിക്കുന്നതും വ്യത്യസ്തമായ സവിശേഷ ശൈലി, ഭാഷ, വികാരം എന്നിവ പ്രകടിപ്പിക്കുന്നതുമായിരിക്കും സ്ത്രീ എഴുത്ത്. അതിനാൽ തന്നെ ആഖ്യാനത്തിന്റെ പുതിയ തലങ്ങൾ അന്വേഷിക്കുന്നതാവും സ്ത്രീ എഴുത്തുകൾ.അത്തരത്തിൽ പ്രസക്തമാണ് ചന്ദ്രമതിയുടെ പ്രസ്തുത കഥ.

അതുപോലെ ഇന്നത്തെ എഴുത്തുകൾ ആഖ്യാനത്തിന്റെ വൈവിധ്യത്തിലാണ് സ്വന്തം സ്വത്വത്തെ പ്രതിഷ്ഠിക്കുന്നതെന്ന് കാണാം. സെമിനാർ എന്ന വ്യവഹാരത്തിന്റെ പൊതുമാനങ്ങളിൽ നിന്ന് കൊണ്ടാണ് ഇവിടെ കഥ ആഖ്യാനം ചെയ്തിരിക്കുന്നത്. 'അന്താരാഷ്ട്രവനിതാദിനം' എന്ന കഥയുടെ പേര് തന്നെ അത്തരത്തിലാണ് പ്രസക്തമാവുന്നത്. കേരളത്തിലെ ഗാർഹിക ജോലിക്കാരുടെ അനുഭവപരിസരത്തെ മുൻനിർത്തിയാണ് സെമിനാർ. ഗാർഹിക ജോലിയെക്കാളുപരി കേരളീയ സ്ത്രീജീവിതത്തിലെ വ്യത്യസ്ത സാമൂഹിക അടരുകളെ കഥ പ്രതിനിധീകരിക്കുന്നുണ്ട്. ജീവിതത്തിന്റെ നേരനുഭവങ്ങളെന്ന നിലയിൽ കിരിയയുടെ ജീവിതം ആഖ്യാനം ചെയ്ത് വിജയം കണ്ടെത്തുന്നതിന് ഏറ്റവും ഉചിതമായ വ്യവഹാരം തന്നെയായി സെമിനാർ മാറുന്നുണ്ട്. ഗവേഷകയായ അനസൂയ ഖേറും പ്രധാനകഥാപാത്രമായ കിരിയയും സ്ത്രീജീവിതത്തിന്റെ രണ്ട് അറ്റങ്ങളെയാണ് പ്രതിനിധാനം ചെയ്യുന്നത്.

**കഥാപാത്രങ്ങളിലെ സ്ത്രീപുരുഷ സ്വത്വം.**

പുരുഷകേന്ദ്രിത മൂല്യസങ്കൽപങ്ങൾക്കനുസരിച്ചാണ് നിലവിലെ കഥാപാത്ര സങ്കൽപങ്ങളിലെ സ്ത്രീപുരുഷസ്വത്വം ഏറെയും തിരിച്ചറിയപ്പെട്ടിട്ടുള്ളത്. സ്ത്രീ കർത്തൃത്വസ്ഥാനത്തുനിന്ന് ആവിഷ്കരിക്കപ്പെടുന്ന സ്ത്രീ പുരുഷ ബന്ധങ്ങളെ ഈ അവസരത്തിൽ പരിശോധിക്കേണ്ടതുണ്ട്.

ഓരോ ജനതയും അനേകം സ്വത്വബോധങ്ങളുടെ സമാഹാരമാണ്. ഒരു വ്യകതി തന്നെ ഒട്ടേറെ സ്വത്വ

ജീവിതത്തിന്റെ നേരനുഭവങ്ങളെന്ന നിലയിൽ കിരിയയുടെ ജീവിതം ആഖ്യാനം ചെയ്ത് വിജയം കണ്ടെത്തുന്നതിന് ഏറ്റവും ഉചിതമായ വ്യവഹാരം തന്നെയായി സെമിനാർ മാറുന്നുണ്ട്. ഗവേഷകയായ അനസൂയ ഖേറും പ്രധാനകഥാപാത്രമായ കിരിയയും സ്ത്രീജീവിതത്തിന്റെ രണ്ട് അറ്റങ്ങളെയാണ് പ്രതിനിധാനം ചെയ്യുന്നത്.



ങ്ങളെ ആവിഷ്കരിക്കുന്നുണ്ട്. ആയതിനാൽ സ്ത്രീ സ്വത്വവും ഏകരൂപമല്ല. കാരണം സ്ത്രീ അനുഭവങ്ങൾ ഒരേ തരത്തിലല്ല. സാമൂഹികവും ദേശീയവും ജാതീയവുമായ വ്യത്യാസങ്ങൾ അനുഭവതലത്തിലും വ്യതിരിക്തതയ്ക്ക് കാരണമാവുന്നു.

അടിസ്ഥാനവർഗസ്വത്വത്തിന്റെ പ്രതിനിധിയായിട്ടാണ് കിരിയയെ കഥ ആഖ്യാനം ചെയ്യുന്നത്. നിലവിലെ സമൂഹത്തിൽ ഇത്തരം സ്ത്രീകളനുഭവിക്കുന്ന ദുരിതങ്ങളെ ഈ കഥ തൻമയത്വത്തോടെ ആവിഷ്കരിക്കുന്നു. അതേ സമയം അമ്മായിത്തള്ളയും തക്കാളിചേച്ചിയും മധ്യവർഗ പ്രതിനിധാനങ്ങളെയാണ് മുന്നോട്ടുവെയ്ക്കുന്നത്. അനസൂയ ഖേർ, സെമിനാർ കമ്മിറ്റിയംഗങ്ങൾ തുടങ്ങിയവർ പ്രതിനിധീകരിക്കുന്നത് അക്കാദമിക്ക് വരേണ്യതയെയുമാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ അക്കാദമിക വരേണ്യയുക്തിയും യാദൃശ്ചിക വിദ്യാഭ്യാസത്തിന്റെ (Informal

Education) യുക്തിയും തമ്മിലുള്ള സംഘർഷമാണ് ഈ കഥയെന്ന് വായിക്കാം. സമൂഹത്തിന്റെ പുനർനിർമിതി ആവശ്യപ്പെടുന്ന ഈ സംഘർഷവും അതുല്പാദിപ്പിക്കുന്ന ഹാസ്യവുമാണ് ഈ കഥയെ സമകാലിക പ്രസക്തമാക്കുന്നത്.

കിരിയ സ്വന്തം ജീവിതം പറഞ്ഞുകൊണ്ടുന്നയിക്കുന്ന ചോദ്യങ്ങൾ വ്യവസ്ഥയുടെ പൊള്ളത്തരങ്ങളിലേക്കാണ് വിരൽ ചൂണ്ടുന്നത്. ആട്ടോച്ചേട്ടന്റെ കൂടെ താമസമാരംഭിക്കുമ്പോൾ ചോദ്യം ചെയ്യാൻ വന്ന സദാചാര പോലീസുകാരോട് അവൾ പ്രതികരിക്കുന്നത് ഇപ്രകാരമാണ് "ഒന്നുമറിയാ പൈതലു പ്രായത്തില് എന്നെ ഒരുത്തൻ കുത്തിക്കീറി കെർപ്പിണിയാക്കിയത് നിങ്ങളു തമ്മസിച്ചിട്ടാ ? എന്നിട്ടെന്നെ എറക്കി വിട്ടത് ഇങ്ങളു തമ്മസിച്ചിട്ടാ?" (പുറം 24,2012). ഈ ചോദ്യങ്ങൾക്കുത്തരം മൗനമായിരുന്നു. സ്ത്രീ അതിക്രമങ്ങളെ മൗനത്തിലൂടെ മറികടക്കുന്നതിന്റെ ശൂന്യത ഇവിടെ കാണാം. അവർ സൃഷ്ടിച്ച സാമൂഹ്യ സദാചാര സങ്കൽപങ്ങൾ ഒരിക്കലും തന്നെ പരിരക്ഷിച്ചിട്ടില്ല എന്നാർജവത്തോടെ സ്ഥാപിച്ചെടുക്കുന്നതായി കിരിയയുടെ ഇടപെടലുകൾ. സ്ത്രീ സ്വാതന്ത്ര്യ ബോധം അറിഞ്ഞു വളർന്നവളല്ല കിരിയ. അനുഭവങ്ങൾ കിരിയയ്ക്ക് ഇത്തരത്തിൽ തന്റെ സ്വത്വത്തെ തിരിച്ചറിയുന്നതിന് ഊർജം നൽകുന്ന കാഴ്ചയാണിവിടെ.

ആദ്യം കിരിയയുടെ അനുഭവങ്ങളാണ് സെമിനാറിൽ പങ്കുവെക്കുന്നത്. തുടർന്ന് കിരിയയുടെ ദുരന്താനുഭവങ്ങളെ വിലയിരുത്തുന്നതിനായി 'പഞ്ചനക്ഷത്ര ലഞ്ച് കഴിച്ച് ആരും വീട്ടിലേക്കോടി പോവരുതെന്ന്' അറിയിപ്പോടെയാണ് കഥ അവസാനിപ്പിക്കുന്നത്. ഇവിടെ സംജാതമാകുന്ന വൈരുദ്ധ്യങ്ങൾക്കകത്ത് ഹാസ്യം ഊറി കൂടുന്നു. സമത്വത്തിലേക്ക്; സംസ്കാരത്തിലേക്ക് വളർത്തേണ്ട വിദ്യാഭ്യാസം വരേണ്യതയെ ഊട്ടുന്ന കാഴ്ചയും ഇവിടെ ദർശിക്കാം. ഔപചാരിക വിദ്യാഭ്യാസം നേടാത്തവരുടെ കാഴ്ചയിലൂടെയാണ് കഥ മുഴുവൻ ആഖ്യാനം ചെയ്തിരിക്കുന്നത്. ഇത്തരം ആഖ്യാനം സാമൂഹിക വ്യവസ്ഥയെ,ചുറ്റുപാടിനെ വിശകലനം ചെയ്യുന്നതിന് ഏറെ സഹായകമായി തീരുന്നുണ്ട്.

**ദാമ്പത്യം**

സ്ത്രീപുരുഷബന്ധത്തിന്റെ അനസ്യൂതമായ കൂട്ടായ്മയാണ് ദാമ്പത്യം . സ്ത്രീക്കത് പലപ്പോഴും ത്യാഗത്തിന്റേയും സഹനത്തിന്റേയും ഇടമായി പരിണമിക്കുന്നു. കലാസൃഷ്ടിയിലൂടെ അതിനൊരുത്തരം തേടുമ്പോൾ പോലും ഉത്തരമില്ലാത്ത ഒരു പ്രഹേളികയായി ദാമ്പത്യം നിലകൊള്ളുന്നത് കാണാം. അതുകൊണ്ട് തന്നെ സ്ത്രീ സ്വത്വത്തിന്റെ ഇടമായി നിലവിലെ ദാമ്പത്യത്തെ തിരിച്ചറിയാനാവില്ല. ഒരേ സമയം നിരവധി റോളുകളഭിനയിച്ച് തീരുന്ന സ്ത്രീ ജീവിതത്തിന്റെ ഇടമെന്ന നിലയിലാണ് കുടുംബവും ഈ കഥയിൽ ആഖ്യാനം ചെയ്തിരിക്കുന്നത്. ദാമ്പത്യവ്യവസ്ഥയുടെ പുനർനിർമ്മിതി ആവശ്യപ്പെടുന്നതാണീ കഥ. പ്രധാ

**സമൂഹത്തിന്റെ കൊള്ളരുതായ്മകൾക്കിരയായി മച്ചിയായി തീർന്ന കിരിയയെ ദാമ്പത്യത്തിന് പുറത്ത് തള്ളുന്നതും ഒന്നിനും ഗുണമില്ലാത്തവനും രണ്ട് കുട്ടികളുടെ അച്ഛനുമായ ഒരാളുമായി പ്രായപൂർത്തിയെത്താത്ത കിരിയയുടെ വിവാഹം അനുവദിക്കുന്നതും വ്യവസ്ഥിതി എത്രമാത്രം സ്ത്രീയെ അപമാനിക്കുന്നുവെന്ന് വ്യക്തമാക്കുന്നു.**

നമായും നാല് ദാമ്പത്യബന്ധങ്ങളെ ഈ കഥ ആഖ്യാനം ചെയ്യുന്നുണ്ട്. ഒന്ന് കിരിയയുടെ അച്ഛനും അമ്മയും തമ്മിലുള്ളത്. അമ്മയുടെ കയ്പ്നിറഞ്ഞ ജീവിതാനുഭവങ്ങളുടെ പൊള്ളലുകളാണ് കിരിയയുടെ ബാല്യകാലം അപഹരിച്ചത്. കുടിച്ചുവരുന്ന അച്ഛന്റെ അടിയും തൊഴിയുമേറ്റ് മുലക്ക് രോഗംവന്ന് വേണ്ടത്ര ചികിത്സ കിട്ടാതെ അമ്മ മരിച്ചു . അവളുടെ അമ്മയുടെ വ്യവഹാരങ്ങളൊക്കെയും സഹനത്താൽ അടയാളപ്പെടുത്തപ്പെട്ടു.

രണ്ട്, ചേച്ചി ഗീതയുടെ ജീവിതം. 'സോപ്പും ചീപ്പും വളേം വിൽക്കാൻ നടക്കുന്ന സോമണ്ണന്റെ കൂടെ ഓടിപ്പോയി' എന്നാണ് ചേച്ചിയുടെ ദാമ്പത്യാരംഭത്തെ കിരിയ രേഖപ്പെടുത്തുന്നത്. ഗീതയുടെ ദാമ്പത്യത്തിന്റെ അനുഭവങ്ങൾ കഥയിലധികം അടയാളപ്പെടുത്തുന്നില്ല. മറ്റുള്ളവരെ കൂടി തന്റെ ആവശ്യങ്ങൾക്കനുസരിച്ച് ഉപയോഗപ്പെടുത്തുന്ന സത്രീയാണ് ഗീത. സ്വന്തമായിട്ട് പങ്കാളിയെ കണ്ടെത്തുന്നതുമുതൽ തന്റെ ചുറ്റുപാടിലെ വ്യവസ്ഥയോട് സമരസപ്പെടാനും കഴിയുന്ന സ്വത്വത്തിനുടമയാണ് ഗീത. അതോടൊപ്പം തനിക്കനുയോജ്യമായ രീതിയിൽ കാര്യങ്ങളെ പുന:ക്രമീകരിക്കാനും വേണ്ടിടത്ത് നീതിവ്യവസ്ഥയെ തള്ളിപ്പറയാനും ചോദ്യംചെയ്യാനുമുള്ള ആർജ്ജവം ഗീതക്കുണ്ട്. എന്നാൽ അതോടൊപ്പം വ്യവസ്ഥക്കൊപ്പം ചേർന്ന് കിരിയയെ കഷ്ടപ്പെടുത്താനും ഗീത കാരണമാകുന്നുണ്ട്. തന്റെ കുട്ടികളുടെ ആവശ്യങ്ങൾ നിവർത്തിക്കാനായി കിരിയയെ കൊണ്ട് അധ്വാനിപ്പിച്ച് പങ്ക് പറ്റുന്നിടത്ത് ഗീതയും ആധിപത്യമൂല്യങ്ങളെ ഉൾകൊള്ളുന്നതായി കാണാം.

മൂന്നാമത്തേത് കിരിയയുടെ തന്നെ ദാമ്പത്യമാണ്. പ്രായപൂർത്തിയാവാതെ പ്രായം കൂട്ടിപറഞ്ഞ് സോമൻ കിരിയയെ കല്ല്യാണം കഴിച്ചയക്കുന്നു. "അതോടെ എന്റെ കട്ടകാലം കൂടീന്നു പറഞ്ഞാമതിയല്ല്. അയ്യോ, അയാളൊരു ചപ്പ മനുഷ്യൻ. ഒരു പണീക്കും പോവൂ

ല, തിന്നണം, കുടിക്കണം, ഒറങ്ങണം. പിന്നെ മറ്റേതും" (പുറം 19, 2012) ഇങ്ങനെയാണ് കിരിയ സ്വന്തം ദാമ്പത്യത്തെ അടയാളപ്പെടുത്തുന്നത്.

അല്പായുസായ ദാമ്പത്യാനുഭവം കിരിയയുടെ വ്യക്തിത്വത്തെ മാനിക്കുന്നതായിരുന്നില്ല. ഗർഭിണിയാവാത്ത കുറ്റത്തിന് അമ്മായിമ്മയുമായുള്ള വഴക്കിലവസാനിപ്പിച്ച ദാമ്പത്യമാണത്. ഒന്ന് കെട്ടി രണ്ട് കുട്ടികളുള്ള ആളാണ്; ആണായതിന്റെ പേരിൽ പ്രായപൂർത്തിയെത്താത്ത കിരിയയെ കല്യാണം കഴിക്കുന്നത്. വിവാഹവ്യവസ്ഥയുടെ പൊള്ളത്തരങ്ങളും കള്ളത്തരങ്ങളും ഹാസ്യാകമ്പടിയോടെ ഇവിടെ ആഖ്യാനം ചെയ്യുന്നുണ്ട്. സമൂഹത്തിന്റെ കൊള്ളരുതായ്മകൾക്കിരയായി മച്ചിയായി തീർന്ന കിരിയയെ ദാമ്പത്യത്തിന് പുറത്ത് തള്ളുന്നതും ഒന്നിനും ഗുണമില്ലാത്തവനും രണ്ട് കുട്ടികളുടെ അച്ഛനുമായ ഒരാളുമായി പ്രായപൂർത്തിയെത്താത്ത കിരിയയുടെ വിവാഹം അനുവദിക്കുന്നതും വ്യവസ്ഥിതി എത്രമാത്രം സ്ത്രീയെ അപമാനിക്കുന്നുവെന്ന് വ്യക്തമാക്കുന്നു.

നാലാമത്തേത് കിരിയ വീടുപണിക്ക് ചെന്ന വീട്ടിലെ തക്കാളിചേച്ചിയുടെ ദാമ്പത്യമാണ്. അവിടെയും ദാമ്പത്യത്തിന്റെ പാരസ്പര്യത്തിന് സ്ഥാനമില്ല. തക്കാളിച്ചേച്ചി വൈവാഹികവ്യവസ്ഥക്ക് പുറത്ത് തന്റെ ജീവിതം തിരിച്ചറിഞ്ഞ് മറ്റൊരാളുടെ കൂടെ ഇറങ്ങിപോകുന്നു. കിരിയയോട് വളരെ സ്നേഹപൂർവ്വം പെരുമാറാനും അവൾ മറക്കുന്നില്ല.

ഈ നാലിടങ്ങളിലും സ്ത്രീയുടെ ദാമ്പത്യസംബന്ധിയായ അനുഭവങ്ങൾ വ്യതിരിക്തമാണ്. കിരിയക്കും അമ്മക്കും ദാമ്പത്യം ദുസ്സഹമായിട്ടാണ് അനുഭവപ്പെട്ടത്. സഹനത്തിന്റേയും സ്വത്വരാഹിത്യത്തിന്റേയും ഇടങ്ങളായിട്ടാണ് അവർ ദാമ്പത്യത്തെ തിരിച്ചറിഞ്ഞത്. എന്നാൽ ഗീത തന്റെ ചുറ്റുപാടിനെ തനിക്ക് അനുകൂലമാക്കി, അതിപ്രായോഗിക ബുദ്ധി പ്രകടിപ്പിക്കുന്ന സ്വത്വത്തിന് ഉടമയാണ് എന്ന് കാണാം.

കുടുംബത്തിന്റെ അടിസ്ഥാനമായി നിലകൊള്ളുന്നത് ദാമ്പത്യമാണ്. ദാമ്പത്യത്തിന്റെ തകർച്ച കുടുംബത്തിന്റെകൂടി തകർച്ചയെ ഉറപ്പിക്കുന്നു. തുല്യലിംഗനീതിയുടെ ബാലപാഠങ്ങളിൽ ചലനം കൊള്ളേണ്ടതാണ് കുടുംബം. സമത്വത്തിന്റെ പുതിയ പാഠങ്ങളിൽ നിർമ്മിച്ചെടുക്കേണ്ട ഒന്നാണ് ദാമ്പത്യം എന്ന തിരിച്ചറിവിനെ കഥ പകരുന്നുണ്ട്.

**ലൈംഗികത**

പുരുഷാധിപത്യവ്യവസ്ഥിതിയിൽ പുരുഷകാമത്തിന് കീഴ്പ്പെടലിനെയോ സ്ത്രീക്ക് പുരുഷശരീരത്തോട് തോന്നുന്ന ആഗ്രഹത്തെയോ, സ്ത്രീലൈംഗികതയായി വ്യാഖ്യാനിച്ചു. എന്നാൽ ഇതിനപ്പുറത്തേക്ക് സ്വന്തം ലൈംഗികത പില്ക്കാലത്ത് തിരിച്ചറിയുന്നവളാണ് കിരിയ. ലൈംഗികത, രതി പെണ്ണിന് അവളുടെ ശരീരത്തിന്റെ മൂടലോ തുറക്കലോ മാത്രമല്ല; അവളുടെ മനസും ബോധവും മാനവുമാണ് എന്ന പി.

പുരുഷാധിപത്യവ്യവസ്ഥിതിയിൽ പുരുഷകാമത്തിന് കീഴ്പ്പെടലിനെയോ സ്ത്രീക്ക് പുരുഷശരീരത്തോട് തോന്നുന്ന ആഗ്രഹത്തെയോ, സ്ത്രീ ലൈംഗികതയായി വ്യാഖ്യാനിച്ചു. എന്നാൽ ഇതിനപ്പുറത്തേക്ക് സ്വന്തം ലൈംഗികത പില്ക്കാലത്ത് തിരിച്ചറിയുന്നവളാണ് കിരിയ. ലൈംഗികത, രതി പെണ്ണിന് അവളുടെ ശരീരത്തിന്റെ മൂടലോ തുറക്കലോ മാത്രമല്ല; അവളുടെ മനസും ബോധവും മാനവുമാണ് എന്ന പി.ഗീതയുടെ നിരീക്ഷണം ഇവിടെ പ്രസ്താവ്യമാണ്.

ഗീതയുടെ നിരീക്ഷണം ഇവിടെ പ്രസ്താവ്യമാണ്.

കിരിയ ജോലിക്കാരിയായിട്ടെത്തുന്ന മിക്കവീടുകളും അവളെ സംബന്ധിച്ചിടത്തോളം സുരക്ഷിതമല്ല. ഒരു കീഴാളസ്ത്രീ എവിടെ, എങ്ങനെയെല്ലാം ചൂഷണവിധേയമാകും എന്നതിന്റെ നേർചിത്രമാണ് കിരിയയുടെ ജീവിതം. "കെർപ്പിണിയാവാനൊക്കുമായിരുന്നെങ്കിൽ താനൊരുപാട് തന്തയില്ലാപൈതങ്ങളെ പെറ്റിട്ടേനെ" (പുറം 20,2012). സ്ത്രീ ലൈംഗികതയെ ശരീരനിഷ്ഠമായി പരിഗണിക്കുന്നിടത്താണ് കിരിയയുടേത് വേറിട്ട അനുഭവമല്ലാതെയായി മാറുന്നത്.

ജോലിക്ക് നിന്ന വീട്ടിലൊക്കെ ലൈംഗികമായി പീഡിപ്പിക്കപ്പെട്ട സ്ത്രീയാണ് കിരിയ. കുട്ടിയായിരിക്കുമ്പോൾ തന്നെ ഗർഭിണിയായി, പ്രായപൂർത്തിയാവുന്നതിന് മുമ്പ് തന്നെ ഗർഭം അലസിപ്പിക്കുന്നതിനും അവൾ വിധേയയായി. അതിലെ തകരാറുമൂലം പിന്നീടവൾക്ക് ഗർഭിണിയാവാനേ കഴിഞ്ഞില്ല. ഓരോ വീട്ടിലേയും അനുഭവങ്ങൾ വ്യത്യസ്തമാണെങ്കിലും മിക്കവാറും എല്ലായിടത്തും ആണുങ്ങളുടെ ശല്യം കിരിയക്ക് നേരിടേണ്ടി വരുന്നു. സ്ത്രീയെ തുല്യവ്യക്തിത്വമുള്ള സ്വത്വത്തിനുടമയായി പരിഗണിക്കാതെ ഉപഭോഗവസ്തുവായി കണ്ട് ഭോഗിച്ചതിന്റെ ബാക്കിപത്രമാണ് കിരിയ . നിലവിൽ അടുക്കളക്കാരിയുടെ ശരീരം മേലാളന്റെ കാമവെറിക്ക് കൂടി ഉള്ളതാണെന്ന് കിരിയയുടെ അനുഭവങ്ങൾ രേഖപ്പെടുത്തുന്നുണ്ട്. അവളെ ജീവിതത്തിൽ 'ച്ചീ, പോ എന്നു പറയാത്ത മനുഷ്യനായി' കിരിയ തിരിച്ചറിഞ്ഞത് സോമണ്ണനെ മാത്രമാണ്.

ഓട്ടോക്കാരനെ വിവാഹം ചെയ്യാതെതന്നെ തന്റെ കൂടെ കൂട്ടാൻ, താമസിപ്പിക്കാൻ കിരിയ ധൈര്യം കാട്ടു

ന്നു. അതിനെക്കാളുപരി അവരെ ചോദ്യം ചെയ്യാനെത്തിയവരെ കിരിയ ഒറ്റക്ക് വാക്കാൽ നേരിടുന്നു. അനുഭവങ്ങളിലൂടെ ശക്തി നേടുന്ന സ്ത്രീയാണ് കിരിയ. പിറ്റേ ദിവസത്തെ വിവാഹത്തെ കിരിയ അവതരിപ്പിക്കുന്നിടത്തും വ്യവസ്ഥക്ക് നേരെയുള്ള പരിഹാസമുണ്ട്. “കല്ല്യാണംന്ന് വച്ചാല് രണ്ട് പൂമാല അങ്ങോട്ടുമിങ്ങോട്ടുമിട്ട്, ഒരു പൊസ്തകത്തില് ഒപ്പുമിട്ട്. അതുകഴിഞ്ഞപ്പം സതാചാരമൂല്യവും താർമിഹച്ചുതിയുമൊക്കെ ടാർച്ചുലൈറ്റും കുറുവടിയുമൊന്നുമില്ലാതെ മനസമാതാനത്തോടെ അവരെ വീട്ടിപ്പോയി” (പുറം 25, 2014 ).

**നീതിവ്യവസ്ഥയും മൂല്യബോധവും**

സമൂഹത്തിന്റെ നീതിവ്യവസ്ഥയും മൂല്യബോധവും ഒരു സ്ത്രീയെയും പരിരക്ഷിക്കുന്നില്ല എന്നും അത് പുരുഷാധിപത്യവ്യവസ്ഥയെ പരിപാലിക്കുന്നുവെന്നും ഈ കഥ പ്രശ്നവത്കരിക്കുന്നുണ്ട്. സമൂഹത്തിന്റെ കപടസദാചാര യുക്തികളെ തകർത്തെറിയാൻ ശക്തമാണീ കഥ . കിരിയയെയും ഓട്ടോക്കാരനെയും ചോദ്യം ചെയ്യാനെത്തിയവർ പറയുന്നത് മലയാളമായിട്ടുപോലും കിരിയക്ക് മനസ്സിലായില്ല. “സതാചാര്യമൂല്യം, താർമിഹച്ചുതി എന്ന് കൊറേ പ്രാവശ്യം പറഞ്ഞതുകൊണ്ട് ആ രണ്ട് വാക്കും പിടികിട്ടി. അത് എന്താണെന്ന് എന്റ്റൂടെ ചോതിക്കല്ലേ, നിങ്ങളെ പോലെയുള്ള വല്യ വല്യ ആളുകൾക്കല്ലേ അതൊക്കെ അറിയാവൂ” (പുറം 24, 2012). പുരുഷൻ സൃഷ്ടിച്ച നീതിവ്യവസ്ഥയെയും മൂല്യവ്യവസ്ഥയെയും ഇങ്ങനെയൊക്കെ പരിഹസിച്ച് തിരുത്താൻ കെൽപുള്ള സ്വത്വത്തിനുടമയായി കിരിയ വളരുന്ന കാഴ്ചയാണിത്.

‘കിരിയയെ പെട്ടെന്ന് കല്ല്യാണം കഴിപ്പിക്കണം’ എന്ന് ഗീത ആവശ്യപ്പെടുന്നുണ്ട്. പ്രായപൂർത്തിയാവാതെ കല്യാണം കഴിച്ചാൽ പോലീസ് പിടിക്കും എന്ന് സോമൻ പറയുന്നു. “പ്രായപൂർത്തിയാവാതെ കെർപ്പിണിയായാലും കെർപ്പം എടുത്തുകളഞ്ഞാലും പിടിക്കാത്ത പോലീസിന് കല്യാണത്തിന് മാത്തരം എന്തെരു കാര്യമെന്ന് ഗീത തേഷ്യപ്പെട്ടു. ഒടുവില് സോമേണ്ണൻ എന്റെ പ്രായം കൂട്ടിപ്പറഞ്ഞ് കല്ല്യാണം നടത്തി” (പുറം 19, 2012). നിലവിലെ സാമൂഹ്യ നീതിവ്യവസ്ഥയോടും മൂല്യബോധത്തോടും സമരസപ്പെടാതെ കലഹത്തിലേർപ്പെടുന്ന കഥയാണിത്. അതേ സമയം വ്യവസ്ഥിതിയുടെ പുനർനിർമ്മിതിയിലൂടെ ചൂഷണരഹിതമായ സമത്വത്തിലധിഷ്ഠിതമായ ഒരു സാമൂഹ്യ വ്യവസ്ഥയുടെ അനിവാര്യതയിലേക്ക് കഥ വിരൽ ചൂണ്ടുന്നുണ്ട്.

ദാമ്പത്യം, കുടുംബം, ലൈംഗികത തുടങ്ങിയ ഇടങ്ങളെ ഏതെല്ലാം പ്രശ്നങ്ങൾ ഉൾക്കൊള്ളുന്നുണ്ട് എന്ന് അനാവരണം ചെയ്യുന്നതിലൂടെ ഇവയെ പുതിയ രീതിയിൽ നിർമ്മിക്കേണ്ടതിന്റെ ആവശ്യകതയും ഈ കഥ മുന്നോട്ടു വെക്കുന്നുണ്ട്. ബൗദ്ധിക തലങ്ങളിൽ നിന്ന് തിരുത്താത്ത ബോധ്യങ്ങളെ പോലും ഔപചാരിക വിദ്യാഭ്യാസം കിട്ടാത്ത കിരിയ സ്വന്തം ജീവിതത്തിന്റെ അനുഭവപരിസരത്തു നിന്ന് പൊളിച്ചെഴുതുന്നു. അങ്ങനെ കഥ നിലവിലെ വിദ്യാഭ്യാസ വ്യവസ്ഥയെയും അതിന്റെ ധർമ്മങ്ങളെയും ചോദ്യം ചെയ്യുന്നു. നിലവിലെ മൂല്യങ്ങളെ പുനരുൽപാദിപ്പിക്കുകയല്ല പുനർനിർമ്മിക്കുകയാണ് ‘അന്താരാഷ്ട്ര വനിതാദിനം’ എന്ന കഥയിലൂടെ ചെയ്യുന്നത് എന്നത് കഥയുടെ മൗലികതയെ ഉറപ്പിക്കുന്നുണ്ട്.

**ഗ്രന്ഥസൂചി**


1. *ചന്ദ്രമതി - ‘രത്നാകരന്റെ ഭാര്യ’, ഡി.സി.ബുക്സ് കോട്ടയം 2012*

2. *ചന്ദ്രമതി- ‘ചന്ദ്രമതിയുടെ കഥകൾ’, ഡി.സി.ബുക്സ് കോട്ടയം 2012*

3. *ദാമോദരൻ കുളപ്പുറം- ‘ആധുനികാനന്തര മലയാളകഥ’ സമീക്ഷ , 1994*

4. *ഗീത. പി - ‘പ്രണയം ലൈംഗികത അധികാരം’, കറന്റ് ബുക്സ് തൃശൂർ 2006*

5. *ശ്രീദേവി.കെ.നായർ- ‘മലയാളത്തിന്റെ കഥാകാരികൾ’, ഡി.സി.ബുക്സ് കോട്ടയം , 2002*


6. *ശ്രീദേവി.കെ.നായർ- ‘സ്ത്രീസ്വത്വാവിഷ്കരണം ആധുനിക മലയാള സാഹിത്യത്തിൽ’ , കേരള സാഹിത്യ അക്കാദമി തൃശൂർ 2008*

7. *Deborah Cameron 'Feminism & Linguistic Theory' Maemilllan, London (1985)*

8. *John Wallah Scott,'Feminism & History' Oxford University Press (1985)*


●






സുനീത.ടി.വി

# അസാധാരണമായൊരു പെൺസിനിമ

**വർണ്ണവിവേചനവും** പുരുഷാധിപത്യവും ശക്തമായി നിലനിന്നിരുന്ന കാലത്ത്, കറുത്തവർഗ്ഗക്കാരിയായ ഒരു സ്ത്രീ സിനിമ നിർമ്മിക്കുക; തന്റെ കന്നിച്ചിത്രത്തിന്റെ പൂർണ്ണരൂപം കാണാനാവാതെ അവർ രോഗബാധിതയായി മരിക്കുക; ചിത്രം സ്ത്രീപക്ഷസിനിമക്കായുള്ള അന്വേഷണങ്ങളുടെ ചരിത്രത്തിൽ ഒരു നാഴികക്കല്ലാവുക. ഇത്തരം ആശ്ചര്യകരമായ സവിശേഷതകളുടെ ഒരു സംഗമബിന്ദുവാണ് സാറാഗോമസ് എന്ന ക്യൂബൻ സംവിധായകയുടെ ജീവിതം.

ക്യൂബയിലെ ഹവാനയിൽ 1943-ലാണ് സാറാഗോമസ് ജനിച്ചത്. യൗവനത്തിന്റെ ആദ്യനാളുകളിൽത്തന്നെ നിരവധി ആനുകാലികങ്ങളിലും മറ്റും സാറാ നിരന്തരം എഴുതിത്തുടങ്ങിയിരുന്നു. പിന്നീട് 'ഹോയ് ഡോമിൻഗോ' എന്ന വാരാന്തപ്പതിപ്പിൽ ജോലി ചെയ്തു. 1961-ൽ ക്യൂബൻ ദേശീയചലച്ചിത്രക്കമ്പനിയായ ഐ.സിഎ.ഐ.സിയിൽ പ്രസിദ്ധസംവിധായകനായ തോമസ് ഏലിയായുടെ അസിസ്റ്റന്റ് ഡയറക്ടറായി ചേർന്നു. 1964 മുതൽ 74 വരെയുള്ള കാലത്ത് നിരവധി ഡോക്യുമെന്ററികൾ സ്വന്തമായി നിർമ്മിച്ചു. ക്യൂബൻ വിപ്ലവത്തിൽ സജീവമായി പങ്കെടുത്തു. വിപ്ലവാനന്തര ദിനങ്ങളിലെ സ്വച്ഛതയിലിരുന്നുകൊണ്ട് സിനിമയെ തന്റെ പ്രത്യയശാസ്ത്ര പ്രവർത്തനത്തിനായി എങ്ങനെ ഉപയോഗിക്കാമെന്ന ചിന്ത അവരെ ഒരു കഥാപാത്രത്തിന്റെ നിർമ്മാണത്തിലേക്കാണ് എത്തിച്ചത്. 1974ൽ 'വൺ വേ ഓർ അനദർ' (De cierta manera) എന്ന ആദ്യ ഫീച്ചർ ചിത്രത്തിന്റെ ജോലികൾ പൂർത്തിയാക്കി. സാറയുടെ ജീവിതത്തിൽ നിർഭാഗ്യങ്ങളുടെ കഥ ഇവിടെ തുടങ്ങുകയായി. പ്രോസസ്സിംഗിനിടയിൽ ഒറിജിനൽ നെഗറ്റീവ് നശിച്ചുപോയി. തുടർന്ന് സ്വീഡനിലെ പല ലാബുകളിൽ നിന്നുമായി ഫൂട്ടേജുകൾ ശേഖരിച്ചുകൊണ്ട് ചിത്രം പുനഃസൃഷ്ടിക്കാനുള്ള ശ്രമമായി. പക്ഷേ സാറാഗോമസിന് അത് പൂർത്തിയാക്കാനായില്ല. തന്റെ കന്നിച്ചിത്രത്തി

ന്റെ പൂർണ്ണരൂപം കാണാനാവാതെ അവർ അന്തരിച്ചു. മുപ്പത്തൊന്നാമത്തെ വയസ്സിലാണ് (1974ൽ) ആസ്ത്മ രോഗം മൂലം അവർ മരണമടഞ്ഞത്. 1976ൽ തോമസ് ഏലിയായും റിഗോബോട്ടോ ലോപസും ചേർന്നാണ് ചിത്രം പുനഃസൃഷ്ടിച്ച് റിലീസ് ചെയ്തത്. വിശ്വസിനിമയുടെ ചരിത്രത്തിൽ ആ ഒറ്റപ്പെട്ട ശബ്ദം കൈവരിച്ച വലിയ മുഴക്കങ്ങൾക്ക് സാറായുടെ മരണസമയത്ത് ചലച്ചിത്രവിമർശകർ കുറിച്ചിട്ട ഈ വാക്യം സാക്ഷ്യം. 'ഒരു ചിത്രമേ സാറാ നമുക്ക് തന്നുള്ളൂ. അതിലൂടെ നാം സമ്പന്നരായി. പക്ഷേ ആ മരണത്തിലൂടെ നാം പരമദരിദ്രരുമായി!'

**'വൺ വേ ഓർ അനദർ'**

'മരണ'ത്തെ അതിജീവിച്ച ഈ ചിത്രം വിപ്ലവാനന്തര ക്യൂബയിലെ ചേരിനിർമ്മാർജ്ജനസംരംഭങ്ങളുടേയും ചേരിനിവാസികൾക്കായുള്ള ഒരു പുതിയ ഭവനപദ്ധതിയുടെ നടത്തിപ്പിന്റേയും പശ്ചാത്തലത്തിലുള്ള പരീക്ഷണാത്മക ചലച്ചിത്രമാണ്. പ്രാന്തവത്കൃത സംസ്ക്കാരവും മുഖ്യധാരാ സംസ്കാരവും തമ്മിലും സ്വാതന്ത്ര്യത്തിന്റേയും പ്രണയത്തിന്റേയും സ്ത്രീപക്ഷ-പുരുഷപക്ഷകാഴ്ചപ്പാടുകൾ തമ്മിലും ഉള്ള വ്യത്യാസം ഈ ചിത്രം വെളിവാക്കുന്നു. ചേരികളിൽ നിന്നും പുതുഭവനങ്ങളിലേക്കു കുടിയേറ്റപ്പെട്ട ചേരിനിവാസികളുടെ ജീവിതത്തിന്റെ പശ്ചാത്തലത്തിൽ ഒരു ചേരിനിവാസിയും പട്ടണവാസിയും തമ്മിലുണ്ടാവുന്ന അടുപ്പവും അതിനുണ്ടാകുന്ന പരിണതികളും ഒപ്പം സഹജീവികളുടെ ജീവിതാവസ്ഥയും ഇവിടെ ചിത്രീകരിക്കപ്പെടുന്നു.

അനധികൃതമായി അവധിയെടുത്ത ഒരു തൊഴിലാളിയെ വിചാരണ ചെയ്യുന്ന സംഘർഷാത്മകമായ ദൃശ്യങ്ങളിലൂടേയാണ് സിനിമ ആരംഭിക്കുന്നത്. ഹൂംബർട്ടോ എന്നാണ് അയാളുടെ പേര്. മാരിയോ എന്ന മറ്റൊരാൾ അയാളെ ശക്തമായി എതിർക്കുന്നു. അവിടെ നിന്നും ചേരികൾ ഇടിച്ചു നിരത്തുന്നതിന്റെ ദൃശ്യങ്ങളിലേക്ക് സാറാ നമ്മെ നേരിട്ട് നയിക്കുന്നു. പഴയ ചേരിയുടേയും പുതിയ ഭവനനിർമ്മാണപദ്ധതിയുടേയും യഥാതഥ ദൃശ്യങ്ങളാണ് തുടർന്ന് വരുന്നത്. ചലച്ചിത്രത്തിലെ കഥാപാത്രങ്ങളിൽ ചിലർ യഥാർത്ഥമനുഷ്യരും ചിലർ കല്പിതകഥാപാത്രങ്ങളുമാണ് സൗണ്ട്ട്രാക്കിലൂടെ ഒരു സ്ത്രീശബ്ദം വെളിപ്പെടുത്തുന്നുമുണ്ട്. പുതിയ ഭവനനിർമ്മാണപദ്ധതിയുടേയും പിന്നേയും അവശേഷിക്കുന്ന ചേരികളുടേയും സ്ഥിതി വിവരക്കണക്കുകൾ പശ്ചാത്തലത്തിൽ വിവരിക്കപ്പെടുന്നു. മുതലാളിത്തത്തിന്റെ സൃഷ്ടിയായ ചേരികളെ വിപ്ലവാനന്തരദിനങ്ങളിലെ ക്യൂബൻ മുഖ്യധാരയിലേക്ക് പരിവർത്തനം ചെയ്യാനുള്ള ശ്രമത്തിന്റെ ഭാഗമായിരുന്നു ചേരികൾ ഇടിച്ചുനിരത്തലും അവർക്കായുള്ള പുതിയ ഭവനനിർമ്മാണവും. എന്നാൽ ചേരികൾ ഇടിച്ചുനിരത്തിയതുകൊണ്ട് മാത്രം കാലങ്ങളായി പ്രാന്തവത്കരിക്കപ്പെട്ട ചേരിവാസികളുടെ സംസ്കാരം മാറുന്നില്ല എന്ന പ്രശ്നം പശ്ചാത്തലവിവരണത്തിൽ ഉന്നയിക്കുന്നുണ്ട്. ഒരു കല്പിതകഥാസന്ദർഭത്തിൽ തുടങ്ങി അതിൽ നിന്ന് നേരിട്ട് ഒരു ഡോക്യുമെന്ററി ദൃശ്യത്തിലേക്കു വരികയും ചോയ്സ് ഓവറിലൂടെ സിനിമ ചർച്ച ചെയ്യുന്ന വിഷയം അവതരിപ്പിക്കുകയും ചെയ്യുകയാണ് ഇവിടെ. ഈ രീതിയാണ് ചിത്രത്തിലുടനീളം അവലംബിച്ചിട്ടുള്ളത്.

കല്പിതകഥയുടെ ഏറ്റവും സംഘർഷാത്മകമായ ഒരു രംഗത്തോടെയായിരുന്നു തുടക്കം. ആ സംഘർഷാത്മകതയിലേക്ക് എത്തിച്ചേരാനിടയായ മുൻകഥാസന്ദർഭങ്ങൾ അനുക്രമമായി പറയുകയും അതിനിടയിൽ കഥാപാത്രങ്ങളെയോ പരാമർശിക്കപ്പെടുന്ന സംഭവങ്ങളെയോ വ്യാഖ്യാനിക്കുന്നതിന് പ്രത്യേകതലക്കെട്ടുകളോടും വിവരണപാഠങ്ങളോടും കൂടി ഡോക്യുമെന്ററി ശകലങ്ങൾ ഇടവിട്ടിടവിട്ട് ചേർക്കുകയും ചെയ്യുന്നുണ്ട് ചിത്രത്തിൽ. മുഖ്യകഥാപാത്രമായ യൊലാൻഡ തന്നെ സ്വയം പരിചയപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രസ്താവ



വിശ്വസിനിമയുടെ ചരിത്രത്തിൽ ആ ഒറ്റപ്പെട്ട ശബ്ദം കൈവരിച്ച വലിയ മുഴക്കങ്ങൾക്ക് സാറായുടെ മരണസമയത്ത് ചലച്ചിത്രവിമർശകർ കുറിച്ചിട്ട ഈ വാക്യം സാക്ഷ്യം. - 'ഒരു ചിത്രമേ സാറാ നമുക്ക് തന്നുള്ളൂ. അതിലൂടെ നാം സമ്പന്നരായി. പക്ഷേ ആ മരണത്തിലൂടെ നാം പരമദരിദ്രരുമായി!'

നയുമാണ് നമ്മുടെ മുന്നിലെത്തുന്നത്. പുതിയ റെസിഡൻഷ്യൽ ജില്ലയായ മിറാഫോഴ്സിൽ യൊലാൻഡയെ ഒരു പ്രൈമറി സ്കൂളധ്യാപികയായി നിയമിച്ചിരിക്കുകയാണ്. ചേരികളിൽ നിന്നും പുനരധിവസിക്കപ്പെട്ടവരാണ് ഇവിടെ താമസിക്കുന്നത്. സൈനികോദ്യോഗസ്ഥനായ ഭർത്താവിനോടൊപ്പം സ്കൂൾ ജോലി ഉപേക്ഷിച്ചുപോകാൻ വിസമ്മതിച്ച യൊലാൻഡ, വിവാഹമോചനം നേടി ഒറ്റക്കു കഴിയുകയാണ്. മിറാഫോഴ്സിൽ വെ

ച്ച് അവർ മാരിയോ എന്ന പുനരധിവസിക്കപ്പെട്ട ഒരു ചേരിനിവാസിയുമായി സൗഹൃദത്തിലാകുന്നു. മാരിയോ തന്റെ കഥ പറയുന്നതിനിടെ യൊലാൻഡയോട് വിവാഹം കഴിക്കാൻ തയ്യാറാണോ എന്ന് ചോദിക്കുന്നു. ഒറ്റക്ക് കഴിയുന്നതാണ് സ്വാതന്ത്ര്യമെന്ന തിരിച്ചറിവിലേക്ക് യൊലാൻഡ അപ്പോഴേക്കും വളർന്നു കഴിഞ്ഞിരുന്നു. അവൾ പറയുന്നു "ഇല്ല നിങ്ങളിലൊരാണിനെ മാത്രമാണ് ഞാൻ കണ്ടത്. 'ഒറ്റക്കാണോ' എന്ന മാരിയോയുടെ ചോദ്യത്തിന് "സ്വതന്ത്രയാണ്" എന്നാണവരുടെ മറുപടി. കഥയുടെ അന്ത്യത്തിൽ അവരുടെ ഈ അടുപ്പം പോലും ഇല്ലാതാവുകയാണ്. ആ ക്ലൈമാക്സ് ഇങ്ങനെയാണ്. ഒരിക്കൽ നേരത്തെ തീരുമാനിച്ചിരുന്നതിൽ നിന്നും ഒരു മണിക്കൂർ വൈകിയാണ് യൊലാൻഡ, മാരിയോയെ കാണാനെത്തിയത്. സ്കൂളിലെ ഒരു സമ്മേളനമായിരുന്നു കാരണം. മാരിയോ അവളെ കണ്ടപ്പോൾ ദേഷ്യത്തോടെ ഇങ്ങനെ അലറി- "ഇന്നോളം ആരും എന്നെ ഒരു മണിക്കൂർ നേരം കാത്തുനിർത്തിയിട്ടില്ല." അതോടെ യൊലാൻഡ അയാളെ ഒഴിവാക്കുന്നു. മാരിയോയുടെ ഈ വാക്കുകളിൽ യൊലാൻഡ അറിഞ്ഞത് സമത്വാധിഷ്ഠിതമായ ഒരു സാമൂഹ്യക്രമത്തിന്റെ പുതിയ ഭവനങ്ങളിലേക്ക് പുനരധിവസിക്കപ്പെട്ടിട്ടും അയാളിൽ സ്ത്രീക്കുവേണ്ടി കാത്തിരിക്കേണ്ടവനല്ല പുരുഷൻ എന്ന സാമ്രാജ്യത്വ-പുരുഷാധിപത്യചിന്ത അവശേഷിക്കുന്നു എന്നതാണ്. മാരിയോ ചെറുപ്പത്തിൽ സാമ്രാജ്യത്വസൃഷ്ടമായ ചേരികളുടെ എല്ലാ അഴുക്കുചാലുകളിലും ഒഴുകി നടന്നവനായിരുന്നു. പ്രാകൃതമായ ആൺകോയ്മയെ ആരാധിക്കുന്ന 'അബാക്വാ സൊസൈറ്റി' എന്ന നിഗൂഢസംഘത്തിൽ അംഗമാകുന്നതിനെക്കുറിച്ച് താൻ ആലോചിച്ചിരുന്നതായി അയാൾ യൊലാൻഡയോടു പറയുന്നുണ്ട്. സിനിമയിൽ ഈ സംഭാഷണത്തെത്തുടർന്ന് അബാക്വാസൊസൈറ്റി എന്ന തലക്കെട്ടോടുകൂടി ആ പുരുഷരഹസ്യസമൂഹത്തെപ്പറ്റിയുള്ള ഡോക്യുമെന്ററിയും സാറാ അവതരിപ്പിക്കുന്നു. വിപ്ലവം വരികയും ചേരികൾ ഇല്ലാതാവുകയും വൃത്തിയും വെടിപ്പുമുള്ള പുതിയ ഭവനങ്ങൾ വരികയും ചെയ്തിട്ടും അവിടേക്ക് താമസം മാറ്റിയ മാരിയോയിൽ സ്ത്രീയെ ലൈംഗികവസ്തുവായി മാത്രം കാണുന്ന രീതി നിലനിൽക്കുന്നതായി അയാൾ തന്റെ ആൺസുഹൃത്തുക്കളോട് സംസാരിക്കുന്നതിലൂടെ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. കഥയിലെ മറ്റൊരു സംഭവമായ ഹുംബർട്ടോയുടെ അവധിയെടുക്കലിലും ഇതേ പ്രവണത കാണാം. അച്ചടക്കത്തോടെ പണിയെടുക്കുക എന്ന വിപ്ലവ ഭരണകൂടത്തിന്റെ നിർദ്ദേശത്തെ മാനിക്കാതെ അയാൾ അമ്മക്കസുഖമാണെന്ന് കള്ളം പറഞ്ഞ് മറ്റൊരു സ്ത്രീയോടൊപ്പം രണ്ടു ദിവസം ചെലവഴിക്കുന്നു. അശ്ലീലപദങ്ങളുപയോഗിച്ചാണ് അയാൾ അവളോടൊപ്പം കഴിഞ്ഞതിനെപ്പറ്റി മാരിയോയോടു വിവരിക്കുന്നത്. അവളത്ര സെക്സിയായിരുന്നില്ല എന്നയാൾ പഴിചാരുകയും ചെയ്യുന്നു. ചിത്രാന്ത്യത്തിൽ ഹുംബർട്ടോ ഒരു പെണ്ണിനോടൊപ്പം പോയതാണെന്ന് മാരിയോ വെളിപ്പെടുത്തുമ്പോൾ തൊഴിലാളികൾ പലരും പറയുന്നത് "മാരിയോ ഒരു പെണ്ണിനെപ്പോലെ പെരുമാറുന്നു" , "പുരുഷസദാചാരസംഗതികൾ ലംഘിക്കുന്നു" എന്നൊക്കെയാണ്.



ചിത്രാന്ത്യത്തിൽ ഹുംബർട്ടോ ഒരു പെണ്ണിനോടൊപ്പം പോയതാണെന്ന് മാരിയോ വെളിപ്പെടുത്തുമ്പോൾ തൊഴിലാളികൾ പലരും പറയുന്നത് 'മാരിയോ ഒരു പെണ്ണിനെപ്പോലെ പെരുമാറുന്നു' , 'പുരുഷസദാചാരസംഗതികൾ ലംഘിക്കുന്നു' എന്നൊക്കെയാണ്.

മുതലാളിത്തഭരണകൂടം തകർക്കപ്പെടുന്നതോടെ മുതലാളിത്തമനോഭാവമോ, മുതലാളിത്തസംസ്ക്കാരമോ ഇല്ലാതാവുന്നില്ല. അതിനായി ഉത്പാദനോപകരണങ്ങളുടെ നിയന്ത്രണം കൈയാളുകയും സമത്വാധിഷ്ഠിതവ്യവസ്ഥ നിലവിൽവരുകയും ചെയ്തതുകൊണ്ടു മാത്രം കാര്യവുമില്ല. അത് മുതലാളിത്തമനോഭാവത്തെ അടിമുടി അഴിച്ചുപണിയുന്ന സാംസ്കാരികവിപ്ലവം കൊണ്ടേ സാധ്യമാവൂ. അല്ലെങ്കിൽ ബാഹ്യമായ മാറ്റങ്ങൾ കാലക്രമത്തിൽ ഇല്ലാതാവുകയും ചരിത്രം ഒരു തിരിച്ചുപോക്കിനൊരുങ്ങുകയും ചെയ്യും. ഈ തിരിച്ചറിവിനൊ

പ്പമാണ് സാറാഗോമസ് മുതലാളിത്തത്തിന്റേയും പുരുഷാധിപത്യത്തിന്റേയും അവിഭാജ്യതയും കണ്ടെത്തുന്നത്. ഈ കണ്ടെത്തലുകൾ വിദഗ്ദമായി ആവിഷ്കരിക്കാൻ അവർ തന്റെ ചലച്ചിത്രഭാഷ സഫലമായുപയോഗിച്ചു. വിപ്ലവത്തിന്റെ ബാഹ്യരൂപത്തെയാണ് ചേരികൾ ഇടിച്ചുനിരത്തുകയും പുതിയ സമത്വാധിഷ്ഠിതഭവനങ്ങൾ നിർമ്മിക്കുകയും ചെയ്യുന്ന സംഭവങ്ങളെ ആസ്പദമാക്കിയുള്ള ഡോക്യുമെന്ററിയിലൂടെ ആവിഷ്കരിക്കുന്നത്. വിപ്ലവാനന്തരക്യൂബയിലെ ജനങ്ങളുടെ ആന്തരികജീവിതം ചിത്രീകരിക്കാൻ റിയലിസ്റ്റ് സിനിമയുടെ സങ്കേതങ്ങളും ഉപയോഗിച്ചിരിക്കുന്നു. ഇങ്ങനെ ആന്തരിക-ബാഹ്യജീവിതങ്ങളുടെ ചിത്രീകരണത്തിന് യഥാക്രമം റിയലിസ്റ്റ് സിനിമയുടേയും ഡോക്യുമെന്ററിയുടേയും സങ്കേതങ്ങളുപയോഗിക്കുകയും അങ്ങനെ യാഥാർത്ഥ്യത്തിന്റെ ഏറെക്കുറെ പൂർണ്ണവും സാകല്യാത്മകവുമായ ചിത്രം വരച്ചിടുകയുമാണിവിടെ. ഒപ്പം മുതലാളിത്തം എന്നാൽ പുരുഷാധിപത്യം തന്നെയാണെന്നും മുതലാളിത്തത്തിന്റേയും മുതലാളിത്തസംസ്ക്കാരത്തിന്റേയും സമ്പൂർണ്ണമായ നശീകരണത്തിലൂടേയും ബദൽവ്യവസ്ഥയുടെ ആഗമനത്തിലൂടേയും കൂടി മാത്രമേ പുരുഷാധിപത്യം നശിക്കുകയുള്ളൂ എന്നും ഇവിടെ സൂചിപ്പിക്കപ്പെടുന്നു.

ഇങ്ങനെ വിപ്ലവാനന്തരദിനങ്ങളെ സ്ത്രീപക്ഷത്തുനിന്നുകൊണ്ട് വിലയിരുത്തുന്ന ഒരു ചിത്രമായി ത്തീരുന്നു 'വൺവേ ഓർ അനദർ'. ഈ ആത്മവിമർശനപരമായ നിലപാടുമാത്രമല്ല, തന്റെ ആവിഷ്ക്കാരത്തിനനുസൃതമായ ഒരു ചലച്ചിത്രഭാഷ രൂപപ്പെടുത്തിയെടുക്കാനുള്ള സാഹസികമായ ശ്രമവും ഈ ചിത്രത്തെ ഒരപൂർവ്വതയാക്കുന്നു. സോഷ്യലിസ്റ്റ്-റിയലിസ്റ്റ് സിനിമയുടേയും വിവരണാത്മക ഡോക്യുമെന്ററിയുടേയും ശൈലികളുടെ സമ്മിശ്രണത്തിലൂടേയാണ് സാറാ അത് സാധിച്ചിരിക്കുന്നത്.

ഫെമിനിസ്റ്റ് ചലച്ചിത്ര സൈദ്ധാന്തികരായ ക്ലെയർ ജോൺസ്റ്റനും ലോറാമൽവിയും റിയലിസ്റ്റ് സങ്കേതം തള്ളിക്കളയേണ്ടതാണെന്ന് വാദിക്കുന്നു. താദാത്മ്യവത്ക്കരണത്തിന്റെ പ്രത്യയശാസ്ത്രപ്രവർത്തനം സ്ത്രീവിരുദ്ധവും മുതലാളിത്തപരവുമായ ചലച്ചിത്രബിംബങ്ങളുടെ തലത്തിലാണ് നടക്കുന്നത്.

**സ്ത്രീപക്ഷ സിനിമ**

താദാത്മ്യവത്ക്കരണ (identification) ത്തിന്റെ രാഷ്ട്രീയത്തെ, ഫെമിനിസ്റ്റ് ചലച്ചിത്രസൈദ്ധാന്തികരും നാടകപഠിതാക്കളും ഒക്കെ ശക്തമായി വിമർശിക്കുന്നു. സുതാര്യമായ കോഡുകളിലൂടെ അത് ചിത്രത്തിൽ സവിശേഷമായി പ്രവർത്തിക്കുന്നു. അർത്ഥോത്പാദനപ്രക്രിയയുടെ നിഗൂഹനമാണ് താദാത്മ്യവത്ക്കരണം നിർവ്വഹിക്കുന്നത്. അതുവഴി കാണികൾ തങ്ങൾ യാഥാർത്ഥ്യത്തെ അതേപടി കാണുകയാണെന്ന് വിശ്വസിക്കുന്നു. കഥാഗതിയിൽ ലയിച്ച് ഈ മിഥ്യാധാരണയെ സ്വാംശീകരിക്കുന്ന പ്രേക്ഷകൻ, കഥയെ ചോദ്യം ചെയ്യുകയോ അപഗ്രഥിക്കുകയോ ചെയ്യുന്നില്ല. അങ്ങനെ പ്രേക്ഷകർ നിഷ്ക്രിയരും അർത്ഥോത്പാദനപ്രക്രിയയിൽ ഇടപെടാൻ കഴിവില്ലാത്തവരുമായി മാറുന്നു. എന്ത് അനീതിയും ഇങ്ങനെ ആന്തരവത്കരിക്കപ്പെടുന്നു. ഇത് പ്രത്യയശാസ്ത്രപ്രവർത്തനമാണ്. ബ്രെഹ്തിന്റെ എപ്പിക് തിയേറ്റർ നിരവധി തന്ത്രങ്ങളിലൂടെ ഈ താദാത്മ്യവത്ക്കരണത്തെ തകർക്കുന്നു. കഥാഘടനയെ ഇടക്കിടെ തടസ്സപ്പെടുത്തുകയും ശകലീകരിക്കുകയും കഥാസമയത്തെ രേഖീയമല്ലാതാക്കുകയും കഥാപാത്രങ്ങളെ വർത്തുള (round character) മല്ലാതാക്കുകയും ഒക്കെ ചെയ്തുകൊണ്ടാണ് എപ്പിക് തിയേറ്റർ, മുഖ്യധാരാനാടകരീതികളോട് കലഹിക്കുന്നത്. റിയലിസ്റ്റ് നാടകങ്ങളിൽ സംഭവിക്കുന്ന കാണികളുടെ താദാത്മ്യവത്ക്കരണം ഇവിടെ സാധ്യമാക്കപ്പെടുന്നു.


ഫെമിനിസ്റ്റ് ചലച്ചിത്രസൈദ്ധാന്തികരായ ക്ലെയർ ജോൺസ്റ്റനും ലോറാമൽവിയും റിയലിസ്റ്റ് സങ്കേതം തള്ളിക്കളയേണ്ടതാണെന്ന് വാദിക്കുന്നു. താദാത്മ്യവത്ക്കരണത്തിന്റെ പ്രത്യയശാസ്ത്രപ്രവർത്തനം സ്ത്രീവിരുദ്ധവും മുതലാളിത്തപരവുമായ ചലച്ചിത്രബിംബങ്ങളുടെ തലത്തിലാണ് നടക്കുന്നത്. അതുകൊണ്ട് തന്നെ ഇവയെ എതിർക്കുന്ന ഒരു സ്ത്രീപക്ഷസിനിമ, സൂചക-സൂചിതങ്ങളുടെ തലങ്ങളിൽ മുഖ്യധാരാസിനിമാവ്യവഹാരങ്ങളെ വെല്ലുവിളിക്കുന്ന സങ്കേതങ്ങളെ നിർമ്മിക്കുന്ന ഒരു പ്രതിസിനിമ (Deconstructive Counter Cinema)യായിത്തീരുകയാണ് വേണ്ടത് എന്ന് അവർ വാദിക്കുന്നു.


സാറാഗോമസിന്റെ സിനിമയും വിദൂരവത്ക്കരണതന്ത്രങ്ങളിലൂടേയും ഡോക്യുമെന്ററിയുടേയും ഫിക്ഷന്റെ കലർത്തിയ ഉപയോഗത്തിലൂടേയും ഇത്തരമൊരു ഫെമിനിസ്റ്റ് പ്രതിസിനിമക്കായുള്ള സഫലമായ അന്വേഷണമായിത്തീരുന്നു. ഇങ്ങനെ റിയലിസ്റ്റ് സിനിമയുടേയും ഡോക്യുമെന്ററിയുടേയും എപ്പിക് തിയേറ്ററിന്റേയും രീതികളുടെ സവിശേഷമിശ്രണത്തിലൂടെ രൂപപ്പെടുത്തിയെടുത്ത ഭാഷാശൈലി, ചലച്ചിത്രഭാഷയെ എങ്ങനെ ഒരു സാർത്ഥകമായ പ്രത്യയശാസ്ത്രോപകരണമായി ബോധപൂർവ്വം ഉപയോഗിക്കാം എന്നതിന് ഒരു മാതൃകയാണ്.

ഏതാണ് നാല് ദശകങ്ങൾക്ക് മുമ്പ് നിർമ്മിക്കപ്പെട്ട ഈ ചിത്രം പെൺസിനിമാചരിത്രത്തിലെ ശ്രദ്ധേയമായ ഒരേടാണ്. ഒപ്പം സ്ത്രീപക്ഷസിനിമാപഠിതാക്കളുടെ നിരന്തരമായ പഠനവിഷയവും. ●

## പുസ്തകപരിചയം




**മഴയിൽ പറക്കുന്ന പക്ഷികൾ**
**മാതൃഭൂമി ബുക്സ്**
**വില : 150.00**

മഹാശ്വേതാദേവി, മാധവിക്കുട്ടി, ഒ.എൻ.വി, കമലഹാസൻ, കെ.പി.അപ്പൻ, കെ.എം.മാത്യു, ചന്ദ്രലേഖ, നടൻ മുരളി, മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത, മാതാ അമൃതാനന്ദമയി, പുതുപ്പള്ളി രാഘവൻ, ദയാബായി തുടങ്ങി ജീവിതത്തിന്റെ വ്യത്യസ്ത മേഖലകളിൽ പ്രശസ്തരായ ഇരുപത്തിയൊന്ന് വ്യക്തികളെക്കുറിച്ചുള്ള ഹൃദയസ്പർശിയായ കുറിപ്പുകൾ. രേഖാചിത്രങ്ങളോടെ.

**കെ.സരസ്വതിയമ്മ**
**ഒറ്റയ്ക്കു വഴി നടന്നവൾ**
**പി.കെ.കനകലത**
**ഡിസി ബുക്സ്**
**വില : 160.00**

മലയാള സാഹിത്യത്തിലെ അസാധാരണമായ ഒരു വ്യക്തിത്വത്തിന്റെ അസാധാരണമായ പഠനമാണിത്. ഒരെഴുത്തുകാരിയുടെ ഉള്ളറിയാൻ മറ്റൊരു എഴുത്തുകാരിക്കേ കഴിയൂ എന്നു പറയുന്നതിൽ അർത്ഥമില്ല. സാഹിത്യവും സാഹിത്യപഠനവും ലിംഗഭേദങ്ങളെ അംഗീകരിക്കുന്നുവെന്ന് പറയാൻ വയ്യ. പക്ഷേ, ഒരു സ്ത്രീയുടെ ആത്മാവിലേക്ക് പൂർണ്ണമായും ആഴ്ന്നിറങ്ങാൻ മറ്റൊരു സ്ത്രീക്കേ കഴിയൂ എന്നു പറയാൻ നമ്മെ പ്രേരിപ്പിക്കുന്ന കൃതിയാണിത്..

**മോൺസിഞ്ഞോർ ക്വിക്സോട്ട്**
**ഗ്രഹാംഗ്രീൻ**
**കറന്റ് ബുക്സ്**
**വില : 100**

മതവും മാർക്സിസവും തമ്മിലുള്ള ക്രിയാത്മകമായ സംവാദം പ്രമേയമാകുന്ന അത്യുദാത്തമായ ഒരു സമകാലീക ക്ലാസിക് നോവൽ.

വിശ്വസാഹിത്യത്തിലെ ഒരു മഹാപ്രതിഭയെ മൾബറി പ്രസക്തമായി ഈ പുസ്തകത്തിലൂടെ അവതരിപ്പിക്കുന്നു.

## അന്വേഷി വാർത്തകൾ

# സ്ത്രീകളും ആരോഗ്യവും

3.8.13 ശനിയാഴ്ച സ്ത്രീകളും ആരോഗ്യവും എന്ന വിഷയത്തെ അധികരിച്ച് അന്വേഷി ലൈബ്രറിയിൽ വെച്ചു ക്ലാസ്സ് നടന്നു. പ്രശസ്ത സാഹിത്യകാരിയും സ്ത്രീരോഗവിദഗ്ദയുമായ **ഡോ.ഖദീജമുംതാസ്** ആണ് ക്ലാസ്സെടുത്തു. താലൂക്ക് ലൈബ്രറി കൗൺസിൽ അംഗം ശ്രീമതി വസന്ത അദ്ധ്യക്ഷത വഹിച്ചു. പി.പ്രമീള സ്വാഗതവും കെ.കെ.ഷൈനി നന്ദിയും പറഞ്ഞു.



Printed, Published and Owned by K. Ajitha, Harithakam, Kozhikode-17
Editor:Prof. Sara Joseph, Geethanjali, Mulamkunnathu Kavu (P.O),
Thrissur, Tel: 0495 2744370, Email:sanghadithacalicut@gmail.com
Printed at A-one Offset Prints, Ramanattukara